# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോഴിക്കോട് ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dpkkd.ksad@kerala.gov.in

ഫോൺ : 0495-23700

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡി.പി.കെ.കെ.ഡി/എ2/95/23

ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ
ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 31/03/2023
ഇ-മെയിൽ: dpkkd.ksad@kerala.gov.in
ഫോൺ: 0495-23700

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോഴിക്കോട് ജില്ലാ പഞ്ചായത്ത്

സർ,

വിഷയം : കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഉ പ സഹിതം)
2.സെക്രട്ടറി ത സ്വ ഭ വ തിരുവനന്തപുരം (ഉ പ സഹിതം)
3.കാര്യാലയപ്രതി

നമ്പർ: കെ.എസ്.എ.ഡി.പി.കെ.കെ.ഡി/എ2/95/23 തീയ്യതി: 31/03/2023

## കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2022 മുതൽ 23-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 63 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രതീഷ് കുമാർ. പി. എം | സീനിയർ ഡെപ്യൂട്ടിഡയറക്ടർ | 01-08-2022 | 25-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-08-2022 | 25-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ. പ്രബോധ് കുമാർ ഇ.എം. ഓഡിറ്റ് ഓഫീസർ
2.ശ്രീമതി.ഷൈനി.പി. അസി.ഓഡിറ്റ് ഓഫീസർ
3.ശ്രീ. ഷിനിത്ത് എ സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷീജ ശശി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ടി.അഹമ്മദ് കബീർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ടി.അഹമ്മദ് കബീർ | ജില്ലാ പഞ്ചായത്ത് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.മീന.ടി.ഡി | ഡെപ്യൂട്ടി ഡയറക്ടർ (കൃഷി) WM | 01-04-2021 | 31-03-2022 |
| ശ്രീമതി.മിനി.കെ | ഡെപ്യൂട്ടി ഡയറക്ടർ (കൃഷി) YP | 01-04-2021 | 31-03-2022 |
| ശ്രീ.അബ്ദുൾ വഹാബ് വി.എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | 01-04-2021 | 31-03-2022 |
| ശ്രീമതി.രാധാമണി പി | സൂപ്രണ്ട് , ഗവ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിങ് , വടകര. (GIFD) | 01-04-2021 | 31-03-2022 |
| ശ്രീമതി.പി.ബീന | പ്രിൻസിപ്പൽ , ഗവ.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിങ് , മലാപ്പറമ്പ്. (GIFD) | 01-04-2021 | 09-07-2021 |
| ശ്രീ.രാജ് മോഹൻ കെ എ | പ്രിൻസിപ്പൽ , ഗവ.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിങ് , മലാപ്പറമ്പ്. (GIFD) | 10-07-2021 | 30-09-2021 |
| ശ്രീ.രഞ്ജിത്ത് സി | പ്രിൻസിപ്പൽ , ഗവ.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിങ് , മലാപ്പറമ്പ്. (GIFD) | 01-10-2021 | 31-03-2022 |
| ശ്രീമതി.വി.പി.മിനി | ഡെപ്യൂട്ടി ഡയറക്ടർ , പൊതുവിദ്യാഭ്യാസം | 01-04-2021 | 31-03-2022 |
| ശ്രീമതി.കവിത.പി.സി | ജില്ലാ മിഷൻ കോർഡിനേറ്റർ , | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | കുടുംബശ്രീ | | |
| ശ്രീ.ഐ.കെ.അജിത് കുമാർ | ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്ട് ഓഫിസർ | 01-04-2021 | 31-05-2021 |
| ശ്രീമതി. ഷിബി കെ | ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്ട് ഓഫിസർ | 01-06-2021 | 31-03-2022 |
| ശ്രീ.സുധീർ കിഷൻ .ബി.കെ | ഡെപ്യൂട്ടി ഡയറക്ടർ , ഫിഷറീസ് | 01-04-2021 | 22-07-2021 |
| ശ്രീമതി. രഞ്ജിനി പി.കെ | ഡെപ്യൂട്ടി ഡയറക്ടർ , ഫിഷറീസ് | 23-07-2021 | 31-03-2022 |
| ശ്രീമതി.സിനില ഉണ്ണിക്കൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ , ക്ഷീര വികസന വകുപ്പ് | 01-04-2021 | 16-03-2022 |
| ശ്രീമതി. രശ്മി. ആർ | ഡെപ്യൂട്ടി ഡയറക്ടർ , ക്ഷീര വികസന വകുപ്പ് | 17-03-2022 | 31-03-2022 |
| ശ്രീ.കെ ടി അഷ്റഫ് | ജില്ലാ സാമൂഹ്യക്ഷേമ ഓഫിസർ | 01-04-2021 | 31-03-2022 |
| ഡോ. പീയൂഷ് . എം | ജില്ലാ മെഡിക്കൽ ഓഫിസർ , അലോപ്പതി | 01-04-2021 | 25-04-2021 |
| ഡോ.ജയശ്രീ.വി | ജില്ലാ മെഡിക്കൽ ഓഫിസർ , അലോപ്പതി | 26-04-2021 | 26-07-2021 |
| ഡോ. രാജേന്ദ്രൻ എൻ | ജില്ലാ മെഡിക്കൽ ഓഫിസർ , അലോപ്പതി | 27-07-2021 | 15-08-2021 |
| ഡോ.ജയശ്രീ.വി | ജില്ലാ മെഡിക്കൽ ഓഫിസർ , അലോപ്പതി | 16-08-2021 | 31-03-2022 |
| ഡോ.കെ.എം.മൻസൂർ | ജില്ലാ മെഡിക്കൽ ഓഫിസർ, ഭാരതീയ ചികിത്സാ വകുപ്പ് | 01-04-2021 | 31-03-2022 |
| ശ്രീ.സയ്യിദ് നയീം.സി | പട്ടികവർഗ്ഗ വികസന ഓഫിസർ | 01-04-2021 | 31-03-2022 |
| ശ്രീ.രാജീവ്.കെ | മാനേജർ , ജില്ലാ വ്യവസായ കേന്ദ്രം | 01-04-2021 | 31-03-2022 |
| ശ്രീ.ചന്ദ്രൻ.സി | എക്സിക്യൂട്ടീവ് എഞ്ചിനീയർ (L I D & E W Division | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ) | | |
| ശ്രീ.ഷൈജു.ടി.കെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (L I D & E W Division ) | 01-04-2021 | 31-03-2022 |
| ശ്രീ.സായിറാം ഹരിദാസ് | സൂപ്രണ്ട് , ജില്ലാ കൃഷിത്തോട്ടം , കൂത്താളി | 01-04-2021 | 31-03-2022 |
| ശ്രീമതി.നസീമ.കെ.കെ | സീനിയർ അഗ്രികൾച്ചറൽ ഓഫിസർ , സംസ്ഥാന വിത്തുല്പാദന കേന്ദ്രം , പേരാമ്പ്ര | 01-04-2021 | 31-03-2022 |
| ശ്രീമതി.സുലേഖാബി.കെ | സീനിയർ അഗ്രികൾച്ചറൽ ഓഫിസർ , സംസ്ഥാന വിത്തുല്പാദന കേന്ദ്രം , പുതുപ്പാടി | 01-04-2021 | 31-03-2022 |
| ഡോ.അലി.കെ.വി | സൂപ്രണ്ട് , ജില്ലാ ആശുപത്രി (അലോപ്പതി) , വടകര | 01-04-2021 | 31-03-2022 |
| ഡോ.പ്രീത.എ | സൂപ്രണ്ട് , ജില്ലാ ആയുർവ്വേദാശുപത്രി, കോഴിക്കോട് | 01-04-2021 | 11-08-2021 |
| ഡോ.ജെസ്സി പി സി | സൂപ്രണ്ട് , ജില്ലാ ആയുർവ്വേദാശുപത്രി, കോഴിക്കോട് | 12-08-2021 | 31-03-2022 |
| ഡോ. നൗഫിറ പി കെ | സൂപ്രണ്ട് , ജില്ലാ ഹോമിയോ ആശുപത്രി | 01-04-2021 | 26-04-2021 |
| ഡോ. ശ്രീലേഖ. ടി. വൈ | സൂപ്രണ്ട് , ജില്ലാ ഹോമിയോ ആശുപത്രി | 27-04-2021 | 31-03-2022 |
| ശ്രീമതി.ഡോണ കരുപ്പാളി (അസി.ഡയറക്ടർ ഇൻ ചാർജ്ജ്) | അസിസ്റ്റന്റ് ഡയറക്ടർ , തെങ്ങിൻതൈ ഉല്പാദന കേന്ദ്രം , തിക്കോടി. | 01-04-2021 | 27-04-2021 |
| ശ്രീമതി.ചന്ദ്രബിന്ദു കെ.ആർ | അസിസ്റ്റന്റ് ഡയറക്ടർ , തെങ്ങിൻതൈ ഉല്പാദന കേന്ദ്രം , തിക്കോടി. | 28-04-2021 | 22-09-2021 |

| | | | |
|---|---|---|---|
| ശ്രീമതി.സ്മിത നന്ദിനി പി.കെ (അസി.ഡയറക്ടർ ഇൻ ചാർജ്ജ്) | അസിസ്റ്റന്റ് ഡയറക്ടർ , തെങ്ങിൻതൈ ഉല്പാദന കേന്ദ്രം , തിക്കോടി. | 23-09-2021 | 30-09-2021 |
| ശ്രീമതി.അനിത പി | അസിസ്റ്റന്റ് ഡയറക്ടർ , തെങ്ങിൻതൈ ഉല്പാദന കേന്ദ്രം , തിക്കോടി. | 01-10-2021 | 31-03-2022 |
| ഡോ.സിന്ധു ബാലൻ | അസിസ്റ്റന്റ് ഡയറക്ടർ , റീജിയനൽ പൌൾട്രി ഫാം , ചാത്തമംഗലം | 01-04-2021 | 01-03-2022 |
| ഡോ. സിബി കെ ചാക്കോ | അസിസ്റ്റന്റ് ഡയറക്ടർ , റീജിയനൽ പൌൾട്രി ഫാം , ചാത്തമംഗലം | 02-03-2022 | 31-03-2022 |
| ഡോ.കെ.കെ. ബേബി | ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരക്ഷണം) | 01-04-2021 | 11-01-2022 |
| ഡോ.കെ ഷാജി | ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരക്ഷണം) | 12-01-2022 | 31-03-2022 |
| ഡോ.പി.വിനോദ് കുമാർ | ചീഫ് വെറ്റിറിനറി ഓഫസർ , ജില്ലാ മൃഗസംരക്ഷണ കേന്ദ്രം ( DVC) | 01-04-2021 | 16-04-2021 |
| ഡോ.കെ.കെ.ബേബി | ചീഫ് വെറ്റിറിനറി ഓഫസർ , ജില്ലാ മൃഗസംരക്ഷണ കേന്ദ്രം ( DVC) | 17-04-2021 | 21-09-2021 |
| ഡോ.സതീശൻ.കെ.എം | ചീഫ് വെറ്റിറിനറി ഓഫസർ , ജില്ലാ മൃഗസംരക്ഷണ കേന്ദ്രം ( DVC) | 22-09-2021 | 30-09-2021 |
| ഡോ.കെ.കെ.ബേബി | ചീഫ് വെറ്റിറിനറി ഓഫസർ , ജില്ലാ മൃഗസംരക്ഷണ കേന്ദ്രം ( DVC) | 01-10-2021 | 10-01-2022 |
| ഡോ.കെ ഷാജി | ചീഫ് വെറ്റിറിനറി ഓഫസർ , ജില്ലാ മൃഗസംരക്ഷണ കേന്ദ്രം ( | 11-01-2022 | 09-03-2022 |

| | | | |
|---|---|---|---|
| | DVC) | | |
| ഡോ.പി,കെ,രമാദേവി | ചീഫ് വെറ്ററിനറി ഓഫസർ , ജില്ലാ മൃഗസംരക്ഷണ കേന്ദ്രം ( DVC) | 10-03-2022 | 31-03-2022 |
| അബ്ദുൾ ബാരി. യു | ജില്ലാ ഓഫിസർ , വനിതാ ശിശുവികസനം | 01-04-2021 | 31-03-2022 |
| ഡോ കവിതാ പുരുഷോത്തമൻ | ജില്ലാ മെഡിക്കൽ ഓഫിസർ , ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീ.ജോൺസൺ പ്രേംകുമാർ | പ്രോജക്ട് ഓഫിസർ , ദാരിദ്ര്യ ലഘൂകരണ വിഭാഗം | 01-04-2021 | 11-10-2021 |
| ശ്രീ.സിജു തോമസ് | പ്രോജക്ട് ഓഫിസർ , ദാരിദ്ര്യ ലഘൂകരണ വിഭാഗം | 12-10-2021 | 20-12-2021 |
| ശ്രീ.കെ ജെ ടോമി | പ്രോജക്ട് ഓഫിസർ , ദാരിദ്ര്യ ലഘൂകരണ വിഭാഗം | 21-12-2021 | 28-02-2022 |
| ശ്രീ.ആർ. രാധാ കുമാർ | പ്രോജക്ട് ഓഫിസർ , ദാരിദ്ര്യ ലഘൂകരണ വിഭാഗം | 01-03-2022 | 31-03-2022 |
| ശ്രീ.ഷാജി.കെ.പി | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 7 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വാർഷിക കണക്കിലെ അപാകങ്ങൾ | 1-9 |
| 10 | 15 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ശീത സംഭരണി ഉപയോഗപ്പെടുത്തുന്നില്ല – വൈദ്യുതി ചാർജ്ജിനത്തിൽ മാസം തോറും ശരാശരി 2,500 രൂപയുടെ അധിക ചെലവ്. | 1-10 |
| 11 | ജില്ലാ കൃഷിത്തോട്ടം, കൂത്താളി - 14.65 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ച കാന്റീൻ ഒന്നര വർഷത്തിനു ശേഷവും പ്രവർത്തന സജ്ജമായില്ല. | 1-11 |
| 12 | ജില്ലാ കൃഷി ഫാം കൂത്താളിയിലെ 13ാം പഞ്ചവൽസര പദ്ധതിക്കാലത്തെ വരവ് ചെലവ് കണക്കുകൾ തമ്മിൽ 10.38 കോടി രൂപയുടെ അന്തരം - വരുമാനം വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-12 |
| 13 | ജില്ലാ കൃഷിത്തോട്ടം കൂത്താളി - ലേല നടപടിക്രമങ്ങളിലെ അപാകങ്ങൾ | 1-13 |
| 14 | ജില്ലാ കൃഷിത്തോട്ടം, കൂത്താളി നാളികേര വിൽപന ഇനത്തിൽ 276809 രൂപ കുടിശ്ശിക ഈടാക്കാനുണ്ട് | 1-14 |
| 15 | കൂത്താളി ഫാമിൽ ഉപയോഗിക്കുന്ന വാഹനം യഥാസമയം റിപ്പയർ ചെയ്യാതിരുന്നതിനാൽ വാഹനവാടകയിനത്തിൽ 30415രൂപയുടെ അധികച്ചെലവ് | 1-15 |
| 16 | ഹൈടെക്ക് ഡയറി ഫാം കൂത്താളി - കാലിത്തീറ്റ സ്റ്റോക്കിലെടുത്തതിൽ കുറവ് | 1-16 |
| 17 | ജില്ലാ കൃഷിത്തോട്ടം കൂത്താളിയിൽ വൃക്ഷരജിസ്റ്റർ സൂക്ഷിക്കുന്നില്ല – വിളവെടുപ്പ് രജിസ്റ്റർ കാലികമാക്കുന്നില്ല. | 1-17 |
| 18 | ഹൈടെക്ക് ഡയറി ഫാം, കൂത്താളി - പതിമൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തെ ചെലവ് വരവിന്റെ ഇരട്ടിയിലധികം | 1-18 |
| 19 | കതിരണി തരിശ് രഹിത ജില്ല – കൃഷിയോഗ്യമാക്കിയ ഭൂമിയുടെ വിസ്തീർണ്ണം | 1-19 |

| | | |
|---|---|---|
| | 348.5ഏക്കർ -കൃഷി ചെയ്തത് 64.5 ഏക്കറിൽ മാത്രം | |
| 20 | പകൽവീട് സായംപ്രഭ ഹോം ആക്കി മാറ്റൽ - ആവശ്യകത, സ്ഥലസൗകര്യം എന്നിവ പരിഗണിക്കാതെ ഫർണ്ണീച്ചർ വാങ്ങി | 1-20 |
| 21 | കോഴിക്കോട് ജില്ലയിലെ നെൽവയലുകളും ജലസേചനസൗകര്യങ്ങളും - സമഗ്രപഠനം – പഠനറിപ്പോർട്ട് ലഭ്യമായില്ല | 1-21 |
| 22 | 15.35 ലക്ഷം രൂപയുടെ അടുക്കള പാത്രങ്ങൾ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തവരിൽനിന്നും വാങ്ങിയില്ല-ഒരു വർഷമായിട്ടും പൊതു അടുക്കള ആരംഭിച്ചില്ല | 1-22 |
| 23 | പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് സ്കൂളുകൾക്കായി വാങ്ങിയത് 9.48 കോടി രൂപയുടെ ഫർണിച്ചർ - ആവശ്യകത നിർണ്ണയിച്ചതിന്റെ വിശദാംശം ലഭ്യമല്ല. | 1-23 |
| 24 | കോട്ടോപ്പാറ കുടിവെള്ള പദ്ധതി - 2019-20 ൽ ആരംഭിച്ച പ്രവൃത്തി - മോട്ടോർ സ്ഥാപിക്കാത്തതിനാൽ പദ്ധതി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. | 1-24 |
| 25 | പാലക്കപറമ്പത്ത് കുടിവെള്ള പദ്ധതി - 2019-20 ൽ ആരംഭിച്ച പദ്ധതി മാർച്ച് 2023 ലും പൂർത്തിയായില്ല. | 1-25 |
| 26 | ചെറിയ വീട്ടിൽ കുടിവെള്ള പദ്ധതി - പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും കുടിവെള്ളവിതരണം തുടങ്ങിയില്ല - നിർവഹണത്തിൽ അവ്യക്തത | 1-26 |
| 27 | ഭൂജല വകുപ്പ് നിർദ്ദേശിച്ച ആഴത്തിൽ കിണർ കുഴിച്ചില്ല – വെള്ളിയോട് ചാലിൽ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. | 1-27 |
| 28 | ഡപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണ സർട്ടിഫിക്കറ്റ്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല | 1-28 |
| 29 | ധന്വന്തരി ട്രസ്റ്റ് സ്ഥാപിച്ച് 9 വർഷത്തിനു ശേഷവും സർക്കാർ അനുമതി ലഭിച്ചില്ല – അനുമതിയുടെ അഭാവത്തിലും ജില്ലാ പഞ്ചായത്ത് 30 ലക്ഷം രൂപ ട്രസ്റ്റിന് കൈമാറി. | 1-29 |
| 30 | വടകര ജില്ലാ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ -തുക മുൻകൂറായി അടച്ചെങ്കിലും 25,97,224/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല | 1-30 |
| 31 | സെക്യൂരിറ്റി ഡപ്പോസിറ്റിൽ നിന്നുള്ള പലിശ കെ.എസ്.ഇ.ബി ബില്ലിൽ ക്രമീകരിച്ചില്ല. | 1-31 |
| 32 | ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളുകളുടെ വൈദ്യുതി ചാർജ് അടയ്ക്കൽ - സ്കൂളുകളിൽ നിലവിലുള്ള സോളാർ പാനലുകളെല്ലാം പ്രവർത്തനക്ഷമമാണോ എന്നത് വ്യക്തമല്ല | 1-32 |
| 33 | സംയുക്തപദ്ധതികൾക്ക് തുക കൈമാറി - വിനിയോഗവിവരം ലഭ്യമല്ല | 1-33 |
| 34 | ജില്ലാപഞ്ചായത്ത് സ്കൂളുകളിലും മറ്റ് സ്ഥാപനങ്ങളിലും സോളാർ പാനൽ സ്ഥാപിക്കൽ - പൂർത്തീകരണ സർട്ടിഫിക്കറ്റ്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല | 1-34 |
| 35 | മണ്ണിൽത്തൊടിക ആവിലോറ റോഡ് - കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് - | 1-35 |

| | | |
|---|---|---|
| | 4,31,036രൂപ ജില്ലാപഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയതിന്റെ വിവരം ലഭ്യമല്ല | |
| 36 | എഡ്യൂകെയർ സമഗ്രവിദ്യാഭ്യാസ പദ്ധതി - ഫണ്ട് മുൻകൂറായി നിർവഹണ ഉദ്യോഗസ്ഥന്റെ ടി.എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസഫർ ചെയ്തു | 1-36 |
| 37 | ജാഗ്രതാസമിതി - ചുമതലയിൽപ്പെടാത്ത കാര്യം നിർവഹിക്കുന്നതിന് പദ്ധതി ഭേദഗതി ചെയ്തു | 1-37 |
| 38 | തിക്കോടി കോക്കനട്ട് നഴ്സറിയിലെ 5 വർഷത്തെ വരവ് ചെലവ് കണക്കുകൾ തമ്മിൽ 1.27 കോടി രൂപയുടെ അന്തരം - വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-38 |
| 39 | ദേശീയപാത വികസനം - മൂല്യനിർണ്ണയ തുക ലഭിച്ചില്ല – സംരക്ഷണഭിത്തിയുടെ നിർമ്മാണം പൂർത്തീകരിച്ചില്ല | 1-39 |
| 40 | കോക്കനട്ട് നഴ്സറി തിക്കോടി - ഫാമിന്റെ ബേങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയായ 13.71 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് ഫണ്ടിൽ അടച്ചില്ല. | 1-40 |
| 41 | റിവോൾവിംഗ് ഫണ്ട് വിതരണം - 45 ലക്ഷം രൂപയുടെ തിരിച്ചടവിന്റെ വിവരം ലഭ്യമല്ല. | 1-41 |
| 42 | ജില്ലാ വെറ്റിനറി കേന്ദ്രം - സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ - കാലാവധി കഴിഞ്ഞതിനു ശേഷവും മരുന്ന് ഉപയോഗിച്ചു. | 1-42 |
| 43 | ജില്ലാ മൃഗ സംരക്ഷണ കേന്ദ്രം രസീതുപയോഗിച്ചുള്ള പണപ്പിരിവ്, തുക ബാങ്കിലടയ്ക്കൽ എന്നിവയിലെ അപാകങ്ങൾ | 1-43 |
| 44 | പേരാമ്പ്ര ഫാമിലെ 5 വർഷത്തെ ചെലവ്, വരവിനേക്കാൾ 2.28 കോടി രൂപ കൂടുതൽ - വരുമാനം വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല. | 1-44 |
| 45 | സംസ്ഥാന വിത്തുൽപാദന കേന്ദ്രം ,പേരാമ്പ്ര- നാളികേര വിൽപന ഇനത്തിൽ 0 .98ലക്ഷം രൂപ കുടിശ്ശിക | 1-45 |
| 46 | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, പേരാമ്പ്ര – വാർഷിക പദ്ധതി 2021-22 – വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ. | 1-46 |
| 47 | സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, പേരാമ്പ്ര - നടീൽ വസ്തുക്കൾ വിറ്റവകയിൽ 2021-22 വർഷത്തിൽ 1,80,985 രൂപ കുടിശ്ശിക | 1-47 |
| 48 | പുറക്കാട്ടിരി ജറിയാട്രിക് സെന്റർ പ്രവർത്തന സജ്ജമായില്ല – കേന്ദ്രത്തിനായി വാങ്ങിയ 10.52 ലക്ഷം രൂപയുടെ ഫർണിച്ചറും മറ്റ് ഉപകരണങ്ങളും ഉപയോഗപ്പെടുത്തുന്നില്ല. | 1-48 |
| 49 | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടും ആശുപത്രി ഉപകരണങ്ങൾ വാങ്ങിയില്ല. | 1-49 |
| 50 | പുറക്കാട്ടിരി ചൈൽഡ് &അഡോളസന്റ് കെയർ സെന്ററിലേക്ക് മരുന്ന് , കൺസ്യൂമബിൾസ് വാങ്ങൽ - തുക അടച്ച് 9 മാസം കഴിഞ്ഞിട്ടും സാധനങ്ങൾ ലഭ്യമായില്ല | 1-50 |

| | | |
|---|---|---|
| 51 | മഞ്ചാംതറ ഖാദി കേന്ദ്രം - തറികൾ യഥാസമയം ലഭിച്ചില്ല | 1-51 |
| 52 | പുതുപ്പാടി സീഡ് ഫാം-രസീതുകൾ മുഖേനയുള്ള പിരിവ് - ചട്ടങ്ങൾ പാലിക്കുന്നില്ല. | 1-52 |
| 53 | പുതുപ്പാടി സീഡ് ഫാം- തകരാറിലായ സിസിടിവി റിപ്പയറിംഗിനായി കൊണ്ടുപോയി നാളിതുവരെ പുന:സ്ഥാപിച്ചില്ല | 1-53 |
| 54 | മെറിറ്റോറിയസ് സ്കോളർഷിപ്പ് (എസ്.സി)- മതിയായ രേഖകളില്ലാതെ ആനുകൂല്യം നൽകി | 1-54 |
| 55 | പട്ടികജാതി വനിതകൾക്ക് തൊഴിൽ പരിശീലനം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-55 |
| 56 | സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിച്ചില്ല. | 1-56 |
| 57 | മെറിറ്റോറിയസ് സ്കോളർഷിപ്പ് (എസ്.ടി) - മതിയായ രേഖകളില്ലാതെയും മുൻകാല പ്രാബല്യത്തോടെയും ആനുകൂല്യം നൽകി. | 1-57 |
| 58 | ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്ക് തുക കൈമാറി - വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല | 1-58 |
| 59 | എച്ച്.ഐ.വി രോഗികൾക്ക് പോഷകാഹാരവിതരണം - പദ്ധതി നിർവഹണത്തിലെ അപാകതകൾ | 1-59 |
| 60 | കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങൽ - തുക അടച്ച് ഒരു വർഷം കഴിഞ്ഞിട്ടും സാധനങ്ങൾ ലഭ്യമായില്ല | 1-60 |
| 61 | മാതൃകാ അങ്കണവാടി നിർമ്മാണം - യഥാസമയം ഫണ്ട് കൈമാറിയില്ല | 1-61 |
| 62 | 'ക്രാഡിൽ' - ആവശ്യകത നിർണ്ണയിക്കാതെ പദ്ധതി നടപ്പിലാക്കുന്നു | 1-62 |
| 63 | ക്ഷീര സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് വിതരണം -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-63 |
| 64 | ജില്ലാ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - തുക മുൻകൂർ നൽകി 10 മാസങ്ങൾക്ക് ശേഷവും മുഴുവൻ തുകയ്ക്കുള്ള മരുന്നും ലഭിച്ചിട്ടില്ല. | 1-64 |
| 65 | കസ്റ്റം ഹയറിംഗ് സെന്റർ - ട്രാക്ടറുകളുടെ ഇൻഷ്വറൻസ് പരിരക്ഷ യഥാസമയം പുതുക്കുന്നില്ല. | 1-65 |
| 66 | ജില്ലാ കൃഷിത്തോട്ടം,കൂത്താളി - നടീൽ വസ്തുക്കൾ വിറ്റവകയിൽ 2021-22 വർഷത്തിൽ 305562 രൂപ കുടിശ്ശിക | 1-66 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കതിരണി തരിശ് രഹിത ജില്ല – കൃഷിയോഗ്യമാക്കിയ ഭൂമിയുടെ വിസ്തീർണ്ണം 348.5ഏക്കർ -കൃഷി ചെയ്തത് 64.5 ഏക്കറിൽ മാത്രം | 3-1 |
| 2 | 15.35 ലക്ഷം രൂപയുടെ അടുക്കള പാത്രങ്ങൾ കുറഞ്ഞ നിരക്ക് ക്വോട്ട് | 3-2 |

| | | |
|---|---|---|
| | ചെയ്തവരിൽനിന്നും വാങ്ങിയില്ല-ഒരു വർഷമായിട്ടും പൊതു അടുക്കള ആരംഭിച്ചില്ല | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിനായി നല്കിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | (എ) ചാർജ്ജ് / സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-7 |
| 8 | (ബി) സർച്ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക | 4-7 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വിവരം | 4-8 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം - 3 | |
| 4 | അനുബന്ധം - 4 | |
| 5 | അനുബന്ധം - 5 | |
| 6 | അനുബന്ധം - 6 | |
| 7 | അനുബന്ധം - 7 | |
| 8 | അനുബന്ധം - 8 | |
| 9 | അനുബന്ധം - 9 | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് തയ്യാറാക്കിയതിന്റേയും അംഗീകരിച്ചതിന്റേയും വിശദാംശങ്ങൾ താഴെപ്പറയുന്നു .

| | |
|---|---|
| 2021-22 വർഷത്തെ ബജറ്റ് ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി അംഗീകരിച്ച തീരുമാനം നമ്പർ / തിയ്യതി | 14/21 തിയ്യതി 20.02.2021 |
| 2021-22 വർഷത്തെ ബജറ്റ് ജില്ലാ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച തീരുമാനം നമ്പർ / തിയ്യതി | 24/21 തിയ്യതി 22.02.2021 |
| 2021-22 വർഷത്തെ പുതുക്കിയ ബജറ്റ് ഭരണ സമിതി അംഗീകരിച്ച തീരുമാനം നമ്പർ / തിയ്യതി | 29/22തിയ്യതി 25.03.2022 |

പുതുക്കിയ ബജറ്റ് പ്രകാരമുള്ള വിവരങ്ങൾ താഴെപ്പറയുന്നു.(രൂപയിൽ)

| | |
|---|---:|
| മുൻബാക്കി | 18,12,16,675.00 |
| തൻവർഷ വരവ് | 144,50,98,959.00 |
| ആകെ വരവ് | 162,63,15,634.00 |
| ചെലവ് | 147,00,70,499.00 |
| മിച്ചം | 15,62,45,135.00 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 23.07.2022 |

## 1-3 സാമ്പത്തിക വിശകലനം

(തുക രൂപയിൽ)

| | |
|---|---:|
| മുന്നിരിപ്പ് | 3,32,01,177.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 114,83,26,614.00 |
| ആകെ | 118,15,27,791.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 111,29,24,856.00 |

| | |
|---|---|
| നീക്കിയിരിപ്പ് | 6,86,02,935.00 |

തനത് വരുമാനം

തനത് വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ചുള്ള വ്യത്യാസം താഴെ പറയുന്നു.

| ഇനം | മുൻ വർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 0 | 0 | 0 | 0 |
| നികുതിയേതര വരവുകൾ | 3,37,44,359 | 2,21,59,599 | (-)1,15,84,760 | (-)34.331% |
| മറ്റു വരവുകൾ | 8,13,761 | 3,13,201 | (-)5,00,560 | (-)61.512% |
| ആകെ | 3,45,58,120 | 2,24,72,800 | (-)1,20,85,320 | (-)34.971% |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ ACR പ്രകാരം | | 0 | 26,97,11,209 | 26,97,11,209 | 26,97,11,209 | 0 |
| വികസന ഫണ്ട് .S.C.P ACR പ്രകാരം | | 0 | 7,15,33,135 | 7,15,33,135 | 7,15,33,135 | 0 |
| വികസന ഫണ്ട് . T S P ACR പ്രകാരം | | 0 | 66,83,406 | 66,83,406 | 66,83,406 | 0 |
| M.G.(Road) ACR പ്രകാരം) | | 0 | 28,84,52,240 | 28,84,52,240 | 28,84,52,240 | 0 |
| M.G.( Non Road) ACR പ്രകാരം) | | 0 | 9,98,27,498 | 9,98,27,498 | 9,98,27,498 | 0 |
| C.F.C ഗ്രാന്റ്(basic) | | 0 | 5,59,66,578 | 5,59,66,578 | 5,59,66,578 | 0 |
| C.F.C ഗ്രാന്റ്(Tied) | | 4,50,87,652 | 8,15,67,000 | 12,66,54,652 | 5,31,74,568 | 7,34,80,084 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| അക്കൗണ്ട് | ഗ്രാമ പഞ്ചായത്ത് | 0 | 0 | 0 | 0 | 0 |
| ബി ഫണ്ട് | | | | | | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 28,53,362 | 4,30,23,000 | 4,58,76,362 | 4,72,65,135 | (-)13,88,773 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 706 | 451 | 89,69,77,622 | 255 | 47 |

ആകെ അംഗീകാരം ലഭിച്ച പ്രോജക്ടുകൾക്ക് 216,27,42,670 രൂപ വകയിരുത്തിയതിൽ 89,69,77,622 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ മിക്ക പ്രവൃത്തികളുടെയും നിർവ്വഹണം, പൂർത്തീകരണം സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. സ.ഉ.(കൈ) നം.11/2018/തസ്വഭവ തീയതി 29.01.2018 പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക നം.13.1 പ്രകാരം മോണിട്ടറിംഗ് കമ്മറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയിലേക്കും നൽകേണ്ടതാണ്. എന്നാൽ അപ്രകാരം റിപ്പോർട്ട് നൽകിയതായി കാണുന്നില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പൽ ആക്ട് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന്റെ ചുമതലകളും സ്ഥാപനങ്ങളും 18.09.1995 ലെ ജി ഒ (പി) നമ്പർ189/95 തഭവ പ്രകാരം, 1995 ഒക്ടോബർ 2 ന് പ്രാബല്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിലും തുടർന്നുള്ള ജി ഒ (പി) നമ്പർ 69/99 എൽ എ ഡി തി. 29.03.1999, സ ഉ (സാധാ) നം 1445/2009 തസ്വഭവ 17.06.2009എന്നീ ഉത്തരവുകൾ പ്രകാരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരെ ജില്ലാ പഞ്ചായത്തിനു കീഴിൽ നിശ്ചയിച്ചു നൽകിയിട്ടുള്ളതുമാണ്.

13ാം പഞ്ചവത്സര പദ്ധതിക്കാലത്ത് വിവിധ നിർവ്വഹണഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവു പത്രിക പരിശോധിച്ചതിൽ താഴെ പറയുന്നവർ കഴിഞ്ഞ 5 വർഷക്കാലയളവിൽ നിർവ്വഹണഉദ്യോഗസ്ഥരെന്ന നിലയിൽ കോഴിക്കോട് ജില്ലാ പഞ്ചായത്ത് പദ്ധതികളുടെ നിർവ്വഹണം നടത്തിയില്ല.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകുപ്പ് |
|---|---|---|
| 1 | ഡെപ്യൂട്ടി ഡയറക്ടർ (YP) | കൃഷി വകുപ്പ് |
| 2 | പ്രോഗ്രാം ഓഫീസർ ICDS | വനിതാ ശിശു വികസനം |
| 3 | ജില്ലാ മെഡിക്കൽ ഓഫീസർ | ഹോമിയോ |
| 4 | അസി എഞ്ചിനീയർ | ചെറുകിട ജലസേചന വകുപ്പ് |

| | | |
|---|---|---|
| 5 | അസി രജിസ്ട്രാർ | സഹകരണ വകുപ്പ് |
| 6 | അസി ഡെവലപ്മെന്റ് കമ്മീഷണർ (സോഷ്യൽ മൊബിലൈസേഷൻ) | ഗ്രാമ വികസന വകുപ്പ് |

കൂടാതെ കഴിഞ്ഞ പഞ്ചവത്സരക്കാലയളവിൽ (2017-22) സോയിൽ കൺസർവ്വേഷൻ ഓഫീസർ, 2018-19,2021-22 വർഷങ്ങളിൽ ഓരോ പ്രോജക്ട് മാത്രമേ നടപ്പിലാക്കിയുള്ളൂ.2017-18,2019-20,2020-21 എന്നീ വർഷങ്ങളിൽ പദ്ധതികളൊന്നും തന്നെ ആവിഷ്കരിച്ചില്ല. ജില്ലാ പഞ്ചായത്തിനു കീഴിലെ നിർവ്വഹണ ഉദ്യോഗസ്ഥരായിരിക്കെ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ വർഷങ്ങളായി പദ്ധതി നിർവ്വഹണം നടത്താത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്. മേൽപ്പട്ടികയിൽ ഉൾപ്പെടാത്തതും ജില്ലാ പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളതുമായ പദ്ധതികളാവിഷ്കരിക്കാത്ത മറ്റ് നിർവ്വഹണഉദ്യോഗസ്ഥരുണ്ടെങ്കിൽ ആയതിന്റെ വിവരം കൂടി അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 45 / 2021-22 തി.21.02.2023 ന മറുപടി ലഭിച്ചിട്ടില്ല

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന എല്ലാ മാസങ്ങളിലും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

## 1-7 ആഭ്യന്തരനിയന്ത്രണം

തനതു ഫണ്ടിൽ നിക്ഷേപിച്ചതും ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ ഗ്രാന്റ് തുകകൾ, സംയുക്ത പ്രൊജക്ടിനായി ലഭിച്ച തുകകൾ എന്നിവക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ജില്ലാ പഞ്ചായത്തിന് കീഴിലുള്ള വിവിധ ഫാമുകളിലെ ദൈനംദിന പിരിവു തുകകൾ ഫാമുകൾ നേരിട്ട് ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുകയാണ് ചെയ്തുവരുന്നത്. എന്നാൽ ജില്ലാപഞ്ചായത്തിൽ ഫാമുകളിൽ നിന്നുള്ള വരവ് സംബന്ധിച്ച രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ജില്ലാപഞ്ചായത്തിന് കീഴിലുള്ള സ്കൂളുകൾക്കായി 9.48 കോടി രൂപയുടെ ഫർണിച്ചർ വാങ്ങിയിട്ടുണ്ട്. എന്നാൽ ഫർണ്ണീച്ചറുകളുടെ ആവശ്യകത നിർണ്ണയിച്ചതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ജില്ലാപഞ്ചായത്തിൽ ലഭ്യമല്ല. ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 43 സ്കൂളുകളിൽ 2019-20 വർഷത്തിൽ ശൃംഖലാബന്ധിത സൗരോർജ്ജ വൈദ്യുതി പദ്ധതി കമ്മീഷൻ ചെയ്തിട്ടുണ്ട്. എന്നാൽ ഓരോ സ്കൂളിലും ഉൽപാദിക്കപ്പെടുന്ന വൈദ്യുതിയുടെ അളവ്, വൈദ്യുതി ബില്ലിൽ നിന്നും കുറവ് ചെയ്ത തുക, അധിക ഉൽപാദനത്തിൽ നിന്നുള്ള വരവ് എന്നിവ സംബന്ധിച്ച വിവരം ജില്ലാ പഞ്ചായത്തിന്റെ കൈവശമില്ല.

ജില്ലാ പഞ്ചായത്തിനു കീഴിലെ കൃഷി ഫാമുകളിൽ വരവിനേക്കാൾ കൂടുതൽ ചെലവുണ്ടാകുന്ന അവസ്ഥയാണ് 13ാം പഞ്ചവത്സരക്കാലത്തുള്ളത്. ഫാമിൽ നിന്നും സൗജന്യ നിരക്കിൽ നടീൽ വസ്തുക്കളും തൈകളും കർഷകർക്ക് വിതരണം ചെയ്യുന്നതിനാൽ വ്യത്യാസം സ്വാഭാവികമാണെങ്കിലും തിക്കോടി ഒഴികെയുള്ള ഫാമുകളിൽ ഓരോ വർഷം കഴിയുന്തോറും ഈ അന്തരം ക്രമാനുഗതമായി കൂടി വരുന്നത് ആശങ്കാജനകമാണ്. ഫാമുകൾക്ക് ലഭിക്കാനുള്ള കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണതോതിൽ നടപ്പിലാക്കാൻ കഴിഞ്ഞില്ല. മുൻ വർഷങ്ങളിലെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ വിഷയം സൂചിപ്പിച്ചിരുന്നെങ്കിലും ഫലപ്രദമായ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിനു 2 വർഷം മുതൽ 3 വർഷം വരെയെടുക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. പുറക്കാട്ടിരിയിലെ ജറിയാട്രിക് ആശുപത്രിയുടെ നിർമ്മാണവും മന്ദഗതിയിലാണ്. നിർമ്മാണം പൂർത്തീകരിക്കുന്നതിന് വളരെ മുമ്പു തന്നെ ആശുപത്രിയിലേക്കാവശ്യമായ ഫർണ്ണീച്ചറും ഉപകരണങ്ങളും വാങ്ങി നൽകുകയും ചെയ്തു.

സ്ത്രീകളുടെ സ്ഥിര വരുമാനം ഉറപ്പാക്കുന്നതിന് പൊതു അടുക്കള സ്ഥാപിക്കാനായി 15 ലക്ഷത്തിലേറെ രൂപ ചെലവഴിച്ച് അടുക്കള പാത്രങ്ങൾ വാങ്ങിയെങ്കിലും ആയത് സ്ഥാപിക്കുകയോ ഉപയോഗപ്പെടുത്തുകയോ ചെയ്തിട്ടില്ല. വ്യവസായ മേഖലയെ പരിപോഷിപ്പിക്കുന്നതിനു കഴിഞ്ഞ 2 വർഷങ്ങളിൽ 3 സ്ഥാപനങ്ങൾക്കായി റിവോൾവിംഗ് ഫണ്ടിനത്തിൽ 45 ലക്ഷം രൂപ നൽകിയെങ്കിലും യാതൊരു തുകയും തിരിച്ചടവായി ലഭിക്കാത്തത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. ഈയൊരവസ്ഥ പരിഹരിക്കുന്നതിനു പദ്ധതി നടപ്പിലാക്കിയതിനു ശേഷവും നിരന്തരമായ മോണിറ്ററിംഗ് ആവശ്യമാണ്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയതിന്റെ വിവരം | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം. തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01.12.2022 മുതൽ 20.12.2022 വരെ | 2021-22 | 117/എ1/2022/ RPAW/KKD/ 24.01.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.10.2020 മുതൽ 30.11.2020 വരെ | 2019-20 | Audit/AMG1/(HQ)III/II 8-A-35/2020-21/124/ 01.02.2021 |

## 1-9 വാർഷിക കണക്കിലെ അപാകങ്ങൾ

കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. വികസനഫണ്ട് (എസ്.സി.പി), വികസനഫണ്ട് (ടി.എസ്.പി) എന്നീ ഇനങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വരവും റസീറ്റ് & പെയ്മെന്റ് ഷെഡ്യൂൾ RP-7 പ്രകാരമുള്ള വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വരവ് | RP-7 പ്രകാരമുള്ള വരവ് |
|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 7,31,89,094 | 7,15,33,135 |
| വികസനഫണ്ട് (ടി.എസ്.പി) | 68,59,382 | 66,83,406 |

2. ഡപ്പോസിറ്റ് രജിസ്റ്റർ പ്രകാരം തൻവർഷം ഡപ്പോസിറ്റ് ഇനത്തിൽ ലഭിച്ച തുകകൾ, റീഫണ്ട് ചെയ്ത തുകകൾ എന്നിവയും റസീറ്റ് & പെയ്മെന്റ് ഷെഡ്യൂൾ RP-34 പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | രജിസ്റ്റർ പ്രകാരമുള്ള തുക | RP-34 പ്രകാരമുള്ള തുക |
|---|---|---|
| Deposit Received | 13,20,090 | 7,05,271 |
| Refund | 14,07,996 | 48,08,630 |

3. അഡ്വാൻസ് രജിസ്റ്റർ പ്രകാരം തൻവർഷം അഡ്വാൻസ് ഇനത്തിൽ അനുവദിച്ച തുക, അഡ്ജസ്റ്റ് ചെയ്ത തുക എന്നിവയും റസീറ്റ് & പെയ്മെന്റ് ഷെഡ്യൂൾ RP-47 പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | രജിസ്റ്റർ പ്രകാരമുള്ള തുക | RP-47 പ്രകാരമുള്ള തുക |
|---|---|---|
| അഡ്വാൻസ് അനുവദിച്ചത് Advance To Implementing Officers | 26,80,000 | 23,80,000 |

| | | |
|---|---|---|
| അഡ്ജസ്റ്റ് ചെയ്ത തുക<br>Advance To Implementing Officers | 69,93,612 | 2,62,849 |
| Permanent Advance | 3,906 | 270 |

4. താഴെ പറയുന്ന സ്ഥാപനങ്ങളുടെ/ഇനങ്ങളുടെ വരവ് സംബന്ധിച്ച രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിലെ പ്രസ്തുത ഇനങ്ങളുടെ വരവിന്റെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

A) കൃഷിഫാം

B) സീഡ് ഫാം

C) പൗൾട്രി ഫാം

D) ലേലം

E) സംയുക്ത പ്രൊജക്ടുകൾക്കായി മറ്റ് തസ്വഭവ സ്ഥാനങ്ങളിൽ നിന്ന് ലഭിച്ച തുകകൾ

5. വനിതാ ഹോസ്റ്റൽ വരവ്, വ്യവസായ എസ്റ്റേറ്റ് വാടക എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

6. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.14 പ്രകാരം സ്റ്റോറിന്റെ ക്ലോസിംഗ് സ്റ്റോക്ക് 78,605 രൂപയാണ്. സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

7. വാർഷിക കണക്കിലെ B -4, ഷെഡ്യൂളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകളുടെ വിശദാവിവരം സംബന്ധിച്ച രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. (Code No. 320100116, 320100128, 320200111, 320200112 എന്നിവയൊഴികെ)

അപാകങ്ങൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (1/22.8.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-10 15 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ശീത സംഭരണി ഉപയോഗപ്പെടുത്തുന്നില്ല – വൈദ്യുതി ചാർജ്ജിനത്തിൽ മാസം തോറും ശരാശരി 2,500 രൂപയുടെ അധിക ചെലവ്.

| | |
|---|---|
| പ്രോജക്ട് നം, പേര് | 322/12, കോൾഡ് സ്റ്റോറേജ് നിർമ്മാണം |
| അടങ്കൽ, ഫണ്ടിനം | 15 ലക്ഷം |
| ചെലവ് | 14,58,680/-<br>(1) BRN. 21160152026501506599/ 29.03.2022(38,552/-),<br>(2) 2116015202650118145522.02.2022 (1420128/-) |
| എം.ബുക്ക് നം. | 356/19-20 |
| കരാറുകാരൻ | ശ്രീ. പ്രജിത്. കെ |
| കരാർ നം. | 14/2020- 21/ഡി.പി തീയതി. 29.01.2021 |

ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാൻന്റിംഗ് കമ്മിറ്റിയുടെ 09.07.2020 ലെ 31/19 നമ്പർ യോഗതീരുമാന പ്രകാരം "ജില്ലാ കൃഷിത്തോട്ടം കുത്താളിയിൽ ശീതസംഭരണി നിർമ്മാണം" പദ്ധതിയുടെ ഭാഗമായി ഫാമിലെ വാച്ച്മാൻ ഷെഡ്ഡിനോട് ചേർന്ന് നിർമ്മിക്കുന്ന കാന്റീൻ കെട്ടിടത്തിന്റെ അടുത്തായി കണ്ടെത്തിയ മൂന്ന് സെന്റ് സ്ഥലത്ത് ശീതസംഭരണി നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ഭരണസമിതി (തീരുമാനം നം. 1-46/2020/19.05.2020) ആയതിന് അംഗീകാരം നൽകുകയും ചെയ്തു. പ്രസ്തുത പ്രവൃത്തിക്കായി 15 ലക്ഷം രൂപ വകയിരുത്തുകയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ശ്രീ. പ്രജിത്ത് എന്ന കരാറുകാരൻ 14,20,128 രൂപ ചെലവഴിച്ച് 26.11.2021 ന് നിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്. കൂടാതെ വൈദ്യുതി ബന്ധം സ്ഥാപിക്കുന്നതിനു വേണ്ടി 38,552/- രൂപ ചെലവഴിക്കുയും ചെയ്തു. ഫാമിന്റെ ഓഡിറ്റിന്റെ ഭാഗമായി 10.11.2022 ന് കെട്ടിടം പരിശോധിച്ചതിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് വൈദ്യുതി ബന്ധം ലഭ്യമാക്കുകയും 2 കംപ്രസർ സ്ഥാപിച്ചതായും കണ്ടു. 26.11.2021ൽ പ്രവൃത്തി പൂർത്തീകരിച്ച 5 ടൺ സംഭരണശേഷിയുള്ള കോൾഡ് സ്റ്റോറേജ് നാളിതുവരെ പ്രയോജനപ്പെടുത്തിയില്ല.

കർഷകരിൽ നിന്നും പയർ, വെണ്ട, ഇളവൻ, മത്തൻ, ചേമ്പ്, ചേന തുടങ്ങിയ പച്ചക്കറികൾ സംഭരിച്ച് കേടുകൂടാതെ സൂക്ഷിക്കാൻ കഴിയുന്ന ശീതസംഭരണിക്ക് 5 ടൺ പച്ചക്കറി ഉൾക്കൊള്ളാൻ സാധിക്കണമെന്നും ഇത്തരം ഒരു ശീത സംഭരണിയുടെ സാങ്കേതിക സാധ്യതയും, ഏറ്റവും അനുയോജ്യമായ ഡിസൈനും എസ്റ്റിമേഷനും നൽകാൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) 04.08.2020 ൽ തവനൂരിലെ കാർഷിക കോളജ് ഡീനിന് അയച്ച കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്(കത്ത് നം. ഡി-566/20).

ഫാമിന്റെ ഉപദേശക സമിതിയായി പ്രവർത്തിക്കുന്ന ഫാം കൗൺസിൽ യോഗത്തിലോ കൃഷിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലോ ഇത്തരമൊരു ശീതസംഭരണി സ്ഥാപിക്കുന്നത് സംബന്ധിച്ച ആവശ്യം ഉയർന്ന് വന്നിട്ടില്ല. 06.03.2020 ലെ സ.ഉ (കൈ) നം.45/2020/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച സുഭിക്ഷ കേരളം മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 8.9 ൽ പെട്ടെന്ന് വിപണി കണ്ടെത്താൻ കഴിയാത്ത സന്ദർഭത്തിൽ ഭക്ഷ്യ സാധനങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ഉൽപന്ന സംഭരണ കേന്ദ്രങ്ങൾ അനുയോജ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള സാധ്യത വകുപ്പുകളും ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളും പരിശോധിച്ച് പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണെന്നും സഹകരണ സംഘങ്ങൾക്കും ഇക്കാര്യത്തിൽ വലിയ സംഭാവന ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കുന്നുണ്ട്. വാടക നൽകി ഉപയോഗിക്കാൻ കഴിയുന്ന സ്വകാര്യ മേഖലയിലെ സംഭരണകേന്ദ്രങ്ങളുടെ സാധ്യതയും ഉപയോഗപ്പെടുത്തേണ്ടതാണ്" എന്ന് വ്യക്തമാക്കുന്നു. 5 ടൺ ശേഷിയുള്ള ശീതസംഭരണിയിൽ സൂക്ഷിക്കാവുന്ന അളവിൽ വിപണി കണ്ടെത്താൻ കഴിയാത്ത തരത്തിൽ മേൽപറഞ്ഞ പച്ചക്കറി ഉൽപന്നങ്ങൾ സമീപ പ്രദേശങ്ങളിലോ ജില്ലാ കൃഷി ഫാമിലോ ഉൽപാദനം നടത്തുന്നുണ്ടോ എന്നത് സംബന്ധിച്ച ഒരു വിലയിരുത്തൽ ജില്ലാ പഞ്ചായത്ത് നടത്തിയില്ല. ഫാമിൽ നാമമാത്രമായാണ് പച്ചക്കറികൃഷി നടത്തിവരുന്നത്. ആയത് അതാത് സമയം വിൽപന നടത്തുകയും ചെയ്തുവരുന്നുണ്ട്. സുഭിക്ഷകേരളം മാർഗ്ഗരേഖയിൽ വാടക നൽകി ഉപയോഗിക്കാൻ കഴിയുന്ന സ്വകാര്യ മേഖലയിലെ സംഭരണ കേന്ദ്രങ്ങളും ഉപയോഗപ്പെടുത്താവുന്നതാണെന്ന് സൂചിപ്പിക്കുന്നുണ്ട്. എന്നാൽ അത്തരം സാധ്യതകൾ ഉപയോഗപ്പെടുത്തിയതിന്റെ വിവരമില്ല. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി), ജില്ലാ കൃഷിത്തോട്ടം സൂപ്രണ്ട് എന്നിവർ സാക്ഷ്യപ്പെടുത്തിയ മോണിട്ടറിംഗ് റിപ്പോർട്ടിൽ, പ്രോജക്ടിൽ പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അധിക നേട്ടങ്ങൾ ഉണ്ടായെന്നും രേഖപ്പെടുത്തുന്നു. നിർമ്മാണം പൂർത്തീകരിച്ച് ഒരു വർഷം കഴിഞ്ഞിട്ടും ഉപയോഗപ്പെടുത്താതിരുന്ന ശീതസംഭരണി, പ്രതീക്ഷിക്കുന്ന നേട്ടം കൈവരിച്ചിട്ടുണ്ടെന്ന് മോണിട്ടറിംഗ് റിപ്പോർട്ടിൽ സൂചിപ്പിച്ചതിന്റെ സാംഗത്യം വ്യക്തമല്ല. കൂടാതെ മെയ് 2022 മുതൽ പ്രതിമാസം ശരാശരി 2,500 രൂപ മേൽ കെട്ടിടത്തിന് വൈദ്യുതി ചാർജ്ജിനത്തിൽ (കൺസ്യൂമർ നം. 1167162015590) അടച്ച വരുന്നുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 32/2021-22/06.01.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ, നാളിതുവരെ ശീതസംഭരണി ഉപയോഗപ്പെടുത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. 14,58,680 രൂപയുടെ ചെലവ്

തടസ്സപ്പെടുത്തുന്നു.

1-11 ജില്ലാ കൃഷിത്തോട്ടം, കൂത്താളി - 14.65 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ച കാന്റീൻ ഒന്നര വർഷത്തിനു ശേഷവും പ്രവർത്തന സജ്ജമായില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര്, എം.ബുക്ക് നം. | S0319/22, ജില്ലാ കൃഷിഫാം കൂത്താളിയിൽ കാന്റീൻ നിർമ്മാണം. 345, 362/21 |
| അടങ്കൽ, ഫണ്ടിനം | 15 ലക്ഷം, തനത് ഫണ്ട് |
| ചെലവ് | 6,73,291/-(2020-21), 6,91,290/- (2021-22), 1,00,829 (2021-22) |
| കരാറുകാരൻ | ശ്രീ.ഇ.കെ. മൊയ്തീൻ |
| കരാർ നം. | 20/2019-20/ഡി.പി. തീയതി. 06.02.2020 |

ജില്ലാ കൃഷിഫാം കൂത്താളിയിൽ 15 ലക്ഷം രൂപ അടങ്കലിൽ വാച്ച്മാൻ ഷെഡ്ഡിന് സമീപം ഒരു കാന്റീൻ നിർമ്മിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. 8 മാസത്തെ പൂർത്തീകരണ കാലാവധിയിൽ 06.02.2020 ന് പ്രവൃത്തി ആരംഭിക്കുകയും 2020-21 വർഷം 6,73,291രൂപ ചെലവഴിക്കുകയും ചെയ്തിരുന്നു. പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തത് കാരണം 2021-22 വർഷത്തേക്ക് സ്പിൽ ഓവറാക്കുകയും നിർമ്മാണത്തിനായി 6,91,290 രൂപ തൻവർഷം ചെലവഴിക്കുകയും ചെയ്തു. 25.05.2021 ന് 13,64,481രൂപ (6,73,291+6,91,290) ചെലവഴിച്ച് കാന്റീൻ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. കൂടാതെ പ്രോജക്ട് നം. S0128/22 പ്രകാരം 1,00,829/- രൂപ ചെലവഴിച്ച് കാന്റീൻ കെട്ടിടത്തിന്റെ വയറിംഗ് പൂർത്തീകരിച്ചെങ്കിലും ഓഡിറ്റ് സമയത്തും (10.11.2022) വൈദ്യുതി കണക്ഷൻ ലഭിച്ചില്ലെന്ന് കണ്ടു. കെട്ടിട നിർമ്മാണവും വൈദ്യുതീകരണവും വ്യത്യസ്ത പ്രോജക്ടുകളായി നടപ്പിലാക്കിയത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. സ.ഉ (കൈ) നം. 11/2018/തസ്വഭവ തീയതി. 20.01.2018 പ്രകാരം കെട്ടിട നിർമ്മാണം, വൈദ്യുതീകരണം മുതലായവ ഒറ്റ പ്രോജക്ടായി നടപ്പിലാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. കാന്റീൻ കെട്ടിടത്തിന്റെ ചുമതല നിർവ്വഹണോദ്യഗസ്ഥൻ ഫാം സൂപ്രണ്ടിന് കൈമാറുന്നത് 06.07.2022 നാണ്.

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ഇരുണകളിൽ കെട്ടിയുർത്തിയ കെട്ടിടം കാന്റീനായി ഉപയോഗിക്കാനും തറനില ഫാമിലെ മെഷിനറി യാർഡായി ഉപയോഗിക്കാനുമാണ് പദ്ധതിയിട്ടിരുന്നത്. എന്നാൽ ഫാമിലെ എല്ലാ യന്ത്രങ്ങളും സൂക്ഷിക്കാൻ നിലവിൽ ഷെഡുകളുണ്ട്. കാന്റീൻ കെട്ടിടത്തിന്റെ പിൻവശത്തായി മെഷീനറി യാർഡുമായി ബന്ധിപ്പിക്കുന്ന തരത്തിൽ ഇരുമ്പ് കൊണ്ടുള്ള ഒരു ഏണിപ്പടി സ്ഥാപിച്ചിട്ടുണ്ട്. ആയതിന്റെ ആവശ്യകത വ്യക്തമല്ല. കെട്ടിടം നേരിൽ പരിശോധിച്ചതിൽ കാന്റീൻ സുഗമമായി പ്രവർത്തിക്കുന്നതിനുള്ള സൗകര്യം അടുക്കളയ്ക്കില്ലെന്നും കണ്ടു. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.31/2021-22/06.01.2023) മറുപടി ലഭ്യമാക്കിയില്ല.

കൂത്താളി ജില്ലാ കൃഷി ഫാമിൽ 14.65 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ച കാന്റീൻ ഒന്നര വർഷത്തിനു ശേഷവും പ്രവർത്തന സജ്ജമാക്കാത്തതിനും മറ്റ് അപാകങ്ങൾക്കും മറുപടി സമർപ്പിക്കേണ്ടതാണ്. 14.65 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-12 ജില്ലാ കൃഷി ഫാം കൂത്താളിയിലെ 13ാം പഞ്ചവൽസര പദ്ധതിക്കാലത്തെ വരവ് ചെലവ് കണക്കുകൾ തമ്മിൽ 10.38 കോടി രൂപയുടെ അന്തരം - വരുമാനം വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ജില്ലാ കൃഷി ഫാം കൂത്താളിയിലെ 2017-18 മുതൽ 2021-22 വരെയുള്ള 13ാം പഞ്ചവൽസര പദ്ധതിക്കാലത്തെ വരവ് ചെലവ് കണക്കുകൾ തമ്മിൽ വൻ അന്തരം ഉള്ളതായി കാണുന്നു. ഫാമിലെ ഫയൽ പരിശോധിച്ചതിന്റെയും ഓഡിറ്റ് അന്വേഷണക്കുറിപ്പിന്

(നം. 15/2021-22/29.11.2022) കുത്താളി ഫാം സൂപ്രണ്ട് നൽകിയ മറുപടിയുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ വരവ് ചെലവ് കണക്കുകളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| വർഷം | വരവ് | ചെലവ് | | | | കമ്മി |
|---|---|---|---|---|---|---|
| | | ജില്ലാ പഞ്ചായത്ത് (പദ്ധതി ചെലവ്) | തൊഴിലാളികളുടെ വേതനം | വിത്തുതേങ്ങയുടെ വില (70രൂപ/ തേങ്ങ) | ആകെ | |
| 1. | 2. | 3. | 4. | 5. | 6=3+4+5 | 7=6-2 |
| 2017-18 | 71,60,643 | 29,67,905 | 1,44,14,411 | 15,33,420 | 1,89,15,736 | 1,17,55,093 |
| 2018-19 | 54,02,233 | 21,89,715 | 1,69,05,583 | 10,97,600 | 2,01,92,898 | 1,47,90,665 |
| 2019-20 | 20,20,558 | 18,62,632 | 1,50,51,967 | 12,53,280 | 1,81,67,879 | 1,61,47,321 |
| 2020-21 | 18,24,271 | 14,35,115 | 1,97,20,284 | 33,64,410 | 2,45,19,809 | 2,26,95,538 |
| 2021-22 | 46,81,362 | 17,74,391 | 3,56,76,349 | 56,21,000 | 4,30,71,740 | 3,83,90,378 |
| ആകെ | 2,10,89,067 | 1,02,29,758 | 10,17,68,594 | 1,28,69,710 | 12,48,68,062 | 10,37,78,995 |

മേൽ സൂചിപ്പിച്ച പ്രകാരം 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ ഫാമിലെ ആകെ ചെലവ്, ആകെയുള്ള വരവിനേക്കാൾ 10,37,78,995/- രൂപ കൂടുതലാണ്. ഗുണമേന്മയുള്ള വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവ മിതമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുക എന്നതാണ് ഫാമിന്റെ പ്രധാന ലക്ഷ്യമെങ്കിലും ഓരോ വർഷം കഴിയുന്തോറും വരവ് ചെലവുകൾ തമ്മിലുള്ള അന്തരം തുടർച്ചയായി കൂടിവരുന്നത് ആശങ്കാജനകമായ കാര്യമാണ്. ഈ അന്തരം കുറയ്ക്കുന്നതിന് സ്വീകരിക്കുന്ന മറ്റ് മാർഗ്ഗങ്ങൾ/ നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഫാമിന്റെ സമഗ്ര വികസനത്തിനായി ജില്ലാപഞ്ചായത്തിന്റെ നിർദ്ദേശപ്രകാരം കേരള കാർഷിക സർവ്വകലാശാല തയ്യാറാക്കിയ ഒരു മാസ്റ്റർപ്ലാൻ 2020-21 വർഷം ജില്ലാ പഞ്ചായത്തിന് സമർപ്പിച്ചിരുന്നു. മാസ്റ്റർപ്ലാനിൽ പ്രതിപാദിക്കുന്ന തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ ഫാമിൽ നടത്തിയതിന്റെ വിവരം ലഭ്യമല്ല. 2022-25 വർഷത്തെ ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി കുത്താളി ഫാമിൽ 6.6 കോടി രൂപയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ഇന്റഗ്രേറ്റഡ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിനും കെ.എൽ.ഡി.സിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് അന്വേഷണക്കുറിപ്പി നുള്ള മറുപടിയിൽ വ്യക്തമാക്കുന്നുണ്ട്. ഇതു സംബന്ധിച്ച തുടർപ്രവർത്തനങ്ങളുടെ വിശദാംശം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഫാമിന്റെ പ്രവർത്തനം ലാഭകരമാക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്.

എ) കാർഷിക രംഗത്തുള്ള ലഭ്യമായ എല്ലാ സാങ്കേതിക വിദ്യകളും ഉപയോഗിക്കുക.
ബി) കാർഷിക രംഗത്തുള്ള വിദഗ്ദരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഫാമിന്റെ വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തന പദ്ധതി ആവിഷ്കരിക്കുക.
സി) സ്ഥാപനത്തിന്റെ ഏറ്റവും വലിയ വരുമാന മാർഗ്ഗം തെങ്ങിൻ തൈ വിൽപനയിലൂടെയാണ് ലഭിക്കുന്നത്. ആയതിനാൽ കൂടുതൽ ഉൽപാദനത്തിനായി കോക്കനട്ട് നഴ്സറിയുടെ വിസ്തീർണ്ണം

വർദ്ധിപ്പിക്കാവുന്നതാണ്.

ഡി) അനുയോജ്യമായ സാഹചര്യമുള്ളതിനാൽ തേനീച്ച വളർത്തൽ (Apiculture) കൃഷി ചെയ്യാവുന്നതാണ്.

ഇ) ഡയറി ഫാം നിലവിലുള്ളതിനാൽ ട്രൈക്കോഡെർമ സമ്പുഷ്ട കാലി വളം ഉൽപാദിപ്പിച്ച് വിൽപന നടത്താവുന്നതും ഫാമിന്റെ ആവശ്യത്തിനായി ഉപയോഗിക്കാവുന്നതുമാണ്.

എഫ്) ഫാമിൽ വളരെയധികം നാളീകേരം ഉൽപാദിപ്പിക്കുന്നതിനാലും കേരഫെഡ് സ്ഥാപിച്ച കൊപ്ര ഡ്രയർ ഉപയോഗപ്പെടുത്തിയും വെളിച്ചെണ്ണ ഉൽപാദനം ആരംഭിക്കാവുന്നതാണ്.

ജി) കൂത്താളി ഫാം സ്ഥിതി ചെയ്യുന്ന സ്ഥലം ടൂറിസത്തിന് ഏറ്റവും അനുയോജ്യമായ ഭൂപ്രകൃതിയാണ്. ആയതിനാൽ ജംഗിൾ വാക്ക്, ബയോഡൈവേർസിറ്റി പാർക്ക്, കാരവൻ പാർക്ക് തുടങ്ങിയ ടൂറിസത്തിന്റെ വിവിധ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്.

എച്ച്) ഇളനീർ വിൽപന നടത്താവുന്നതും പൊതുമാർക്കറ്റിൽ ആയതിന്റെ വിപണി കണ്ടെത്താവുന്നതുമാണ്.

ഐ) ടിഷ്യു ലാബ് സ്ഥാപിക്കുകയും വിപണനസാദ്ധ്യത കൂടുതലുള്ള ടിഷ്യുകൾച്ചർ തൈകൾ ഉൽപാദിപ്പിക്കാവുന്നതുമാണ്.

ജെ) ഫാം ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് ഓൺലൈൻ മാർക്കറ്റിംഗിന്റെ സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്.

കെ) ഫാമുകളിലെ ജോലിഭാരം ലഘൂകരിക്കുന്നതിന് അക്കൗണ്ടിംഗിനും മറ്റ് രജിസ്റ്റർ കൈകാര്യം ചെയ്യുന്നതിനും ഒരു സോഫ്റ്റ് വെയർ ഉണ്ടാക്കാവുന്നതാണ്.

## 1-13 ജില്ലാ കൃഷിത്തോട്ടം കൂത്താളി - ലേല നടപടിക്രമങ്ങളിലെ അപാകങ്ങൾ

ജില്ലാ കൃഷിത്തോട്ടം കൂത്താളിയിൽ തൻവർഷം ക്വട്ടേഷൻ/ലേലം മുഖാന്തിരം താഴെ പറയുന്ന ഉൽപ്പന്നങ്ങൾ വില്പന നടത്തിയിട്ടുണ്ട്.

| ക്വട്ടേഷൻ പരസ്യം | ഇനം | എണ്ണം |
|---|---|---|
| എ 166/2021 തി. 25.10.2021 | വെട്ടി മാറ്റിയതും മുളച്ചുണങ്ങിയതുമായ നാളീകേരം | 1592 |
| എ279/2021 തി.25.10.2021 | ഉണങ്ങിയ അടക്ക (പുതിയത്) | 150 കി.ഗ്രാം |
| | ഉണങ്ങിയ അടക്ക (പഴയത്) | 132 കി.ഗ്രാം |

09.11.2021 ൽ നടന്ന മേൽ സൂചിപ്പിച്ച ലേല നടപടികൾ 10.12.2021 ലെ 53/21 തീരുമാന പ്രകാരം ജില്ലാ പഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധനയിൽ കണ്ട അപാകങ്ങൾ താഴെ പറയുന്നു.

I (എ) .ലേല ഫയലിൽ മുഴുവൻ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

ലേലം/ക്വട്ടേഷൻ സംബന്ധിച്ച ഫയലുകളിൽ നാളികേരം,ഉണങ്ങിയ അടക്ക ലേലം ചെയ്യേണ്ട സാഹചര്യം, ആയത് സംബന്ധിച്ച റിപ്പോർട്ട്, ലേലം/ക്വട്ടേഷൻ നോട്ടീസ് തയ്യാറാക്കൽ, പരസ്യപ്പെടുത്തൽ, ലേല ഡയറി, ലേലത്തിൽ പങ്കെടുത്തവരുമായി പേര് വിവരം, ഓഫർ വിവരം, കംപാരറ്റീവ് സ്റ്റേറ്റ്മെന്റ്, തുക ഈടാക്കിയത്, ലേല വസ്തുക്കൾ കൈമാറിയത്, തുക ജില്ലാ പഞ്ചായത്തിൽ അടച്ചത് തുടങ്ങിയ വിവരങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

ജില്ലാ പഞ്ചായത്തിന്റെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 10.12.2021 ലെ യോഗത്തിന്റെ മിനുട്സിന്റെ പകർപ്പ്, ക്വട്ടേഷൻ നോട്ടീസുകൾ എന്നിവ വിവിധ ഫയലുകളിൽ ചേർത്ത് വെച്ച നിലയിലാണ്. സർക്കാർ ഓഫീസുകളിലെ ഫയലുകൾ തയ്യാറാക്കൽ, കുറിപ്പുകളും നക്കലുകളും തയ്യാറാക്കൽ കത്തിടപാടുകൾ നടത്തൽ എന്നിവ സംബന്ധിച്ച മാന്വൽ ഓഫ് ഓഫീസ് പ്രൊസീജർ പ്രകാരം ഫയലുകൾ തയ്യാറാക്കേണ്ടതാണെങ്കിലും ആയത് പാലിക്കുന്നില്ല.

(ബി).ലേല നോട്ടീസ് പ്രസിദ്ധപ്പെടുത്തിയതിന് രേഖയില്ല.

കെ.എഫ്.സി. വോള്യം.1 ആർട്ടി.156 എ. പ്രകാരം ലേല നടപടികൾക്ക് ഓഫീസ് മേധാവി വ്യാപകമായ പ്രചാരണം നൽകേണ്ടതാണ്.

സ.ഉ. ആർ.ടി. നം. 1833/2017/തസ്വഭവ. തി. 02.06.2017 പ്രകാരം അംഗീകരിച്ച് ഫിനാൻസ് മാനേജ്മെന്റ് മാന്വൽ (റവന്യൂ) ഖണ്ഡിക 5.7.1. പ്രകാരം ഗ്രാമപഞ്ചായത്തിലും വില്ലേജ് ഓഫീസുകളിലും 7 ദിവസത്തേക്ക് പൊതു നോട്ടീസ് പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ക്വട്ടേഷൻ പരസ്യത്തിൽ ആയതിന്റെ പകർപ്പുകൾ - നോട്ടീസ് ബോർഡ്, പ്രിൻസിപ്പൽ കൃഷി ഓഫീസർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി സ്റ്റേറ്റ് സീഡ് ഫാമുകൾ, മൃഗാശുപത്രികൾ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, കൃഷി ഓഫീസർമാർ എന്നിവർക്ക് അടയാളപ്പെടുത്തിയിട്ടുണ്ടെങ്കിലും നോട്ടീസ് ഇവിടങ്ങളിൽ നൽകിയതിന്റെയോ പതിച്ചതിന്റെ രേഖ സൂക്ഷിച്ചിട്ടില്ല. കൈപ്പറ്റ് രേഖയുടെ അഭാവത്തിൽ ക്വട്ടേഷൻ/നോട്ടീസിന് വ്യാപക പരസ്യം ഉറപ്പു വരുത്താനായിട്ടില്ല എന്ന് കരുതുന്നു.

(സി) . ലേല രജിസ്റ്റർ ശരിയായി സൂക്ഷിച്ചിട്ടില്ല.

കെ.എഫ്.സി. വോള്യം.2 ഫോം നം. 20 ൽ ഒരു ലേല രജിസ്റ്റർ സൂക്ഷിക്കേണ്ടതും എല്ലാ കോളങ്ങളും പൂരിപ്പിച്ച് ഓഫീസ് മേധാവി ഒപ്പ് വെയ്ക്കേണ്ടതുമാണ്. എന്നാൽ രജിസ്റ്റർ പരിപാലിക്കുന്നില്ല

(ഡി) . ഇ.എം.ഡി.രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

വില്പന നടത്തേണ്ട ഇനത്തിന്റെ നിശ്ചയിക്കപ്പെട്ട തുകയുടെ ഒരു ശതമാനം ഇ.എം.ഡി. ആയി ലേലക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഇ.എം.ഡി. രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

(ഇ). വില്പന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

കെ.എഫ്.സി. വോള്യം.2 ഫോം നം. 20 എയിൽ വില്പന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെങ്കിലും കന്നുകാലികളെ വിറ്റത് സംബന്ധിച്ച വില്പന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽപ്പറഞ്ഞ രജിസ്റ്ററുകളും ഫയലും കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ മുഴുവൻ ലേല തുകയും ഈടാക്കിയ ശേഷമാണ് ഉരുപ്പടികളുടെ വില്പന നടത്തിയതെന്ന് ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല.

II . ലേലം ചെയ്യുന്നതിന് യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ല

ഫാമിൽ ഫീൽഡ് 17 നോട് ചേർന്ന സ്ഥലത്ത് 04.11.2021 ന് കാറ്റിൽ കട പുഴകി വീണ ഇരുൾ മരവും ഇതിനും രണ്ട് മാസം മുമ്പ് വീണ മരുത് മരവും ലേലം ചെയ്യുന്നതിന് മതിപ്പ് വില കണക്കാക്കുന്നതിനായി ഫാം സൂപ്രണ്ട് 16.11.2021 ലെ എ 331/2021നമ്പർ പ്രകാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് കത്ത് നൽകിയിരുന്നെങ്കിലും ഓഡിറ്റ് തിയ്യതി വരെ (14.11.2022) യാതൊരു തുടർനടപടികളും സ്വീകരിച്ചതായി കാണുന്നില്ല. ലേലം ചെയ്യാനുള്ള മരങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മരത്തിന്റെ തരം | അളവ് |
|---|---|---|
| 1 | ഇരുൾ | 4 വലിയ മരക്കഷ്ണങ്ങൾ,5 ചെറിയ മരക്കഷ്ണങ്ങൾ |
| 2 | മരുത് | 17 മീറ്റർ നീളം 2.4 മീറ്റർ ചുറ്റളവ് |

വിലപിടിപ്പുള്ള മരങ്ങൾ ഒരു വർഷത്തോളമായി മണ്ണിൽ കിടന്ന് നശിക്കുകയാണ്. ഒരു വർഷത്തോളം തുടർ നടപടികൾ സ്വീകരിക്കാത്തതിന്റെ സാഹചര്യം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 14 / 2021-22 തി. 29.11.2022 ന ലഭിച്ച മറുപടിയിൽ ( ജില്ലാ കൃഷിത്തോട്ടം സൂപ്രണ്ടിന്റെ 07.02.2023 ലെ D1417/2022 നമ്പർ കത്ത്) ഇനി മുതൽ വിവിധ സ്ഥാപനങ്ങളിൽ ലേല നോട്ടീസ് പതിക്കുന്നുണ്ടെന്ന് ശ്രദ്ധിക്കുന്നതാണെന്നും, ലേല രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇരുൾ മരങ്ങൾ ലേലം ചെയ്യുന്നതിനായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് 27.12.2022 ന ഓർമ്മക്കുറിപ്പ് അയച്ചതായും വ്യക്തമാക്കിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-14 ജില്ലാ കൃഷിത്തോട്ടം, കുത്താളി നാളികേര വിൽപന ഇനത്തിൽ 276809 രൂപ കുടിശ്ശിക ഈടാക്കാനുണ്ട്

കോഴിക്കോട് ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 10.06.2021 ലെ 15ാം നമ്പർ തീരുമാന പ്രകാരം ഫാമുകളിൽ വിളവെടുക്കുന്ന നാളികേരം കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ലോക്ഡൗൺ മൂലം വിൽപന നടത്തുന്നതിന് ക്വട്ടേഷൻ/ ലേല നടപടികൾ സ്വീകരിക്കാൻ കഴിയാത്തതിനാൽ അതാത് സമയത്തെ മാർക്കറ്റ് നിരക്ക് അനുസരിച്ച് പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് വിൽക്കുന്നതിന് അനുമതി നൽകി. തൻവർഷം താഴെ പറയുന്ന രീതിയിൽ പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് പൊളിച്ച് തൊണ്ട് മാറ്റിയ നാളികേരം വിൽപന നടത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | ഇനം | അളവ് | | നിരക്ക് | വില | പൊളിക്കാനുള്ള ചെലവ് 0.90 രൂ നിരക്കിൽ | ബാക്കിതുക |
|---|---|---|---|---|---|---|---|---|
| | | | എണ്ണത്തിൽ | കി.ഗ്രാമിൽ | | | | |
| 1 | 183/2021-22 തി.13.01.2022 | പൊളിച്ച നാളീകേരം | 6200 | 3121 | 30 | 93630 | 5580 | 88050 |
| 2 | 202/2021-22 തി.05.03.2022 | പൊളിച്ച നാളീകേരം | 6900 | 3224 | 31 | 99944 | രജിസ്ററിൽ രേഖപ്പെടുത്തിയില്ല | 99944 |
| 3 | 203/2021-22 തി.08.03.2022 | പൊളിച്ച നാളീകേരം | 6350 | 2865 | 31 | 88815 | | 88815 |
| | | | | | | | | 276809 |

276809/- രൂപയിൽ 01.10.2022 നു 50,000 രൂപ മാത്രമാണ് ഫാമിനു ലഭിച്ചിരിക്കുന്നത്. കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുമായി ഉടമ്പടി വെച്ചിട്ടില്ല. വിൽപന നടന്ന് ഏതാണ്ട് ഒരു വർഷത്തോളമായിട്ടും ഓഡിറ്റ് തീയതി വരെ (04.11.2022) ബാക്കി തുകയായ 226809/- രൂപ(2,76,809-50,000) ഫാമിന് ലഭിച്ചില്ല. പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയും തമ്മിലുള്ള നിയമ വ്യവഹാരം നാഷണൽ ട്രിബ്യൂണൽ, കൊച്ചി ഏറ്റെടുത്ത സാഹചര്യത്തിൽ 28.04.2022 ന് മുൻപുള്ള പെയ്മെന്റുകൾ എല്ലാം നിർത്തിവെക്കാൻ കോടതി ഉത്തരവായിട്ടുണ്ടെന്ന് പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ 12.05.2022 ന് ഫാം സൂപ്രണ്ടിന് അയച്ച കത്തിൽ വ്യക്തമാക്കുന്നു. കുടിശ്ശിക ലഭിക്കുന്നതിനായി കേസിനു വേണ്ടി കോടതി നിശ്ചയിച്ച അഡ്വക്കറ്റുമായി ബന്ധപ്പെടാവുന്നതാണെന്നും പ്രസ്തുത കത്തിൽ സൂചിപ്പിക്കുന്നുണ്ട്. കോടതി ഉത്തരവ്/ വിധിപ്പകർപ്പ് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിൽപന സംബന്ധിച്ചും തുക ഈടാക്കുന്നതു സംബന്ധിച്ചും പ്രൊഡ്യൂസർ കമ്പനിയുമായി പേരാമ്പ്ര ഫാം സൂപ്രണ്ട് കരാർ ചമച്ചിട്ടുണ്ടോ എന്ന് അറിയിക്കേണ്ടതും കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 11/ 2021-22 തി. 29.11.2022 നു ലഭിച്ച മറുപടിയിൽ ( ജില്ലാ കൃഷിത്തോട്ടം സൂപ്രണ്ടിന്റെ 07.02.2023 ലെ D1417/2022 നമ്പർ കത്ത്) 226809/- രൂപ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കമ്പനിക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. കുടിശ്ശിക ഈടാക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-15 കുത്താളി ഫാമിൽ ഉപയോഗിക്കുന്ന വാഹനം യഥാസമയം റിപ്പയർ ചെയ്യാതിരുന്നതിനാൽ വാഹനവാടകയിനത്തിൽ 30415രൂപയുടെ അധികച്ചെലവ്

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, ജില്ലാകൃഷിഫാം, കുത്താളി |

| | |
|---|---|
| പ്രൊജക്ട് നം., പേര് | S0030/21-22, വാർഷികപദ്ധതി |
| അടങ്കൽ, ഫണ്ടിനം | 20,00,000, (തനത്ഫണ്ട് ) |
| ചെലവ് | 10,87,871/- |

മേൽ പ്രൊജക്ട് പ്രകാരം കൂത്താളി ഫാമിന്റെ പ്രവർത്തനങ്ങൾക്കായി തൻവർഷം 10,87,871രൂപ ചെലവഴിച്ചിട്ടുണ്ട്. 9 ബില്ലുകളായാണ് തുക പിൻവലിച്ചിട്ടുള്ളത്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ വാഹന വാടകയിനത്തിൽ 30415രൂപ അധികം ചെലവഴിക്കുകയുണ്ടായി.

1. കൂത്താളി ഫാമിൽ നിന്ന് കോഴിക്കോട് ജില്ലയിലെ വിവിധ പ്രദേശങ്ങളിലേക്ക് ഉൽപാദനോപാധികൾ കൊണ്ട് പോയി വിതരണം ചെയ്യുന്നതിനും വിവിധ പ്രദേശങ്ങളിൽ നിന്ന് സാധനങ്ങൾ എടുത്ത് ഫാമിൽ കൊണ്ട് വന്നതിനുമുള്ള വാഹനവാടകയായി 30415രൂപ KL-56 V-1545 നമ്പർ വാഹനത്തിന്റെ ഡ്രൈവറായ ശ്രീ.പ്രസാദ്.പി എന്നയാൾക്ക് നൽകിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബിൽ നം./തുക | വാഹനവാടക | റിമാർക്സ് |
|---|---|---|---|
| 1 | 1/24.8.2021 - 276953രൂപ | 15925രൂപ | 2.6.2021 മുതൽ 30.6.2021 വരെയുള്ള ദിവസങ്ങളിൽ 455കി.മീ ദൂരം സഞ്ചരിച്ചതിന്റെ വാഹനവാടക @ 35/കി.മീ |
| 2 | “ | 14490രൂപ | 2.7.2021 മുതൽ 16.7.2021 വരെയുള്ള ദിവസങ്ങളിൽ 414കി.മീ ദൂരം സഞ്ചരിച്ചതിന്റെ വാഹനവാടക @ 35/കി.മീ |
| | ആകെ | 30415രൂപ | |

കൂത്താളി ഫാമിൽ ഉപയോഗത്തിലിരിക്കുന്നKL-56 J-7631 നമ്പർ ബൊലേറോ പിക്ക് അപ്പ് വാനിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ 2.7.2021 മുതൽ 16.7.2021 വരെയുള്ള കാലയളവിൽ ഫാമിന്റെ പരിധിക്കുള്ളിൽ മാത്രമായി വാഹനം ആകെ 19കി.മീ (5.7.2021- 2കി.മീ, 6.7.2021 - 5കി.മീ, 7.7.2021 – 6കി.മീ, 13.7.2021 – 6കി.മീ) മാത്രമാണ് സഞ്ചരിച്ചിട്ടുള്ളത്. ഫാമിലെ വാഹനം പ്രവർത്തനക്ഷമമായിരിക്കേയാണ് ക്രമ നം.2 പ്രകാരം വാഹനവാടകയിനത്തിൽ 14490 രൂപ ചെലവഴിച്ചത്.

29.8.2020 മുതൽ 10.6.2021വരെയുള്ള കാലയളവിൽ ഫാമിലെ വാഹനം സഞ്ചരിച്ചതിന്റെ വിവരം ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വാഹനവുമായി ബന്ധപ്പെട്ട ബി-104/21 നം. ഫയൽ പരിശോധിച്ചതിൽ വാഹനം ഉപയോഗക്ഷമമല്ലാത്തതിനാൽ റിപ്പയർ ചെയ്യുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിനായി 23.3.2021ന് ബി/286/20 നം. കത്ത് പ്രകാരം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടതായി കണ്ടു. 13.4.2021ന് ബി-397/21 നം. കത്ത് പ്രകാരം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 16340 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും 11.6.2021ന് മിനി ഓട്ടോ ഗാരേജ്, പേരാമ്പ്ര എന്ന സ്ഥാപനത്തിലേക്ക് റിപ്പയറിനായി കൊണ്ട് പോകുകയും ചെയ്തു. 2.7.2021ന് റിപ്പയർ പ്രവൃത്തികൾ പൂർത്തിയാക്കി വാഹനം ഫാമിൽ തിരികെ കൊണ്ടു വന്നു.

29.8.2020 മുതൽ പ്രവർത്തനക്ഷമമല്ലാതിരുന്നിട്ടും ഏതാണ്ട് 7മാസം കഴിഞ്ഞ് 23.3.2021 നാണ് ഫാമിൽ ഉപയോഗിക്കുന്ന വാഹനത്തിന് റിപ്പയറിനുള്ള എസ്റ്റിമേറ്റ് ആവശ്യപ്പെട്ട് കൊണ്ട് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഫാം അധികൃതർ കത്തയച്ചത്. 13.4.2021ന് എസ്റ്റിമേറ്റ് ലഭിച്ചതിന് ശേഷം 11.6.2021നാണ് വാഹനം റിപ്പയറിങ്ങിനായി കൊണ്ട് പോയത്. അതായത് തകരാറിലായി 10 മാസം കഴിഞ്ഞാണ് വാഹനത്തിന്റെ റിപ്പയർ പ്രവൃത്തികൾ ചെയ്തത്. വാഹനം യഥാസമയം റിപ്പയർ ചെയ്യാതിരുന്നതിനാൽ 2.6.2021 മുതൽ 30.6.2021 വരെയുള്ള കാലയളവിൽ

വാഹനവാടകയായി 15925രൂപ ചെലവഴിക്കേണ്ടി വന്നു(ക്രമനം.1). വാഹനം യഥാസമയം റിപ്പയർ ചെയ്യാനുള്ള നടപടി സ്വീകരിക്കാത്തതിനും ഫാമിൽ പ്രവർത്തനക്ഷമമായ വാഹനം ഉണ്ടായിരിക്കേ പുറമേ നിന്നുള്ള വാഹനത്തിന് വാടകയിനത്തിൽ 14490 രൂപ ചെലവഴിച്ചതിനും മറുപടി നൽകേണ്ടതാണ്.

2. ഫാമിലെ ഉപയോഗത്തിനായി വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. കിലോമീറ്ററിന് 35രൂപ നിരക്കിൽ വാഹനവാടക നിശ്ചയിച്ചതിന്റെ അടിസ്ഥാനം വ്യക്തമാക്കേണ്ടതാണ്.

ഈ വിഷയം സംബന്ധിച്ച് നൽകിയ 12/2021-22/29.11.2022നം അന്വേഷണക്കുറിപ്പിന് മറുപടി സമർപ്പിച്ചിട്ടില്ല. ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന അപാകങ്ങൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-16 ഹൈടെക്ക് ഡയറി ഫാം കുത്താളി - കാലിത്തീറ്റ സ്റ്റോക്കിലെടുത്തതിൽ കുറവ്

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, ജില്ലാകൃഷിത്തോട്ടം, കുത്താളി |
| പ്രൊജക്ട്നം.,പേര് | S0056/21-22, ഹൈടെക്ക് ഡയറി ഫാം ആവർത്തനചെലവുകൾ |
| അടങ്കൽ, ഫണ്ടിനം | 20,00,000, തനത്ഫണ്ട് |
| ചെലവ് | 7,13,880/- |

മേൽ പ്രൊജക്ട് പ്രകാരം ഹൈടെക്ക് ഡയറി ഫാമുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾക്കായി 7,13,880രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ട് പ്രകാരം 5 ബില്ലുകളിലായി 5,27,872രൂപയ്ക്ക് ചക്കിട്ടപ്പാറ ക്ഷീരോൽപാദക സഹകരണസംഘത്തിൽ നിന്നും കാലിത്തീറ്റ ലഭ്യമാക്കിയിട്ടുണ്ട്. കാലിത്തീറ്റ ലഭിക്കുന്ന മുറയ്ക്ക് ഫീഡ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഡയറി ഫാമിലേക്ക് ഇഷ്യൂ ചെയ്യുകയുമാണ് ചെയ്യുന്നത്. കാലിത്തീറ്റയുടെ ദിവസേനയുള്ള ഉപയോഗം രേഖപ്പെടുത്തുന്നതിന് ഡയറി ഫാമിൽ മറ്റൊരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. ഡയറി ഫാമിൽ സൂക്ഷിച്ചിരിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ കൃഷി ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കാലിത്തീറ്റ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധിച്ചതിൽ 22.5.2021 മുതൽ 13.7.2021 വരെയുള്ള കാലയളവിൽ വരവ് വന്ന കാലിത്തീറ്റ സ്റ്റോക്കിലെടുത്തതിൽ താഴെ പറയും പ്രകാരമുള്ള വ്യത്യാസം കാണുന്നു.

| ക്രമ നം. | ട്രഷറി ബിൽനം./തുക | ചക്കിട്ടപ്പാറ ക്ഷീരോൽപാദക സഹകരണസംഘത്തിന്റെ ഇൻവോയ്സ് നം./തുക | ഫീഡ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള വരവ് | ഡയറി ഫാം സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള വരവ് | സ്റ്റോക്ക് എടുത്തതിൽ കുറവ് വന്നത് | കുറവ് വന്ന കാലിത്തീറ്റയുടെ വില(രൂപ) |
|---|---|---|---|---|---|---|
| 1 | 4/24.11.2021 - 2,98,353രൂപ | ഇൻവോയ്സ് നം. 74/12.6.2021 – 17598രൂപ | 15 ചാക്ക് | 12ചാക്ക് | 3ചാക്ക് | 3520 |
| 2 | -ടി- | ഇൻവോയ്സ് നം. 75/27.6.2021 – 18708രൂപ | 15 ചാക്ക് | 12ചാക്ക് | 3ചാക്ക് | 3742 |
| 3 | -ടി- | ഇൻവോയ്സ് നം. 76/13.7.2021 – 18408രൂപ | 15 ചാക്ക് | 12ചാക്ക് | 3ചാക്ക് | 3682 |

| | | | | | | |
|---|---|---|---|---|---|---|
| 4 | 9/14.2.2022 - 1,27,373രൂപ | ഇൻവോയ്സ് നം. 73/22.5.2021 - 18408രൂപ | 15 ചാക്ക് (14.1.2022ന് ശേഷമാണ് രേഖപ്പെടുത്തിയത്) | ഇല്ല | 15 ചാക്ക് | 18408 |
| | | ആകെ | | | 21 ചാക്ക് | 29352 |

മേൽ കാണിച്ച പ്രകാരം 50കി.ഗ്രാം വീതമുള്ള 21ചാക്ക് കാലിത്തീറ്റ ഡയറി ഫാം സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ 13/2021-22/29.11.2022നം അന്വേഷണക്കുറിപ്പിന് മറുപടി സമർപ്പിച്ചിട്ടില്ല. മറുപടിയുടെ അഭാവത്തിൽ 29352 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

1-17 ജില്ലാ കൃഷിത്തോട്ടം കുത്താളിയിൽ വൃക്ഷരജിസ്റ്റർ സൂക്ഷിക്കുന്നില്ല - വിളവെടുപ്പ് രജിസ്റ്റർ കാലികമാക്കുന്നില്ല.

ഏതാണ്ട് 100 ഏക്കർ വിസ്തൃതിയുള്ള കുത്താളി ജില്ലാ കൃഷിത്തോട്ടത്തിൽ 8, 9, 13, 14, 15, 16 എന്നീ ഫീൽഡുകളിലായി ഇരുൾ, പ്ലാവ്, ആയനിപ്ലാവ്, മരുത് തുടങ്ങിയ ധാരാളം മരങ്ങളും മറ്റ് ഫീൽഡുകളിലായി തെങ്ങ്, കവുങ്ങ് മുതലായ ഫലവൃക്ഷങ്ങളുമുണ്ട്. വിവിധ ഫീൽഡുകളിലെ ഏതാനും മരങ്ങളിൽ നമ്പറിംഗ് നടത്തിയതായി കാണുന്നുണ്ടെങ്കിലും ഇവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ വൃക്ഷരജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ വൃക്ഷരജിസ്റ്ററിൽ ഉൾപ്പെടാത്ത മരങ്ങളുടെ ഇനം നിർണ്ണയിച്ച് നമ്പറിംഗ് നടത്തിയതിനു ശേഷം രജിസ്റ്ററിൽ രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കേണ്ടതും അധികാരപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. വൃക്ഷങ്ങളുടെ ഇനം തിരിക്കുന്നതിന് ബോട്ടാണിക്കൽ ഗാർഡൻ, കാർഷിക സർവ്വകലാശാല, വനംവകുപ്പ് എന്നിവരുടെ സഹായം തേടാവുന്നതുമാണ്.

നിലവിൽ ഫാമിൽ സൂക്ഷിക്കുന്ന തെങ്ങുകളുടെ വിശദാംശങ്ങളടങ്ങിയ രജിസ്റ്ററിൽ ആകെയുള്ള 1192 തെങ്ങുകളിൽ 125 എണ്ണം മുറിച്ച് മാറ്റേണ്ടതാണെന്നും 14 എണ്ണം രോഗം ബാധിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിളവെടുപ്പ് രജിസ്റ്ററിൽ 1200 തെങ്ങുകൾ ഉള്ളതായും 04.10.2022 മുതൽ 14.10.2022 വരെയുള്ള കാലയളവിൽ 406 തെങ്ങുകളിൽ കൊയ്ത്ത് നടത്തിയതായും എഴുതിയിട്ടുണ്ട്. ബാക്കിയുള്ള 794(1200-406) തെങ്ങുകളിൽ നിന്ന് വിളവെടുപ്പ് നടത്താതിന്റെ കാരണം കോക്കനട്ട് രജിസ്റ്ററിൽ നിന്നോ വിളവെടുപ്പ് രജിസ്റ്ററിൽ നിന്നോ പൂർണ്ണമായും വ്യക്തമാകുന്നില്ല. ആയതിൽ കായ്ഫലമില്ലാത്തത്, മുറിച്ച് മാറ്റേണ്ടത്, രോഗം ബാധിച്ചത്, തെങ്ങിൻ തൈ പ്രായത്തിലുള്ളത്, വിളവെടുപ്പിന്റെ ഇടവേള സമയം കുറഞ്ഞത് എന്നിവ ഏതെന്ന് തിരിച്ചറിയാൻ കഴിയുന്നില്ല. കൂടാതെ രജിസ്റ്ററുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല. കമുകുകളിൽ നിന്ന് ലഭിക്കുന്ന ആകെ അടയ്ക്കയുടെ വിവരത്തിന് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും അവയുടെ എണ്ണം, ഇനം, ഒരോ വൃക്ഷത്തിൽ നിന്നും ലഭിക്കുന്ന അടയ്ക്കയുടെ അളവ് എന്നിവ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കവുങ്ങിന്റെ എണ്ണവും വിശദാംശങ്ങളും രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഏതൊക്കെ കമുകുകളിൽ നിന്ന് എത്ര വിള ലഭിക്കുന്നു എന്നും കായ്ഫലമില്ലാത്തത്, കായ്ഫലമുള്ളത്, കമുകിൻ തൈകൾ, മുറിച്ച് മാറ്റേണ്ടത്, രോഗം ബാധിച്ചവ ഏതൊക്കെയാണെന്നും തിരിച്ചറിയാൻ കഴിയുന്നില്ല. ആയതിനാൽ തന്നെ ഫാമിൽ ലഭിക്കുന്നതായി രേഖപ്പെടുത്തിയ ആകെ അടയ്ക്കയുടെ എണ്ണത്തിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞില്ല.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 16/2021-22 /29.11.2022) നൽകിയ മറുപടിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ട്

കത്ത് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചത്. ഇക്കാര്യത്തിലുള്ള വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-18 ഹൈടെക്ക് ഡയറി ഫാം, കൂത്താളി - പതിമൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തെ ചെലവ് വരവിന്റെ ഇരട്ടിയിലധികം

ജില്ല കൃഷി ഫാം കൂത്താളിയിലെ ഒഴിഞ്ഞു കിടക്കുന്ന മൂന്ന് ഹെക്ടർ സ്ഥലത്ത് ഉയർന്ന ഉൽപാദന ശേഷിയുള്ള 20 പശുക്കൾ ഉള്ള ഹൈടെക്ക് ഡയറിഫാം സ്ഥാപിക്കുന്ന പ്രൊജക്ട് 2015-16 വർഷത്തിലാണ് നടപ്പിലാക്കിയത്. പാലുൽപാദനത്തോടൊപ്പം കൃഷിയ്ക്കാവശ്യമായ ജൈവവളം ഉൽപാദിപ്പിക്കുന്നതിനുമാണ് പ്രൊജക്ടിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഫാമിൽ സൂക്ഷിച്ചിരിക്കുന്ന ലൈവ്സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഡയറി ഫാമിൽ നിലവിൽ ഉള്ള പശുക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | വലിയ പശുക്കൾ | 8 |
| 2 | കാസർകോട് കുള്ളൻ | 8 |
| 3 | കന്നുകുട്ടികൾ | 6 |
| 4 | മൂരിക്കുട്ടൻമാർ | 4 |
| 5 | പുതുപ്പാടി ഫാമിലേക്ക് കൈമാറിയത് | 4 |
| 6 | പേരാമ്പ്ര ഫാമിലേക്ക് കൈമാറിയത് | 4 |
| | ആകെ | 34 |

5 കന്നുകുട്ടികളെ വീതം പുതുപ്പാടി, പേരാമ്പ്ര എന്നീ ഫാമുകളിലേക്ക് താൽക്കാലികമായി കൈമാറുകയും വളർച്ചയെത്തുമ്പോൾ തിരികെ കൂത്താളി ഫാമിലേക്ക് തന്നെ കൊണ്ട് വരികയും ചെയ്തു വരുന്നു.

ഡയറി ഫാമിന്റെ 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിലെ വരവ് ചെലവ് സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

ഡയറി ഫാമിൽ നിന്നുള്ള പ്രധാന വരവുകൾ താഴെ പറയുന്നവയാണ്.

1) പാൽ : ഫാമിൽ ഉൽപാദിപ്പിക്കുന്ന പാൽ ചക്കിട്ടപ്പാറ ക്ഷീരോൽപാദക സഹകരണ സംഘം, പിള്ള പെരുവണ്ണ ക്ഷീരോൽപാദക സഹകരണ സംഘം എന്നീ സ്ഥാപനങ്ങളിലേക്കാണ് വിൽപന നടത്തുന്നത്. 2021-22 വർഷത്തിൽ വിൽപന നടത്തിയ പാലിന്റെ വില പിള്ള പെരുവണ്ണ ക്ഷീരോൽപാദക സഹകരണ സംഘം എല്ലാ മാസവും ഫാമിൽ അടയ്ക്കാറുണ്ടെങ്കിലും ചക്കിട്ടപ്പാറ ക്ഷീരോൽപാദക സഹകരണ സംഘം സാമ്പത്തിക വർഷത്തെ മൊത്തം പാലിന്റെ വില വർഷാവസാനം 2 തവണയായാണ് അടച്ചിട്ടുള്ളത്. അപാകം മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നെങ്കിലും പരിഹരിച്ചിട്ടില്ല. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ പാൽ വിൽപനയിലൂടെ ലഭിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| വർഷം | പിള്ളപ്പെരുവണ്ണ ക്ഷീരോൽപാദക സഹകരണ സംഘം | ചക്കിട്ടപ്പാറ ക്ഷീരോൽപാദക സഹകരണ സംഘം | ആകെ |
|---|---|---|---|
| 2017-18 | 4,98,675 | 8,55,500 | 13,54,175 |
| 2018-19 | 4,68,237 | 8,67,436 | 13,35,673 |
| 2019-20 | 361,641 | 6,19,793 | 9,81,434 |
| 2020-21 | 2,44,836 | 3,98,151 | 6,42,987 |
| 2021-22 | 2,07,137 | 3,29,642 | 5,36,779 |
| ആകെ | 17,80,526 | 30,70,522 | 48,51,048 |

2) ചാണകം : ഫാമിലെ ഉരുക്കളിൽ നിന്നും ലഭിക്കുന്ന ചാണകം കൂടുതലായും ഫാമിലെ ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. 11.8.2021 മുതൽ 4.1.2022 വരെയുള്ള 6 മാസക്കാലയളവിൽ മാത്രമാണ് ചാണകത്തിന്റെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ കാലയളവിൽ ആകെ 22,500കി.ഗ്രാം ചാണകം ഫാമിൽ ഉപയോഗിച്ചതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 152കി.ഗ്രാം ചാണകം കിലോഗ്രാമിന് 7രൂപ നിരക്കിൽ 1064രൂപയ്ക്ക് വിറ്റിട്ടുണ്ട്. ഫാമിൽ ഉപയോഗിച്ച ചാണകത്തിന് കിലോഗ്രാമിന് 7രൂപ നിരക്കിൽ കണക്കാക്കിയാൽ 1,57,500രൂപയുടെ ചാണകം ഫാമിൽ ലഭ്യമായിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ ഇല്ലാത്ത സാഹചര്യത്തിൽ ഒരു വർഷത്തേക്ക് ശരാശരി 3ലക്ഷം രൂപ തോതിൽ 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിലേക്ക് 15ലക്ഷം രൂപ വരവ് വന്നതായി കണക്കാക്കാം.

3) പശുക്കളുടെ വിൽപന : 2020-21 വർഷത്തിൽ 6 മൂരിക്കുട്ടൻമാർ, 8 പശുക്കൾ എന്നിവയെ വിറ്റ വകയിൽ 251200രൂപ ഫാമിന് ലഭിച്ചിട്ടുണ്ട്.

ഡയറി ഫാമുമായി ബന്ധപ്പെട്ട ചെലവുകൾ

1) ഹൈടെക്ക് ഡയറിഫാം ആവർത്തനചെലവുകൾ: ഹൈടെക്ക് ഡയറി ഫാമുമായി ബന്ധപ്പെട്ട പ്രൊജക്റ്റുകൾ രൂപീകരിക്കുന്നതും നടപ്പിലാക്കുന്നതും നിലവിൽ ഫാം സൂപ്രണ്ടാണ്. പ്രൊജക്റ്റിന്റെ മേൽനോട്ടം വഹിക്കുന്നതിനും പശുക്കളെ ചികിത്സിക്കുന്നതിനുമായി ദിവസവേതനാടിസ്ഥാനത്തിൽ ഒരു വെറ്ററിനറി സർജന്റെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. ഹൈടെക്ക് ഡയറിഫാം ആവർത്തനചെലവുകൾ എന്ന പേരിൽ ജില്ലാപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും തുക വകയിരുത്തി എല്ലാ വർഷവും പ്രൊജക്റ്റ് നടപ്പിലാക്കി വരുന്നു. പ്രധാനമായും കാലിത്തീറ്റ, വൈക്കോൽ, മരുന്ന് എന്നിവ വാങ്ങുന്നതിനും വെറ്ററിനറി ഡോക്ടറുടെ വേതനം നൽകുന്നതിനും വേണ്ടിയാണ് തുക ചെലവഴിക്കുന്നത്. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ പ്രൊജക്റ്റ് പ്രകാരം ഡയറി ഫാമിനായി ചെലവഴിച്ച തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2017-18 | 10,48,902 |
| 2018-19 | 14,03,333 |

| | |
|---|---|
| 2019-20 | 7,71,743 |
| 2020-21 | 7,28,087 |
| 2021-22 | 7,13,880 |
| ആകെ | 46,65,945 |

2) തൊഴിലാളികളുടെ വേതനം: ഡയറി ഫാമിൽ 2019-20 വർഷം വരെ ദിവസേന പകൽ സമയങ്ങളിൽ 4, രാത്രി കാവലിന് 2 എന്ന തോതിലും 2020-21 വർഷം മുതൽ പകൽ 2, രാത്രി 2 എന്ന തോതിലും കൃഷി ഫാമിലെ തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. കൂടാതെ പുതുപ്പാടി, പേരാമ്പ്ര എന്നീ ഫാമുകളിലേക്ക് കൈമാറിയ പശുക്കളെ പരിപാലിക്കുന്നതിനായി പ്രസ്തുത ഫാമുകളിലെ ഓരോ തൊഴിലാളികളെ വീതം നിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം കാഷ്വൽ തൊഴിലാളികളുടെ വേതനമിനത്തിൽ 2017-18 മുതൽ 2021-22 വരെയയുള്ള കാലയളവിൽ താഴെ പറയും പ്രകാരം 1,09,02,772രൂപ ചെലവഴിച്ചിട്ടുണ്ട്.

| വർഷം | ഡയറി ഫാം, കൂത്താളി | SSF പുതുപ്പാടി | SSF പേരാമ്പ്ര | ആകെ |
|---|---|---|---|---|
| 2017-18 | 13,14,000 | 2,19,000 | 2,19,000 | 17,52,000 |
| 2018-19 | 17,31,960 | 2,88,660 | 2,88,660 | 23,09,280 |
| 2019-20 | 19,82,406 | 3,30,401 | 3,30,401 | 26,43,208 |
| 2020-21 | 13,92,876 | 3,48,219 | 3,48,219 | 20,89,314 |
| 2021-22 | 14,05,980 | 3,51,495 | 3,51,495 | 21,08,970 |
| ആകെ | 78,27,222 | 15,37,775 | 15,37,775 | 1,09,02,772 |

ഫാമിലെ കാഷ്വൽ തൊഴിലാളികളുടെ അതാത് കാലയളവിലെ ദിവസവേതനം ആണ് മേൽ പട്ടിക തയ്യാറാക്കുന്നതിന് ആധാരമാക്കിയിട്ടുള്ളത്. ഫാമിലെ തൊഴിലാളികളുടെ വേതനം സർക്കാരാണ് നൽകി വരുന്നത്.

2017-18 മുതൽ 2021-22 വരെയുള്ള കാലയളവിലെ ഡയറി ഫാമിലെ ആകെ വരവിന്റെയും ചെലവിന്റെയും വിവരം താഴെ കൊടുക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| ഇനം | തുക | ഇനം | തുക |
| പാൽ | 48,51,048 | പ്രൊജക്ട് പ്രകാരമുള്ള ചെലവ് (ജില്ലാ പഞ്ചായത്ത്) | 46,65,945 |
| ചാണകം (ഫാമിലെ ആവശ്യങ്ങൾക്ക് ഉപയോഗിച്ചതിന്റെ ഏകദേശമൂല്യം) | 15,00,000 | തൊഴിലാളികളുടെ വേതനം (സർക്കാർ നൽകിയത്) | 1,09,02,772 |
| പശുക്കളുടെ വിൽപന | 2,51,200 | | |

| | | | |
|---|---|---|---|
| ആകെ | 66,02,248 | | 1,55,68,717 |

പതിമൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് ഡയറി ഫാമിലെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ചാൽ ആകെ വരവിന്റെ ഇരട്ടിയിലധികം തുക ചെലവ് വന്നതായി കാണാം. പുതുപ്പാടി, പേരാമ്പ്ര എന്നീ ഫാമുകളിലേക്ക് കൈമാറിയ പശുക്കൾക്ക് ആവശ്യമായ കാലിത്തീറ്റ, മരുന്ന്, മറ്റ് ചെലവുകൾ എന്നിവ പ്രസ്തുത ഫാമുകൾ തന്നെയാണ് വഹിക്കുന്നത്. അപ്രകാരം ചെലവഴിച്ച തുക കൂടി ഉൾപ്പെടുത്തുമ്പോൾ ചെലവ് തുക വീണ്ടും വർദ്ധിക്കുന്നതാണ്. അതായത് വരുമാനവർദ്ധനവ് ലക്ഷ്യമിട്ടു കൊണ്ടാണ് കൃഷി ഫാമിൽ ഡയറി ഫാം ആരംഭിച്ചതെങ്കിലും വരവിന്റെ ഇരട്ടിയിലധികം തുക ചെലവഴിക്കേണ്ടി വരുന്ന അവസ്ഥയാണ് നിലവിലുള്ളത്. വരവും ചെലവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് ഫലപ്രദമായ നടപടികളൊന്നും ഫാമിൽ സ്വീകരിച്ചതായി കാണുന്നില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ 10/2021-22/29.11.22നം. അന്വേഷണക്കുറിപ്പിന് ജില്ലാ കൃഷിത്തോട്ടം സൂപ്രണ്ട് സമർപ്പിച്ച മറുപടിയിൽ ഫാമിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. ഡയറി ഫാമിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-19 കതിരണി തരിശ് രഹിത ജില്ല – കൃഷിയോഗ്യമാക്കിയ ഭൂമിയുടെ വിസ്തീർണ്ണം 348.5ഏക്കർ -കൃഷി ചെയ്തത് 64.5 ഏക്കറിൽ മാത്രം

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയരക്ടർ(കൃഷി) |
| പ്രൊജക്ട് | S0099/22, കതിരണി തരിശ് രഹിത ജില്ല |
| അടങ്കൽ, ഫണ്ടിനം | 57,91,914, വികസനഫണ്ട്(ജനറൽ) |
| ചെലവ് | 48,44,266/- |

കോഴിക്കോട് ജില്ലയെ തരിശുരഹിതമാക്കുക എന്നതാണ് ഈ പ്രൊജക്ടിന്റെ ലക്ഷ്യം. ഇതിനായി 4 മുതൽ 25 വർഷമായി തരിശായി കിടക്കുന്ന നെൽവയലുകൾ തെരഞ്ഞെടുത്ത് കേരള സംസ്ഥാന യന്ത്രവൽക്കരണമിഷന്റെ കൈവശമുള്ള നൂതനകാർഷികയന്ത്രങ്ങളായ അഗ്രോ ഡ്രഡ്ജ് ക്രാഫ്റ്റ്, അക്വാട്ടിക് വീഡ് ഷ്രഡ്ഡർ എന്നിവ ഉപയോഗിച്ച് കൃഷിയോഗ്യമാക്കുന്നു. ട്രാക്ടർ ഉപയോഗിച്ച് നിലം ഒരുക്കിയതിന് ശേഷം അതത് പാടശേഖരസമിതി കൃഷി ഇറക്കുന്നു. ഇതിനായി സുഭിക്ഷകേരളം പദ്ധതിയുടെ മാനദണ്ഡപ്രകാരം പരമാവധി ഒരു ഹെക്ടറിന് 40,000രൂപ (35,000 രൂപ കർഷകന്, 5,000രൂപ സ്ഥലം ഉടമയ്ക്ക്) നൽകും. കൃഷിയോടനുബന്ധിച്ചുള്ള വരമ്പ് നിർമ്മാണം, നീരൊഴുക്ക് സുഗമമാക്കൽ, നീർച്ചാൽ നിർമ്മാണം, വീഡ് ഷ്രഡ്ഡർ ഉപയോഗിച്ച് അരിഞ്ഞിടുന്ന പുല്ലും, കാടും നീക്കം ചെയ്യൽ തുടങ്ങിയ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനാണ് ഉദ്ദേശിച്ചത്. പ്രൊജക്ട് പ്രകാരം ചങ്ങരോത്ത്, തിക്കോടി, മേപ്പയ്യൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലായി 8 പാടശേഖരങ്ങൾ കൃഷിയോഗ്യമാക്കി കൃഷിയിറക്കിയതിന് താഴെ പറയും പ്രകാരം 48,44,266രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പാടശേഖര സമിതിയുടെ പേര് | ആകെ വിസ്തീർണ്ണം (ഏക്കർ) | പദ്ധതി പ്രകാരം പുന:സ്ഥാപിച്ചത് (ഏക്കർ) | കൃഷി ചെയ്തത് (ഏക്കർ) | അഗ്രോ ഡ്രഡ്ജ് ക്രാഫ്റ്റ്, അക്വാട്ടിക് വീഡ് ഷ്രഡ്ഡർ തുടങ്ങിയവയുടെ വാടക | പാടശേഖര സമിതി കൾക്ക് നൽകിയ തുക | സ്ഥലം ഉടമകൾക്ക് നൽകിയ തുക | ആകെ |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | കയ്യണ്ടം | 25 | 25 | 10 | 6,10,894 | 15,867 | 5,910 | 6,32,671 |
| 2 | കൂടലോട്ട് | 45 | 45 | 18 | 11,94,080 | 18,228 | 6,000 | 12,18,308 |
| 3 | ജാനകിവയൽ | 16 | 16 | 6 | 12,83,381 | 0 | 5,740 | 12,89,121 |
| 4 | മാവുകുന്ന് | 13 | 2.5 | 3 * | 13,244 | 16,084 | 3,200 | 32,528 |
| 5 | മുണ്ടത്തടം | 16 | 10 | 6 | 24,934 | 50,164 | 12,000 | 87,098 |
| 6 | കല്ലൂര് (ഹരിത നെല്ലുൽപ്പാദക സമിതി) | 50 | 50 | 20 | 0 | 1,95,520 | 30,220 | 2,25,740 |
| 7 | നടയകം | 100 | 100 | 30 | 6,51,900 | 4,20,000 | 60,000 | 11,31,900 |
| 8 | കണ്ടംചിറ | 100 | 100 | 16 | 2,26,900 | 0 | 0 | 2,26,900 |
| | ആകെ | 365 | 348.5 | 109 | 40,05,333 | 7,15,863 | 1,23,070 | 48,44,266 |

* ക്രമനം.4 മാവുകുന്ന് പാടശേഖരസമിതിയുടെ കീഴിലുള്ള 13 ഏക്കർ ഭൂമിയിൽ പദ്ധതി പ്രകാരം കൃഷിയോഗ്യമാക്കിയത് 2.5 ഏക്കറാണ്. എന്നാൽ പ്രസ്തുത സ്ഥലത്ത് 3 ഏക്കറിൽ കൃഷി ചെയ്തത് എങ്ങനെയെന്ന് വ്യക്തമല്ല.

മേൽ പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലെ 4 മുതൽ 12 വർഷം വരെ തരിശായി കിടന്ന നെൽവയലുകൾ കൃഷിയോഗ്യമാക്കി കൃഷി ചെയ്യുന്നതിന് ഹരിത നെല്ലുൽപ്പാദക സമിതി പാടശേഖരത്തിന് താഴെ പറയും പ്രകാരം 1,95,520രൂപ നൽകിയിട്ടുണ്ട്. (ബിൽ നം. 2/31.1.2022)

| | |
|---|---|
| 20 ഏക്കർ സ്ഥലത്ത് വരമ്പ് നിർമ്മാണത്തിന് ആണ്ടി ചോയിലാട്ട് എന്നയാൾക്ക് നൽകിയത് | 50,000 |
| 20 ഏക്കർ സ്ഥലത്ത് ഇടകൂട്ടലിന് സജീവൻ നാഗത്ത് മീത്തൽ എന്നയാൾക്ക് നൽകിയത് | 40,000 |
| 20 ഏക്കർ സ്ഥലത്ത് കളപറിക്കലിന് അതിഥി തൊഴിലാളികൾക്ക് നൽകിയത് | 45,520 |
| കൃഷി ഇറക്കുന്നതിന് നടീൽ യന്ത്രം ഉപയോഗിച്ച് ഞാറ് നട്ടതിന് ബിന്ദു ചേനോളി എന്നവർക്ക് നൽകിയത് | 60,000 |
| ആകെ | 1,95,520 |

മനുഷ്യാധ്വാനം കൊണ്ടോ നിലവിലെ യന്ത്രങ്ങൾ ഉപയോഗിച്ചോ കൃഷിയിലേക്ക് കൊണ്ടു വരാൻ കഴിയാത്ത തരിശ് നിലങ്ങൾ അതിനൂതനയന്ത്രങ്ങൾ ഉപയോഗിച്ച് കൃഷിയോഗ്യമാക്കാനാണ് പ്രൊജക്ട് രൂപീകരിച്ചതെങ്കിലും വരമ്പ് നിർമ്മാണം, ഇടകൂട്ടൽ, കളപറിക്കൽ, ഞാറ് നടൽ എന്നീ പ്രവൃത്തികൾക്ക് വേണ്ടിയാണ് 1,95,520രൂപ ചെലവഴിച്ചത്. മറ്റുള്ള 7 പാടശേഖരങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് വേണ്ടി യന്ത്രങ്ങളുടെ വാടകയായി ആകെ 40,05,333രൂപ ചെലവഴിച്ചിട്ടുണ്ട്. ക്രമനം. 6 ആയ ഹരിത നെല്ലുൽപ്പാദക സമിതി പാടശേഖരത്തിന് തരിശുഭൂമി കൃഷിയോഗ്യമാക്കിയതിന് യന്ത്രങ്ങളുടെ വാടകയിനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല എന്നതിൽ നിന്നും നിലവിൽ കൃഷിയോഗ്യമായ വയലിൽ കൃഷി ചെയ്യുന്നതിനാണ് തുക അനുവദിച്ചത് എന്ന് വ്യക്തമാകുന്നു. കൂടാതെ ഇത്തരം പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയും ചെയ്യാമായിരുന്നു. സുഭിക്ഷകേരളം പദ്ധതിയുടെ

മാനദണ്ഡപ്രകാരം തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്നതിന് മാത്രമേ സബ്സിഡി അനുവദിക്കാവൂ എന്നതിനാൽ 1,99,520രൂപ ചെലവഴിച്ചത് സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനമാണ്.

2. പ്രൊജക്ടിന്റെ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം 8 പാടശേഖരങ്ങളിലായി ആകെയുള്ള 365ഏക്കറിൽ 348.5ഏക്കർ യന്ത്രങ്ങൾ ഉപയോഗിച്ച് കൃഷിയോഗ്യമാക്കുകയും 109 ഏക്കറിൽ കൃഷിയിറക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത കണക്കുകൾ ശരിയല്ലെന്ന് പാടശേഖരസമിതികൾ സമർപ്പിച്ച അപേക്ഷ, സത്യപ്രസ്താവന തുടങ്ങിയവ പരിശോധിച്ചതിൽ വ്യക്തമാകുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| പാടശേഖരസമിതിയുടെ പേര് | പദ്ധതി പ്രകാരം പുന:സ്ഥാപിച്ചത് (ഏക്കർ) | കൃഷി ചെയ്തത് (ഏക്കർ) | റിമാർക്സ് | കുറവ് (ഏക്കറിൽ) |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 (3-4) |
| കുടലോട്ട് | 45 | 8 | സമിതി സമർപ്പിച്ച സത്യപ്രസ്താവന പ്രകാരം 2.5 ഏക്കറിൽ മാത്രമാണ് കൃഷി ചെയ്തിട്ടുള്ളത്. | 15.5 |
| കുയ്യണ്ടം | 25 | 10 | സമിതി സമർപ്പിച്ച സത്യപ്രസ്താവന പ്രകാരം 3 ഏക്കറിൽ മാത്രമാണ് കൃഷി ചെയ്തിട്ടുള്ളത്. | 7 |
| കണ്ടംചിറ | 100 | 16 | കൃഷി നടത്തിയതിന് പ്രൊജക്ട് പ്രകാരമുള്ള തുക സ്ഥലം ഉടമകൾക്കോ പാടശേഖരസമിതിക്കോ നൽകിയിട്ടില്ല. അതിനാൽ തന്നെ കൃഷി നടത്തിയതായി തെളിയിക്കുന്ന രേഖകൾ ഒന്നും ലഭ്യമല്ല. | 16 |
| ജാനകിവയൽ | 16 | 6 | സ്ഥലം ഉടമകൾക്ക് 5,740രൂപ നൽകിയിട്ടുണ്ട്. എന്നാൽ പാടശേഖരസമിതിക്ക് കൃഷി നടത്തിയതിന് തുകയൊന്നും നൽകിയിട്ടില്ലാത്തതിനാൽ കൃഷി നടന്നിട്ടുണ്ടോ എന്നത് വ്യക്തമല്ല. | 6 |
| | | | ആകെ | 44.5 |

പാടശേഖരസമിതി സമർപ്പിച്ച സത്യപ്രസ്താവന പ്രകാരം ആകെ 64.5 (109-44.5) ഏക്കറിൽ മാത്രമാണ് കൃഷിയിറക്കിയത്. അതായത് 40,05,333രൂപ ചെലവഴിച്ച് 348.5 ഏക്കർ കൃഷിഭൂമി കൃഷിയോഗ്യമാക്കിയിട്ടുണ്ടെങ്കിലും അതിന്റെ നാലിലൊന്ന് സ്ഥലത്ത് പോലും കൃഷി ചെയ്തിട്ടില്ല. പൂർണ്ണമായും കൃഷിക്ക് ഉപയോഗപ്പെടുത്താതിരുന്നാൽ ബാക്കിയുള്ള വയലുകൾ വീണ്ടും തരിശായിത്തന്നെ കിടക്കുന്ന അവസ്ഥയാകും. പ്രൊജക്ട് പ്രകാരം തുടർവർഷങ്ങളിൽ പൂർണ്ണമായും കൃഷി ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ് വയലുകൾ കൃഷിയോഗ്യമാക്കിയിട്ടുള്ളത്. പ്രൊജക്ട് പ്രകാരം കൃഷിയോഗ്യമാക്കിയ വയലുകളിൽ നിലവിൽ കൃഷി ചെയ്യുന്നുണ്ടോ എന്നതിന്റെ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3) നടയകം പാടശേഖരസമിതിക്ക് ബിൽ നം. 5/21.3.2022 പ്രകാരം 4,20,000രൂപ നൽകിയിട്ടുണ്ട്. ആയതിൽ 63,448രൂപ യന്ത്രങ്ങളുടെ വാടകയായി മണ്ണുത്തി അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷന് നൽകിയതാണ്. അവശേഷിക്കുന്ന 3,56,552രൂപ ചെലവഴിച്ചതിനാധാരമായ രേഖകൾ പരിശോധനയ്ക്ക്

ഹാജരാക്കിയിട്ടില്ല.

4) വരമ്പ് നിർമ്മാണം, നീരൊഴുക്ക് സുഗമമാക്കൽ, നീർച്ചാൽ നിർമ്മാണം, വീഡ് ഷ്രഡ്ഡർ ഉപയോഗിച്ച് അരിഞ്ഞിടുന്ന പുല്ലും, കാടും നീക്കം ചെയ്യൽ തുടങ്ങിയ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനാണ് നിർദ്ദേശിച്ചത്. എന്നാൽ മേൽ പ്രൊജക്ടിന്റെ നിർവഹണത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തിയതിന്റെ വിവരം ലഭ്യമല്ല.

5) തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്നതിന്റെ ഭാഗമായി ആയത് സംബന്ധിച്ച ഒരു സമഗ്രപഠനറിപ്പോർട്ട് CWRDM മുഖേന തയ്യാറാക്കുന്നതിനായി പ്രൊജക്ട്നം. S0112/22 പ്രകാരം ഒരു പദ്ധതി ജില്ലാപഞ്ചായത്ത് ആവിഷ്കരിച്ചിരുന്നു. പ്രസ്തുത പഠനറിപ്പോർട്ട് ഫിബ്രവരി 2023 ലും ലഭ്യമായില്ല. എന്നാൽ ഇതിന് മുൻപ് തന്നെ തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചതിന്റെ കാരണം വ്യക്തമല്ല. (ഖണ്ഡിക നം. 1-21 കാണുക)

ഈ വിഷയം സംബന്ധിച്ച് നൽകിയ 19/2021-22/27.12.2022നം അന്വേഷണക്കുറിപ്പിന് മറുപടി സമർപ്പിച്ചിട്ടില്ല. അപാകങ്ങൾക്ക് മറുപടി നൽകേണ്ടതും പദ്ധതി പ്രകാരം കൃഷിയോഗ്യമാക്കിയ ഭൂമി നിലവിൽ ഉപയോഗപ്പെടുത്തുന്നതിന്റെ വിശദാംശം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. മറുപടിയുടെ അഭാവത്തിൽ ക്രമനം. 1 പ്രകാരമുള്ള 1,95,520രൂപ നിരാകരിക്കുകയും 3,56,552രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുകയും ചെയ്യുന്നു.

## 1-20 പകൽവീട് സായംപ്രഭ ഹോം ആക്കി മാറ്റൽ - ആവശ്യകത, സ്ഥലസൗകര്യം എന്നിവ പരിഗണിക്കാതെ ഫർണ്ണീച്ചർ വാങ്ങി

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സാമൂഹ്യനീതി ഓഫീസർ |
| പ്രൊജക്ട് നം, പേര് | S0721/22, പകൽവീട് സായംപ്രഭ ഹോം ആക്കൽ |
| അടങ്കൽ, ഫണ്ടിനം | 35,00,000/- വികസനഫണ്ട് |
| ചെലവ് | 28,03,346/-<br>ബിൽ റഫറൻസ് നം.69985/26.3.22 – 27,28,815/-<br>ബിൽ റഫറൻസ് നം.32065/22.3.22 – 74,531/- |

സാമൂഹ്യനീതി ഓഫീസർ നിർവഹണം നടത്തിയ പ്രൊജക്ട് നം. 721/22 പ്രകാരം കാവിലുംപാറ, ചേമഞ്ചേരി, ബാലുശ്ശേരി, കക്കോടി, മരുതോങ്കര, പെരുമണ്ണ, ചക്കിട്ടപ്പാറ എന്നീ ഗ്രാമപഞ്ചായത്തുകളിലെ പകൽവീടുകൾ സായംപ്രഭ ഹോം ആക്കുന്നതിന് വേണ്ടി 28,03,346രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ട് പ്രകാരം തേക്ക് മരം കൊണ്ടുള്ള ഫർണ്ണീച്ചറും LED ടിവിയും വാങ്ങുന്നതിന് താൽപര്യപത്രം ക്ഷണിച്ചതിൽ കുറവ് തുക ക്വാട്ട് ചെയ്ത SIDCO യിൽ നിന്ന് ഫർണ്ണീച്ചറും കെൽട്രോണിൽ നിന്ന് ടിവിയും വാങ്ങാൻ തീരുമാനിച്ചു. (പ്രൊക്യൂർമെന്റ് കമ്മിറ്റി മീറ്റിംഗ് തീരുമാനം നം.48/22 തീ.5.3.2022) ആയതിന്റെ അടിസ്ഥാനത്തിൽ ഇൻവോയ്സ് നം. 153/24.3.2022 പ്രകാരം 27,28,815രൂപ ചെലവഴിച്ച് ഫർണ്ണീച്ചറും ഇൻവോയ്സ് നം.CLT/13609/21-22/17.3.22 പ്രകാരം 74,531രൂപയ്ക്ക് 3 LED ടിവിയും വാങ്ങിയിട്ടുണ്ട്. മരുതോങ്കര, ചക്കിട്ടപ്പാറ, ബാലുശ്ശേരി എന്നീ ഗ്രാമ പഞ്ചായത്തുകളിലെ സായംപ്രഭാഹോം ആക്കാനുദ്ദേശിച്ച പകൽവീടുകൾക്കാണ് ഓരോ ടെലിവിഷൻ വീതം നൽകിയത്. പകൽവീടുകൾക്ക് വിതരണം ചെയ്ത സാധനങ്ങളുടെയും 17.2.203, 22.2.2023, 6.3.2023 എന്നീ തീയതികളിലായി ഓഡിറ്റ് സംഘം നടത്തിയ ഭൗതികപരിശോധനയിൽ ഓരോ പകൽവീടിലും കണ്ട ഇനങ്ങളുടെയും വിവരം പട്ടിക രൂപത്തിൽ താഴെ കൊടുക്കുന്നു.

| ക്രമനം. | ഇനം | എണ്ണം | നിരക്ക് | ആകെ തുക (GST ഒഴികെ) | ഒരോ പകൽ വീടിനും നൽകിയത് (എണ്ണം) | ഭൗതിക പരിശോധനയിൽ കണ്ടത് |
|---|---|---|---|---|---|---|
| 1 | Teak Wood Dining Table, With Laminated Plywood Top | 7 | 12369 | 86,583 | 1 | ചക്കിട്ടപ്പാറ ഒഴികെയുള്ള പകൽവീടുകളിൽ 1 വീതം വിതരണം ചെയ്തതായി കണ്ടു |
| 2 | Teak Wood Armless Chair Plank Seat& Reaper Back | 42 | 4,136 | 1,73,712 | 6 | ചക്കിട്ടപ്പാറ -2എണ്ണം(4 എണ്ണത്തിന്റെ കുറവ്). കാവിലുംപാറ -5 എണ്ണം(1 എണ്ണത്തിന്റെ കുറവ്). മറ്റ് പകൽവീടുകളിൽ 6 എണ്ണം വീതം വിതരണം ചെയ്തതായി കണ്ടു |
| 3 | Fibre Chair – Armed | 1050 | 630 | 6,61,500 | 150 | 1)കാവിലുംപാറ പകൽവീട്ടിൽ ഒരു കസേരയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല<br>2)ചക്കിട്ടപ്പാറ - 30 എണ്ണം(120 എണ്ണത്തിന്റെ കുറവ്).<br>3)ചേമഞ്ചേരി - 125 എണ്ണം ഒരു അങ്കണവാടിയിലാണ് അടുക്കി വെച്ചിരിക്കുന്നത്. 25കസേര മാത്രം പകൽ വീട്ടിൽ സൂക്ഷിക്കുന്നു.<br>4)ബാലുശ്ശേരി - 102 എണ്ണം ഗ്രാമപഞ്ചായത്ത് ഹാളിലാണ് സൂക്ഷിക്കുന്നത്. 48 എണ്ണം പകൽ വീട്ടിൽ സൂക്ഷിക്കുന്നു.<br>മറ്റ് പകൽവീടുകളിൽ 150 എണ്ണം വീതം വിതരണം ചെയ്തതായി കണ്ടു. |
| 4 | Fibre Chair – Easy Chair- Armed | 14 | 1,044 | 14,616 | 2 | ചക്കിട്ടപ്പാറ പകൽവീട്ടിൽ വിതരണം ചെയ്തതായി കണ്ടില്ല. മറ്റ് പകൽവീടുകളിൽ 2എണ്ണം വീതം വിതരണം ചെയ്തു. |
| 5 | Carroms Board – With Stand And Coins | 7 | 5,250 | 36,750 | 1 | ചക്കിട്ടപ്പാറ പകൽവീട്ടിൽ വിതരണം ചെയ്തതായി കണ്ടില്ല. മറ്റ് പകൽവീടുകളിൽ 1എണ്ണം വീതം വിതരണം ചെയ്തു. |
| 6 | Teak Wood Stool 40x40x50cm | 28 | 3,087 | 86,436 | 4 | ചക്കിട്ടപ്പാറ പകൽവീട്ടിൽ വിതരണം ചെയ്തതായി കണ്ടില്ല. മറ്റ് പകൽവീടുകളിൽ 4എണ്ണം വീതം വിതരണം ചെയ്തു. |
| 7 | Teak Wood DD | 7 | 14,003 | 98,021 | 1 | ചക്കിട്ടപ്പാറ പകൽവീട്ടിൽ |

| | | | | | | |
|---|---|---|---|---|---|---|
| | Table, 120x75x75cm | | | | | വിതരണം ചെയ്തതായി കണ്ടില്ല. മറ്റ് പകൽവീടുകളിൽ 1എണ്ണം വീതം വിതരണം ചെയ്തു. |
| 8 | Teak Wood Almirah With 5 Compartments | 7 | 28,922 | 2,02,454 | 1 | ചക്കിട്ടപ്പാറ പകൽവീട്ടിൽ വിതരണം ചെയ്തതായി കണ്ടില്ല. മറ്റ് പകൽവീടുകളിൽ 1വീതം വിതരണം ചെയ്തു. |
| 9 | Teak Wood Junior Officers Table 120x75x75cm | 7 | 22,513 | 1,57,591 | 1 | ചക്കിട്ടപ്പാറ പകൽവീട്ടിൽ വിതരണം ചെയ്തതായി കണ്ടില്ല. മറ്റ് പകൽവീടുകളിൽ 1എണ്ണം വീതം വിതരണം ചെയ്തു. |
| 10 | Teak Wood Almirah 180x90x45 | 14 | 32,228 | 4,51,192 | 2 | ചക്കിട്ടപ്പാറ പകൽവീട്ടിൽ ഒരെണ്ണം മാത്രമേ വിതരണം ചെയ്തതായി കണ്ടുള്ളൂ. മറ്റ് പകൽവീടുകളിൽ 2എണ്ണം വീതം വിതരണം ചെയ്തു. |
| 11 | Teak Wood Single Cot | 14 | 18,800 | 2,63,200 | 2 | ചക്കിട്ടപ്പാറ പകൽവീട്ടിൽ വിതരണം ചെയ്തതായി കണ്ടില്ല. മറ്റ് പകൽവീടുകളിൽ 2എണ്ണം വീതം വിതരണം ചെയ്തു. |
| 12 | Teak Wood Teapoy 80x40x45 | 7 | 6,500 | 45,500 | 1 | ചക്കിട്ടപ്പാറ പകൽവീട്ടിൽ വിതരണം ചെയ്തതായി കണ്ടില്ല. മറ്റ് പകൽവീടുകളിൽ 1എണ്ണംവീതം വിതരണം ചെയ്തു. |
| 13 | 32” LED HD Smart TV | 3 | 21,054 | 63,162 | മരുതോങ്കര, ചക്കിട്ടപ്പാറ, ബാലുശ്ശേരി ഗ്രാമ പഞ്ചായത്തുകൾക്ക് | ചക്കിട്ടപ്പാറ പകൽവീട്ടിൽ വിതരണം ചെയ്തതായി കണ്ടില്ല. മരുതോങ്കര, ബാലുശ്ശേരി എന്നീ പകൽ വീട്ടുകളിൽ ഒരെണ്ണം വീതം വിതരണം ചെയ്തിട്ടുണ്ട്. |

പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. ഫർണ്ണീച്ചർ സൂക്ഷിപ്പ്

പ്രൊജക്ട് പ്രകാരം വിതരണം ചെയ്ത എല്ലാ സാധനങ്ങളും കൈപ്പറ്റിയതായി അതാത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി/മെമ്പർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ചക്കിട്ടപ്പാറ, കാവിലുംപാറ, മരുതോങ്കര, ചേമഞ്ചേരി എന്നിവിടങ്ങളിലെ പകൽവീടുകൾക്ക് ലഭിച്ച സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഭൗതികപരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് വിവരങ്ങൾ താഴെ കൊടുക്കുന്നു.

1) ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് : Teak Wood Almirah -1, Teak Wood Armless Chair -2, Armed Fibre Chair – 30 എന്നിവ മാത്രമാണ് ഭൗതികപരിശോധനയിൽ കാണാൻ സാധിച്ചത്. കെട്ടിടത്തിന്റെ വയറിംഗ് പ്രവൃത്തി നടത്തുകയോ ടോയ്‌ലറ്റ് നിർമ്മിക്കുകയോ ചെയ്തിട്ടില്ല. വയറിംഗ് പ്രവൃത്തി പോലും നടത്താത്ത കെട്ടിടത്തിലേക്കാണ് ടിവി വാങ്ങി നൽകിയത്.

2) കാവിലുംപാറ ഗ്രാമപഞ്ചായത്ത് : Teak Wood Junior Officers Table -1, Teak Wood Almirah With 5 Compartments-1, Armed Fibre Chair-150, Teak Wood Armless Chair-1 എന്നിവ പരിശോധനയിൽ കാണാൻ സാധിച്ചില്ല. നിലവിലുള്ള ഫർണ്ണീച്ചർ തന്നെ ഉൾക്കൊള്ളാനുള്ള സൗകര്യം ഇല്ലാത്ത ചെറിയ ഒരു കെട്ടിടത്തിലാണ് പകൽവീട് പ്രവർത്തിക്കുന്നത്. ഇത്തരമൊരു സ്ഥാപനത്തിലേക്കാണ് 4 ലക്ഷം രൂപയോളം വില വരുന്ന ഫർണ്ണീച്ചർ വാങ്ങി നൽകിയത്.

3) മരുതോങ്കര ഗ്രാമപഞ്ചായത്ത് : പകൽവീടിനകത്ത് സ്ഥലസൗകര്യം കുറവായതിനാൽ Teak Wood DD Table, Teak Wood Junior Officers Table എന്നിവ ഗ്രാമപഞ്ചായത്ത് ഓഫീസിലാണ് സൂക്ഷിച്ചിട്ടുള്ളത്. കൂടാതെ 2 അലമാരകൾ കെട്ടിടത്തിന് പുറത്ത് മുറ്റത്താണ് വെച്ചിട്ടുള്ളത്. ചുറ്റുമതിൽ ഇല്ലാത്ത കെട്ടിടത്തിന്റെ മുറ്റത്ത് സൂക്ഷിച്ചിരിക്കുന്ന അലമാരകൾ നഷ്ടപ്പെടാനുള്ള സാധ്യത കൂടുതലാണ്. കാരംബോർഡ് ഒഴികെയുള്ള മറ്റ് ഫർണ്ണീച്ചർ പകൽവീട്ടിൽ കൂട്ടിയിട്ട നിലയിലാണ്.

4) ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് : പകൽവീടിനകത്ത് ആവശ്യത്തിന് ഫർണ്ണീച്ചർ ഉള്ളതിനാൽ Teak Wood Dining Table, Teak Wood Stool, Teak Wood DD Table, Teak Wood Single Cot, Teak Wood Teapoy എന്നിവ ഗ്രാമപഞ്ചായത്ത് ഓഫീസിനോട് ചേർന്നുള്ള ഫ്രീഡം ഫൈറ്റേഴ്സ് ഹാളിലും Armed Fibre Chair 125 എണ്ണം കൊളക്കാട് അങ്കണവാടിയിലുമാണ് സൂക്ഷിച്ചിട്ടുള്ളത്. ബാക്കിയുള്ള ഫർണ്ണീച്ചർ പകൽവീട്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

5) ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് : വിതരണം ചെയ്ത എല്ലാ ഇനങ്ങളും ലഭിച്ചിട്ടുണ്ട്. പകൽവീട്ടിൽസ്ഥലസൗകര്യം കുറവായതിനാൽ Armed Fibre Chair 102 എണ്ണം ഗ്രാമപഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാളിലാണ് സൂക്ഷിച്ചിട്ടുള്ളത്. കസേര, ഡൈനിംഗ് ടേബിൾ, മേശ(പത്രവായനയ്ക്കായി ഉപയോഗപ്പെടുത്തുന്നു), കാരംബോർഡ് എന്നിവ പകൽ വീടിന്റെ മുറ്റത്തായി സൂക്ഷിച്ചിട്ടുണ്ട്.

6) കക്കോടി ഗ്രാമപഞ്ചായത്ത് : വിതരണം ചെയ്ത എല്ലാ ഇനങ്ങളും പകൽവീട്ടിൽ ലഭിച്ചിട്ടുണ്ട്.

7) പെരുമണ്ണ ഗ്രാമപഞ്ചായത്ത് : വിതരണം ചെയ്ത എല്ലാ ഇനങ്ങളും ലഭിച്ചിട്ടുണ്ട്. ഫർണ്ണീച്ചറുകൾ എല്ലാം നല്ല രീതിയിൽ ഉപയോഗപ്പെടുത്തുന്നുണ്ട്.

പട്ടികയിൽ വിതരണം നടത്തിയതായി കാണിച്ച ഇനങ്ങളിൽ ഭൗതികപരിശോധനയിൽ കാണാൻ സാധിക്കാത്ത ഇനങ്ങളുടെ കാര്യം/അവസ്ഥ വ്യക്തമല്ല.

<u>2. ആവശ്യകത പരിഗണിക്കാതെ സാധനങ്ങൾ വാങ്ങി നൽകി</u>

ഓരോ പകൽവീടിനും ആവശ്യമുള്ള സാധനങ്ങൾ സംബന്ധിച്ച് വിവരശേഖരണം നടത്താതെയാണ് സാധനങ്ങൾ വാങ്ങി നൽകിയിട്ടുള്ളത് എന്ന് ഭൗതികപരിശോധന നടത്തിയതിൽ നിന്ന് വ്യക്തമാകുന്നു. ചേമഞ്ചേരി പകൽവീട്ടിൽ കട്ടിൽ, അലമാര, മേശ, കസേര തുടങ്ങി ആവശ്യമുള്ള ഫർണ്ണീച്ചർ എല്ലാം നിലവിലുള്ളപ്പോഴാണ് വീണ്ടും ഫർണ്ണീച്ചർ വാങ്ങി നൽകിയിരിക്കുന്നത്. ബാലുശ്ശേരി പകൽവീട്ടിൽ 100 Armed Fibre Chair മുൻവർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് വാങ്ങി നൽകിയിട്ടുള്ളതിനാൽ പ്രൊജക്ട് പ്രകാരം വിതരണം ചെയ്ത കസേരകളിൽ 102 എണ്ണം ഗ്രാമപഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാളിൽ ഇട്ടിരിക്കുകയാണ്. കാവിലുംപാറ, മരുതോങ്കര, ചക്കിട്ടപ്പാറ എന്നീ പകൽവീടുകൾ പരിമിതമായ സ്ഥലസൗകര്യമുള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. അതിനാൽ തന്നെ പ്രൊജക്ട് പ്രകാരം നൽകിയ ഫർണ്ണീച്ചർ പൂർണ്ണമായി ഉൾക്കൊള്ളിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ആവശ്യമായ വിവരശേഖരണം നടത്താതെ പ്രൊജക്ട് നടപ്പിലാക്കിയതിനാൽ വാങ്ങിയ ഫർണ്ണീച്ചർ ഭൂരിഭാഗവും ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥയിലാണുള്ളത്.

<u>3.പകൽവീടുകൾ സായംപ്രഭാ ഹോമുകളായി പ്രവർത്തിക്കുന്നില്ല.</u>

സായംപ്രഭാ ഹോമുകളായി പ്രവർത്തിക്കുന്ന പകൽ വീടുകളിൽ കെയർ ഗിവർമാരുടെ സേവനം, യോഗ/മെഡിറ്റേഷൻ, കൗൺസിലിംഗ്, വൈദ്യ പരിശോധന, പോഷകാഹാരം തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണെങ്കിലും പെരുമണ്ണ ഗ്രാമപഞ്ചായത്തിലെ പകൽവീട് മാത്രമാണ് സായംപ്രഭ ഹോം എന്ന രീതിയിൽ ഭാഗികമായെങ്കിലും പ്രവർത്തിക്കുന്നത്. ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ പകൽവീട്ടിൽ വൈകുന്നേരങ്ങളിൽ മാത്രം ആളുകൾ വരുന്നുണ്ടെങ്കിലും ഫർണ്ണീച്ചറും മറ്റുപകരണങ്ങളും പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നില്ല. മറ്റുള്ള 5 ഗ്രാമപഞ്ചായത്തുകളിലും നിലവിൽ പകൽവീട് പ്രവർത്തിക്കാത്ത അവസ്ഥയിലാണുള്ളത്.

<u>4) പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പിലാക്കി.</u>

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തുന്ന പകൽ പരിപാലനകേന്ദ്രങ്ങൾ സായംപ്രഭ

ഹോമുകളായി മാറ്റുന്നതിന് സ.ഉ(സാധാ) നം. 355/2017/സാ നീ വ തീയതി 3.6.2017 പ്രകാരം സാമൂഹ്യനീതി വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ ഫണ്ട് ചെലവഴിക്കുന്നതിനുള്ള ഭരണാനുമതിയാണ് മേൽ ഉത്തരവ് പ്രകാരം നൽകിയിട്ടുള്ളത്. സ.ഉ.(കൈ)നം.11/18 ത.സ്വ.ഭ.വ തീയതി 29.1.2018 പ്രകാരമുള്ള പദ്ധതി മാർഗരേഖയിലോ സ.ഉ.(കൈ)നം. 22/18 ത.സ്വ.ഭ.വ തീയതി 14.122018 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിലോ പകൽവീടുകൾ സായംപ്രഭാഹോം ആക്കി മാറ്റുന്നതിനുള്ള പ്രൊജക്ടുകൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കാൻ നിർദ്ദേശിക്കുന്നില്ല. കൂടാതെ പകൽവീട് ആരംഭിക്കുന്നതിന് വേണ്ടി പണികഴിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കിയതിനുശേഷം ആവശ്യമുണ്ടെങ്കിൽ മാത്രമേ ഇതിനായി പ്രൊജക്ടുകൾ ഏറ്റെടുക്കുവാൻ പാടുള്ളൂ എന്ന് പദ്ധതിമാർഗരേഖയിലെ ഖണ്ഡിക 6.5(6)ൽ വ്യക്തമാക്കിയിട്ടുണ്ട്. പെരുമണ്ണ, ബാലുശ്ശേരി എന്നിവ ഒഴികെയുള്ള ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ പകൽവീടായി പ്രവർത്തിക്കാത്ത കെട്ടിടങ്ങളിലേക്കാണ് മാർഗരേഖയിലെ നിർദ്ദേശം പാലിക്കാതെ 4 ലക്ഷത്തോളം വിലവരുന്ന ഫർണ്ണീച്ചർ വാങ്ങി നൽകിയിരിക്കുന്നത്.

ഈ വിഷയം സംബന്ധിച്ച് നൽകിയ 47/2021-22/13.03.2023നം. അന്വേഷണക്കുറിപ്പിന് നിർവഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച മറുപടിയിൽ പകൽവീടുകൾ നല്ല രീതിയിൽ പ്രവർത്തിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കാവിലുംപാറ, മരുതോങ്കര, ചക്കിട്ടപ്പാറ എന്നീ പകൽവീടുകളിൽ മുഴുവൻ ഫർണ്ണീച്ചറും ഉൾക്കൊള്ളിക്കാനുള്ള സ്ഥലസൗകര്യം ഇല്ല എന്നിരിക്കെ പ്രൊജക്ട് പ്രകാരം നൽകിയ ഫർണ്ണീച്ചർ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നത് എങ്ങനെ എന്ന് വ്യക്തമല്ല. മേൽ പറഞ്ഞിരിക്കുന്ന അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 28,03,346രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-21 കോഴിക്കോട് ജില്ലയിലെ നെൽവയലുകളും ജലസേചനസൗകര്യങ്ങളും - സമഗ്രപഠനം - പഠനറിപ്പോർട്ട് ലഭ്യമായില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയരക്ടർ(കൃഷി) |
| പ്രൊജക്ട് | S0 111/22, കോഴിക്കോട് ജില്ലയിലെ നെൽവയലുകളും ജലസേചനസൗകര്യങ്ങളും - സമഗ്രപഠനം |
| അടങ്കൽ, ഫണ്ടിനം | 12,06,000, വികസനഫണ്ട്(ജനറൽ) |
| ചെലവ് | 4,01,200/- ബിൽ നം. DP01/31.1.2022<br>8,02,400/-ബിൽ നം. DP03/2.3.2022<br>12,06,000/- |

കോഴിക്കോട് ജില്ലയെ തരിശുരഹിതമാക്കുന്നതിന്റെ മുന്നോടിയായി മുഴുവൻ നെൽവയലുകളേയും മാപ്പ് ചെയ്യുകയും ജലസേചനസൗകര്യങ്ങളെപ്പറ്റി സമഗ്രപഠനം നടത്തുകയും ചെയ്യുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. അതത് ഗ്രാമപഞ്ചായത്തിലെ കൃഷിഭവൻ ഉദ്യോഗസ്ഥർ, പാടശേഖരസമിതി, കാർഷികവികസനസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ സഹായത്തോടെ പഠനറിപ്പോർട്ട് തയ്യാറാക്കുന്നതിന് കുന്ദമംഗലത്തുള്ള CWRDM എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി. പദ്ധതിയുടെ ആകെ അടങ്കൽ തുകയായ 20,06,000രൂപയുടെ (17,00,000 + 18% GST) 60% തുകയായ 12,06,000രൂപ 2021-22ലും ബാക്കി തുക 2022-23ലുമാണ് വകയിരുത്തിയത്. ഡെപ്യൂട്ടി ഡയരക്ടറും(കൃഷി) CWRDM എക്സിക്യൂട്ടീവ് ഡയരക്ടറും തമ്മിൽ 6.12.2021ന് ഒപ്പ് വെച്ച ധാരണാപത്രം പ്രകാരം 20,06,000രൂപയുടെ

20% തുക പ്രാരംഭറിപ്പോർട്ട് സമർപ്പിച്ചതിന് ശേഷവും 40% തുക ഇടക്കാലറിപ്പോർട്ട് സമർപ്പിച്ചതിന് ശേഷവും ബാക്കിയുള്ള 40% തുക അന്തിമറിപ്പോർട്ട് സമർപ്പിച്ചതിന് ശേഷവുമാണ് CWRDMന് കൈമാറേണ്ടത്. 26.2.2022ന് ഇടക്കാലറിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അടങ്കൽ തുകയുടെ 60% ആയ 12,06,000രൂപ CWRDMന് കൈമാറിയിട്ടുണ്ട്. ധാരണാപത്രമനുസരിച്ച് മാർച്ച് 2022നകം ഫൈനൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെങ്കിലും ഫിബ്രവരി 2023 വരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. തൻവർഷം തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്നതിന് ഒരു പ്രൊജക്ട് (നം. SOO 99/22) ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. പ്രസ്തുത പ്രൊജക്ട് നടപ്പിലാക്കുന്നതിന് മുന്നോടിയായി കൃഷി ഡെപ്യൂട്ടി ഡയരക്ടർ നൽകിയ റിപ്പോർട്ട് പ്രകാരം കോഴിക്കോട് ജില്ലയിൽ 1323 ഹെക്ടർ ഭൂമി തരിശായി കിടക്കുന്നു എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലയുടെ തരിശുഭൂമിയുടെ വിവരം വ്യക്തമായ സ്ഥിതിയ്ക്ക് ഇതേ ആവശ്യത്തിന് വീണ്ടുമൊരു പ്രൊജക്ട് നടപ്പിലാക്കിയതിന്റെ സാംഗത്യം വ്യക്തമാക്കാനും ഫൈനൽ റിപ്പോർട്ട് ലഭ്യമാക്കാൻ സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 20/2021-22/27.12.2022നം അന്വേഷണക്കുറിപ്പിന് മറുപടി സമർപ്പിച്ചിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചെലവ് തുക 12,06,000രൂപ തടസ്സത്തിൽ വെക്കുന്നു.

1-22 15.35 ലക്ഷം രൂപയുടെ അടുക്കള പാത്രങ്ങൾ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തവരിൽനിന്നും വാങ്ങിയില്ല-ഒരു വർഷമായിട്ടും പൊതു അടുക്കള ആരംഭിച്ചില്ല

| പ്രൊജക്ട് നമ്പർ | പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ | തിയ്യതി |
|---|---|---|---|---|---|
| എസ്.ഒ. 160/22 | പൊതു അടുക്കള - കുടുംബശ്രീ മുഖേന (New) | 20,00,000 വികസന ഫണ്ട് (പൊതുവിഭാഗം, സാധാരണ വിഹിതം) | 17,35,000 | 3/21-22 | 30.03.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ - കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ | | | | | |

1. പൊതു അടുക്കള ആരംഭിച്ചില്ല

വീട്ടമ്മമാരായ സ്ത്രീകളുടെ ഗാർഹിക ജോലിഭാരം ലഘൂകരിക്കുന്നതിനായി ജില്ലയിലെ പേരാമ്പ്ര, നരിപ്പറ്റ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പൊതു അടുക്കള സ്ഥാപിച്ച് അതിലൂടെ 10 സത്രീകൾക്ക് സ്ഥിര വരുമാനം ഉറപ്പ് വരുത്തുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. കുടുംബശ്രീ മുഖേന (ജില്ലാ പഞ്ചായത്ത് ഫണ്ട്) 18,00,000 രൂപയും സംഘങ്ങളുടെ പ്രവർത്തന മൂലധനമായി 2,00,000 രൂപയും ചേർത്ത് 20,00,000/- രൂപയാണ് ആകെ അടങ്കൽ തുകയായി വകയിരുത്തിയത്. ഇ - ടെണ്ടർ മുഖേന കൂൾ ഹോം (ഇന്ത്യ) എന്ന സ്ഥാപനത്തിൽ നിന്നും 15,35,000/- രൂപ ചെലവഴിച്ച് അടുക്കള ഉപകരണങ്ങളും പാത്രങ്ങളും വാങ്ങിയിട്ടുള്ളതും ( Invoice No 2021-2022/BR-135 Dt 08.03.2022 Cool Home India). രണ്ട് ഗ്രൂപ്പുകൾക്കും പ്രവർത്തന മൂലധനമായി ഒരു ലക്ഷം രൂപ വീതം നൽകിയിട്ടുള്ളതുമാണ്. നരിപ്പറ്റ ഗ്രാമ പഞ്ചായത്തിലെ രുചി കാറ്ററിംങ്, പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ ഫിനിക്സ് കുടുംബശ്രീ ഗ്രൂപ്പ് എന്നിവയെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരെഞ്ഞെടുത്തിട്ടുണ്ട്. പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള - മാർഗ്ഗരേഖ (സ.ഉ (കൈ) നം.11/2018 തി.29.01.2018) ഖ.11.3 പ്രകാരമുള്ള ഗുണഭോക്താക്കളുടെ തെരെഞ്ഞെടുക്കൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി, മുഴുവൻ പഞ്ചായത്തുകളേയും പരിഗണിക്കാതെ രണ്ട് പഞ്ചായത്തുകളെ നേരത്തേതന്നെ നിശ്ചയിച്ചതിന്റെ സാഹചര്യം വ്യക്തമല്ല. നരിപ്പറ്റ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 05.102021 ലെ 1(10) ാം നമ്പർ തീരുമാനം പ്രകാരം 6 ാം വാർഡിലെ രുചി കാറ്ററിംഗ് ഗ്രൂപ്പിനെ ഗ്രൂപ്പംഗങ്ങളുടെ ലിസ്റ്റ് സഹിതം ഗുണഭോക്താവായി തീരുമാനിച്ചിട്ടുണ്ട്. പേരാമ്പ്ര ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 06.08.2022 ലെ 1(3) ാം നമ്പർ തീരുമാനം പ്രകാരം 5 ാം വാർഡിലെ ഫിനിക്സ് കുടുംബശ്രീ ഗ്രൂപ്പിനെ ഗുണഭോക്താവായി തീരുമാനിച്ചിട്ടുണ്ട്. ഗ്രൂപ്പംഗങ്ങളുടെ ലിസ്റ്റ് ഉള്ളടക്കം ചെയ്തിട്ടില്ല. അടുക്കള ഉപകരണങ്ങളും പാത്രങ്ങളും

പ്രസ്തുത ഗ്രൂപ്പുകൾക്ക് കൈമാറിയതിന്റെ വിശദാംശങ്ങളും കൈപ്പറ്റ് രസീതും ഫയലിൽ സൂക്ഷിച്ചിട്ടില്ല. 15,35,000രൂപ വില വരുന്ന ഉപകരണങ്ങളുടേയും പാത്രങ്ങളുടെയും സൂക്ഷിപ്പ് സംബന്ധിച്ച ക്രമീകരണങ്ങളെക്കുറിച്ചും ഫയലിൽ വിവരങ്ങളില്ല.

കേരളാ ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 147 (1) പ്രകാരം സ്റ്റോറുകൾ കൈപ്പറ്റാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് പരിശോധിച്ച് അംഗീകരിച്ച സാമ്പിൾ, സ്പെസിഫിക്കേഷൻ പ്രകാരമുള്ളത് തന്നെയാണ് ലഭിച്ചിരിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ മിഷൻ കോ-ഓർഡിനേറ്റർ സൂക്ഷിച്ചു വരുന്ന സ്റ്റോക്ക് രജിസ്റ്ററിൽ 15,35,000 രൂപ ചെലവഴിച്ച് വാങ്ങിയ 26ഇനങ്ങളുടെ വിലവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. (പേജ് നം.27-33) അപൂർണ്ണമായ വിവരങ്ങൾ തന്നെയാണ് സ്കീം രജിസ്ററിലും രേഖപ്പെടുത്തിയിട്ടുള്ളത്. (പേജ്നം.64-65) വിതരണം ചെയ്തവയുടെ കൈപ്പറ്റ് വിവരം ഫയലിൽ ലഭ്യമല്ല. ആർട്ടിക്കിൾ 148 (iv) പ്രകാരം സ്റ്റോക്ക് രജിസ്റ്ററിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ സ്റ്റോക്കിലെടുത്ത വിവരം ബില്ലിന്റെ ഓഫീസ് കോപ്പിയിൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബിൽ കോപ്പിയിൽ അപ്രകാരം രേഖപ്പെടുത്തിയിട്ടില്ല. മോഷണം, കൃത്രിമം, അശ്രദ്ധ (Negligence) അപകടം എന്നിവ കാരണം ഉണ്ടായേക്കാവുന്ന സ്റ്റോറിന്റെ നഷ്ടം തടയുന്നതിനു കൃത്യമായ സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിച്ചില്ല. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാലും 15.35 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ അടുക്കള പാത്രങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്തതിനാലും ഇവയുടെ ഇനം എണ്ണം എന്നിവ ഓഡിറ്റ് സംഘം 17.02.2023 ലെ ഭൗതിക പരിശോധനയിൽ ഉറപ്പു വരുത്താൻ കഴിഞ്ഞില്ല.

17.02.2023 ന് നരിപ്പറ്റ ഗ്രാമ പഞ്ചായത്തിലെ വള്ളിത്തറയിലുള്ള രുചി കാറ്ററിംങ് എന്ന ഗ്രൂപ്പിനായി നിർമ്മിച്ച സ്ഥാപനത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ഗ്രൂപ്പംഗമായ ശ്രീമതി വിനിജ കെ പി യുടെ പുരയിടത്തിൽ പണിത ഷെഡ്ഡിൽ, ഇഡ്ഡലി സ്റ്റീമർ, ഗ്രൈന്റർ, സ്റ്റീം ബോയിലർ, S.sബർണർ റേഞ്ച്. S.s ടേബിൾ, സ്റ്റീം പൈപ്പ് ലൈൻ എന്നിവ സൂക്ഷിച്ചിട്ടുള്ളതായി കണ്ടു. ലഭിച്ച പാത്രങ്ങളും ഗ്യാസ് അടുപ്പുകളും മറ്റു സാമഗ്രികളും പൂർണ്ണമായും സ്ഥാപിക്കുകയോ ഉപയോഗിക്കുകയോ ചെയ്തില്ല. ബാക്കിയുള്ളവ പ്രോജക്ട് ലക്ഷ്യമിട്ടതിനു വിരുദ്ധമായി കൈവേലി ചന്തയിൽ നടക്കുന്ന പരിപാടിക്കുവേണ്ടി 10 ദിവസത്തേക്ക് കൊണ്ടുപോയതായി അറിയിച്ചു. അടുക്കള ഉപകരണങ്ങളും പാത്രങ്ങളും കൈപ്പറ്റി ഒരു വർഷത്തോളമായിട്ടും നിർദ്ദിഷ്ട ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ കഴിഞ്ഞില്ല. കെട്ടിടത്തിന്റെ വയറിംഗ് പൂർത്തിയായെങ്കിലും വൈദ്യുതി ലഭിച്ചിട്ടില്ല.



1.1നരിപ്പറ്റ ഗ്രാമ പഞ്ചായത്തിലെ വള്ളിത്തറയിലെ രുചി കാറ്ററിംങ് ഗ്രൂപ്പിന്റെ ഷെഡ്ഡ്



1.2രുചി കാറ്ററിംങിനു നൽകിയ ഗ്രൈന്റർ, ഗ്യാസ് അടുപ്പ് എന്നിവ ഉപയോഗിക്കാത്ത നിലയിൽ



1.3 രുചി കാറ്ററിംങിനു നൽകിയ ഇഡലി സ്റ്റീമർ, സ്റ്റീം ബോയിലർ,എന്നിവയും ഉപയോഗിക്കാത്ത നിലയിൽ

പേരാമ്പ്ര ഗ്രാമ പഞ്ചായത്തിലെ ഫിനിക്സ് കുടുംബശ്രീ ഗ്രൂപ്പിന് നൽകിയ അടുക്കള ഉപകരണങ്ങളും പാത്രങ്ങളും പൈതോത്ത് റോഡിലുള്ള ശ്രീമതി നുറ എന്ന വ്യക്തിയുടെ വീടിനോട് ചേർന്ന കാർ ഷെഡ്ഡിൽ പേക്കറ്റ് തുറക്കാതെ കൂട്ടിയിട്ടിരിക്കുകയാണ്. ഒരു വർഷത്തോളമായിട്ടും സ്ഥലം ഒരുക്കി ഇൻസ്റ്റലേഷൻ നടത്തിയില്ലെന്ന് മാത്രമല്ല, ഒരു കുടുംബശ്രീ ഗ്രൂപ്പിനാണ് ഇവ നൽകിയിരിക്കുന്നതെന്ന് തെളിയിക്കുന്ന യാതൊരു രേഖകളും ഫയലിലോ, സ്ഥല പരിശോധനയിലോ കാണാൻ കഴിഞ്ഞില്ല. ഇ - ടെണ്ടറിലെ ഡെലിവറി & സെറ്റപ്പ് വ്യവസ്ഥകളിലെ 5 (F,g) എന്നിവ പ്രകാരം നിശ്ചയിക്കപ്പെട്ട സ്ഥലത്ത് ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കാനും ഗ്രൂപ്പംഗങ്ങൾക്ക് പരിശീലനം നൽകാനും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ അത്തരം നടപടികളൊന്നും ഉണ്ടായില്ല. ടെണ്ടർ വ്യവസ്ഥകളുടെ ലംഘനത്തിന് ഉപകരണങ്ങൾ സപ്ലൈ ചെയ്ത സ്ഥാപനത്തിനെതിരെ നിയമ നടപടികൾ സ്വീകരിച്ചില്ല



1.4 പേരാമ്പ്ര ഗ്രാമ പഞ്ചായത്തിലെ നുറ എന്ന വ്യക്തിയുടെവീടിനോട് ചേർന്ന കാർ ഷെഡിൽ പേക്കറ്റ് തുറക്കാതെ പാത്രങ്ങൾ അട്ടിവെച്ചിരിക്കുന്നു.



1.5കാർ ഷെഡിൽ പേക്കറ്റ് തുറക്കാതെ പാത്രങ്ങൾ അട്ടിവെച്ചിരിക്കുന്നു. മറ്റൊരു കോണിൽ നിന്നുള്ള ദൃശ്യം

പദ്ധതി ആസൂത്രണത്തിലേയും നടത്തിപ്പിലേയും അപാകങ്ങൾ താഴെ പറയുന്നു.

1) പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്നവാർഷിക പദ്ധതികൾ തയ്യാറാക്കൽ -മാർഗ്ഗരേഖ (സ.ഉ (കൈ) നം11/2018 തി.29.01.2018) ഖ.2.3 (6) പ്രകാരം തദ്ദേശ ഭരണ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാരേഖയിൽ (Status Report) പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്. അവസ്ഥാരേഖ പ്രകാരമാണ് പദ്ധതി തയ്യാറാക്കിയതെന്ന് വ്യക്തമാക്കേണ്ടതും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളിൽ ഇത്തരമൊരു പ്രോജക്ടിന്റെ ആവശ്യം ഉന്നയിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വീട്ടമ്മമാരായ സ്ത്രീകളുടെ ഗാർഹിക ജോലിഭാരം ലഘൂകരിക്കുന്നതിനായി ജില്ലയിലെ പേരാമ്പ്ര, നരിപ്പറ്റ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പൊതു അടുക്കള സ്ഥാപിച്ച് അതിലൂടെ 10 സ്ത്രീകൾക്ക് സ്ഥിര വരുമാനം ഉറപ്പ് വരുത്തുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. എന്നാൽ നരിപ്പറ്റ ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താവായ രുചി കാറ്ററിംങ് നിലവിൽ കേറ്ററിംഗ് സർവ്വീസ് നടത്തുന്നവരാണ്. ഈ സംഘത്തിനാണ് അടുക്കള ഉപകരണങ്ങളും പാത്രങ്ങളും നൽകിയിരിക്കുന്നത്. അതേസമയം പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ ഫിനിക്സ് കുടുംബശ്രീ ഗ്രൂപ്പിനു അടുക്കള ഉപകരണങ്ങളും പാത്രങ്ങളും കൈമാറി കൈപ്പറ്റ് രസീത് വാങ്ങണമെന്ന് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ 20.09.2022 ലെ 2647/എ2/2018/ കെ.എസ്.കെ.കെ.ഡി നമ്പർ കത്തു പ്രകാരം പേരാമ്പ്ര സി ഡി എസ് മെമ്പർ സെക്രട്ടറിയോടാവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ഫയലിൽ നിന്നോ, സ്ഥല പരിശോധനയിലോ ലഭിച്ചിട്ടില്ല. പ്രോജക്ട് നിർദ്ദേശമനുസരിച്ച് പൊതു അടുക്കള സ്ഥാപിക്കുന്നതിനു പകരം കേറ്ററിംഗ് സർവ്വീസ് നടത്തുന്നവർക്കാണ് അടുക്കള ഉപകരണങ്ങളും പാത്രങ്ങളും നൽകിയിരിക്കുന്നതെന്നാണ് സ്ഥല പരിശോധനയിലും അന്വേഷണത്തിലും അറിയാൻ കഴിഞ്ഞത്. പേരാമ്പ്ര ഗ്രൂപ്പിനു നൽകിയ ഉപകരണങ്ങൾ ഒരു വർഷത്തിന് ശേഷവും സ്ഥാപിച്ചിട്ടില്ല. നിലവിൽ പേരാമ്പ്ര, നരിപ്പറ്റ ഗ്രാമ പഞ്ചായത്തുകളിലെ എന്നീ രണ്ട് ഗ്രൂപ്പുകൾക്കും നൽകിയ ഗ്യാസ് അടുപ്പ്, പാത്രങ്ങൾ, യന്ത്ര സംവിധാനങ്ങൾ എന്നിവ ഉപയോഗക്ഷമമാക്കിയിട്ടില്ല. പേരാമ്പ്ര ഗ്രൂപ്പിനു നൽകിയ ഉപകരണങ്ങൾ സപ്ലൈ ചെയ്ത അതേ അവസ്ഥയിൽ തന്നെ കൂട്ടിയിട്ടിരിക്കുകയാണ്. പ്രവർത്തന മൂലധനമായി ഓരോ ഗ്രൂപ്പിനും 1 ലക്ഷം രൂപ നൽകിയെങ്കിലും (ആകെ 2 ലക്ഷം രൂപ) പ്രോജക്ട് ലക്ഷ്യമിട്ടതനുസരിച്ചുള്ള യാതൊരു പ്രവർത്തനവും 2023 ഫെബ്രുവരിയിലും നടപ്പിലാക്കിയിട്ടില്ല.

<u>മോണിറ്ററിംഗ്</u>

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കൽ -മാർഗ്ഗരേഖ (സ.ഉ (കൈ) നം11/2018 തി.29.01.2018) ഖ.13 പ്രകാരം മോണിറ്ററിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാ സമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. സ്ത്രീകൾക്ക്

സ്ഥിര വരുമാനം ഉറപ്പ് വരുത്തുന്നതിനാണ് പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ആയതിനാൽ നിർവ്വഹണഘട്ടത്തിലും തുടർന്നും മോണിറ്ററിംഗ് അത്യാവശ്യമായിരുന്നു. എന്നാൽ ഇതു സംബന്ധിച്ച റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. മേൽ വിഷയങ്ങൾക്ക് വ്യക്തമായ മറുപടി നൽകേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 48/ 2021-22 തി. 09.03.2023 ന മറുപടി ലഭിച്ചിട്ടില്ല.

2. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തവരിൽ നിന്നും സാധനങ്ങൾ വാങ്ങിയില്ല.

മേൽ പദ്ധതി പ്രകാരം രുചി കാറ്ററിംങ് (നരിപ്പറ്റ ഗ്രാ.പഞ്ചായത്ത്) ഫിനിക്സ് കുടുംബശ്രീ ഗ്രൂപ്പ് (പേരാമ്പ്ര ഗ്രാ.പഞ്ചായത്ത്) എന്നിവയെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരെഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ അടുക്കള ഉപകരണങ്ങളും പാത്രങ്ങളും പ്രസ്തുത ഗ്രൂപ്പുകൾക്ക് കൈമാറിയതിന്റെ വിശദാംശങ്ങളും കൈപ്പറ്റ് രസീതും ഫയലിൽ സൂക്ഷിച്ചിട്ടില്ല. 15.35 ലക്ഷം രൂപ വില വരുന്ന ഉപകരണങ്ങളുടേയും പാത്രങ്ങളുടെയും സൂക്ഷിപ്പ് സംബന്ധിച്ച ക്രമീകരണങ്ങളെക്കുറിച്ച് ഫയലിൽ വിവരങ്ങളില്ല.

കൂടാതെ അടുക്കള പാത്രങ്ങളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ചതിൽ 5 സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുണ്ട്. ഇതിൽ Cool Home എന്ന സ്ഥാപനത്തിൽ നിന്നാണ് മുഴുവൻ ഇനങ്ങളും വാങ്ങിയത്. ആകെ 26 ഇനങ്ങളിൽ 14 ഇനങ്ങൾക്ക് Cool Home ക്വാട്ട് ചെയ്ത തുകയേക്കാൾ കുറഞ്ഞ നിരക്ക് മറ്റു സ്ഥാപനങ്ങൾ ക്വാട്ട് ചെയ്തിട്ടുണ്ട്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സാമഗ്രികൾ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിനു പകരം എല്ലായിനങ്ങളും Cool Home എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിനാൽ 1,27,494/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. അനുബന്ധം കാണുക

കേരളാ ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 147 (1) പ്രകാരം സ്റ്റോറുകൾ കൈപ്പറ്റാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് പരിശോധിച്ച് അംഗീകരിച്ച സാമ്പിൾ, സ്പെസിഫിക്കേഷൻ പ്രകാരമുള്ളത് തന്നെയാണ് ലഭിച്ചിരിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ മിഷൻ കോ-ഓർഡിനേറ്റർ സൂക്ഷിച്ചു വരുന്ന സ്റ്റോക്ക് രജിസ്റ്ററിൽ 17,35,000 രൂപ ചെലവഴിച്ചു വാങ്ങിയ 26ഇനങ്ങളുടെ വിലവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. (പേജ് നം.27-33) ഇതു സംബന്ധിച്ച അപൂർണ്ണമായ വിവരങ്ങൾ തന്നെ സ്കീം രജിസ്ററിലും രേഖപ്പെടുത്തിയിട്ടുണ്ട്. (പേജ്നം.64-65) വിതരണം ചെയ്തവയുടെ കൈപ്പറ്റ് വിവരം ഫയലിൽ ലഭ്യമല്ല. ആർട്ടിക്കിൾ 148 (Iv) പ്രകാരം സ്റ്റോക്ക് രജിസ്റ്ററിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ സ്റ്റോക്കിലെടുത്ത വിവരം ബില്ലിന്റെ ഓഫീസ് കോപ്പിയിൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബിൽ കോപ്പിയിൽ അപ്രകാരം രേഖപ്പെടുത്തിയിട്ടില്ല. മോഷണം, കൃത്രിമം, അശ്രദ്ധ (Negligence) അപകടം എന്നിവ കാരണം ഉണ്ടായേക്കാവുന്ന സ്റ്റോറിന്റെ നഷ്ടം തടയുന്നതിനു കൃത്യമായ സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിച്ചില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 41 / 2021-22 തി. 13.02.2023 ന മറുപടി ലഭിച്ചിട്ടില്ല. ആകെ ചെലവഴിച്ച 17.35 ലക്ഷം രൂപയിൽ 1,27,494 രൂപ നിരാകരിക്കുകയും ഇനിയും പ്രവർത്തനമാരംഭിക്കാത്ത 2 യൂണിറ്റുകൾക്കുമായി നൽകിയ 2 ലക്ഷം രൂപ ഉൾപ്പെടെ 16,07,506 രൂപ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

1-23 പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് സ്കൂളുകൾക്കായി വാങ്ങിയത് 9.48 കോടി രൂപയുടെ ഫർണിച്ചർ - ആവശ്യകത നിർണ്ണയിച്ചതിന്റെ വിശദാംശം ലഭ്യമല്ല.

നിർവ്വഹണം - ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം

| പ്രൊജക്ട് നമ്പർ | പേര് | അടങ്കൽ | | ആകെ | ബിൽ നമ്പർ | തിയ്യതി | തുക |
|---|---|---|---|---|---|---|---|
| | | ജനറൽ | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | | | | |
| എസ്.ഒ. 45/22 | ജില്ലാ പഞ്ചായത്ത് | 20,00,000 | 21298991 | 23298991 | 2/21-22<br>19/21-22 | 10.01.2022<br>31.03.2022 | 6427672<br>5294700 |

| | | | | | | | |
|---|---|---|---|---|---|---|---|
| | സ്കൂളുകളിൽ ഫർണിച്ചർ | | | | 14/21-22<br>8/21-22<br>9/21-22 | 31.03.2022<br>19.03.2022<br>19.03.2022 | 8000000<br>2000000<br>1572211 |
| | ചെലവ് | 20,00,000 | 21294581 | 23294583 | | | 23294583 |

ജില്ലാ പഞ്ചായത്തിന്റെ 2021-22 വർഷത്തെ വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്ത് പരിധിയിൽപ്പെടുന്ന വിദ്യാലയങ്ങൾക്ക് ബെഞ്ച്, ഡസ്ക് എന്നിവ വിതരണം ചെയ്യുന്നതിനായി 23298991 രൂപ വകയിരുത്തുകയും കേരള ആർട്ടിസാൻ ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും (KADCO) 1954 ബെഞ്ചുകളും അത്ര തന്നെ ഡെസ്കുകളും വാങ്ങി വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 11.06.2020 ലെ 26/20(1) നമ്പർ തീരുമാന പ്രകാരം ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ കഴിഞ്ഞ 4 വർഷത്തിനുള്ളിൽ ഫർണിച്ചർ വിതരണം നടത്തിയതിന്റെയും, ഓരോ സ്കൂളിനും അനുവദിച്ച ഫർണിച്ചറിന്റെ എണ്ണം അടിസ്ഥാനമാക്കിയും ഫർണിച്ചർ വിതരണം നടത്തുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ പ്രസ്തുത മാനദണ്ഡം സ്വീകരിച്ചാണ് 2020-21 ലും, 2021-22 ലും ഫർണിച്ചർ വിതരണം നടത്തിയതെന്ന് വ്യക്തമാക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ (പതിമൂന്നാം പഞ്ചവത്സര പദ്ധതി) ജില്ലാ പഞ്ചായത്തിൽ നിന്നും 94830169 രൂപയുടെ ഫർണിച്ചർ സ്കൂളുകൾക്ക് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| 2017-18 | 21086061 |
| 2018-19 | 13770295 |
| 2019-20 | 2493700 |
| 2020-21 | 26371069 |
| 2021-22 | 31109044 |
| ആകെ | 9,48,30,169 |

ഓരോ സ്കൂളിലും നിലവിലുള്ള ഫർണിച്ചറുകളുടെ എണ്ണം, ഉപയോഗ ശൂന്യമായതിന്റെയും, അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗ യോഗ്യമാക്കാവുന്നതിന്റെയും വിവരങ്ങൾ, കൂടുതലായി ആവശ്യമുള്ള ഫർണിച്ചറിന്റെ വിവരം, സ്കൂൾ അധികൃതർ ആവശ്യകത അറിയിച്ചതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കൂടാതെ ജി.ഒ. (ആർ.ടി.) നം. 47/2009 എസ്.പി.ഡി. തി. 07.11.2019 പ്രകാരം ഫർണിച്ചർ പുറത്ത് നിന്ന് വാങ്ങിയതല്ലെന്നും KADCO സ്വന്തമായി നിർമ്മിച്ചതാണെന്നുമുള്ള സാക്ഷ്യപത്രം വാങ്ങേണ്ടതുണ്ട്. എന്നാൽ അത്തരമൊരു സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മോണിറ്ററിംഗ് കമ്മിറ്റി, ഫർണിച്ചർ വിതരണം സംബന്ധിച്ച മോണിറ്ററിംഗ് നടത്തുകയോ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തില്ല.

മേൽ സാഹചര്യത്തിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഫർണിച്ചർ വിതരണം നടത്തിയതിന്റെയും, ഓരൊ സ്കൂളുകളിൽ നിന്നും ലഭിച്ച ആവശ്യകതയുടെയും, നിലവിൽ ഉപയോഗിക്കാൻ പറ്റാത്ത ഫർണിച്ചർ കയ്യൊഴിഞ്ഞതിന്റെയും, അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗ യോഗ്യമാക്കാൻ പറ്റുന്ന ഫർണിച്ചറിന്റെയും വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇതു

സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 40 /02.02.2023 2021-22 ന മറുപടി ലഭിച്ചിട്ടില്ല.

1-24 കോട്ടോപ്പാറ കുടിവെള്ള പദ്ധതി - 2019-20 ൽ ആരംഭിച്ച പ്രവൃത്തി - മോട്ടോർ സ്ഥാപിക്കാത്തതിനാൽ പദ്ധതി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | S0468/22, കോട്ടോപ്പാറ കുടിവെള്ള പദ്ധതി (ബഹുവർഷ പ്രോജക്ട് 2019-20 & 2020-21) |
| അടങ്കൽ, ഫണ്ടിനം | 25 ലക്ഷം, വികസന ഫണ്ട് |
| ചെലവ്, ബിൽ നം, എം ബുക്ക് നം. | 12,23,009/-, BRN : 21160152030401531086/ 30.03.2022, 291/20-21 |
| കരാറുകാരൻ | വി. അഷ്റഫ് |
| കരാർ നം. | EE/LSGD/25/2020-21(TA)/ 18.05.2020 (യാതൊരു നിബന്ധനയും എഴുതിച്ചേർത്തില്ല). |

ജില്ലാപഞ്ചായത്തിന്റെ 2019-20 വർഷത്തെ പ്രവൃത്തിയായ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ കോട്ടോപ്പാറ കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിനായി ടെണ്ടർ നടത്തിയെങ്കിലും ആരും ഏറ്റെടുക്കാത്ത സാഹചര്യത്തിൽ നെഗോസിയേഷൻ ക്വട്ടേഷൻ പ്രകാരം എസ്റ്റിമേറ്റ് നിരക്കിൽ കരാറുകാരനായ ശ്രീ. വി. അഷ്റഫ് പ്രവൃത്തി ഏറ്റെടുത്തു. റിവൈസ്ഡ് എസ്റ്റിമേറ്റിൽ പരാമർശിക്കുന്ന കിണർ(ആർ.സി.സി വാൾ ഉൾപ്പെടെ), പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചതായി പ്രാദേശിക പരിശോധനയിൽ കണ്ടു. 2019-20 ൽ ആവിഷ്കരിച്ച പദ്ധതി താഴെ പറയുന്ന വിവിധ കാരണങ്ങളാൽ 31.12.2022 വരെ ദീർഘിപ്പിക്കേണ്ടി വന്നതായി ഫയലിൽ നിന്ന് വ്യക്തമാകുന്നു.

| ക്രമ നം | ദീർഘീകരണം | കാരണം |
|---|---|---|
| 1. | 30.06.2021 | കിണർ കുഴിക്കേണ്ട ഭൂമി സംബന്ധിച്ച പ്രശ്നം |
| 2. | 29.12.2021 | ശക്തമായ മഴയും കോവിഡ് മഹാമാരിയും |
| 3. | 28.04.2022 | പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് PWD യുടെ NOC ലഭ്യമായില്ല. |
| 4. | 30.06.2022 | റോഡ് കട്ടിംഗിന് KRFB യിൽ നിന്ന് അനുമതി ലഭിച്ചില്ല. |
| 5. | 30.09.2022 | --ടി-- |
| 6. | 31.12.2022 | --ടി-- |

കിഴക്കോത്ത് ഗ്രാമ പഞ്ചായത്ത് ഓവർസിയറായ ശ്രീമതി ഷമീമിന്റെ സാന്നിദ്ധ്യത്തിൽ 17.03.2023 ന് പദ്ധതിസ്ഥലം സന്ദർശിച്ചു. സിവിൽ വർക്ക് പൂർത്തിയായിട്ടുണ്ട്. കിണർ നിർമ്മാണം കഴിഞ്ഞതാണ്. കിണറിനു മുകളിൽ പമ്പ് ഹൗസിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. വൈദ്യുതീകരണം പൂർത്തിയായാക്കുകയോ മോട്ടോർ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. ചതുപ്പ് നിറഞ്ഞ സ്ഥലത്ത് കിണർ കുഴിച്ചതിനാൽ കുടിവെള്ളത്തിന്റെ ശുദ്ധിയുടെ കാര്യം വ്യക്തമല്ല.

മേൽ പറഞ്ഞ പട്ടികയിൽ പ്രതിപാദിച്ച ക്രമ നം. 4 ന്റെ അനുമതി ലഭിക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയർ 15.03.2022 KRFB അധികൃതർക്ക് കത്തയച്ചിട്ടുണ്ട്. KRFB എക്സിക്യൂട്ടീവ് എഞ്ചിനീയർ 22.03.2022 ൽ നൽകിയ കത്തിൽ റോഡ് കട്ടിംഗിന്റെ റീസ്റ്റോറേഷൻ പ്രവൃത്തിക്കായുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുകയും ആയത് പ്രകാരം 1,42,370/- രൂപ 4 മാസത്തിനു ശേഷം 02.08.2022ന് അടയ്ക്കുകയും ചെയ്തു. തുടർന്ന് 12.10.2022 ന് KRFBയുടെ അനുമതി ലഭിച്ചു. എസ്റ്റിമേറ്റിലോ റിവൈസ്ഡ് എസ്റ്റിമേറ്റിലോ റോഡ്കട്ടിംഗിന് പ്രൊവിഷൻ വെച്ചതായി കാണുന്നില്ല. മേൽ പദ്ധതി നടപ്പിലാക്കുന്നതിന് KRFB യുടെ എസ്റ്റിമേറ്റ് അനുസരിച്ച് 12,81,334/- രൂപ റോഡ്കട്ടിംഗിനത്തിൽ

അടയ്ക്കുമ്പോൾ പദ്ധതിച്ചെലവ് വളരെ ഉയർന്ന നിലയിലെത്തും. ഭൂജല വകുപ്പിന്റെ 09.02.2021 ലെ റിപ്പോർട്ട് പ്രകാരം ശ്രീ. ഷംസുദ്ദീൻ, മുഴുവാട്ടുശ്ശേരി എന്നവരുടെ സ്ഥലത്ത് കിണർ കുഴിക്കാനാണ് നിർദ്ദേശിച്ചത്. എന്നാൽ കിണർ മറ്റൊരു സ്ഥലത്ത് കുഴിച്ചതിന്റെ കാരണം വ്യക്തമല്ല. ഇപ്പോൾ കിണർ കുഴിച്ച സ്ഥലത്തിന് ഭൂജല വകുപ്പ് നൽകിയ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല. മുൻപ് നിശ്ചയിച്ച സ്ഥാനത്ത് കിണർ കുഴിച്ചിരുന്നുവെങ്കിൽ റോഡ് കട്ടിംഗിനത്തിൽ ഇത്ര ഉയർന്ന ചെലവ് വരുമോ എന്ന കാര്യം വ്യക്തമാക്കേണ്ടതാണ്. 2019-20 ൽ ആരംഭിച്ച കുടിവെള്ള പദ്ധതി 2022-23 സാമ്പത്തിക വർഷാവസാനത്തിലും കുടിവെള്ള വിതരണത്തിന് പ്രയോജനപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് ഒരു ഓഡിറ്റ് അന്വേഷണക്കുറിപ്പ് (62/2021-22/24.03.2023) നിർവ്വഹണോദ്യോഗസ്ഥന് നൽകിയിട്ടുണ്ട്. മേൽ അപാകങ്ങൾക്കുള്ള മറുപടി സമർപ്പിക്കേണ്ടതാണ്.

## 1-25 പാലക്കപറമ്പത്ത് കുടിവെള്ള പദ്ധതി - 2019-20 ൽ ആരംഭിച്ച പദ്ധതി മാർച്ച് 2023 ലും പൂർത്തിയായില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര്, (എം.ബുക്ക് പരിശോധനയ്ക്ക് ലഭിച്ചില്ല) | S0465/22, പാലയ്ക്കാ പറമ്പത്ത് കുടിവെള്ള പദ്ധതി |
| അടങ്കൽ, ഫണ്ടിനം | 25 ലക്ഷം, വികസന ഫണ്ട് |
| ചെലവ്, ബിൽ നം | 5,08,131/-, BRN: 21160152030401516289/ 30.03.2022 (I Part Bill) |
| കരാറുകാരൻ | നൗഷാദ് കെ.കെ. |
| കരാർ നം. | EE/LSGD/77/2020-21(TA)/09.07.2020 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ജില്ലാ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതും 2022-23 ലും സ്പിൽഓവറായി തുടരുന്നതുമായ കാക്കൂർ ഗ്രാമപഞ്ചായത്തിലെ പാലക്കപറമ്പത്ത് കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി ശ്രീ. നൗഷാദ്.കെ.കെ. എന്ന കരാറുകാരൻ 09.07.2020 ൽ കരാർ ഉടമ്പടിയിൽ ഒപ്പ് വെച്ച് ഏറ്റെടുത്തിട്ടുള്ളതാണ്. കിണർ നിർമ്മാണം, വാട്ടർ ടാങ്ക്, പമ്പ് ഹൗസ്, കോംപൗണ്ട് വാൾ, പൈപ്പ് ലൈൻ, പ്ലംബിംഗ് മെയിൻ, ഡിസ്ട്രിബ്യൂഷൻ ലൈൻ എന്നിവയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വർക്ക് ഓർഡർ പ്രകാരം 08.07.2021 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. കരാറുകാരന്റെ 06.07.2021 ലെ അപേക്ഷ പ്രകാരം, കോവിഡ് മഹാമാരിയുടെ പ്രത്യേക സാഹചര്യത്തിൽ പൂർത്തീകരണ കാലാവധി 31.05.2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ദീർഘീകരണത്തിനുള്ള ശുപാർശയിൽ കാക്കൂർ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറും ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ഒപ്പുവെച്ചെങ്കിലും തീയതി രേഖപ്പെടുത്തിയില്ല. 31.05.2022 വരെ സമയം ദീർഘിപ്പിച്ച് നൽകിയതിന് 09.07.2021 ന് ഒരു സപ്ലിമെന്റൽ കരാർ ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും കരാറുകാരനും ഒപ്പുവെച്ചിട്ടുണ്ട്. എന്നാൽ 18.03.2022 തീയതിയിൽ കരാറുകാരൻ സ്റ്റാമ്പ് വേണ്ടറിൽ നിന്നും വാങ്ങിയ മുദ്രപത്രത്തിൽ (നമ്പർ. 1983) 09.07.2021 എന്ന മുൻകാല തീയതിയിൽ ജില്ലാപഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും കരാറുകാരനായ ശ്രീ നൗഷാദ് കെ.കെ. എന്ന വ്യക്തിയും കരാർ ചമച്ചത് ഗുരുതരമായ കൃത്യവിലോപമാണ്. കാക്കൂർ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ 25.11.2021 ൽ കരാറുകാരനയച്ച കത്തിൽ (നം. AE/KKR/DP/03/21-22) പ്രവൃത്തി ആരംഭിക്കാത്തതിനെക്കുറിച്ചും അതിനെതിരെ ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിനെക്കുറിച്ചും അറിയിച്ചിട്ടുണ്ട്. ഇതേ വിഷയം ഉന്നയിച്ചുകൊണ്ട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ 24.01.2022 ലും കരാറുകാരന്

കത്തെഴുതിയിരുന്നു. 09.07.2021 ന് തന്നെ പദ്ധതിയുടെ പൂർത്തീകരണ തീയതി 31.05.2022 വരെ ദീർഘിപ്പിച്ചത് യഥാവിധി ആയിരുന്നെങ്കിൽ ഇതിനിടയിലുള്ള കാലയളവിൽ കരാറുകാരന് മേൽ സൂചിപ്പിച്ച കത്തുകളയക്കേണ്ട ആവശ്യകതയില്ലായിരുന്നു. ആയതിൽ നിന്നും കരാറുകാരൻ ദീർഘീകരണത്തിന് യഥാസമയം അപേക്ഷ നൽകിയില്ലെന്ന് വ്യക്തമാണ്.

18.03.2023 ന് കാക്കൂർ ഗ്രാമ പഞ്ചായത്ത് മെമ്പർ ശ്രീമതി. ഷീബയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഓഡിറ്റ് സംഘം നടത്തിയ പ്രാദേശിക പരിശോധനയിൽ കിണർ, വാട്ടർ ടാങ്കിനുള്ള പ്ലാറ്റ്ഫോം എന്നിവ നിർമ്മിച്ചതായി കണ്ടു. 5000 ലിറ്ററിന്റെ രണ്ട് പി.വി.സി. ടാങ്ക് പ്ലാറ്റ്ഫോമിന് അടുത്തായി സൂക്ഷിച്ചിട്ടുണ്ട് (എസ്റ്റിമേറ്റ് പ്രകാരം കോൺക്രീറ്റ് ടാങ്ക് ആണ് സ്ഥാപിക്കേണ്ടിയിരുന്നത്). സമീപത്തായി 75 Mm ന്റെ കുറച്ച് "ശക്തിമാൻ" പൈപ്പുകൾ കൂട്ടിയിട്ടിട്ടുണ്ട്. പമ്പിംഗ് മെയിനിന്റെയും ഡിസ്ട്രിബ്യൂഷൻ ലൈനിന്റെയും പ്രവൃത്തി പുരോഗമിച്ചു വരുന്നു. എന്നാൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട പമ്പ് ഹൗസ്, കോംപൗണ്ട് വാൾ എന്നിവയുടെ നിർമ്മാണം ആരംഭിച്ചില്ല. ഭൂജല വകുപ്പിന്റെ 09.01.2020 ലെ റിപ്പോർട്ട് പ്രകാരം കിണറിന്റെ വശങ്ങൾ ചെങ്കല്ല് കൊണ്ട് ബലപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് കോൺക്രീറ്റ് ചെയ്തതായാണ് പരിശോധനയിൽ കണ്ടത്.

ജില്ലാപഞ്ചായത്തിന്റെ തന്നെ 2022-23 ൽ ഉൾപ്പെട്ട മേൽ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ശ്രീ. മൊയ്തീൻകോയ എന്ന കരാറുകാരൻ ഉടമ്പടി വെച്ചിട്ടുണ്ടെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ 30.11.2022 ന് കരാറുകാരനെഴുതിയ കത്തിൽ നിന്നും വ്യക്തമാകുന്നു. പുതിയ പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ആദ്യ ഘട്ടത്തിലെ പ്രവൃത്തി പൂർത്തിയാക്കേണ്ടതുണ്ടെന്നും പ്രവൃത്തി ആരംഭിച്ച് മൂന്ന് ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാനും കരാറുകാരനായ ശ്രീ നൗഷാദിനോട് പ്രസ്തുത കത്തിൽ ആവശ്യപ്പെടുന്നുണ്ട്. അതായത് 08.07.2021 ൽ പൂർത്തീകരിക്കേണ്ട പ്രവൃത്തി 30.11.2022 ലും ആരംഭിക്കാതിരുന്നതിന് ചട്ട പ്രകാരമുള്ള യാതൊരു നടപടിയും ടിയാനെതിരെ സ്വീകരിച്ചില്ല.

പ്രോജക്ടുകൾ സമഗ്രമായ രീതിയിൽ ആവിഷ്കരിക്കാതെ വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കാൻ മറ്റൊരു കരാറുകാരനെ ഏൽപിക്കുവാനുണ്ടായ സാഹചര്യം വ്യക്തമല്ല. മോട്ടോർ സ്ഥാപിക്കുന്നതിനുള്ള തുക 2019-20 ലെ എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടില്ല. പ്രാരംഭ ഘട്ടത്തിലുള്ള പ്രവൃത്തിപോലും മാർച്ച് 2023 ലും പൂർത്തികരിക്കാത്തതിനാലും 2022-23 ൽ അനുബന്ധ പ്രവൃത്തികൾക്കുള്ള പ്രോജക്ട് ആവിഷ്കരിച്ചതിനാലും പ്രസ്തുത പ്രോജക്ട് എസ്റ്റിമേറ്റിൽ മോട്ടോർ സ്ഥാപിക്കുന്നതിനുള്ള ഫണ്ട് വകയിരുത്താതിനാലും കുടിവെള്ള പദ്ധതിയുടെ പ്രയോജനം യഥാസമയം ഗുണഭോക്താക്കൾക്ക് ലഭിക്കാത്ത അവസ്ഥയാണുള്ളത്. ഇതു സംബന്ധിച്ച് ഒരു ഓഡിറ്റ് അന്വേഷണക്കുറിപ്പ് (59/2021-22 /22.03.2023) നിർവ്വഹണോദ്യഗസ്ഥന് നൽകിയിട്ടുണ്ട്. മേൽ അപാകങ്ങൾക്കുള്ള മറുപടി സമർപ്പിക്കേണ്ടതാണ്.

1-26 ചെറിയ വീട്ടിൽ കുടിവെള്ള പദ്ധതി - പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും കുടിവെള്ളവിതരണം തുടങ്ങിയില്ല - നിർവഹണത്തിൽ അവ്യക്തത

| | |
|---|---|
| പ്രോജക്ട് നം, പേര് | S0256/22 ചെറിയ വീട്ടിൽ കുടിവെള്ള പദ്ധതി |
| അടങ്കൽ, ഫണ്ടിനം | 17 ലക്ഷം രൂപ, (വികസന ഫണ്ട്) |
| ചെലവ്, ബിൽ നം, | 14,02,720/-, BRN: 211601520304009381/ 13.01.2022, 751/19-20, 756/19-20 |

| | |
|---|---|
| കരാറുകാരൻ | അഷ്റഫ് കെ.കെ. |
| കരാർ നം. | EE/LSGD/305/2020-21 (TA)/26.02.2021 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 17 ലക്ഷം രൂപ വകയിരുത്തി വിതരണ പൈപ്പ് ലൈൻ, മോട്ടോർ എന്നിവ സ്ഥാപിക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. നെഗോസിയേഷൻ ക്വട്ടേഷൻ പ്രകാരം പേരാമ്പ്ര ഗ്രാമ പഞ്ചായത്തിലെ ഉണ്ണിക്കുന്ന് എന്ന സ്ഥലത്ത് എസ്റ്റിമേറ്റ് നിരക്കിൽ (17 ലക്ഷം രൂപ) ശ്രീ. അഷറഫ് കെ.കെ.എന്ന കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തു നടത്തി. എസ്റ്റിമേറ്റ് പ്രകാരമുള്ള, രണ്ടാം ഘട്ട പ്രവൃത്തിയായ വിതരണ പൈപ്പ് ലൈൻ, പമ്പ് സെറ്റ് എന്നിവ സ്ഥാപിച്ചതായി 18.03.2023 ന് പേരാമ്പ്ര ഗ്രാമ പഞ്ചായത്ത് ജീവനക്കാരന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ ബോധ്യപ്പെട്ടു. പ്രവൃത്തി 05.8.2021 ൽ സിവിൽ വർക്ക് പൂർത്തീകരിച്ചതായി പേരാമ്പ്ര ഗ്രാമ പഞ്ചായത്ത് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 19 മാസത്തിനു ശേഷവും കുടിവെള്ള വിതരണം ആരംഭിച്ചിട്ടില്ല.

ബി.പി.സി.എൽ 26 ലക്ഷം രൂപയുടെ സി.എസ്.ആർ ഫണ്ട് ഉപയോഗപ്പെടുത്തി ഇതേ പേരിലുള്ള കുടിവെള്ള പദ്ധതി പൂർത്തീകരിച്ചതായി ഒരു ബോർഡ് (അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി.) എന്ന പേരിൽ പദ്ധതി സ്ഥലത്ത് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിവരങ്ങളടങ്ങിയ ബോർഡ് പ്രസ്തുത സ്ഥലത്ത് ജില്ലാ പഞ്ചായത്ത് സ്ഥാപിച്ചതായി കണ്ടില്ല. കിണറിന് മുകളിലായി രണ്ട് പമ്പ് ഹൗസുകൾ സ്ഥാപിച്ചിട്ടുണ്ട്. രണ്ട് പദ്ധതിക്കും ഒരേ കിണറാണ് ഉപയോഗപ്പെടുത്തുന്നതെങ്കിലും കുടിവെള്ള വിതരണം ഏതൊക്കെ മേഖലകളിലാണെന്ന് വ്യക്തമല്ല. കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ വികസനഫണ്ടുപയോഗിച്ച് നടത്തിയ ചെറിയ വീട്ടിൽ കുടിവെള്ളപദ്ധതി തന്നെ, ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡിന്റെ CORPORATE SOCIAL RESPONSIBILITY FUND ഉപയോഗിച്ച് പേരാമ്പ്ര ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തുന്നതിന് തെരഞ്ഞെടുത്ത സാഹചര്യം വ്യക്തമല്ല. രണ്ട് ഫണ്ടുകളും വ്യത്യസ്ത പ്രൊജക്റ്റുകൾക്ക് വേണ്ടി ഉപയോഗിക്കുന്നതായിരുന്നു അഭികാമ്യം എന്ന് ഓഡിറ്റ് കരുതുന്നു. ബി.പി.സി.എൽ ന്റെ സി.എസ്.ആർ ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റിലും ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയ എസ്റ്റിമേറ്റിലും ഒരേ ഇനങ്ങൾ ഉൾപ്പെട്ടിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും മേൽ പറഞ്ഞ മറ്റ് അപാകങ്ങൾക്കുള്ള മറുപടി സമർപ്പിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് ഒരു ഓഡിറ്റ് അന്വേഷണക്കുറിപ്പ് (61/2021-22/23.03.2023) നിർവ്വഹണോദ്യോഗസ്ഥന് നൽകിയിട്ടുണ്ട്.

## 1-27 ഭൂജല വകുപ്പ് നിർദ്ദേശിച്ച ആഴത്തിൽ കിണർ കുഴിച്ചില്ല – വെള്ളിയോട് ചാലിൽ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | S0269/22 വെള്ളിയോട്ട ചാലിൽ കുടിവെള്ള പദ്ധതി |
| അടങ്കൽ, ഫണ്ടിനം | 25 ലക്ഷം, വികസന ഫണ്ട് |
| ചെലവ്, ബിൽ നം | 10,87,315/-, BRN: 18160152030401462500/ 22.03.2019<br>1,50,644/- BRN : 20160152030401268726/17.03.2021<br>10,77,190/- BRN : |
| കരാറുകാരൻ | അഷ്റഫ് കെ.കെ. |
| കരാർ നം. | EE/LSGD/19/2018(TA)/ 19.04.2018 |
| സാങ്കേതികാനുമതി നം, | EE/LSGD/ TS/ 87733/2017-18/14.11.2017 |

പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ വെള്ളിയോട് ചാലിൽ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ജില്ലാ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതാണ്

മേൽ കുടിവെള്ള പദ്ധതി. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 4 മീറ്റർ വ്യാസത്തിലും 10 മീറ്റർ താഴ്ചയിലുമായി ഒരു കിണർ നിർമ്മിക്കുന്നതിനും മോട്ടോർ, ടാങ്ക്, പൈപ്പ് ലൈനുകൾ എന്നിവ സ്ഥാപിക്കുന്നതിനുമാണ് പദ്ധതിയിട്ടിരുന്നത്. 29.03.2021 ൽ പ്രസ്തുത പദ്ധതി പൂർത്തീകരിച്ചു.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യഗസ്ഥനായി കോഴിക്കോട് ജില്ലാപഞ്ചായത്ത് നടപ്പിലാക്കിയ വെള്ളിയോട് ചാലിൽ കുടിവെള്ള പദ്ധതി പ്രദേശം 18.03.2023 ന് ഗ്രാമപഞ്ചായത്ത് ജീവനക്കാരന്റെയും പരിസരവാസിയായ ശ്രീ. കരുണാകരന്റെയും സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം പരിശോധിച്ചു. കിണറിന്റെ പടിഞ്ഞാറ് ഭാഗം ഇടിഞ്ഞിരിക്കുന്ന അവസ്ഥയിലാണുള്ളത്. അര മണിക്കൂർ തുടർച്ചയായി വെള്ളം പമ്പ് ചെയ്യുമ്പോൾ തന്നെ കിണറിലെ വെള്ളം വറ്റിപോകുന്ന അവസ്ഥയാണ് നിലവിലുള്ളതെന്ന് പരിശോധന സമയത്ത് പരിസരവാസിയായ പമ്പ് ഓപ്പറേറ്റർ വ്യക്തമാക്കി. നൂറിൽപരം ഗുണഭോക്താക്കളുള്ള ഈ പദ്ധതിക്ക് ഇത്തരമൊരു സംവിധാനം തികച്ചും അപര്യാപ്തമാണ്. ഭൂജല വകുപ്പിന്റെ 07.11.2017 ലെ റിപ്പോർട്ടിൽ (നം. ജി.ഡബ്ല്യു/ കെ.കെ.ഡി/ടി-2899/2017). കിണറിന്റെ ആഴം 5.50 മീറ്ററായി നിശ്ചയിച്ചിരുന്നു. എസ്റ്റിമേറ്റ് പ്രകാരം 10 മീറ്ററായും ഭൂജലവകുപ്പിന്റെ റിപ്പോർട്ട് പ്രകാരം 5.50 മീറ്ററുമായാണ് കിണറിന്റെ ആഴം നിശ്ചയിച്ചതെങ്കിലും എം.ബുക്ക് നം. 156/17-18പ്രകാരം (പേജ് നം. 2,9 & 18, 63) 7.50 മീറ്റർ താഴ്ചയിൽ കിണർ കുഴിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ കിണറിന് ഏതാണ്ട് 4.50 മീറ്റർ മാത്രമാണ് ആഴമുള്ളതെന്ന് പരിശോധനയിൽ കാണുന്നു. ഭൂജല വകുപ്പ് നിർദ്ദേശിച്ചതിൽ നിന്നും വ്യത്യസ്തമായി ആഴം കുറച്ച് കിണർ നിർമ്മിച്ചതാണ് കുടിവെള്ള പ്രതിസന്ധിക്ക് കാരണമായത്. കിണറിന്റെ ആഴം 5.50 മീറ്ററിൽ കുറവായ സാഹചര്യത്തിൽ നിർമ്മാണത്തിന്റെ ഡിഫക്ട്സ് ലേബിലിറ്റി പിരീഡ് കഴിഞ്ഞില്ലെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ കിണറിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കിണറിന്റെ യഥാർത്ഥ ആഴം അളന്ന് തിട്ടപ്പെടുത്തി, എം.ബുക്ക് പ്രകാരം രേഖപ്പെടുത്തിയ അളവും തമ്മിലുള്ള അന്തരം കണക്കാക്കുകയും ആയതു പ്രകാരം അധികം നൽകിയ തുക കരാറുകാരനിൽ നിന്ന് ഈടാക്കി വിശദാംശം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. പദ്ധതി പൂർത്തീകരിച്ച് ഒരു വർഷം കഴിയുന്നതിനു മുൻപെ കിണറിന്റെ പടിഞ്ഞാറു ഭാഗം ഇടിഞ്ഞു പോയതിനും ഭൂജലവകുപ്പിന്റെ റിപ്പോർട്ടിനനുസൃതമല്ലാതെ കിണർ കുഴിച്ചതിനും കരാറുകാരനെതിരെ ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതും മെഷർമെന്റ്/ ചെക്ക് മെഷർമെന്റ് ചെയ്യുന്ന അവസരത്തിൽ മേൽ പറഞ്ഞ വ്യതിയാനം ശ്രദ്ധയിൽപ്പെടാതെ പോയതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഒരു ഓഡിറ്റ് അന്വേഷണക്കുറിപ്പ് (60/2021-22/22.03.2023) നിർവ്വഹണോദ്യഗസ്ഥന് നൽകിയിട്ടുണ്ട്.

### 1-28 ഡപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണ സർട്ടിഫിക്കറ്റ്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല

ഓഡിററ് വർഷം എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വിവിധ നിർമ്മാണ പ്രവൃത്തികൾക്കായി ചുവടെ ചേർത്ത പ്രകാരം നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നിർവ്വഹണ ഏജൻസി | ഡപ്പോസിറ്റ് തുക | ബിൽ റഫറൻസ് നം./തീയതി |
|---|---|---|---|---|
| 1 | S0645/22 - മാമ്പൊയിൽ മുക്ക് മൊകേരി ഗവ. കോളേജ് റോഡ് - രണ്ടാം ഘട്ടം | കുററ്യാടി ഇറിഗേഷൻ പ്രൊജക്ട്, പേരാമ്പ്ര ഡിവിഷൻ | 26,00,000 | 21160152030401347602/ 16/3/22 |
| 2 | S0519/22 - എടക്കര സൈഫൺ വള്ളിക്കാട്ട്കാവ് | കുററ്യാടി ഇറിഗേഷൻ | 27,50,000 | 21160152030401377041/ 19/3/22 |

| | | | | |
|---|---|---|---|---|
| | കനാൽ റോഡ് – തലക്കുളത്തൂർ | പ്രൊജക്ട്, പേരാമ്പ്ര ഡിവിഷൻ | | |
| 3 | S0385/22 – കള്ളാട് അടുക്കത്ത് ഒറവിൽ റോഡ് മരുതോങ്കര (ഇറിഗേഷൻ റോഡ്) | കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ട്, പേരാമ്പ്ര ഡിവിഷൻ | 33,00,000 | 21160152030401405571/ 22/3/22 |
| 4 | S0308/22 – നഗരസഞ്ചയ പ്രവൃത്തി – വിഷ്ണുമംഗലം പുഴയിൽ മണ്ണെടുത്ത് പുനരുജ്ജീവിപ്പിക്കൽ | മൈനർ ഇറിഗേഷൻ ഡിവിഷൻ, കോഴിക്കോട് | 30,00,000 | ചെക്ക് നം. XY -6006592 തീയതി 6/11/21 |
| 5 | S0848/22 – ചുഴലിക്കര വിസിബി രണ്ടാം ഘട്ടം (മൈനർ ഇറിഗേഷന് അധിക തുക നൽകൽ) | മൈനർ ഇറിഗേഷൻ ഡിവിഷൻ, കോഴിക്കോട് | 6,50,000 | 21160152030401500182/ 27/3/22 |
| 6 | S0183/22 – ചുഴലിക്കര വിസിബി രണ്ടാം ഘട്ടം (മൈനർ ഇറിഗേഷൻ) | മൈനർ ഇറിഗേഷൻ ഡിവിഷൻ, കോഴിക്കോട് | 19,50,000 | ലഭ്യമല്ല |
| 7 | S0846/22–നാദാപുരം വി.സി.ബി രണ്ടാം ഘട്ടം | മൈനർ ഇറിഗേഷൻ ഡിവിഷൻ, കോഴിക്കോട് | 7,00,000 | 21160152030401499881/ 27/3/22 |
| 8 | S082/22 – നാദാപുരം വി.സി.ബി രണ്ടാം ഘട്ടം | മൈനർ ഇറിഗേഷൻ ഡിവിഷൻ, കോഴിക്കോട് | 28,00,000 | ലഭ്യമല്ല |
| | | ആകെ | 1,77,50,000 | |

മേൽ പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. നിർവ്വഹണ ഏജൻസിയുമായി കരാറിലേർപ്പെട്ടതിന് ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ എന്ന് സ.ഉ.(കൈ)നം. 11/18 ത.സ്വ.ഭ.വ തീയതി 29.1.2018 പ്രകാരമുള്ള പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 11.2(ഡി)(ii) ൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഏജൻസികളുമായി കരാറിലേർപ്പെടാതെയാണ് തുക കൈമാറിയിട്ടുള്ളത്.
2. നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ പൂർത്തീകരണ സർട്ടിഫിക്കറ്റ്, തുകയുടെ വിനിയോഗ സാക്ഷ്യ പത്രം എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
3. മേൽ സൂചിപ്പിച്ച പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 11.2(ഡി)(iv) പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർനടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ ഉപയോഗവും പ്രൊജക്ട് നിർവഹണവും സംബന്ധിച്ച് മോണിട്ടറിംഗ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടത്തേണ്ടതാണെന്ന് ഡി.എ1/881/18/ത.സ്വ.ഭ.വ

തീയതി 28.12.2018 നം. സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ 56/2021-22/21.3.2023നം. അന്വേഷണക്കുറിപ്പിന് മറുപടി സമർപ്പിച്ചിട്ടില്ല. മറുപടിയുടെ അഭാവത്തിൽ 1,77,50,000രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

1-29 ധന്വന്തരി ട്രസ്റ്റ് സ്ഥാപിച്ച് 9 വർഷത്തിനു ശേഷവും സർക്കാർ അനുമതി ലഭിച്ചില്ല – അനുമതിയുടെ അഭാവത്തിലും ജില്ലാ പഞ്ചായത്ത് 30 ലക്ഷം രൂപ ട്രസ്റ്റിന് കൈമാറി.

വടകര ജില്ലാ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഡോക്യുമെന്റ് നം. 278/2013 ആയി കോഴിക്കോട് സബ് രജിസ്റ്റർ ഓഫീസിൽ രജിസ്റ്റർ ചെയ്താണ് ധന്വന്തരി ഡയാലിസിസ് നിധി ഒരു ട്രസ്റ്റ് ആയി പ്രവർത്തിച്ചു വരുന്നത്. ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായും ജില്ലാപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ചീഫ് കോർഡിനേറ്ററായും ബഹു. വടകര പാർലമെന്റ് അംഗം ചീഫ് പേട്രൺ, ബഹു. വടകര എം.എൽ.എ വൈസ് ചീഫ് പേട്രൺ ആയും ജില്ലാ ആശുപത്രി സൂപ്രണ്ട് ജനറൽ കൺവീനറുമായുള്ള ഒരു ഭരണസമിതിയാണ് ട്രസ്റ്റിനുള്ളത്. വടകര ജില്ലാ ആശുപത്രിക്ക് സമീപം, ആരോഗ്യവകുപ്പിന്റെ കൈവശത്തിലുള്ള 12.56 സെന്റ് സ്ഥലത്താണ് നിലവിൽ ധന്വന്തരി ഡയാലിസിസ് കേന്ദ്രം പ്രവർത്തിക്കുന്നത്.

കോഴിക്കോട് ജില്ലയിലെ പ്രത്യേകിച്ചും വടകര താലൂക്കിലെ നിരവധി വൃക്കരോഗികൾക്ക് വളരെയധികം ആശ്വാസകരവും ആരോഗ്യരംഗത്ത് മാതൃകാപരമായ പ്രവർത്തനം ലക്ഷ്യമാക്കി രൂപീകരിച്ചതുമാണ് ധന്വന്തരി ഡയാലിസിസ് നിധി. അതിൻ പ്രകാരം തന്നെ നിരവധി വൃക്കരോഗികൾക്ക് ഈ സംരംഭം നല്ലരീതിയിൽ ഉപകാരപ്പെടുന്നുണ്ടെന്ന് കഴിഞ്ഞ നാല് വർഷങ്ങളിലായി ഈ കേന്ദ്രത്തിൽ ഡയാലിസ് നടത്തിയതിന്റെ എണ്ണം പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | ആകെ രോഗികളുടെ എണ്ണം | ആകെ ചെയ്ത ഡയാലിസിസ് |
|---|---|---|
| 2019 | 108 | 8860 |
| 2020 | 111 | 8538 |
| 2021 | 130 | 8303 |
| 2022 (09.12.2022 വരെ) | 187 | 8584 |

ട്രസ്റ്റ് രജിസ്റ്റർ ചെയ്ത് ആയതിന്റെ നിയമാവലി അംഗീകരിക്കുവാനും പ്രവർത്തനം തുടരുവാനുമുള്ള അനുമതിക്കായി വടകര ജില്ലാ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി സെക്രട്ടറി 22.04.2014 ലും കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ 28.04.2014 ലും സംസ്ഥാന സർക്കാറിനോട് അപേക്ഷിച്ചിരുന്നു. എന്നാൽ 9 വർഷത്തിനു ശേഷവും സർക്കാരിൽ നിന്ന് യാതൊരു മറുപടിയും ലഭിച്ചില്ല. സർക്കാരിൽ നിന്ന് അന്തിമ ഉത്തരവ് ലഭിക്കുന്നതു വരെ ട്രസ്റ്റിന്റെ ജനറൽ കൺവീനറായി ആശുപത്രി സൂപ്രണ്ടിനെയും ട്രഷററായി ലേ-സെക്രട്ടറിയെയും (Lay Secretary) പ്രഫഷണൽ കോർഡിനേറ്ററായി മെഡിസിൻ വിഭാഗം തലവനെയും ഉൾപ്പെടുത്തി ട്രസ്റ്റ് പ്രവർത്തിപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ ഉത്തരവായിട്ടുണ്ട് (നം. എം.എച്ച്3/32022/14 തീയതി. 30.04.2014). സർക്കാർ അനുമതിക്കായി 2014 ൽ കത്തയച്ചെങ്കിലും 9 വർഷത്തിനു ശേഷവും ട്രസ്റ്റിന് അംഗീകാരം ലഭിക്കുകയോ അനുമതി ലഭിക്കുന്നതിനായി ബന്ധപ്പെട്ടവർ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല. ഡയാലിസിസ് യൂണിറ്റിലേക്ക് കൺസ്യൂമബിൾസ് വാങ്ങുന്നതിന് ജില്ലാപഞ്ചായത്ത് 2021-22 വർഷം മാത്രം 30 ലക്ഷം രൂപ നിധിയിലേക്ക് കൈമാറിയിട്ടുണ്ട്. ജില്ലാ ആശുപത്രിക്ക് കീഴിലല്ലാത്തതും നിലവിൽ പ്രത്യേക ട്രസ്റ്റ് ആയി പ്രവർത്തിക്കുന്നതുമായ ധന്വന്തരി ഡയാലിസിസ് നിധിക്ക് ജില്ലാപഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കൺസ്യൂമബ്ൾസ് വാങ്ങുന്നതുൾപ്പെടെയുള്ള ധനസഹായം ലഭിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമുണ്ട്. എന്നാൽ ട്രസ്റ്റിന്റെ നിയമാവലിയിൽ തുടർ

പ്രവർത്തന ചെലവിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഒരു ധനസ്രോതസ്സായി ഉൾപ്പെടുത്തിയതിന്റെ വിവരമോ ആയതിന്റെ അടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള സർക്കാർ ഉത്തരവോ ലഭ്യമാക്കിയില്ല.

2021-22 വർഷത്തെ വരവ് ചെലവ് കണക്ക് പ്രകാരം നിധിയുടെ പ്രധാന വരവായി കാണിച്ചിരിക്കുന്നത് ജില്ലാപഞ്ചായത്ത് പദ്ധതി വിഹിതം, സ്നേഹസ്പർശത്തിൽ നിന്നുള്ള സഹായം, നിക്ഷേപത്തിൽ നിന്നുള്ള പലിശ എന്നിവയാണ്. നിധിയുടെ ആകെ തൻവർഷ വരവായ 73.69 ലക്ഷം രൂപയിൽ 30 ലക്ഷം രൂപ ജില്ലാപഞ്ചായത്തിൽനിന്ന് അനുവദിച്ച തുകയും 15.03 ലക്ഷം രൂപ സ്നേഹസ്പർശത്തിൽ നിന്നുള്ള ധനസഹായവുമാണ് (സ്നേഹസ്പർശം പദ്ധതിക്ക് പ്രോജക്ട് നം. S0021/22 പ്രകാരം 35ലക്ഷം രൂപ ജില്ലാപഞ്ചായത്ത് തൻവർഷം അനുവദിച്ചിട്ടുണ്ട്). പൊതുപണം ഉപയോഗിച്ചുള്ള ട്രസ്റ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുന്നതിനും 1994 ലെ ലോക്കൽഫണ്ട് ഓഡിറ്റ് ആക്ട്, വകുപ്പ് 5 പ്രകാരം മേൽ സ്ഥാപനത്തെ ഓഡിറ്റിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 53/2021-22/16.03/2023) മറുപടി ലഭ്യമാക്കിയില്ല. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-30 വടകര ജില്ലാ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ -തുക മുൻകൂറായി അടച്ചെങ്കിലും 25,97,224/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല

| പ്രൊജക്ട് നമ്പർ | പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ | തിയ്യതി |
|---|---|---|---|---|---|
| എസ്.0040/22 | വടകര ജില്ലാ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ (New) | 45,00,000/- മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 45,00,000/ | | |

നിർവ്വഹണ ഉദ്യോഗസ്ഥൻ - സൂപ്രണ്ട് ജില്ലാ ആശുപത്രി, (അലോപ്പതി)

കോഴിക്കോട് ജില്ലാ പഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിൽ മേൽ പ്രൊജക്ട് പ്രകാരം 45,00,000/- രൂപ വകയിരുത്തിയിട്ടുള്ളതാണ്. ആശുപത്രി സൂപ്രണ്ടിന്റെ 13/01/2022 ലെ സി.3/279/22 ഓഫീസ് കുറിപ്പ് പ്രകാരം, സ്റ്റോർ സൂപ്രണ്ട് തയ്യാറാക്കിയ മരുന്നുകളുടെ പട്ടികയനുസരിച്ച് 44,99,997.62 രൂപയ്ക്കുള്ള 92 ഇനം മരുന്നുകളുടെ പട്ടിക തയ്യാറാക്കി. ജില്ലാ പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 17.01.2022 ലെ 5/22 നമ്പർ തീരുമാന പ്രകാരം 45,00,000/- രൂപയുടെ പ്രൊഫോമ ഇൻവോയ്സിന് അംഗീകാരം ലഭിക്കുകയും ചെയ്തു. ആശുപത്രി സൂപ്രണ്ടിന്റെ 15.01.2022 ലെ സി.3/279/22 നമ്പർ പ്രകാരം 92 ഇനം മരുന്നുകളുടെ പ്രൊഫോർമ ഇൻവോയ്സ് ലഭ്യമാക്കുന്നതിന് കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിനു (KMCSL) കത്തും നൽകി. എന്നാൽ കെ.എം.എസ്.സി.എൽ.ന്റെ 22.012022 ലെ പി.ആർ.എഫ്. 5001 നമ്പർ കത്ത് പ്രകാരം 44,00,196/ രൂപയുടെ 84 ഇനം മരുന്നുകളുടെ പ്രൊഫോർമയാണ് ലഭിച്ചത്.

ആയതിന്റെ അടിസ്ഥാനത്തിലാണ് മരുന്നിന്റെ വിലയായ 2020-21 വർഷം ഫണ്ടിന്റെ അപര്യാപ്തത കാരണം പ്രൊജക്ട് നം.എസ്.ഒ. 260/2021 പ്രകാരം 4400196/ രൂപയും അനുവദിച്ചത്. (യു.ടി.ആർ. നം. RBI0432205617022, P UNB0362400,A/c No 3624001800000019)

മരുന്നുകളുടെ വിതരണം സംബന്ധിച്ച് കെ.എം.എസ്.സി.എൽ മാനേജിംഗ് ഡയറക്ടർ, വടകര ജില്ലാ ആശുപത്രി സൂപ്രണ്ടിനയച്ച കത്തിലെ നിബന്ധനകളിൽ ഡിമാന്റ് ഡ്രാഫ്റ്റ് ലഭിച്ച് 15 ദിവസത്തിനുള്ളിൽ മരുന്നുകൾ ലഭ്യമാക്കുമെന്നാണ് പറയുന്നത്. എന്നാൽ ഓഡിറ്റ് തിയ്യതിയിലും (08.12.2022) 1802972/- രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിരിക്കുന്നത്. 25,97,224/-(4400196-1802972) രൂപയുടെ മരുന്ന് ഇനിയും ലഭിക്കാൻ ബാക്കിയുണ്ട്. മുൻകൂറായി മുഴുവൻ തുകയും നൽകിയിട്ടും

യഥാസമയം മരുന്നുകൾ ലഭിക്കാത്തതിനാൽ, രോഗികൾക്ക് ആവശ്യമായ ഘട്ടത്തിൽ മരുന്ന് ലഭ്യമാകാതെ പോകുന്നു. വലിയ കാലതാമസമാണ് കെ.എം.എസ്.സി.എൽ. ഇക്കാര്യത്തിൽ വരുത്തുന്നത്. അവശ്യമരുന്നുകൾ അത്യാവശ്യ ഘട്ടങ്ങളിൽ ലഭിക്കാത്തതിനാൽ പലപ്പോഴും മരുന്നുകൾ പാഴായിപ്പോകുന്ന സ്ഥിതിവിശേഷമാണുള്ളത്.

മരുന്നുകൾ ലഭിക്കാതിരുന്നാൽ ഉടൻ തന്നെകെ.എം.എസ്.സി.എൽ. ന്റെ ആസ്ഥാന കാര്യാലയവുമായി ബന്ധപ്പെടേണ്ടതാണെന്ന് മാനേജിംഗ് ഡയറക്ടറുടെ കത്തിലെ നിബന്ധനകളിൽ പറയുന്നുണ്ട്. ആയത് പ്രകാരം അടിയന്തിരമായി തുടർ നടപടികൾ സ്വീകരിച്ച് മുഴവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 55 / 2021-22 തി. 16.03.2023 ന മറുപടി ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭിക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. 25,97,224 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

1-31 സെക്യൂരിറ്റി ഡപ്പോസിറ്റിൽ നിന്നുള്ള പലിശ കെ.എസ്.ഇ.ബി ബില്ലിൽ ക്രമീകരിച്ചില്ല.

വടകര ജില്ലാ ആശുപത്രിയിലെ 1166237016134 കൺസ്യൂമർ നമ്പറിലുള്ള കണക്ഷന് കെ.എസ്.ഇ.ബി നൽകിയ ഡിമാന്റ് നോട്ടീസിൽ ജൂലൈ 2021 ലെ വൈദ്യുതി ചാർജ്ജ് 1,50,913 രൂപയാണ് (ബിൽ നം. 6623210700933 തീയതി. 01.07.2021). പ്രസ്തുത തുക 19.07.2021 ൽ വൈദ്യുതി ബോർഡിൽ അടച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി യുടെ ഡിമാന്റ് നോട്ടീസിലെ റിമാർക്സ് കോളത്തിൽ രേഖപ്പെടുത്തിയത് പ്രകാരം സെക്യൂരിറ്റി നിക്ഷേപത്തിന്റെ പലിശയിനത്തിൽ 13,596 രൂപ റീഫണ്ട് ചെയ്യുന്നതായും പറയുന്നു. ഈ തുക കെ.എസ്.ഇ.ബിയുടെ ഇതേ ഡിമാന്റ് നോട്ടീസിലോ തുടർന്നുള്ള മാസങ്ങളിൽ നൽകിയ മറ്റ് ഡിമാന്റ് നോട്ടീസുകളിലോ ക്രമീകരിച്ചതായി കാണുന്നില്ല. വിഷയം കെ.എസ്.ഇ.ബി അധികൃതരുമായി ബന്ധപ്പെട്ട് പരിഹാര നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വടകര ജില്ലാ ആശുപത്രിയിലെ ആവർത്തന ചെലവിൽ ബിൽ നം. 4/02.03.2022 പ്രകാരം 20,24,450 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ തുകയ്ക്ക് അനുസൃതമായി വൗച്ചറിനോടൊപ്പം തയ്യാറാക്കിയ പത്രികയിൽ ക്രമ നം. 137 ആയി 17,128 രൂപയുടെ വൈദ്യുതി ചാർജ്ജുൾപ്പെടെ 20,24,450 രൂപയുടെ ചെലവ് കാണിച്ചിട്ടുണ്ട്. എന്നാൽ 17,128 രൂപയ്ക്ക് കെ.എസ്.ഇ.ബി നൽകിയ ബിൽ, രസീതി എന്നിവ പരിശോധനയ്ക്ക് ലഭിച്ചില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 52/2021-22 /16.03/2023) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകങ്ങൾക്ക് രേഖകൾ സഹിതം മറുപടി നൽകേണ്ടതാണ്.

1-32 ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളുകളുടെ വൈദ്യുതി ചാർജ് അടയ്ക്കൽ - സ്കൂളുകളിൽ നിലവിലുള്ള സോളാർ പാനലുകളെല്ലാം പ്രവർത്തനക്ഷമമാണോ എന്നത് വ്യക്തമല്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നം, പേര് | S00671/22, ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളുകളുടെ ഇലക്ട്രിസിറ്റി ചാർജ് അടവാക്കൽ |
| അടങ്കൽ, ഫണ്ടിനം | 7,00,000/- സംരക്ഷണഗ്രാന്റ് (റോഡിതരം) |
| ചെലവ് | BRN 21160152000400594016/1.11.21 - 1,59,780<br>BRN 21160152000400924322/10.1.22 - 29,311<br>BRN 21160152000401175774/22.2.22 - 1,84,103 |

| | |
|---|---|
| | BRN 21160152000401270793/8.3.22 - 1,44,641<br>BRN 21160152000401400945/21.3.22 - 1,19,621<br>BRN 21160152000401469163/26.3.22 - 28,755<br>6,66,211 |

മേൽ പ്രൊജക്റ്റ് പ്രകാരം 2021-22 വർഷം വൈദ്യുതി ചാർജിനത്തിൽ കെ സ് ഇ ബി യിൽ അടയ്ക്കുന്നതിനായി 4,49,342രൂപ വിവിധ കാലയളവിൽ താഴെ പറയുന്ന സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം. | സ്കൂളിന്റെ പേര് | വൈദ്യുതി ചാർജ് |
|---|---|---|
| 1 | ജി.എച്ച്.എസ് വൻമുഖം | 25,536 |
| 2 | ജി.എം.എച്ച്.എസ് രാരോത്ത് | 27,457 |
| 3 | ജി.വി.എച്ച്.എസ്.എസ് മേപ്പയ്യൂർ | 38,759 |
| 4 | ജി.എച്ച്.എസ്.എസ് പന്നൂർ | 29,311 |
| 5 | ജി.എച്ച്.എസ് വെങ്ങപ്പറ്റ | 20,927 |
| 6 | ജി.എച്ച്.എസ്.എസ് കല്ലാച്ചി | 11,140 |
| 7 | ജി.എച്ച്.എസ്.എസ് പുതുപ്പാടി | 26,781 |
| 8 | ജി.എച്ച്.എസ്.എസ് താമരശ്ശേരി | 1,13,603 |
| 9 | ജി.എച്ച്.എസ്.എസ് പയിമ്പ്ര | 35,689 |
| 10 | ജി.എച്ച്.എസ്.എസ് അഴിയൂർ | 24,239 |
| 11 | ജി.വി.എച്ച്.എസ്.എസ് താമരശ്ശേരി | 44,247 |
| 12 | ജി.എച്ച്.എസ്.എസ് നായർകുഴി | 14,941 |
| 13 | ജി.ജി.എച്ച്.എസ്.എസ് ബാലുശ്ശേരി | 18,920 |
| 14 | ജി.എച്ച്.എസ്.എസ് കുറ്റ്യാടി | 6,234 |
| 15 | ജി.എച്ച്.എസ്.എസ് ശിവപുരം | 11,558 |
| | | 4,49,342 |

ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 43 സ്കൂളുകളിൽ 2019-20 വർഷത്തിൽ ശൃംഖലാബന്ധിത സൗരോർജ്ജ വൈദ്യുതി പദ്ധതി കമ്മീഷൻ ചെയ്തിട്ടുണ്ട്. ജില്ലാപഞ്ചായത്തും കെ എസ് ഇ ബി യും തമ്മിലുള്ള കരാർ പ്രകാരം സ്കൂളുകളിലെ ഉപയോഗം കഴിച്ചുള്ള വൈദ്യുതിയുടെ നിരക്ക് കണക്കാക്കി കെ എസ് ഇ ബി അതാത് സ്കൂളുകൾക്ക് കൈമാറേണ്ടതാണ്. മേൽ സ്കൂളുകൾക്ക് ആവശ്യമായ വൈദ്യുതി സോളാർ പാനലിൽ നിന്നും ലഭിക്കാത്തതിനാലാണോ കെ എസ് ഇ ബി യിൽ വൈദ്യുതി ചാർജ് അടയ്ക്കേണ്ടി വന്നതെന്ന് വ്യക്തമല്ല. സ്കൂളുകളിൽ നിലവിലുള്ള സോളാർ പാനലുകളെല്ലാം പ്രവർത്തനക്ഷമമാണ് എന്ന് ഉറപ്പ് വരുത്തേണ്ടതും ഓരോ സ്കൂളിലും സ്ഥാപിച്ച സോളാർ പ്ലാന്റിന്റെ ഉൽപാദനക്ഷമത, ഉൽപാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ അളവ്, സ്കൂളുകൾ ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ് (2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നം. 1-90 കൂടി കാണുക) എന്നിവ സംബന്ധിച്ച വിവരം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ 54/2021-22/21.3.2023നം. അന്വേഷണക്കുറിപ്പിന് മറുപടി സമർപ്പിച്ചിട്ടില്ല.

## 1-33 സംയുക്തപദ്ധതികൾക്ക് തുക കൈമാറി - വിനിയോഗവിവരം ലഭ്യമല്ല

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്ന പദ്ധതികൾക്കായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് താഴെ പറയും പ്രകാരം ഫണ്ട് കൈമാറിയിയിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ടിന്റെ പേര്/അടങ്കൽ | ഗ്രാമപഞ്ചായത്തിന്റെ പേര് | ജില്ലാപഞ്ചായത്ത് ചെലവഴിച്ച തുക | വൗച്ചർ നം./തീയതി |
|---|---|---|---|---|
| 1 | 696/22 – മണിയൂർ ഗ്രാ.പ പൊതുശ്മശാനത്തിന് ജില്ലാപഞ്ചായത്ത് ധനസഹായം – 10,00,000 രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | മണിയൂർ ഗ്രാ.പ | 10,00,000 | 22101623/21.3.22 |
| 2 | 697/22 – തലക്കുളത്തൂർ ഗ്രാ.പ പൊതുശ്മശാനത്തിന് ജില്ലാപഞ്ചായത്ത് ധനസഹായം – 50,00,000 രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | തലക്കുളത്തൂർ ഗ്രാ.പ | 50,00,000 | 22101619/19.3.22 |
| 3 | 698/22 – മടവൂർ ഗ്രാ.പ പൊതുശ്മശാനത്തിന് ജില്ലാപഞ്ചായത്ത് ധനസഹായം – 30,00,000 രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | മടവൂർ ഗ്രാ.പ | 30,00,000 | 22101535/8.3.22 |
| 4 | 699/22 – കുന്ദമംഗലം ഗ്രാ.പ പൊതുശ്മശാനത്തിന് ജില്ലാപഞ്ചായത്ത് ധനസഹായം – 30,00,000 രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | കുന്ദമംഗലം ഗ്രാ.പ | 30,00,000 | 22101782/23.3.22 |
| 5 | 839/22 – കൂടരഞ്ഞി ഗ്രാ.പ പൊതുശ്മശാനം വിഹിതം നൽകൽ 50,00,000 രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | കൂടരഞ്ഞി ഗ്രാ.പ | 50,00,000 | 22101620/19.3.22 |
| 6 | 706/22 – വനാതിർത്തിയിൽ സോളാർ ഫെൻസിംഗ് | തിരുവമ്പാടി<br>കൂടരഞ്ഞി<br>കോടഞ്ചേരി | 2,00,000<br>2,00,000<br>2,00,000 | അലോട്ട്മെന്റ് ആയി നൽകിയത് |

| | | | | |
|---|---|---|---|---|
| | സ്ഥാപിക്കൽ – വിഹിതം നൽകൽ – 10,00,000 രൂപ (വികസനഫണ്ട് -ജനറൽ) | കട്ടിപ്പാറ | 2,00,000 | |
| 7 | 702/22 – കായക്കൊടി കോവുകുന്ന് സ്റ്റേഡിയം സ്ഥലം വാങ്ങൽ – ജി പ വിഹിതം നൽകൽ – 10,00,000 രൂപ (വികസനഫണ്ട് -ജനറൽ) | കായക്കൊടി ഗ്രാ.പ | 10,00,000 | BRN – 21160152000 401065615 /5.2.22 |
| 8 | 837/22 – ചാത്തമംഗലം സി.എഫ്.എൽ.ടി.സിയ്ക്ക് ധനസഹായം വിഹിതം നൽകൽ – 6,00,000രൂപ (സംരക്ഷണഗ്രാന്റ് റോഡിതരം) | ചാത്തമംഗലം ഗ്രാ.പ | 6,00,000 | BRN – 21160152000 401438888/24.3.22 |
| | ആകെ | | 1,94,00,000 | |

മേൽ പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. മേൽ പദ്ധതികളുടെ പൂർത്തീകരണവിവരം, തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. സ.ഉ.(കൈ)നം. 11/18 ത.സ്വ.ഭ.വ തീയതി 29.1.2018 പ്രകാരമുള്ള പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 3.5.4(5) പ്രകാരം സംയുക്ത പ്രൊജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ നിർവഹണം ആരംഭിക്കുന്നതിന് മുമ്പ് ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

3. 23.1.2017ലെ ജി.ഒ(പി)7/17/ഫിൻ നം. ഉത്തരവ് പ്രകാരം സംയുക്തപദ്ധതികൾക്കായി വകയിരുത്തുന്ന തുക സെപ്തംബർ 30നു മുമ്പായി പങ്കാളിയാകുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. സംയുക്തപദ്ധതികൾക്കായി ജില്ലാപഞ്ചായത്ത് നൽകിയ തുക അതാത് സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾ ഉപയോഗപ്പെടുത്തിയിട്ടില്ലെങ്കിൽ ആയത് തിരികെ വാങ്ങേണ്ടതും ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്. എന്നാൽ മേൽ പദ്ധതികൾ പ്രകാരം തുക കൈമാറിയത് സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച സമയക്രമം പാലിക്കാതെയാണ്.

4. മേൽ പട്ടികയിലെ ക്രമനം.5 പ്രകാരം കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന് ശ്മശാനം നിർമ്മിക്കുന്നതിനായി 50,00,000രൂപ കൈമാറിയിട്ടുണ്ട്. കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ പ്രൊജക്ട് നം.285/22 പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതമായി 50,00,000രൂപ വകയിരുത്തിയിട്ടുണ്ടെന്നും പ്രസ്തുത തുക അനുവദിക്കണമെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14.2.22ലെ എ1-867/22 നം. കത്തിന്റെ അടിസ്ഥാനത്തിൽ ആണ് തുക കൈമാറിയത്. എന്നാൽ കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച 2021-22 വർഷത്തെ അന്തിമപദ്ധതി രേഖയിൽ 285/22നമ്പറിലുള്ള പദ്ധതി ഉൾപ്പെട്ടതായി കാണുന്നില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ 57/2021-22/21.3.2023നം. അന്വേഷണക്കുറിപ്പിന് മറുപടി സമർപ്പിച്ചിട്ടില്ല. മറുപടിയുടെ അഭാവത്തിൽ 1,94,00,000രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

1-34 ജില്ലാപഞ്ചായത്ത് സ്കൂളുകളിലും മറ്റ് സ്ഥാപനങ്ങളിലും സോളാർ പാനൽ സ്ഥാപിക്കൽ - പൂർത്തീകരണ സർട്ടിഫിക്കറ്റ്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നം, പേര് | S0840/22, ജില്ലാപഞ്ചായത്ത് സ്കൂളുകളിലും മറ്റ് സ്ഥാപനങ്ങളിലും സോളാർ പാനൽ സ്ഥാപിക്കൽ - കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് |
| അടങ്കൽ, ഫണ്ടിനം | 75,00,000/- വികസനഫണ്ട് (ജനറൽ) |
| ചെലവ് | 75,00,000/-, വൗച്ചർ നം.342/21-22 തീയതി 30.3.22 |

ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള 10 സ്കൂളുകളുടെ മേൽക്കൂരകളിൽ ശൃംഖലാ ബന്ധിത സോളാർ വൈദ്യുതി നിലയം സ്ഥാപിച്ച് 150KWവൈദ്യുതി ഉൽപാദിപ്പിക്കുന്നതിനായി മേൽ പറഞ്ഞ പ്രകാരം 75,00,000രൂപ കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ചിട്ടുണ്ട്. സോളാർ നിലയങ്ങൾ സ്ഥാപിക്കുന്ന കെട്ടിടങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | പ്ലാന്റിന്റെ കപ്പാസിറ്റി (KW) |
|---|---|---|
| 1 | ജി.എച്ച്.എസ്സ്.എസ്സ് മടപ്പള്ളി ഗേൾസ് | 10 |
| 2 | ജി.എച്ച്.എസ്സ്.എസ്സ് നടുവണ്ണൂർ | 10 |
| 3 | ജി.എച്ച്.എസ്സ്.എസ്സ് ചെറുവണ്ണൂർ | 15 |
| 4 | ജി.എച്ച്.എസ്സ്.എസ്സ് താമരശ്ശേരി | 10 |
| 5 | ജി.എച്ച്.എസ്സ്.എസ്സ് ബാലുശ്ശേരി ഗേൾസ് | 15 |
| 6 | ജി.എച്ച്.എസ്സ്.എസ്സ് മടപ്പള്ളി ബോയ്സ് | 20 |
| 7 | ജി.എച്ച്.എസ്സ്.എസ്സ് ചോറോട് | 15 |
| 8 | ജി.എച്ച്.എസ്സ്.എസ്സ് വെള്ളിയോട് | 20 |
| 9 | ജി.എച്ച്.എസ്സ്.എസ്സ് ശിവപുരം | 20 |
| 10 | ജി.എച്ച്.എസ്സ്.എസ്സ് ഓർക്കാട്ടേരി | 15 |
| | ആകെ കപ്പാസിറ്റി | 150 |

പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. കെ.എസ്.ഇ.ബി.എൽ ഒന്നാം കക്ഷിയായും ജില്ലാ പഞ്ചായത്ത് സെക്രട്ടറി രണ്ടാം കക്ഷിയായും 26.3.22ന് ഒപ്പ് വെച്ച കരാറിലെ II(n) വ്യവസ്ഥ പ്രകാരം സോളാർ നിലയം സ്ഥാപിക്കുന്നതിനുള്ള സ്ഥലം കൈമാറിയതിന് ശേഷം 8 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ച് ജില്ലാ പഞ്ചായത്തിന് കൈമാറണമെന്ന് വ്യവസ്ഥ ചെയ്യുന്നു. 30.3.22ന് കെ.എസ്.ഇ.ബി ക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല.
2. സ.ഉ.(കൈ)നം. 11/18 ത.സ്വ.ഭ.വ തീയതി 29.1.2018 പ്രകാരമുള്ള പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 11.2(ഡി)(iv) പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർനടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ

ഉപയോഗവും പ്രൊജക്റ്റ് നിർവഹണവും സംബന്ധിച്ച് മോണിട്ടറിംഗ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടത്തേണ്ടതാണെന്ന് ഡി.എ1/881/18/ത.സ്വ.ഭ.വ തീയതി 28.12.2018 നം. സർക്കുലറിലും വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

3. 2020-21 വർഷം SO109/21, SO112/21 എന്നീ പ്രൊജക്ടുകൾ പ്രകാരം ജില്ലാപഞ്ചായത്തിന്റെ 13 ഘടകസ്ഥാപനങ്ങളുടെയും 8 സ്കൂളുകളുടെയും മേൽക്കൂരകളിൽ ശൃംഖലാ ബന്ധിത സോളാർ വൈദ്യുതി നിലയം സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനായി 1,52,55,057രൂപ 29.3.21ന് കെ.എസ്.ഇ.ബിക്ക് കൈമാറിയിരുന്നെങ്കിലും പ്രസ്തുത പ്രവൃത്തി ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ വീണ്ടും പ്രൊജക്റ്റ് തയ്യാറാക്കി കെ.എസ്.ഇ.ബി യിൽ തുക നിക്ഷേപിച്ചതിന്റെ കാരണം വ്യക്തമല്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ 58/2021-22/21.3.2023നം. അന്വേഷണക്കുറിപ്പിന് മറുപടി സമർപ്പിച്ചിട്ടില്ല. മറുപടിയുടെ അഭാവത്തിൽ 75,00,000രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-35 മണ്ണിൽത്തൊടിക ആവിലോറ റോഡ് - കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് - 4,31,036രൂപ ജില്ലാപഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയതിന്റെ വിവരം ലഭ്യമല്ല

വൗച്ചർ നം. 22101263/28.2.2022 – 92,324രൂപ

കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ 2012-13 വാർഷികപദ്ധതിയിൽ ഉൾപ്പെട്ട മണ്ണിൽത്തൊടിക ആവിലോറ റോഡ് - കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് എന്ന പ്രവൃത്തിയുടെ ഫസ്റ്റ് പാർട്ട് ബില്ലിൽ നിന്നും പിടിച്ചുവെച്ച റീടെൻഷൻ തുകയായ 1,53,353 രൂപയിൽ 61,029രൂപ കഴിച്ച് ബാക്കി 92,324രൂപ കരാറുകാരന് അനുവദിക്കുന്നതിനായി ചെക്ക് നം.5802705തീയതി 17.2.2022 പ്രകാരം LID&EWD, എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്(സെക്രട്ടറിയുടെ ഉത്തരവ് നടപടി നം.പി5/3138/2013 തീയതി 4.2.2022). മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് വിജിലൻസ് നടത്തിയ അന്വേഷണത്തിൽ 4,92,085രൂപയുടെ ക്രമക്കേട് കണ്ടെത്തിയിരുന്നു. ടി പ്രവൃത്തി പൂർത്തീകരിച്ച് 4,31,036രൂപയുടെ അന്തിമബിൽ തുക പാസ്സാക്കുകയും നിർവഹണം നടത്തപ്പെടാത്ത പ്രവൃത്തിക്ക് കരാറുകാരൻ അധികമായി കൈപ്പറ്റിയ തുകയിനത്തിൽ അന്തിമബിൽ തുക തിരികെ ഈടാക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ മാത്രം റീടെൻഷൻ തുകയിൽ നിന്നും 61,029രൂപ ഈടാക്കിയ ശേഷമുള്ള 92,324രൂപ കരാറുകാരന് തിരികെ നൽകാവുന്നതാണെന്ന് തസ്വഭവ(ഡിബി) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ DB3/175 /2021/LSGDതീയതി 16.12.2021 നം. കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം അനുവദിക്കാൻ ബാക്കിയുള്ള 4,31,036രൂപ ജില്ലാപഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 50/2021-22 /10.1.2023 നം. അന്വേഷണക്കുറിപ്പിന് മറുപടി സമർപ്പിച്ചിട്ടില്ല. മറുപടിയുടെ അഭാവത്തിൽ 92,324രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-36 എഡ്യുകെയർ സമഗ്രവിദ്യാഭ്യാസ പദ്ധതി - ഫണ്ട് മുൻകൂറായി നിർവഹണ ഉദ്യോഗസ്ഥന്റെ ടി.എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസഫർ ചെയ്തു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം) |
| പ്രൊജക്റ്റ് നം, പേര് | S0028/22, എഡ്യുകെയർ സമഗ്രവിദ്യാഭ്യാസ പദ്ധതി |
| അടങ്കൽ, ഫണ്ടിനം | 20,00,000/- തനത്ഫണ്ട് |
| ചെലവ് | 16,36,398/- |

ജില്ലാപഞ്ചായത്തിന് കീഴിലുള്ള വിദ്യാലയങ്ങളിലെ പഠനപ്രവർത്തനങ്ങളുടെ സമഗ്രമായ വികസനത്തിന് ഊന്നൽ നൽകി രൂപീകരിച്ച പദ്ധതിയാണിത്. എൻ.എം.എം.എസ്, ഇൻസ്പയർ അവാർഡ് തുടങ്ങിയ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ സജ്ജരാക്കുക, കൗമാര വിദ്യാർത്ഥികളുടെ

ക്ലാസ്സ് ലൈബ്രറി, സിവിൽ സർവീസ് പരിശീലനം എന്നിവ നൽകി വിദ്യാർത്ഥികളുടെ പഠനകായികശേഷിയും നിലവാരവും ഉയർത്തുകയും തൽഫലമായി കഴിവുള്ള യുവതലമുറയെ വാർത്തെടുക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പദ്ധതി പ്രകാരം 2021-22 വർഷം ആകെ 16,36,398രൂപ ചെലവഴിച്ചതായി IKM ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 99,904രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. ബാക്കിയുള്ള 15,36,494രൂപ ജില്ലാപഞ്ചായത്ത് സെക്രട്ടറി 31.3.2022ന് നിർവഹണ ഉദ്യോഗസ്ഥന്റെ പേരിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തത് 12.4.2022ന് അക്കൗണ്ടിൽ വരവ് വെക്കുകയും ആയത് താഴെ പറയും പ്രകാരം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഉത്തരവ് നടപടി നം./തീയതി | ചെലവഴിച്ച തുക |
|---|---|---|
| 1. | ഡി2/15956/21 തീയതി 12.5.2022 | 97,500 |
| 2. | ഡി2/15956/21 തീയതി 10.6.2022 | 2,89,970 |
| 3. | ഡി2/15956/21 തീയതി 13.6.2022 | 2,33,836 |
| 4. | ഡി2/15956/21 തീയതി 18.6.2022 | 3,50,000 |
| 5. | ഡി2/15956/21 തീയതി 30.6.2022 | 93,752 |
| 6. | ഡി2/15956/21 തീയതി 7.7.2022 | 2,52,000 |
| 7. | ഡി2/15956/21 തീയതി 20.9.2022 | 65,240 |
| 8. | ഡി2/15956/21 തീയതി 29.9.2022 | 1,29,696 |
| 9. | ഡി2/15956/21 തീയതി 31.10.2022 | 24,500 |
| | ആകെ | 15,36,494 |

മേൽപറഞ്ഞ പ്രകാരം 15,36,494 രൂപ 2022-23 വർഷം ആണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതി സ്പിൽ ഓവർ ആക്കി വരും വർഷങ്ങളിൽ ചെലവ് ചെയ്യുന്നതിന് പകരം മുൻകൂറായി നിർവഹണ ഉദ്യോഗസ്ഥന്റെ ടി.എസ്.ബി അക്കൗണ്ടിലേക്ക് ഫണ്ട് ട്രാൻസഫർ ചെയ്ത് ചെലവ് പത്രികയിലും വാർഷിക കണക്കിലും ചെലവഴിച്ചതായി രേഖപ്പെടുത്തുന്നത് ശരിയായ നടപടിയല്ല.
G.O(P)No.177/06/ഫിൻ തീയതി 12.4.2006ലെ ഖണ്ഡിക 6.1 പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ലെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഈ വിഷയം സംബന്ധിച്ച് നൽകിയ 43/2021-22/2714.2.2023നം. അന്വേഷണക്കുറിപ്പിന് മറുപടി സമർപ്പിച്ചിട്ടില്ല. അപാകത്തിന് മറുപടി നൽകേണ്ടതാണ്.

1-37 ജാഗ്രതാസമിതി - ചുമതലയിൽപ്പെടാത്ത കാര്യം നിർവഹിക്കുന്നതിന് പദ്ധതി ഭേദഗതി ചെയ്തു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ജില്ലാ വനിതാ ശിശു വികസന ഓഫീസർ |
| പ്രൊജക്ട്നം., പേര് | S0034/22, ജാഗ്രതാസമിതി |
| അടങ്കൽ, ഫണ്ടിനം | 7,57,913, വികസനഫണ്ട്(ജനറൽ) |
| ചെലവ് , ബിൽ നം. | 1,07,072/- ബിൽ നം.1/27.11.21 |
| | 2,12,500/- ബിൽ നം.2/25.1.22 |
| | 4,38,341/-ബിൽ നം.7/26.3.22 |
| ആകെ ചെലവ് | 7,57,913/- |

ജാഗ്രതാസമിതി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പഞ്ചായത്ത്/വാർഡ് തല ജാഗ്രതാസമിതി അംഗങ്ങളെ ഉൾപ്പെടുത്തി ബോധവൽക്കരണക്ലാസ്സ് നടത്തുന്നതിനായി 1 ലക്ഷം രൂപയും

"ജാഗ്രതാസമിതിയും തദ്ദേശഭരണസ്ഥാപനങ്ങളും - കമ്മിറ്റി രൂപീകരണം, പരാതി സ്വീകരിക്കൽ, തീർപ്പാക്കൽ" എന്ന വിഷയത്തിൽ ബുക്ക് ലെറ്റ് തയ്യാറാക്കി ജാഗ്രതാസമിതി അംഗങ്ങൾക്ക് വിതരണം നടത്തുന്നതിന് 100രൂപ നിരക്കിൽ 100പേജുള്ള 4000ബുക്കുകൾക്ക് 4ലക്ഷം രൂപയും കൂടി ആകെ 5,00,000 രൂപ വകയിരുത്തിയാണ് മേൽ പ്രൊജക്ട് തയ്യാറാക്കിയത്. പ്രൊജക്ട് പ്രകാരം ബോധവൽക്കരണക്ലാസ്സ് നടത്തുന്നതിന് 1,07,072രൂപയും ബുക്ക് ലെറ്റ് അച്ചടിച്ചതിന് 2,12,500രൂപയും ചെലവഴിച്ചു. അവശേഷിക്കുന്ന തുകയ്ക്ക് ഗ്രാമപഞ്ചായത്ത് ഓഫീസുകളിലെ ഐ സി ഡി എസ് സൂപ്പർവൈസർമാരുടെ റൂമിലേക്ക് ജാഗ്രതാസമിതി മീറ്റിംഗ് കൂടുന്നതിന് 1മേശയും 1 കസേരയും വാങ്ങി നൽകുന്നതിന് തീരുമാനിക്കുകയും 2,57,913രൂപ കൂടി ഉൾപ്പെടുത്തി 7,57,913രൂപ അടങ്കലിൽ പ്രൊജക്ട് റിവൈസ് ചെയ്യുകയും ചെയ്തു. പ്രൊജക്ട് പ്രകാരം KADCO യിൽ നിന്ന് 438341രൂപ ചെലവഴിച്ച് 46മേശയും 46കസേരയും വാങ്ങി സൂപ്പർവൈസർമാർക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. "ജാഗ്രതാസമിതിയും തദ്ദേശഭരണസ്ഥാപനങ്ങളും - കമ്മിറ്റി രൂപീകരണം, പരാതി സ്വീകരിക്കൽ, തീർപ്പാക്കൽ" എന്ന വിഷയത്തിൽ ബുക്ക് ലെറ്റ് തയ്യാറാക്കുന്നതിന് ടെണ്ടർ ക്ഷണിച്ച് ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത കാവേരി ഓഫ് സെറ്റ് പ്രസ്സ് കക്കോടി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു. 100 പേജുള്ള 4000ബുക്ക് ലെറ്റുകൾ പ്രിന്റ് ചെയ്തതിന് 212500രൂപ (ഇൻവോയ്സ് നം. R114/21-22 തീ.20.1.2022) സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ബുക്ക് ലെറ്റുകൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. പ്രൊജക്ട് റിവൈസ് ചെയ്ത് 46 ഐ സി ഡി എസ് സൂപ്പർവൈസർമാരുടെ ഓഫീസുകളിലേക്ക് ജാഗ്രതാസമിതി യോഗം ചേരുന്നതിനായി ഓരോ മേശയും കസേരയും വാങ്ങി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ നിർവഹണ ഉദ്യോഗസ്ഥ എന്ന നിലയിൽ ഐ സി ഡി എസ് സൂപ്പർവൈസർമാരുടെ ഓഫീസ്, ജാഗ്രതാസമിതി ഓഫീസ് എന്നിവിടങ്ങളിലേക്ക് ആവശ്യമായ ഫർണ്ണീച്ചർ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതിയിലുൾപ്പെടുത്തി വാങ്ങി നൽകുന്നുണ്ട് എന്നിരിക്കേ ജില്ലാപഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി മേശയും കസേരയും വാങ്ങി നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. കൂടാതെ ഫർണ്ണീച്ചർ ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് തല ജാഗ്രതാസമിതികളിൽ നിന്നോ മറ്റ് തലങ്ങളിൽ നിന്നോ ആവശ്യമുയർന്നിട്ടില്ല.

3. സ.ഉ(കൈ)നം.22/18/ത സ്വ ഭ വ തീയതി 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.4.2 പ്രകാരം ജാഗ്രതാസമിതിയുമായി ബന്ധപ്പെട്ട് ഏറ്റെടുക്കാവുന്ന പദ്ധതികളിൽ ഫർണ്ണീച്ചർ വാങ്ങൽ ഉൾപ്പെട്ടിട്ടില്ല.

4. ജാഗ്രതാസമിതിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥിനികളുടെ സുരക്ഷയ്ക്കും പരാതി പരിഹാരത്തിനും കൗൺസിലിംഗിനും മാനസികാരോഗ്യത്തിനും സഹായകരമായ വിധത്തിൽ സ്കൂളുകളിൽ ജെന്റർ ഡസ്ക് സ്ഥാപിക്കുന്നതിന് മേൽ സൂചിപ്പിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.4.3ൽ നിർദ്ദേശിച്ചിട്ടുണ്ട്. ജാഗ്രതാസമിതി പ്രൊജക്ട് പ്രകാരം ജെന്റർ ഡസ്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

ഈ വിഷയം സംബന്ധിച്ച് നൽകിയ 24/2021-22/27.12.2022നം അന്വേഷണക്കുറിപ്പിന് മറുപടി സമർപ്പിച്ചിട്ടില്ല. ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന അപാകങ്ങൾക്ക് മറുപടി സമർപ്പിക്കേണ്ടതാണ്.

1-38 തിക്കോടി കോക്കനട്ട് നഴ്സറിയിലെ 5 വർഷത്തെ വരവ് ചെലവ് കണക്കുകൾ തമ്മിൽ 1.27 കോടി രൂപയുടെ അന്തരം - വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തിക്കോടി ഫാമിലെ 2017-18 മുതൽ 2021-22 വരെയുള്ള (13ാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ) വരവ് ചെലവ് കണക്കുകൾ തമ്മിൽ താഴെ പറയുന്ന അന്തരം ഉണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| വർഷം | വരവ് | | | ചെലവ് | | | | | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|
| | ട്രഷറിയിൽ അടവാക്കിയത് | ജില്ലാ പഞ്ചായത്തിൽ അടവാക്കിയത് | ആകെ | സ്റ്റേറ്റ് പ്ലാൻ | ജില്ലാ പഞ്ചായത്ത് | തൊഴിലാളികളുടെ വേതനം | വിത്തുതേങ്ങയുടെ വില (ഒന്നിന് 70 രൂപ നിരക്കിൽ) | ആകെ | |
| 1. | 2. | 3. | 4=2+3 | 5. | 6. | 7. | 8. | 9=5+6+7+8 | 10=9-4 |
| 2017-18 | 53,43,500 | 46,66,974 | 1,00,10,474 | 3,32,000 | 1,82,843 | 33,24,841 | 50,62,400 | 89,02,084 | -11,08,390 |
| 2018-19 | 48,61,000 | 11,01,313 | 59,62,313 | 90,000 | 3,67,110 | 41,81,995 | 49,23,730 | 95,62,835 | 36,00,522 |
| 2019-20 | 42,70,100 | 11,97,972 | 54,68,072 | 60,000 | 2,78,295 | 41,41,946 | 47,25,070 | 92,05,311 | 37,37,239 |
| 2020-21 | 54,76,600 | 8,92,473 | 63,69,073 | 2,98,278 | 3,95,000 | 31,37,746 | 55,00,670 | 93,31,694 | 29,62,621 |
| 2021-22 | 61,14,550 | 8,73,705 | 69,88,255 | 5,74,108 | 4,10,726 | 40,53,648 | 54,10,090 | 1,04,48,572 | 34,60,317 |
| ആകെ | 2,60,65,750 | 87,32,437 | 3,47,98,187 | 13,54,386 | 16,33,974 | 1,88,40,176 | 2,56,21,960 | 4,74,50,496 | 1,26,52,309 |

മേൽ സൂചിപ്പിച്ച പ്രകാരം 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ ഫാമിലെ ആകെ ചെലവ്, ആകെയുള്ള വരവിനേക്കാൾ 1,26,52,309 രൂപ കൂടുതലാണ്. ആകെയുള്ള ചെലവിൽ വിത്തുതേങ്ങയുടെ വില കൃഷി വകുപ്പും തൊഴിലാളികളുടെ വേതനം സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ മിതമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുക എന്നതാണ് ഫാമിന്റെ പ്രധാന ലക്ഷ്യം. അത്തരം സാഹചര്യത്തിൽ, ഓരോ വർഷം കഴിയുന്തോറും വരവ് ചെലവുകൾ തമ്മിലുള്ള അന്തരം വലിയ വ്യത്യാസം ഇല്ലാതെ തുടരുന്നത് ആശാവഹമായ കാര്യമാണ്.

ഫാമിന്റെ സമഗ്ര വികസനത്തിനായി കേരള കാർഷിക സർവ്വകലാശാല തയ്യാറാക്കിയ ഒരു മാസ്റ്റർപ്ലാൻ 2020-21 വർഷം ജില്ലാ പഞ്ചായത്തിന് സമർപ്പിച്ചിരുന്നു. മാസ്റ്റർപ്ലാനിൽ പ്രതിപാദിക്കുന്ന തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ ഫാമിൽ നടത്തിയെങ്കിൽ ആയതിന്റെയും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിൽ സ്വീകരിക്കാവുന്ന മറ്റ് നടപടികൾ ഉണ്ടെങ്കിൽ ആയതിന്റെയും വിശദാംശങ്ങളും റിപ്പോർട്ട് ചെയ്യേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 3/2021-22/24.11.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-39 ദേശീയപാത വികസനം - മൂല്യനിർണ്ണയ തുക ലഭിച്ചില്ല – സംരക്ഷണഭിത്തിയുടെ നിർമ്മാണം പൂർത്തീകരിച്ചില്ല

കൊയിലാണ്ടി താലൂക്ക് തിക്കോടി വില്ലേജ് പാലൂർ പ്രദേശത്ത് റീ.സ 58/6എ, 58/7എ, 58/11 എന്നീ സർവ്വെ നമ്പറിലുള്ള ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തിക്കോടി ഫാമിന്റെ ഭൂമിയിൽ നിന്നും യഥാക്രമം 0.0003ഹെ, 0.2557ഹെ, 0.0069ഹെ ഭൂമി ദേശീയപാത വികസനത്തിനായി നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുത്തിരുന്നു. പ്രസ്തുത സ്ഥലത്ത് സ്ഥിതിചെയ്യുന്ന രണ്ട് സംരക്ഷണ ഭിത്തികളും വിൽപന കേന്ദ്രവും പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനും ഹൈവെ വികസനത്തിനായി പൊളിച്ചുമാറ്റിയിട്ടുണ്ട്.

ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് തിക്കോടി തെങ്ങിൻതൈ വളർത്തുകേന്ദ്രത്തിന്റെ സ്ഥലവും കെട്ടിടവും ഏറ്റെടുക്കുന്നതിന്റെ ഭാഗമായി പൊളിച്ചുമാറ്റേണ്ടി വരുന്ന നിർമ്മിതികളുടെ മൂല്യനിർണ്ണയം 47.90 ലക്ഷം രൂപയായും പ്രസ്തുത കെട്ടിടം പൊളിച്ചുമാറ്റുമ്പോൾ ലഭ്യമാകുന്ന ഉപയോഗപ്രദമായ വസ്തുക്കളുടെ മൂല്യനിർണ്ണയം 2,49,291 രൂപയായും എക്സിക്യൂട്ടീവ് എഞ്ചിനീയർ

(എൽ.ഐ.ഡി & ഇ.ഡബ്ല്യ.ഡി) ഡിവിഷൻ നിജപ്പെടുത്തിയത് ജില്ലാ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചു. 47.90 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് ഫണ്ടിലേക്ക് അനുവദിച്ച് കിട്ടുന്നതിലേക്കായി നാഷണൽ ഹൈവേ അതോറിറ്റിക്കും ഡപ്യൂട്ടി കലക്ടർക്കും (എൽ.എ- കോഴിക്കോട്) എസ്റ്റിമേറ്റ് റിപ്പോർട്ട് സഹിതം കത്തയക്കാൻ ഭരണസമിതി തീരുമാനിച്ചു [തീരുമാനം നം. 53/22(16) തീയതി. 02.11.2021].

കൊയിലാണ്ടി സ്പെഷൽ തഹസിൽദാരുടെ (എൽ.എ.എൻ.എച്ച്) 27.08.2022 ലെ കത്തിൽ മൂല്യനിർണ്ണയ തുക അനുവദിക്കുന്നതിന് ജില്ലാ പഞ്ചായത്ത് നാഷണൽ ഹൈവേ അതോറിറ്റിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിൻ പ്രകാരം ഫണ്ട് അനുവദിക്കുന്നതിന് ഏറ്റെടുത്ത ഭൂമിയിലുള്ള കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം കൃഷി വകുപ്പിന്/ ജില്ലാ പഞ്ചായത്തിന് ഇവരിൽ ആർക്കാണെന്നും ഈ ഭൂമിയിലെ കെട്ടിടം നിർമ്മിച്ചതാരാണെന്നുമുള്ള വിവരം എത്രയും പെട്ടെന്ന് അറിയിച്ച് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. തുടർനടപടികളുടെ വിവരം ലഭ്യമല്ല.

സംരക്ഷണഭിത്തികൾ ഇല്ലാത്തതിനാൽ നിലവിൽ ഫാമിൽ മുള്ളൻപന്നികളുടെ ശല്യം രൂക്ഷമാണെന്നും ഈ സ്ഥിതി വൻതോതിലുള്ള കൃഷിനാശത്തിന് കാരണമാകുമെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ സി.എൻ/ടി.കെ.ടി 110/21-22 തീയതി. 29.04.2022 കത്ത് മുഖാന്തിരം ഫാം അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. നിലവിൽ ഫാമിന്റെ സംരക്ഷണം പ്രതിസന്ധിയിലാണെന്നും ആയത് ഉറപ്പുരുത്തുന്നതിനായി അടിയന്തിരമായി സംരക്ഷണ ഭിത്തികളുടെ നിർമ്മാണം നടത്തണമെന്നും പ്രസ്തുത കത്തിൽ ആവശ്യപ്പെടുന്നു. എന്നാൽ 15.03.2023 ലും സംരക്ഷണഭിത്തിയുടെ നിർമ്മാണം ഭാഗികമായി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ.

മേൽ സാഹചര്യത്തിൽ, മൂല്യനിർണ്ണയ തുക ലഭിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചതിന്റെയും സംരക്ഷണഭിത്തിയുടെ പുനർനിർമ്മാണം പൂർത്തീകരിച്ചതിന്റെയും വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/2021-22/24.11.2022) മറുപടി ലഭ്യമാക്കിയില്ല.

**1-40 കോക്കനട്ട് നഴ്സറി തിക്കോടി - ഫാമിന്റെ ബേങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയായ 13.71 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് ഫണ്ടിൽ അടച്ചില്ല.**

തിക്കോടി കോക്കനട്ട് നഴ്സറി അസി.ഡയറക്ടർ, കൃഷിയുടെ പേരിൽ പഞ്ചാബ് നേഷണൽ ബേങ്കിന്റെ മേലടി ശാഖയിലുള്ള 431700210004185 നമ്പർ അക്കൗണ്ടിൽ 31.03.2022ന് 4152893.96 രൂപ നീക്കിയിരിപ്പുണ്ടായിരുന്നതിൽ 21.10.2022 ന് 27,57,275 രൂപ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള 4258000105059401 നമ്പർ അക്കൗണ്ടിലടച്ചിട്ടുണ്ട്. ബേങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.10.2022ലെ നീക്കിയിരിപ്പു തുക 1371228.96 രൂപ യാണ്.

2021-22 സാമ്പത്തിക വർഷത്തിൽ തിക്കോടി കോക്കനട്ട് നഴ്സറിയിൽ നിന്നും ഉൽപാദിപ്പിക്കുന്ന വിത്ത്, നടീൽ വസ്തുക്കൾ, പച്ചക്കറികൾ എന്നിവ വിവിധ കൃഷിഭവനുകൾക്കും മറ്റു സ്ഥാപനങ്ങൾക്കും വിൽപ്പന നടത്തിയിട്ടുണ്ട്. ഇതിൽ വൗച്ചർനമ്പർ 117/21-22 തി.11.10.2021 പ്രകാരം തുറയൂർകൃഷി ഭവന് കാബേജ്, കോളീഫ്ളവർ, കേപ്സിക്കം എന്നിവ വിറ്റ വകയിലുള്ള 12000രൂപ ഒഴികെ മുഴുവൻ തുകയും ഫാമിനു ലഭിച്ചിട്ടുണ്ട്. എന്നാൽ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-13 പ്രകാരം 83951/- രൂപ ഈയിനത്തിൽ കുടിശ്ശികയായി ലഭിയ്ക്കാനുണ്ട്. 09.02.2021 ലെ പി 2/ 1433/2019 നമ്പർ കത്ത് പ്രകാരം പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി നൽകിയ പ്രഥമ മറുപടിയിൽ കുടിശ്ശികയിൽ 50 ശതമാനത്തിലധികം തുക ലഭിച്ചതായി അറിയിച്ചിട്ടുണ്ട്. എന്നാൽ എത്ര തുക ലഭിച്ചെന്നോ ബാക്കിയെത്ര ലഭിക്കാനുണ്ടെന്നോ മറുപടിയിൽ വ്യക്തമാക്കുന്നില്ല. ബേങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.10.2022 ലെ നീക്കിയിരിപ്പുള്ള1371228.96 രൂപയിൽ കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടിയ തുക എത്രയെന്ന് അറിയിക്കേണ്ടതും നീക്കിയിരിപ്പു തുക ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ഒടുക്കേണ്ടതുമാണ്.

ഫാം ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നത് സംബന്ധിച്ച് വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതോടൊപ്പം തുക ലഭിച്ചതിന്റെ മുഴുവൻ വിവരങ്ങളും ചേർത്ത് രജിസ്റ്റർ കാലികമാക്കേണ്ടതും പിരിഞ്ഞുകിട്ടാനുള്ള തുക സംബന്ധിച്ച് സ്ഥാപനങ്ങളെ ഓർമ്മപ്പെടുത്തി കുടിശ്ശിക നിവാരണ നടപടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുകയും ചെയ്യേണ്ടതാണ്. ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ച് ഓരോ വർഷത്തേയും കുടിശ്ശിക വിവരം കുടിശ്ശിക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർവർഷത്തിൽ ലഭിച്ച തുക ഒഴിവാക്കി, കുടിശ്ശിക ക്യാരിഓവർ ചെയ്യേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 2 /2022 തീ.07.11.2022 ന മറുപടി ലഭിച്ചിട്ടില്ല

1-41 റിവോൾവിംഗ് ഫണ്ട് വിതരണം - 45 ലക്ഷം രൂപയുടെ തിരിച്ചടവിന്റെ വിവരം ലഭ്യമല്ല.

2020-21, 2021-22 വർഷങ്ങളിൽ ജില്ലാപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ ഭാഗമായി 45 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടിനത്തിൽ വിവിധ സംരംഭകർക്ക് വിതരണം ചെയ്തതിൽ തിരിച്ചടയ്ക്കാത്തവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | വർഷം | അനുവദിച്ച തുക | ഫണ്ടിനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | S0945/21, കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ | ജില്ലാ വ്യവസായകേന്ദ്രം മാനേജർ | 2020-21 | 15,00,000 | വികസന ഫണ്ട് | |
| 2. | 946/21, പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ | ജില്ലാ വ്യവസായകേന്ദ്രം മാനേജർ | 2020-21 | 15,00,000 | വികസന ഫണ്ട് | |
| 3. | 831/22, വടകര നാളീകേര ഉൽപാദന കമ്പനിക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ | ജില്ലാ വ്യവസായകേന്ദ്രം മാനേജർ | 2021-22 | 15,00,000 | വികസന ഫണ്ട് | |
| | ആകെ | | | 45,00,000 | | |

സ.ഉ(കൈ)നം. 22/2018/തസ്വഭവ തീയതി 14.02.2018 സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക നം.6.4(21)(2) പ്രകാരം റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ലെന്നും താൽക്കാലികമായ പലിശ രഹിത പ്രോത്സാഹനം മാത്രമാണെന്നും വ്യക്തമാക്കുന്നു. സഹായം ലഭിച്ച് നാലാമത്തെ മാസം മുതൽ (നാല് വർഷത്തിനകം തിരിച്ചടവ് പൂർത്തിയാകുന്ന വിധത്തിൽ) പ്രതിമാസ തവണകളായി തുക തിരികെ അടയ്ക്കണമെന്നും പ്രസ്തുത ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. റിവോൾവിംഗ് ഫണ്ടിനത്തിൽ വിതരണം ചെയ്ത 45 ലക്ഷം രൂപയുടെ തിരിച്ചടവ് ആരംഭിച്ചില്ല. വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 33/2021-22/20.01.2023) മറുപടി ലഭ്യമാക്കിയില്ല. റിവോൾവിംഗ് ഫണ്ട് തിരിച്ചടയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-42 ജില്ലാ വെറ്റിനറി കേന്ദ്രം - സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ - കാലാവധി കഴിഞ്ഞതിനു ശേഷവും മരുന്ന് ഉപയോഗിച്ചു.

ജില്ലാ വെറ്റിനറി കേന്ദ്രം ഡപ്യൂട്ടി ഡയറക്ടർ നിർവ്വഹണോദ്യഗസ്ഥനായി ചാത്തമംഗലത്തെ പ്രാദേശിക കോഴി വളർത്തുകേന്ദ്രം, ജില്ലാ കൃഷിത്തോട്ടം - കൂത്താളി, ജില്ലാ വെറ്റിനറി കേന്ദ്രം എന്നീ സ്ഥാപനങ്ങളിലേക്ക് വിതരണം നടത്തുന്നതിനായി 2021-22 വർഷം താഴെ പറയുന്ന പ്രകാരം മരുന്നുകൾ ടെണ്ടർ നടപടികളിലൂടെ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം. | ചെലവഴിച്ച തുക | ബിൽ നം. |
|---|---|---|---|
| 1. | S0141/22 | 14,96,900 | 3/30.03.2022 |
| 2. | S0331/22 | 9,84,174 | 1/24.02.2022 |
| | ആകെ | 24,81,074 | |

ഡയനാ വെറ്റ്- കോഴിക്കോട്, മലബാർ ഡ്രഗ്സ്- വയനാട്, അസ്സേർട്ട്- എറണാകുളം എന്നീ സ്ഥാപനങ്ങൾ നേരിട്ട് മേൽ പറഞ്ഞ കേന്ദ്രങ്ങളിലേക്ക് മരുന്ന് എത്തിക്കുകയും പ്രസ്തുത മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്നുള്ള (ഇൻവോയ്സിൽ സാക്ഷ്യപ്പെടുത്തിയത്) രേഖ നിർവ്വഹണോദ്യഗസ്ഥന് സമർപ്പിക്കുകയും ചെയ്യുന്നു. വിതരണം ചെയ്യുന്ന ഈ മരുന്നുകൾ നിർവ്വഹണോദ്യഗസ്ഥൻ സ്റ്റോക്കിലെടുക്കുന്നില്ല. അതത് കേന്ദ്രങ്ങൾ പരിപാലിച്ച വരുന്ന സ്റ്റോക്ക് രജിസ്റ്ററിൽ ഇക്കാര്യം ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തുന്നുമില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തലുകളോ സ്റ്റോക്കിന്റെ ഭൗതിക പരിശോധനയോ നിർവ്വഹണോദ്യഗസ്ഥൻ നടത്തുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ മരുന്നുകളുടെ ബാച്ച് നം, കാലാവധി, മരുന്ന് വിതരണം ചെയ്ത സ്ഥാപനം, വില എന്നിവ രേഖപ്പെടുത്തുന്നില്ല. ഇതു കാരണം താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായതായി കാണുന്നു.

1. ഡയനാ വെറ്റ്- കോഴിക്കോടിന്റെ ഇൻവോയ്സ് നം. 16592/16.09.2021 പ്രകാരം ജില്ലാ കൃഷി ഫാമിലേക്ക് 13 തരം മരുന്നുകൾ വാങ്ങിയിട്ടുണ്ട്. ഇതിൽ ഡിസംബർ 2022 ന് കാലാവധി അവസാനിക്കുന്ന " Flytick- F" എന്ന മരുന്ന് 15മി.ലി ന്റെ 25 എണ്ണം വാങ്ങിയിരുന്നെങ്കിലും ഒരു വർഷത്തിനു ശേഷം ഓഡിറ്റ് തീയതിയിലും (21.12.2022) 20 എണ്ണം ബാക്കിയാണ്. മരുന്നിന്റെ കാലാവധി അവസാനിക്കുന്നതിനു മുൻപ് ആയത് പൂർണ്ണമായി ഉപയോഗപ്പെടുത്താൻ സാധ്യതയില്ലെന്ന് കാണുന്നു. ആവശ്യകത നിർണ്ണയിക്കാതെയും എക്സ്പയറി തീയതി കണക്കിലെടുക്കാതെയും പർച്ചേസ് നടത്തിയതിനാലാണ് ഇങ്ങനെ സംഭവിച്ചത്.

2. മേൽ പറഞ്ഞ ഇൻവോയ്സ് പ്രകാരം ജില്ലാ കൃഷി ഫാം കൂത്താളിക്ക് 16.09.2021ന് ടിഞ്ചർ അയഡിൻ 400ml ന്റെ 2 കുപ്പി വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ ഒരു കുപ്പി ഉപയോഗിച്ചത് 07.12.2021 നം

രണ്ടാമത്തേത് ഉപയോഗിച്ചത് 06/2022 നമാണ്.(ആയതിന്റെ കാലാവധി അവസാനിക്കുന്ന തീയതിയായ 04/2022 ന ശേഷം)

3. മലബാർ ഡ്രഗ്സ്, വയനാടിന്റെ 23.03.2022 ലെ 21000730012418 നമ്പർ ഇൻവോയ്സ് പ്രകാരം 30,133/- രൂപയുടെ 5 തരത്തിലുള്ള മരുന്നകൾ ജില്ലാ കൃഷി ഫാം കുത്താളിയിലേക്ക് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 9 മാസത്തിന ശേഷവും മരുന്നകളൊന്നും ഉപയോഗപ്പെടുത്തിയില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 30/2021-22/06.01.2023) മറുപടി ലഭ്യമാക്കിയില്ല. ആവശ്യം പരിഗണിക്കാതെ ഇൻഡന്റ് തയ്യാറാക്കിയതിനം മേൽ പറഞ്ഞ മറ്റ് അപാകങ്ങൾക്കും മറുപടി നൽകേണ്ടതാണ്.

1-43 ജില്ലാ മൃഗ സംരക്ഷണ കേന്ദ്രം രസീതുപയോഗിച്ചുള്ള പണപ്പിരിവ്, തുക ബാങ്കിലടയ്ക്കൽ എന്നിവയിലെ അപാകങ്ങൾ

ജില്ലാ മൃഗ സംരക്ഷണ കേന്ദ്രത്തിന് ജില്ലാ പഞ്ചായത്തിൽ നിന്നം അനുവദിച്ച രസീതു പുസ്തകങ്ങളുപയോഗിച്ചുള്ള പണപ്പിരിവിലെ പൊതു അപാകങ്ങൾ താഴെ ചേർക്കുന്നു.

1.അച്ചടി പിശകുള്ള രസീത് ബുക്കുകൾ ഉപയോഗിക്കുന്നു

ക്രമ നമ്പർ തെറ്റായി അച്ചടിച്ച രസീതുപയോഗിച്ച് പണം ഈടാക്കിയിരിക്കുന്ന രസീത് ബുക്ക് നമ്പർ 712 ൽ 51 മുതൽ 100 വരെ രസീതുകളിൽ ക്രമ നമ്പർ തെറ്റായി അച്ചടിച്ചിരിക്കുന്നു.51 മുതൽ 100 വരെ കൈകൊണ്ട് എഴുതി നമ്പറിട്ട് ഇതുപയോഗിച്ച് പണം ഈടാക്കിയിരിക്കുന്ന കെ.ടി..സി. വോള്യം.1 ആർട്ടി.90 ബി. കുറിപ്പ് 2 പ്രകാരം പേജ് നമ്പർ മെഷീനപയോഗിച്ച് മാത്രമേ നൽകാവൂ എന്ന് നിർദ്ദേശിക്കുന്നുണ്ട്. രസീത് ബുക്ക് നമ്പർ 629 രസീത് നമ്പർ 74 ക്രമ രഹിതമായി അച്ചടിയുള്ള രസീതുപയോഗിച്ച് പണം ഈടാക്കിയിരിക്കുന്നു.

2. 33 രസീത് ബുക്കുകൾക്ക് ഒരേ ക്രമ നമ്പർ

രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ജില്ലാ പഞ്ചായത്തിൽ നിന്നം അനുവദിച്ച 100 രസീതുകളുള്ള 33 രസീത് ബുക്കുകൾക്ക് ഒരേ ക്രമ നമ്പറാണ്.

| ക്രമ നമ്പർ | രസീത് ബുക്ക് ജി. പഞ്ചായത്തിൽ നിന്നം അനുവദിച്ച തിയ്യതി | രസീത് ബുക്ക് നമ്പർ | എണ്ണം | രസീത് ബുക്ക് ജി. പഞ്ചായത്തിൽ നിന്നം അനുവദിച്ച തിയ്യതി | ആവർത്തിച്ച് വരുന്ന രസീത് ബുക്ക് നമ്പർ | എണ്ണം |
|---|---|---|---|---|---|---|
| 1 | 04.03.2021 | 515 മുതൽ 534 വരെ | 20 | 01.07.2021 | 526 മുതൽ 533 വരെ | 8 |
| 2 | 03.09.2021 | 594 മുതൽ 608 വരെ | 15 | 01.07.2021 | 599മുതൽ 600 വരെ | 2 |
| 3 | 19.07.2021 | 544 മുതൽ 568 വരെ | 25 | 08.04.2021 | 549മുതൽ 560 വരെ | 12 |
| 4 | 12.12.2022 | 870 | 30 | 03.06.2022 | 883മുതൽ 892 | 10 |

| | | | | | | |
|---|---|---|---|---|---|---|
| | | മുതൽ 899 വരെ | | | വരെ | |
| 5 | 22.06.2022 | 898 മുതൽ 907 വരെ | 10 | 12.12.2022 | 899 | 1 |
| | | | | | ആകെ | 33 |

ഇു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 29/ 2021-22 തി. 06.01.2023 ന മറുപടി ലഭിച്ചിട്ടില്ല.

1-44 പേരാമ്പ്ര ഫാമിലെ 5 വർഷത്തെ ചെലവ്, വരവിനേക്കാൾ 2.28 കോടി രൂപ കൂടുതൽ - വരുമാനം വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല.

ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പേരാമ്പ്ര ഫാമിലെ 2017-18 മുതൽ 2021-22 വരെയുള്ള (പതിമൂന്നാം പഞ്ചവൽസര പദ്ധതി) വരവ് ചെലവ് കണക്കുകൾ തമ്മിൽ വൻ അന്തരം ഉള്ളതായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| വർഷം | വരവ് | ചെലവ് | | | | വ്യത്യാസം |
|---|---|---|---|---|---|---|
| | | സ്റ്റേറ്റ് പ്ലാൻ | ജില്ലാ പഞ്ചായത്ത് | തൊഴിലാളികളുടെ കൂലി | ആകെ | |
| 1. | 2. | 3. | 4. | 5. | 6=3+4+5 | 7=6-2 |
| 2017-18 | 25,97,279 | 2,16,500 | 6,64,749 | 29,97,069 | 38,78,318 | 12,81,039 |
| 2018-19 | 25,65,531 | 3,48,264 | 10,42,906 | 44,09,130 | 58,00,300 | 32,34,769 |
| 2019-20 | 25,81,880 | 1,81,954 | 10,47,909 | 56,01,491 | 68,31,354 | 42,49,474 |
| 2020-21 | 17,18,763 | 4,55,488 | 8,20,475 | 63,48,006 | 76,23,969 | 59,05,206 |
| 2021-22 | 15,84,706 | 4,52,075 | 6,83,959 | 85,96,303 | 97,32,337 | 81,47,631 |
| ആകെ | 1,10,48,159 | 16,54,281 | 42,59,998 | 2,79,51,999 | 3,38,66,278 | 2,28,18,119 |

മേൽ സൂചിപ്പിച്ച പ്രകാരം 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ ഫാമിലെ ആകെ ചെലവ്, ആകെയുള്ള വരവിനേക്കാൾ 2,28,18,119 രൂപ കൂടുതലാണ്. ആകെയുള്ള ചെലവിൽ തൊഴിലാളികളുടെ കൂലി വഹിക്കുന്നത് സംസ്ഥാന സർക്കാരാണ്. ഗുണമേന്മയുള്ള വിത്തുകളും തൈകളും മിതമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുക എന്നതാണ് ഫാമിന്റെ പ്രധാന ലക്ഷ്യമെങ്കിലും വർഷാവർഷം വരവ് ചെലവുകൾ തമ്മിലുള്ള അന്തരം കൂടിവരുന്ന അവസ്ഥയാണുള്ളതെന്ന് പട്ടികയിൽ നിന്നും വ്യക്തമാണ്. ഫാമിന്റെ സമഗ്ര വികസനത്തിനായി ജില്ലാപഞ്ചായത്തിന്റെ നിർദ്ദേശാനുസരണം കേരള കാർഷിക സർവ്വകലാശാല തയ്യാറാക്കിയ ഒരു മാസ്റ്റർപ്ലാൻ 2020-21 വർഷം സമർപ്പിച്ചിരുന്നു. മാസ്റ്റർപ്ലാനിൽ പ്രതിപാദിക്കുന്ന തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ ഫാമിൽ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും മേൽ പറഞ്ഞ തുടർച്ചയായ വർഷങ്ങളിൽ ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന വരവ് ചെലവുകൾ തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് മറ്റ് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എങ്കിൽ പ്രസ്തുത വിവരവും റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 5/2021-22/24.11.2022) നിർവ്വഹണോദ്യഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.

1-45 സംസ്ഥാന വിത്തുൽപാദന കേന്ദ്രം ,പേരാമ്പ്ര- നാളീകേര വിൽപന ഇനത്തിൽ 0 .98ലക്ഷം രൂപ കുടിശ്ശിക

കോഴിക്കോട് ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 10.06.2021 ലെ 15ാം നമ്പർ തീരുമാന പ്രകാരം ഫാമുകളിൽ വിളവെടുക്കുന്ന നാളീകേരം കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ലോക്ഡൗൺ മൂലം വിൽപന നടത്തുന്നതിന് ക്വട്ടേഷൻ/ ലേല നടപടികൾ സ്വീകരിക്കാൻ കഴിയാത്തതിനാൽ അതാത് സമയത്തെ മാർക്കറ്റ് നിരക്ക് അനുസരിച്ച് പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് വിൽക്കുന്നതിന് അനുമതി നൽകി. ഫാമിൽ സൂക്ഷിക്കുന്ന നാളീകേര രജിസ്റ്റർ (പേജ് നം.40) പ്രകാരം തൻവർഷം താഴെ പറയുന്ന രീതിയിൽ പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് പൊളിച്ച് തൊണ്ട് മാറ്റിയ നാളീകേരം വിൽപന നടത്തിയിട്ടുണ്ട്.

| ക്രമ നം. | അളവ് (കി.ഗ്രാം) | നിരക്ക് (രൂപ) | തുക | ഇൻവോയ്സ് നം. |
|---|---|---|---|---|
| 1. | 1387 | 29 | 40,233 | 5/20.12.2021 |
| 2. | 1934 | 30 | 58,020 | 70/26.03.2022 |
| ആകെ | | | 98,253 | |

വിൽപന നടന്ന് മാസങ്ങൾ കഴിഞ്ഞിട്ടും ഓഡിറ്റ് തീയതി വരെ (04.11.2022) മേൽ തുക ഫാമിന് ലഭിച്ചില്ല. പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയും തമ്മിലുള്ള കേസ് നാഷണൽ ട്രിബ്യൂണൽ, കൊച്ചി ഏറ്റെടുത്ത സാഹചര്യത്തിൽ 28.04.2022 ന് മുൻപുള്ള പെയ്മെന്റുകൾ എല്ലാം നിർത്തിവെക്കാൻ കോടതി ഉത്തരവായിട്ടുണ്ടെന്ന് പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ 12.05.2022 ന് ഫാം സൂപ്രണ്ടിന് അയച്ച കത്തിൽ വ്യക്തമാക്കുന്നു. കുടിശ്ശിക ലഭിക്കുന്നതിന്, കേസിനു വേണ്ടി കോടതി നിശ്ചയിച്ച അഡ്വക്കേറ്റുമായി ബന്ധപ്പെടാവുന്നതാണെന്നും പ്രസ്തുത കത്തിൽ സൂചിപ്പിക്കുന്നുണ്ട്. കോടതി ഉത്തരവ്/ വിധിപ്പകർപ്പ് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിൽപന സംബന്ധിച്ചും തുക ഈടാക്കുന്നതു സംബന്ധിച്ചും പ്രൊഡ്യൂസർ കമ്പനിയുമായി പേരാമ്പ്ര ഫാം സൂപ്രണ്ട് കരാർ ചമച്ചിട്ടുണ്ടോ എന്ന് അറിയിക്കേണ്ടതും കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച ഫലപ്രദമായ നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/2021-22/24.11.2022) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.

## 1-46 സംസ്ഥാന വിത്തുൽപാദന കേന്ദ്രം, പേരാമ്പ്ര - വാർഷിക പദ്ധതി 2021-22 - വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ.

പേരാമ്പ്രയിലെ സംസ്ഥാന വിത്തുൽപാദന കേന്ദ്രത്തിലെ 2021-22 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ പറയുന്നു.

1. ഫാമിലേക്കാവശ്യമായ രാസവളം/ജൈവവളം ക്വട്ടേഷൻ നടപടി സ്വീകരിക്കാതെ വാങ്ങി.

2021-22 വർഷം ജില്ലാ കൃഷി ഫാമിലേക്കാവശ്യമായ രാസവളം/ജൈവവളം ക്വട്ടേഷൻ നടപടി സ്വീകരിക്കാതെ വിവിധ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങിയിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനം | ഇനം | അളവ് കി.ഗ്രാം | നിരക്ക് | തുക | ഇൻവോയ്സ് നം. |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1. | കിസാൻ എക്സൽ, കോഴിക്കോട്. | എം.ബി.എഫ് ഡെൽറ്റ | 200 | 104.76 + ടാക്സ് | 22,000 | G- 21-22/5684/ 24.02.2022 |
| 2. | ആഗ്രോ സർവ്വീസ് സെന്റർ, പേരാമ്പ്ര | യൂറിയ<br>പൊട്ടാഷ്<br>രാജ്ഫോസ് | 1000<br>1000<br>1000 | 5.94<br>34<br>10 | 5940<br>34000<br>10000 | 3077/28.02.2022 |
| 3. | ചക്കിട്ടപ്പാറ സർവ്വീസ് സഹകരണ ബാങ്ക് | കുമ്മായം | 500 | 18 | 9000 | 2992/10.12.2021 |
| 4. | ആഗ്രോ സർവ്വീസ് സഹകരണ ബാങ്ക് | രാജ്ഫോസ്<br>കുമ്മായം | 20ബാഗ്<br>500 | 476.19 + ടാക്സ്<br>17.14+ ടാക്സ് | 10000<br>9000 | 2850/30.11.2021 |
| 5. | ചക്കിട്ടപ്പാറ സർവ്വീസ് സഹകരണ ബാങ്ക് | യൂറിയ<br>പൊട്ടാഷ്<br>രാജ്ഫോസ് | 450<br>1000<br>1000 | 5.94<br>34<br>10 | 2669<br>34000<br>10000 | 30210/03.1.2022 |
| ആകെ | | | | | 1,46,609 | |

2. ഫാമിലേക്ക് പ്രിന്റർ കൊണ്ടുവരുന്നതിന് വണ്ടിക്കൂലിയിനത്തിൽ 1200 രൂപ നൽകി.

പേരാമ്പ്ര സ്റ്റേറ്റ് സീഡ് ഫാമിന് വേണ്ടി കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസ് അനുവദിച്ച ഉപയോഗിച്ച കൊണ്ടിരുന്ന ഒരു പഴയ പ്രിന്റർ എടുത്തുകൊണ്ടുവരാൻ പോയ വകയിൽ വണ്ടിക്കൂലിയായി 1200 രൂപ സീനിയർ കൃഷി ഓഫീസർ ശ്രീ. നാരായണൻ. സി (KL-56-Q.8817) എന്നയാൾക്ക് ബിൽ നം. 2/2021-22 തീയതി 20.11.2021 പ്രകാരം നല്കിയിട്ടുണ്ട്. വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് വൗച്ചറിനോടൊപ്പം അടക്കം ചെയ്തില്ല. കൂടാതെ, കൈയിലൊതുങ്ങുന്ന ഒരു പ്രിന്റർ കോഴിക്കോട് നിന്നും പേരാമ്പ്രയിലേക്ക് കൊണ്ടുവരുന്നതിന് 1200 രൂപ ചെലവഴിച്ചതിന്റെ കാരണം വ്യക്തമല്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 6/2021-22/24.11.2022) മറുപടി ലഭ്യമാക്കിയില്ല. മേൽ പറഞ്ഞ അപാകങ്ങൾക്ക് വ്യക്തമായ മറുപടി നൽകേണ്ടതാണ്.

1-47 സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, പേരാമ്പ്ര - നടീൽ വസ്തുക്കൾ വിറ്റവകയിൽ 2021-22 വർഷത്തിൽ 1,80,985 രൂപ കുടിശ്ശിക

സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, പേരാമ്പ്രയിൽ നിന്നും ഉൽപാദിപ്പിക്കുന്ന നെൽവിത്ത്, പച്ചക്കറിവിത്തുകൾ, വൈക്കോൽ, നടീൽ വസ്തുക്കൾ, എന്നിവ വിവിധ കൃഷിഭവനുകൾക്കും മറ്റു

സ്ഥാപനങ്ങൾക്കും വിൽപ്പന നടത്തിയ ഇനത്തിൽ വർഷങ്ങളായി ലക്ഷക്കണക്കിനു രൂപ ഫാമിന് ലഭിക്കാനുണ്ട്. എന്നാൽ ഇതു സംബന്ധിച്ച കൃത്യമായ കണക്ക് വർഷം തിരിച്ചുള്ളത് ഫാമിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക 1-26) 2015-16 മുതൽ 2020-21 വരെ 10,63,648/- രൂപ ഫാമിനു ലഭിയ്ക്കാനുള്ളതിന്റെ വിവരം ചേർത്തിട്ടുണ്ട്.

2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഫാമിലെ ഇൻവോയ്സ് രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 ൽ കാലയളവിൽ നടീൽ വസ്തുക്കൾ വിറ്റവകയിൽ ഫാമിന് 180985/-രൂപ ലഭിയ്ക്കാനുണ്ട്. കുടിശ്ശിക വിവരം അനുബന്ധം 7 ആയി ചേർക്കുന്നു. 2015-16 മുതൽ 2021-22 വരെയുള്ള കാലയളവിൽ ഈയിനത്തിൽ 12,44,633 രൂപ ( 10,63,648 + 180,985 ) വിവിധ കൃഷിഭവനുകളിൽ നിന്ന് ഫാമിന് കുടിശ്ശികയായി ലഭിക്കാനുണ്ട്. (2020-21 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-26 കൂടി കണുക). വിൽപ്പന നടത്തിയതു സംബന്ധിച്ച രജിസ്റ്റർ കാലികമാക്കുന്നതിനോ, പിരിഞ്ഞുകിട്ടാനുള്ള തുക സംബന്ധിച്ച് സ്ഥാനപങ്ങളെ ഓർമ്മപ്പെടുത്തുന്നതിനോ, കുടിശ്ശിക നിവാരണ നടപടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനോ ഫാം അധികൃതർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഓരോ വർഷവും ലഭിയ്ക്കാനുള്ള തുകയെത്രയെന്നും, ലഭിച്ചത് എത്രയാണെന്നുമുള്ള കണക്കുപോലും കൃത്യമായി സൂക്ഷിച്ചിട്ടില്ല. ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ച് ഓരോ വർഷത്തേയും കുടിശ്ശിക വിവരം കുടിശ്ശിക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർവർഷങ്ങളിൽ ലഭിച്ച തുക ഒഴിവാക്കി കുടിശ്ശിക ക്യാരിഓവർ ചെയ്യേണ്ടതുമാണ്.

കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഫാം അധികൃതർ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതും 2015-16 വർഷത്തിന് മുമ്പുള്ളതടക്കം നാളിതുവരെയുള്ള കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 8/2021-22 തീ.30.11.2022 ന മറുപടി ലഭിച്ചിട്ടില്ല.

1-48 പുറക്കാട്ടിരി ജറിയാട്രിക് സെന്റർ പ്രവർത്തന സജ്ജമായില്ല – കേന്ദ്രത്തിനായി വാങ്ങിയ 10.52 ലക്ഷം രൂപയുടെ ഫർണിച്ചറും മറ്റ് ഉപകരണങ്ങളും ഉപയോഗപ്പെടുത്തുന്നില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | S0851/22, ജില്ലാ ആയുർവേദ ആശുപത്രിയിലേയും പുറക്കാട്ടിരി എസിഎസി സെന്ററിലെയും ജറിയാട്രിക് വാർഡിലേക്കും ഫർണിച്ചർ ഉപകരണങ്ങൾ വാങ്ങൽ |
| നിർവ്വഹണം | സൂപ്രണ്ട്, ജില്ലാ ആയുർവേദാശുപത്രി |
| അടങ്കൽ, ഫണ്ടിനം | 40 ലക്ഷം രൂപ, വികസന ഫണ്ട് |
| ചെലവ്, ബിൽ നം. | 11,36,159/-, 23/30.03.2022 |

മേൽ പ്രോജക്ട് പ്രകാരം ജില്ലാ ആയുർവേദ ആശുപത്രിയിലെ വൃദ്ധജന ബ്ലോക്കിലേക്കും പുറക്കാട്ടിരിയിലെ വൃദ്ധജന ബ്ലോക്കിലേക്കും 11,36,159/- രൂപയുടെ ഫർണിച്ചറും മറ്റ് ആശുപത്രി ഉപകരണങ്ങളും സിഡ്കോയിൽ നിന്നും വാങ്ങിയിരുന്നു (ഇൻവോയ്സ് നം. ES/SL/21-22 /153/23.03.2022). ഇതിൽ 10,51,909/- രൂപയുടെ താഴെ പറയുന്ന സാമഗ്രികൾ പുറക്കാട്ടിരിയിലെ ജറിയാട്രിക് സെന്ററിലേക്ക് വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1. | Medicine Trolly (SS)304 | 4 |

| | | |
|---|---|---|
| 2. | Food Trolly (SS)304 | 1 |
| 3. | Steel Cabinet (SS) 6x3 | 5 |
| 4. | Table Steel (SS) 5x3 | 4 |
| 5. | Re. H Back Chair | 3 |
| 6. | Steel Rack | 3 |
| 7. | Steel Foot Step | 4 |
| 8. | Examination Table (S Steel) | 2 |
| 9. | Visiting Chair 3 Seat | 7 |
| 10. | Semi Floar Coat | 10 |

13.12.2022 ന് ജറിയാട്രിക് സെന്റർ നേരിട്ട് പരിശോധിച്ചതിൽ പുറക്കാട്ടിരിയിലെ ജറിയാട്രിക് കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചില്ലെന്ന് കണ്ടു. 23.03.2022 ന് വാങ്ങിയ ഉപകരണങ്ങളും ഫർണിച്ചറും 9 മാസത്തിനു ശേഷവും ഉപയോഗപ്പെടുത്തിയില്ല. ഇവ കേന്ദ്രത്തിലെ ഒരു മുറിയിൽ സൂക്ഷിച്ചിരിക്കുന്നതായും കണ്ടു. വൃദ്ധജന ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനു മുൻപു തന്നെ മേൽ പറഞ്ഞ ഉപകരണങ്ങൾ വാങ്ങിയതിന്റെ കാരണം വ്യക്തമല്ല. പ്രസ്തുത വിഷയം സംബന്ധിച്ച് 21.01.2023 ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ജറിയാട്രിക് വാർഡ് എത്രയും പെട്ടെന്ന് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്ന നിർവ്വഹണോദ്യഗസ്ഥന്റെ മറുപടി തൃപ്തികരമല്ല. നിലവിൽ പ്രവർത്തനം ആരംഭിക്കാത്ത ആശുപത്രിക്ക് ഉപകരണങ്ങൾ കൈമാറിയതിനാൽ 10,51,909/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-49 ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടും ആശുപത്രി ഉപകരണങ്ങൾ വാങ്ങിയില്ല.

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | S0845/22, ജില്ലാ ആയുർവേദ ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ |
| നിർവ്വഹണം | സൂപ്രണ്ട്, ജില്ലാ ആയുർവേദാശുപത്രി |
| അടങ്കൽ, ഫണ്ടിനം | 3.5 ലക്ഷം രൂപ, സംരക്ഷണ ഗ്രാന്റ് (റോഡിതരം) |
| ചെലവ്, ബിൽ നം. | 47,000/-, 19/30.03.2022 |

ജില്ലാ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലാ ആയുർവേദ ആശുപത്രിയിലേക്ക് ആവശ്യമായ ഫിസിയോ തെറാപ്പി ഉപകരണങ്ങൾ വാങ്ങുന്നതിന് 11.03.2022 ന് ടെണ്ടർ ക്ഷണിക്കുകയും 6 സ്ഥാപനങ്ങളിൽ നിന്ന് താഴെ പറയുന്ന രൂപത്തിൽ ടെണ്ടർ ലഭിക്കുകയും ചെയ്തു. പ്രസ്തുത ടെണ്ടർ എ272/22 തീയതി. 11.03.2022 നടപടി പ്രകാരം നിർവ്വഹണോദ്യോഗസ്ഥ അംഗീകരിച്ചിട്ടുമുണ്ട്.

| Sl.No | Item | Qty | Standard Surgicals | Mediline Surgicals | Kerala Medical & Sports Equipment | Bharath Medical System | Pass Medi Services | Calicut Surgicals |
|---|---|---|---|---|---|---|---|---|
| 1. | Mobility Tread With Tread Mill | 1 | 1,14,000 | 1,60,000 | 4,56,500 | 4,60,000 | 1,62,000 | 4,97,000 |
| 2. | Sports Tread Mill BT21AC 2HP AC Motor | 1 | 73,000 | 1,03,500 | 2,52,800 | 2,65,000 | 47,000 | 90,000 |
| 3. | Sports Home Gym Station | 1 | 36,000 | 50,000 | 2,96,800 | 3,25,000 | 39,000 | 26,500 |

മേൽ പട്ടികയിലെ ക്രമ നമ്പർ 2 ആയി സൂചിപ്പിച്ച ഉപകരണം മാത്രമേ 2021-22 വർഷം വാങ്ങിയുള്ളൂ. ഈ ഉപകരണം ജില്ലാ ആയുർവേദ ആശുപത്രിയുടെ കീഴിലുള്ള പുറക്കാട്ടീരി സെന്ററിലേക്ക് നൽകിയിട്ടുണ്ട്. ഓഡിറ്റ് തീയതിയായ 15.12.2022 ലും പട്ടികയിലെ ക്രമ നമ്പർ 1, 3 ആയി സൂചിപ്പിച്ച ഉപകരണങ്ങൾ വാങ്ങിയില്ല. കൂടാതെ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ (ഫയൽ നം. എ272/22) ഏതാനും സ്ഥാപനങ്ങൾ നിരതദ്രവ്യം ആയി നൽകിയ ഡി.ഡി, സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് എന്നിവ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഡി.ഡി/ എഫ്.ഡി നം. | ബാങ്ക് | തുക | സ്ഥാപനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | DD No. 09783/ 24.03.2022 | യൂനിയൻ ബാങ്ക് ഓഫ് ഇൻഡ്യ, കോഴിക്കോട് | 8,750 | പാസ് മെഡി സർവ്വീസസ്, കോഴിക്കോട് |
| 2. | FD No. 2003000067/ 24.03.2022 | കാലിക്കറ്റ് സർവ്വീസ് ടൗൺ കോപ്പറേറ്റീവ് ബാങ്ക് | 8,750 | സ്റ്റാൻഡേർഡ് സർജിക്കൽസ്, കോഴിക്കോട് |

ആവശ്യത്തിന് ഫണ്ട് ഉണ്ടായിരുന്നിട്ടും, ടെണ്ടർ നടപടികളെല്ലാം പൂർത്തീകരിച്ചിട്ടും മറ്റ് ഉപകരണങ്ങൾ വാങ്ങിയില്ല. ഇ.എം.ഡി ആയി നൽകിയ ഡിമാന്റ് ഡ്രാഫ്റ്റ്, സ്ഥിരനിക്ഷേപം എന്നിവ യഥാസമയം ബാങ്കിൽ വരവ് വെക്കുകയും ചെയ്തില്ല. മേൽ വിഷയവുമായി ബന്ധപ്പെട്ട് 21.01.2023 ന് നൽകിയ അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ ഇ.എം.ഡി തിരിച്ച് നൽകിയതായും ഉപകരണത്തിന്റെ ഗുണനിലവാരം കുറഞ്ഞതിനാൽ റീ-ടെണ്ടർ ചെയ്തതായും അറിയിച്ചിട്ടുണ്ട്. ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-50 പുറക്കാട്ടിരി ചൈൽഡ് &അഡോളസന്റ് കെയർ സെന്ററിലേക്ക് മരുന്ന് , കൺസ്യൂമബിൾസ് വാങ്ങൽ - തുക അടച്ച് 9 മാസം കഴിഞ്ഞിട്ടും സാധനങ്ങൾ ലഭ്യമായില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, ജില്ലാ ആയുർവേദ ആശുപത്രി |
| പ്രൊജക്ട് | S005/22, പുറക്കാട്ടിരി ചൈൽഡ് &അഡോളസന്റ് കെയർ സെന്ററിലേക്ക് മരുന്ന് , കൺസ്യൂമബിൾസ് വാങ്ങൽ |
| അടങ്കൽ, ഫണ്ടിനം | 12,00,000, സംരക്ഷണഗ്രാന്റ്(റോഡിതരം) |
| ചെലവ് | 11,81,758/- |

പുറക്കാട്ടിരി ചൈൽഡ് &അഡോളസന്റ് കെയർ സെന്ററിലേക്ക് മരുന്ന് , കൺസ്യൂമബിൾസ് തുടങ്ങിയവ വാങ്ങുന്നതിന് 12,00,000രൂപ വകയിരുത്തിയതിൽ 11,81,758രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ട് പ്രകാരം ആശുപത്രിയിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് നം. PRF 3819 തീയതി 3.12.2021 പ്രകാരം 87630രൂപ KMSCLന് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. മരുന്ന് , കൺസ്യൂമബിൾസ് എന്നിവ യഥാസമയം KMSCL ലഭ്യമാക്കിയില്ല.

87630രൂപ 9മാസങ്ങൾക്കു മുൻപെ അടച്ചെങ്കിലും താഴെ സൂചിപ്പിച്ച 26302 രൂപയുടെ കൺസ്യൂമബിൾസ് KMSCL ലഭ്യമാക്കിയില്ല.

| ക്രമനം. | ഇനം | എണ്ണം | നിരക്ക് | ജി.എസ്.ടി | ആകെ |
|---|---|---|---|---|---|
| 1 | BP Apparatus Digital | 5 | 1265 | 759.00 (12%) | 7084 |
| 2 | Face Mask | 1000 | 2.86 | 143.00 (5%) | 3003 |
| 3 | Thermometer – Non Contact Infrared | 10 | 1265 | 2277 (18%) | 14927 |

| | | | | | |
|---|---|---|---|---|---|
| | | | | | 25014 |
| | | | | Handling Charge 5% | 1092 |
| | | | | GST 18% | 196 |
| | Total | | | | 26,302 |

കൈമാറിയ തുക പലിശ സഹിതം തിരികെ ഈടാക്കാനുള്ള നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

2. തുക കൈമാറുന്നതിന് മുൻപ് സ്ഥാപനങ്ങളുമായി കരാർ വെച്ചില്ല.

2013ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.60 പ്രകാരം സാധനസാമഗ്രികൾ വാങ്ങുമ്പോൾ, കരാറുകാരനുമായി വിതരണ നിബന്ധനകളും കരാർ ലംഘനത്തിൻമേലുള്ള നിയമനടപടികളും ഉൾപ്പെടുന്ന ഒരു എഗ്രിമെന്റിൽ ഏർപ്പെടേണ്ടതാണ്. ഖണ്ഡിക 9.61 പ്രകാരം ഒരു ലക്ഷത്തിൽ കൂടുതൽ മൂല്യം വരുന്ന വാങ്ങലുകളിൽ സപ്ലൈ ഓർഡറിനൊപ്പം എഗ്രിമെന്റിന്റെ കരട് കൂടി അയച്ചു കൊടുക്കേണ്ടതും സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രം സാധനങ്ങൾ അയച്ചാൽ മതിയെന്ന് നിർദ്ദേശിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ കരാർ ചമയ്ക്കാതിരുന്നതിനാൽ സാധനങ്ങൾ വിതരണം ചെയ്യാത്തതിന് സ്ഥാപനത്തിനെതിരെ നിയമനടപടി സ്വീകരിക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്.

3. പ്രൊഫോർമ ഇൻവോയ്സിൽ രേഖപ്പെടുത്തിയതിനേക്കാൾ ഉയർന്ന വിലയ്ക്ക് സാധനങ്ങൾ വാങ്ങി

പദ്ധതി പ്രകാരം ഓർഡർ ചെയ്ത വീൽ ചെയറിന്റെ വില പിന്നീട് വർദ്ധിച്ചതിനാൽ വിലയുടെ വർദ്ധനവിന് ആനുപാതികമായി എണ്ണത്തിൽ കുറവ് വരുത്തിയാണ് KMSCL വിതരണം ചെയ്തിട്ടുള്ളത്. KMSCL സാധനങ്ങൾ വിതരണം ചെയ്യാൻ വൈകിയതിനാലാണ് പ്രൊഫോർമ ഇൻവോയ്സിൽ രേഖപ്പെടുത്തിയ തുകയേക്കാൾ കൂടിയ വിലയ്ക്ക് സാധനങ്ങൾ വാങ്ങേണ്ടി വന്നത്. ഓർഡർ ചെയ്ത സാധനങ്ങൾ വിതരണം ചെയ്യുന്ന കാലയളവ് നിശ്ചിത തീയതി ഉൾപ്പെടെ കൃത്യമായി കരാറിൽ രേഖപ്പെടുത്തേണ്ടതാണെന്ന് സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 10.1ൽ നിഷ്കർഷിച്ചിട്ടുണ്ട്. കൃത്യമായ കരാർ ചമയ്ക്കാത്തതിനാൽ തന്നെ വർദ്ധിച്ച വില ഈടാക്കിയതിന് സ്ഥാപനത്തിനെതിരെ നിയമനടപടി സ്വീകരിക്കാൻ സാധിക്കില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ 26/2021-22/25.1.2023 നം. അന്വേഷണക്കുറിപ്പിന് മറുപടി സമർപ്പിച്ചിട്ടില്ല. മേൽ അപാകങ്ങൾക്ക് മറുപടി സമർപ്പിക്കേണ്ടതാണ്. 26,302 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-51 മഞ്ചാംതറ ഖാദി കേന്ദ്രം - തറികൾ യഥാസമയം ലഭിച്ചില്ല

| പ്രൊജക്ട് നമ്പർ | പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ | തിയ്യതി |
|---|---|---|---|---|---|
| എസ്.ഒ. 709/22 | മഞ്ചാംതറ ഖാദി കേന്ദ്രം തറികൾ വാങ്ങൽ | 10,00,000 (പൊതുവിഭാഗം, സാധാരണ വിഹിതം) | 1,38,000 | 1/21-22 | 30.03.2022 |

ജില്ലാ ഖാദി ഗ്രാമ വ്യവസായ കേന്ദ്രം,കോഴിക്കോട് പ്രോജക്ടിനു കീഴിലുള്ള വളയം, മഞ്ചാംതറ ഖാദി കേന്ദ്രത്തിനു തറികളും അനുബന്ധ ഉപകരണങ്ങളും (10 തറികൾ, വാർപ്പിംങ് മെഷീൻ, വൈന്റിംങ് മെഷീൻ, സ്പെയർ പാർട്സുകൾ) വാങ്ങുന്നതിനുള്ള ഇ-ടെണ്ടർ നടപടികൾ കേരള ഖാദി ബോർഡ് സെക്രട്ടറി സ്വീകരിക്കുകയും 7.12.2021 ന ലഭിച്ച ഇ-ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ഇമ്മാനുവൽ ഫർണ്ണീച്ചറിന്റെ 78,600/-രൂപയുടെ ഓഫർ 7.12.2021 ലെ ജില്ലാ പഞ്ചായത്ത് പ്രോക്യൂർ കമ്മിറ്റിയുടെ 07.12.2021 ലെ 102/21 നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയുംചെയ്തു. ഖാദി ബോർഡ്

നേരിട്ട് വർക്ക് ഓർഡർ (കെ ബി 642/2019/കെ 5 30.11.2021 ) നൽകുകയും 22.12.2021 ന് ഉടമ്പടി വെക്കുകയും ചെയ്തു. 30.11.2021 ന വർക്ക് ഓർഡർ നൽകിയെങ്കിലും ഒരു വർഷത്തിന ശേഷം (29.11.2022) മാത്രമാണ് തറികൾ വിതരണം നടത്തിയത്. ഇതു സംബന്ധിച്ച നടപടികളിലെ അപാകങ്ങൾ താഴെപ്പറയുന്നു.

1. നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രൊജക്ട് ഓഫീസർക്ക് പകരം കേരള ഖാദി ബോർഡ് സെക്രട്ടറിയാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചത്. ആയതിനുള്ള കാരണം വ്യക്തമല്ല. 2020-21വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖ.നമ്പർ 1.59 പ്രകാരം ഇക്കാര്യം സൂചിപ്പിച്ചിരുന്നെങ്കിലും ആയതിന മറുപടിയൊന്നും ലഭിച്ചില്ല.

2. സ്റ്റോർ പർച്ചേസ് മാന്വൽ -2013 (സ ഉ (പി) നം.03/2013 എസ് പി ഡി തിയ്യതി 21.06.2013 ) ചട്ടം 9.61 പ്രകാരം ഒരു ലക്ഷത്തിൽ കൂടുതൽ മൂല്യം വരുന്ന വാങ്ങലിൽ വിതരണ ഉത്തരവിനൊപ്പം എഗ്രിമെന്റിന്റെ കരട് കൂടി അയച്ചു കൊടുക്കേണ്ടതും എഗ്രിമെന്റിൽ ഏർപ്പെട്ടതിനുശേഷം മാത്രം സാധനങ്ങൾ അയച്ചാൽ മതിയെന്ന് നിർദ്ദേശിക്കേണ്ടതുമാണ്. ചട്ടം 9.61 പ്രകാരം ആവശ്യപ്പെട്ട സ്റ്റോറുകളുടെ വിതരണ കാലാവധിയും അനുബന്ധ സേവനങ്ങളുടെ പൂർത്തീകരണവും നിശ്ചിത തിയ്യതി സഹിതം കൃത്യമായി കരാറിൽ സൂചിപ്പിക്കേണ്ടതാണ്. കരാറുടമ്പടി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇപ്രകാരമുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കാത്തതുകാരണം ഒരു വർഷത്തോളം സാധന സാമഗ്രികൾ വിതരണം ചെയ്യാതിരുന്നിട്ടും (വിതരണക്കാരൻ ഉത്തരവാദിയായ വിതരണം വൈകൽ/ വിതരണം നടത്താതിരിക്കൽ എന്നിവയിൽ) വാങ്ങുന്നയാൾക്കുള്ള പരിഹാര നടപടികളായ ചട്ടം 10.29 പ്രകാരമുള്ള താഴെയുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചില്ല.

I) നാശനഷ്ടങ്ങൾക്കുള്ള പരിഹാരവും നിരാകരണ നിബന്ധനകളും ഉൾപ്പെടുത്തി വിതരണ കാലാവധി നീട്ടൽ

Ii) പെർഫോമൻസ് സെക്യൂരിറ്റി കണ്ടുകെട്ടൽ,

Ii) കരാർ റദ്ദ് ചെയ്യൽ

Iv) മറ്റു വിലക്കുകൾ/പിഴ ചുമത്തൽ

3. കേരളാ ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർക്കിക്കിൾ 147 (1) പ്രകാരം സ്റ്റോറുകൾ കൈപ്പറ്റാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് പരിശോധിച്ച് അംഗീകരിച്ച സാമ്പിൾ (സ്പെസിഫിക്കേഷൻ) പ്രകാരമുള്ളത് തന്നെയാണ് ലഭിച്ചിരിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ പ്രോജക്ട് ഓഫീസർ സൂക്ഷിച്ചു വരുന്ന സ്റ്റോക്ക് രജിസ്റ്ററിൽ 1,38,000/- രൂപ ചെലവഴിച്ചു വാങ്ങിയ 2തറികളുടെ എണ്ണമൊഴിച്ച് മറ്റ് വിശദാംശങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. (പേജ് നം.85) കൂടാതെ 7,86,000/- രൂപ ചെലവഴിച്ചു വാങ്ങിയ 10 തറികളുടെ എണ്ണമൊഴിച്ച് മറ്റ് വിശദാംശങ്ങളൊന്നും തന്നെ സ്റ്റോക്ക് രജിസ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. (പേജ്നം.90) രേഖപ്പെടുത്തിയ വിവരങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. വിതരണം ചെയ്തവയുടെ കൈപ്പറ്റ് വിവരം ഫയലിൽ ലഭ്യമല്ല. ആർട്ടിക്കിൾ 148 (Iv) പ്രകാരം സ്റ്റോക്ക് രജിസ്റ്ററിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ സ്റ്റോക്കിലെടുത്ത വിവരം ബില്ലിന്റെ ഓഫീസ് കോപ്പിയിൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബിൽ കോപ്പിയിൽ അപ്രകാരം രേഖപ്പെടുത്തിയിട്ടില്ല. മോഷണം, കൃത്രിമം, അവഗണന (Negligence) അപകടം എന്നിവ കാരണം ഉണ്ടായേക്കാവുന്ന സ്റ്റോറിന്റെ നഷ്ടം തടയുന്നതിന കൃത്യമായ സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 38 / 2021-22 തി. 3 .02.2023 ന മറുപടി ലഭിച്ചിട്ടില്ല.

### 1-52 പുതുപ്പാടി സീഡ് ഫാം-രസീതുകൾ മുഖേനയുള്ള പിരിവ് - ചട്ടങ്ങൾ പാലിക്കുന്നില്ല.

കേരളാ ഫിനാൻഷ്യൽ കോഡിലേയും, കേരളാ ട്രഷറി കോഡിലേയും വ്യവസ്ഥകളും സ.ഉ. (എം.എസ്) നം. 83/2011 തസ്വഭവ. തിയ്യതി 08.03.2011 (എസ്.ആർ.ഒ. നം. 266/2011) പ്രകാരമുള്ള കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരവുമാണ് രസീതുപയോഗിച്ച് പണപ്പിരിവ്

നടത്തേണ്ടത്.

സംസ്ഥാന വിത്തുല്പാദന കേന്ദ്രം, പുതുപ്പാടി യിൽ മാന്വൽ രസീതുപയോഗിച്ചുള്ള പണം സ്വീകരിക്കുന്നതിലേയും, ബാങ്കിലടയ്ക്കുന്നതിലേയും നടപടിക്രമങ്ങളിലെ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. രസീതുകൾ റദ്ദാക്കൽ -

രസീതുകൾ റദ്ദാക്കുന്ന അവസരങ്ങളിൽ മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ, റദ്ദാക്കലിനുള്ള കാരണം രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 11 ൽ നിഷ്കർഷിക്കും പ്രകാരമല്ല രസീതുകൾ റദ്ദ് ചെയ്യുന്നത്.

2. തുക ഒടുക്കിയതിന്റെ കൃത്യത പരിശോധിക്കൽ

കെ.ടി.സി. കോഡ് വോള്യം 1 ആർട്ടിക്കിൾ 92(എ) (V) പ്രകാരം ട്രഷറിയിലോ ബാങ്കിലോ തുക ഒടുക്കിയതിന് ശേഷം കാഷ് ബുക്കിൽ ഒപ്പ് വെക്കുന്നതിന് മുമ്പ് തുക യഥാർത്ഥത്തിൽ ഒടുക്കിയതായി ഉറപ്പാക്കേണ്ടതും, കൃത്യത ഉറപ്പാക്കുന്നതിന് ചെലാൻ, പാസ് ബുക്ക് എന്നിവ കാഷ് ബുക്കിലെ എൻട്രികളുമായി പൊരുത്തപ്പെടുത്തി ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ കലക്ഷൻ രജിസ്റ്ററിൽ തുടർച്ചയായി രേഖപ്പെടുത്തലുകൾ നടത്തുന്നതിനാൽ പ്രതിദിന കലക്ഷൻ എത്രയെന്നോ, ബാങ്കിലടയ്ക്കുന്ന തുക എത്രയെന്നോ തിരിച്ചറിയാൻ കഴിയില്ല.

3. പിരിവ് തുക തൊട്ടടുത്ത ദിവസം ബാങ്കിലടയ്ക്കുന്നില്ല.

കെ.എഫ്.സി. വോള്യം.1 ആർട്ടി.7 (2) പ്രകാരം ദിവസേനയുള്ള കലക്ഷൻ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ട്രഷറിയിൽ /ബാങ്കിലടയ്ക്കേണ്ടതാണ്. ദൂരക്കൂടുതലോ മറ്റേതെങ്കിലും കാരണത്താലോ തുക ഒടുക്കുവാൻ സാധിക്കാതെ വന്നാൽ ആഴ്ചയിലൊരിക്കൽ അവസാന പ്രവൃത്തി ദിവസങ്ങളിൽ അടയ്ക്കേണ്ടതാണ്. 2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ടിംഗ് ചട്ടങ്ങളിലെ ചട്ടം 23 പ്രകാരം പണം ലഭിച്ച ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ അക്കൗണ്ടിൽ ഒടുക്കിയെന്ന് ഉറപ്പാക്കേണ്ടതാണ്.

4. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

കെ.എഫ്.സി. വോള്യം.1 ആർട്ടി.10 പ്രകാരം ഡ്യൂപ്ലിക്കേറ്റ് രസീതിലെ രേഖപ്പെടുത്തലുകൾ കലക്ഷൻ രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധിക്കേണ്ടതും, കലക്ഷൻ രജിസ്റ്ററിലെ ആകെ തുകയും ബാങ്കിൽ അടച്ചിട്ടുള്ളതായി കാണിച്ചിട്ടുള്ള ചെലാന്റെ തുകയും ഒന്നു തന്നെയാണെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള പരിശോധന നടത്തുന്നതിന്റെ രേഖകൾ ഇല്ല.

5. ചെക്കുകളും/ഡിമാന്റ് ഡ്രാഫ്റ്റുകളും സ്വീകരിക്കൽ/ NEFT

ചെക്ക്/ഡി.ഡി. എന്നിവ വഴി തുകലഭിക്കുമ്പോൾ പണമാക്കുന്നതിന് വിധേയമായി എന്ന് വ്യക്തമായി രേഖപ്പെടുത്തിയ രസീതാണ് നൽകേണ്ടത്. NEFT വഴി പണം സ്വീകരിച്ചതിന് രസീത് നൽകുമ്പോൾ കലക്ഷൻ രജിസ്റ്ററിൽ, തുക ബാങ്ക് അക്കൗണ്ടിൽ വരവ് വന്നതിന്റെ വിവരം രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇപ്രകാരം ചെയ്യുന്നില്ല.

2019-20 ഓഡിറ്റ് റിപ്പോർട്ടിൽ ഖ 1-29 ൽ ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടും അതേ അപാകങ്ങൾ ഓഡിറ്റ് തിയ്യതിയിലും തുടരുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 17/ 2021-22 തി.29.11.2022 ന ലഭിച്ച മറുപടിയിൽ (സീനിയർ കൃഷി ഓഫീസറുടെ 30.01.2023 ലെ SFP 37/2022 നമ്പർ കത്ത്) അപാകങ്ങൾ പരിഹരിച്ചതായി അറിയിച്ചിട്ടുണ്ട്. ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-53 പുതുപ്പാടി സീഡ് ഫാം- തകരാറിലായ സിസിടിവി റിപ്പയറിംഗിനായി കൊണ്ടുപോയി നാളിതുവരെ പുന:സ്ഥാപിച്ചില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സീനിയർ കൃഷി ഓഫീസർ, പുതുപ്പാടി സീഡ് ഫാം |
| പ്രൊജക്ട് | S0061/21-22, പുതുപ്പാടി സീഡ് ഫാമിൽ സിസിടിവി സ്ഥാപിക്കൽ |
| അടങ്കൽ | 1,50,000, തനത്ഫണ്ട് |
| ചെലവ് | 1,44,529/- ബിൽ നം.1/23.2.2022 |

മേൽ പ്രൊജക്ട് പ്രകാരം പുതുപ്പാടി സീഡ് ഫാമിൽ സിസിടിവി സ്ഥാപിക്കുന്നതിനായി 1,44,529 രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. (ഇൻവോയ്സ് നം. CLT/09565/21-22തീ 30.12.2021). 2.12.2021ന് സിസിടിവി സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് ഇൻസ്റ്റലേഷൻ റിപ്പോർട്ടും നൽകിയിരുന്നു. സിസിടിവി ക്യാമറകൾക്കും മോണിട്ടറിനും ഒരു വർഷത്തെ വാറണ്ടി ഉള്ളതായി ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 29.10.2022ന് നടത്തിയ പരിശോധനയിൽ ഫാമിലെ സിസിടിവി പ്രവർത്തിക്കുന്നില്ല എന്ന് കണ്ടു. സിസിടിവി ക്യാമറയും മോണിട്ടറും 2 മാസം മുൻപ് തകരാറിലായതിനാൽ റിപ്പയറിംഗിനായി കൊണ്ടു പോയതാണെന്ന് സീനിയർ കൃഷി ഓഫീസർ അറിയിച്ചു. കെൽട്രോണും സീനിയർ കൃഷി ഓഫീസറും തമ്മിൽ ചമച്ച കരാറിൽ ഒരു വർഷത്തിനുള്ളിൽ സിസിടിവി ക്യാമറകൾക്കോ മോണിട്ടറിനോ സംഭവിക്കുന്ന തകരാറുകൾ കെൽട്രോൺ സൗജന്യമായി പരിഹരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. സിസിടിവി സ്ഥാപിച്ച 2.12.2021 മുതൽ ഒരു വർഷം വരെ വാറണ്ടി പിരീഡ് ആയതിനാൽ തകരാറിലായ ക്യാമറയും മോണിട്ടറും സൗജന്യമായി കെൽട്രോൺ റിപ്പയർ ചെയ്യേണ്ടതാണ്. എന്നാൽ ഓഡിറ്റ് തീയതിയായ 29.10.2022വരെ സിസിടിവി പുന:സ്ഥാപിച്ചിട്ടില്ല. 1.12.2022ന് വാറണ്ടി പിരീഡ് അവസാനിക്കുന്നതിനാൽ സിസിടിവി തകരാർ പരിഹരിച്ച് ആയത് പുന:സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യാനാവശ്യപ്പെട്ട കൊണ്ട് 29.11.22ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18ന് സീനിയർ കൃഷി ഓഫീസർ 20.1.2023ന് സമർപ്പിച്ച മറുപടിയിൽ സിസിടിവി റിപ്പയർ ചെയ്ത് ഓഫീസിൽ എത്തിച്ചതായും ആയത് പുന:സ്ഥാപിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-54 മെറിറ്റോറിയസ് സ്കോളർഷിപ്പ് (എസ്.സി)- മതിയായ രേഖകളില്ലാതെ ആനുകൂല്യം നൽകി

| | |
|---|---|
| പ്രൊജക്ട് നം, പേര് | 1. S0091/22, പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് (പെൺ).<br>2. S0084/22, മെറിറ്റോറിയസ് സ്കോളർഷിപ്പ് |
| നിർവ്വഹണം | ജില്ലാ പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ, ഫണ്ടിനം | 1) 50,49,000/- എസ്.സി.പി<br>2) 1,20,00,000/- എസ്.സി.പി |
| ചെലവ് | 1) 50,45,000/-<br>2) 1,20,00,000/- |

സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ, സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാതരം കോഴ്സുകളിലേക്കും യോഗ്യത നേടി പഠനം നടത്തിവരുന്ന എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ്

കാലാവധിവരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും കോഴ്സ് അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. ജില്ലാപഞ്ചായത്ത് പദ്ധതി പ്രകാരം 2021 – 22വർഷം 15 ഘട്ടങ്ങളിലായി 1,70,45,000/- രൂപ 778 വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പിനത്തിൽ വിതരണം ചെയ്തിട്ടുണ്ട് (അനുബന്ധം -4 കാണുക). ഇതിൽ 191 വിദ്യാർത്ഥികൾക്ക് 40.70 ലക്ഷം രൂപ വിതരണം ചെയ്തത് മതിയായ രേഖകളില്ലാതെയാണ് (അനുബന്ധം -3 കാണുക).

സ.ഉ (കൈ) നം. 22/2018/ തസ്വഭവ തീയതി. 14.02.2018, ഖണ്ഡിക നം. 7.2.5 കുറിപ്പ് പ്രകാരം ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നോ വകുപ്പിൽ നിന്നോ ഒരേ തരം ധനസഹായത്തിന് അർഹതയില്ലെന്ന് വ്യക്തമാക്കുന്നുണ്ട്. അനുബന്ധം -3 ൽ ഉൾപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയതിന്റെ അപേക്ഷകൾ പരിശോധിച്ചതിൽ മിക്കതിലും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകിയില്ല എന്ന സാക്ഷ്യപത്രം അടക്കം ചെയ്തില്ല. പന്തലായനി, മേലടി എന്നീ ബ്ലോക്ക് പഞ്ചായത്തുകളും, കാവിലുംപാറ, കുറ്റ്യാടി എന്നീ ഗ്രാമപഞ്ചായത്തുകളും 2021 -22 വർഷം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയില്ല എന്ന് ജില്ലാ പട്ടികജാതി വികസന ഓഫീസറെ അറിയിച്ചിട്ടുണ്ട്. പന്തലായനി ബ്ലോക്ക് പഞ്ചായത്ത് 68 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന്റെ മുന്നോടിയായി ഒരു പട്ടിക ജില്ലാ പഞ്ചായത്തിന് സമർപ്പിക്കുകയും പ്രസ്തുത ഗുണഭോക്താക്കൾക്ക് ജില്ലാ പഞ്ചായത്ത് പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടില്ല എന്ന സാക്ഷ്യപത്രം ആവശ്യപ്പെടുകയുമുണ്ടായി. മറ്റ് നിരവധി ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളും ഇതേ ആവശ്യം ഉന്നയിച്ച് കത്ത് നൽകിയിരുന്നു. ആയതിന് ജില്ലാപഞ്ചായത്തോ ജില്ലാ പട്ടികജാതി വികസന ഓഫീസറോ മറുപടി സമർപ്പിച്ചില്ല. സമർപ്പിച്ച പട്ടികയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും (68എണ്ണം) ആനുകൂല്യം അനുവദിച്ചതായി പന്തലായനി ബ്ലോക്ക്പഞ്ചായത്ത് അറിയിച്ചു. മേലടി ബ്ലോക്ക്പഞ്ചായത്ത് 41 വിദ്യാർത്ഥികൾക്കും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും 2021-22 കാലയളവിൽ വിവിധ തദ്ദേശ സ്ഥാപനങ്ങൾ "പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്" എന്ന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ടെന്ന കാര്യം വ്യക്തമാണ്. 22.02.2021 മുതൽ 30.03.2022 വരെയുള്ള കാലയളവിലാണ് ജില്ലാപഞ്ചായത്ത് സ്കോളർഷിപ്പ് വിതരണം നടത്തിയത്. പ്രസ്തുത കാലയളവിൽ ജില്ലാ പഞ്ചായത്ത് പരിധിയിലുള്ള മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് മെറിറ്റോറിയസ് സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ടോ എന്നും ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിൽ ഇരട്ടിപ്പ് ഉണ്ടായിട്ടുണ്ടോ എന്നും വ്യക്തമല്ല.

2021-22 വർഷത്തെ ബഡ്ജറ്റിൽ പട്ടികജാതി, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം (കോഡ് നം. 251 10 14) നൽകുന്നതിന് 50 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. എന്നാൽ 2022-23 വർഷത്തെ ബഡ്ജറ്റിൽ 2021-22 ലെ റിവൈസ്ഡ് ബഡ്ജറ്റ് കോളത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക 20 ലക്ഷമാണ്. യഥാർത്ഥ ചെലവ് 1,88,95,000/- രൂപയും ( എസ്.സി- 1,70,45,000 + എസ്.ടി - 18,50,000). വകയിരുത്തിയ തുക, പരിഷ്കരിച്ച ബഡ്ജറ്റ് പ്രകാരമുള്ള തുക, യഥാർത്ഥ ചെലവ് ഇവ തമ്മിലുള്ള വൻ അന്തരത്തിന്റെ കാരണം അറിയിക്കേണ്ടതാണ്.

അനുബന്ധം -3 ൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി ഹാജരാക്കിയ രേഖകളിൽ കണ്ടെത്തിയ മറ്റ് അപാകങ്ങൾ താഴെ പറയുന്നു.

1. 2021-22 വർഷം സ്ഥാപനത്തിൽ പഠിച്ചുകൊണ്ടിരിക്കയാണെന്ന സാക്ഷ്യപത്രം ഹാജരാക്കിയില്ല (അനുബന്ധം -3 ലെ ക്രമ നം. 101, 102, 103, 104).

2. കോഴ്സ് സർട്ടിഫിക്കറ്റിൽ 2020-21 വർഷം വിദ്യാർത്ഥിയാണ് എന്നാണ് രേഖപ്പെടുത്തി യിരിക്കുന്നത് (അനുബന്ധം -3 ലെ ക്രമ നം. 156, 161, 164, 165, 166, 173, 162 ൽ 2019-20 വർഷം വിദ്യാർത്ഥിയാണ് എന്നാണ് രേഖപ്പെടുത്തിയത്).

3. കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. പകരം അഡ്മിഷൻ സർട്ടിഫിക്കറ്റാണ് സമർപ്പിച്ചത് (അനുബന്ധം -3 ,ക്രമ നം. 167).

4. കോഴ്സ് സർട്ടിഫിക്കറ്റിൽ തിരുത്തൽ വരുത്തിയിരിക്കുന്നു. 2020-21 വർഷം വിദ്യാർത്ഥിയായിരുന്നു എന്നാണ് രേഖപ്പെടുത്തിയിരുന്നതെങ്കിലും ആയത് തിരുത്തൽ വരുത്തി 2021-22 എന്നാക്കി മാറ്റിയിരിക്കുന്നു (അനുബന്ധം -3, ക്രമ നം.185).

5. ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രത്തിൽ 2020-21 വർഷം ധനസഹായം ലഭിച്ചില്ല എന്നാണ് എഴുതിയിരിക്കുന്നത് (അനുബന്ധം -3, ക്രമ നം.145).

6. ഗ്രാമപഞ്ചായത്തിൽ നിന്നും സ്കോളർഷിപ്പ് അനുവദിച്ചില്ല എന്ന സാക്ഷ്യപത്രം അപേക്ഷയോടൊപ്പം അടക്കം ചെയ്തില്ല (അനുബന്ധം -3, ക്രമ നം. 147, 186).

7. കാലാവധി കഴിഞ്ഞ (മൂന്ന് വർഷം) ജാതി സർട്ടിഫിക്കറ്റാണ് ഹാജരാക്കിയത് (അനുബന്ധം -3, ക്രമ നം. 145, 178).

അനുബന്ധം -4 ൽ സൂചിപ്പിച്ച ഓഡിറ്റിന് സമർപ്പിക്കാത്ത ബില്ലുകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതും മറ്റ് അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് ഒരു ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 46/2021-22/28.02.2023) നിർവ്വഹണോദ്യഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. മതിയായ രേഖകളുടെ അഭാവത്തിൽ 40,70,000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-55 പട്ടികജാതി വനിതകൾക്ക് തൊഴിൽ പരിശീലനം - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | S0105/22, പട്ടികജാതി വനിതകൾക്ക് തൊഴിൽ പരിശീലനം |
| നിർവ്വഹണം | ജില്ലാ പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ, ഫണ്ടിനം | 20,00,000/-, എസ്.സി.പി |
| ചെലവ്, ബിൽ നം. | 19,95,000/- BRN. 211601520266015З |

2021-22 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാപഞ്ചായത്ത് പരിധിയിലെ സ്ഥിരതാമസക്കാരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 133 വനിതകൾക്ക് ഐ.ടി സ്കിൽ, ഫാഷൻ ഡിസൈനിംഗ് എന്നീ മേഖലകളിൽ തൊഴിൽ പരിശീലനം നൽകുന്നതിനാണ് മേൽ പദ്ധതി ആവിഷ്കരിച്ചത്. ഒരു പരിശീലനാർത്ഥിക്ക് 15,000/- രൂപ നിരക്കിൽ 20 ലക്ഷം രൂപയാണ് പ്രോജക്ടിന് വകയിരുത്തിയിരിക്കുന്നത്. പ്രോജക്ട് റിപ്പോർട്ട് പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾ പാലിക്കുന്നവരെയാണ് പരിശീലനത്തിനായി തെരെഞ്ഞെടുക്കേണ്ടതെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും ആയത് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

1. ജില്ലാപഞ്ചായത്ത് പരിധിയിൽ സ്ഥിരതാമസക്കാരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ

2. രണ്ട് ലക്ഷം രൂപയിൽ താഴെ വരുമാനം

3. പത്താം ക്ലാസ് ജയിച്ചിരിക്കണം

4. 18 നും 40 നും ഇടയിൽ പ്രായം

പദ്ധതിയുടെ നിർവ്വഹണത്തിനായി ജില്ലാ പട്ടികജാതി വികസന ഓഫീസർ (എസ്.സി.ഡി.ഒ) ഒന്നാം കക്ഷിയായും സ്കിൽ ഡവലപ്പ്മെന്റ് കേന്ദ്രം (എസ്.ഡി.സി) ഡയറക്ടർ രണ്ടാം കക്ഷിയായും 25.10.2021 ന് ഒരു കരാർ ഉടമ്പടി ഒപ്പുവെച്ചിട്ടുമുണ്ട്. കരാറുടമ്പടിയിലെ 1ാമത്തെ വ്യവസ്ഥ പ്രകാരം പരിശീലനം നേടാൻ താൽപര്യമുള്ള 133 എസ്.സി വനിതകളെ ജില്ലാപട്ടികജാതി വികസന ഓഫീസർ മാനദണ്ഡങ്ങൾക്ക് വിധേയമായി തെരെഞ്ഞെടുത്ത് ലിസ്റ്റ് സ്കിൽ ഡവലപ്പ്മെന്റ് കേന്ദ്രത്തിനെ ഏൽപിക്കേണ്ടതാണ്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ (D5- 2000/21(3)) പെരുമണ്ണ, കുരാച്ചുണ്ട് എന്നീ ഗ്രാമപഞ്ചായത്തുകൾ യഥാക്രമം അംഗീകരിച്ച 7, 6 എണ്ണം ഗുണഭോക്താക്കളായി ആകെ 13 പേരെ മാത്രമേ തെരെഞ്ഞെടുത്തുള്ളൂ. എന്നാൽ സ്കിൽ ഡവലപ്പ്മെന്റ് കേന്ദ്രം ഡയറക്ടർ, പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിച്ച രജിസ്ട്രേഷൻ ലിസ്റ്റ് പ്രകാരം ഐ.ടി സ്കിൽ പരിശീലനത്തിനായി 101

ഗുണഭോക്താക്കളുടെയും ഫാഷൻ ഡിസൈനിംഗിന് 27 പേരുടേതുമായി ആകെ 128 പേർ പരിശീലനത്തിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ പട്ടികജാതി വികസന ഓഫീസറുടെ 27.03.2022 ലെ ഡി5-2000/21(3) നമ്പർ ഉത്തരവിൽ 133 ഗുണഭോക്താക്കൾ പരിശീലനം പൂർത്തിയാക്കിയതായി എസ്.ഡി.സി ഡയറക്ടർ അറിയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുന്നു (ഡയറക്ടറുടെ കത്ത് ഫയലിൽ സൂക്ഷിച്ചില്ല). ഗുണഭോക്താക്കളുടെ ലിസ്റ്റ്, ഹാജർ പട്ടിക എന്നിവ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടെന്ന് മേൽ ഉത്തരവിൽ സൂചിപ്പിക്കുന്നുണ്ട്. എസ്.ഡി.സി ഡയറക്ടറുടെ 20.12.2021 ലെ SDC Pr, S0105/21/Dec/2021/01 നമ്പർ കത്തിൽ 128 പേർക്കുള്ള പരിശീലന ക്ലാസ്സ് 29.10.2021 ന് ആരംഭിച്ചതായും സൂചിപ്പിക്കുന്നു. സ.ഉ(കൈ) നം.22/18/തസ്വഭവ തീയതി. 14.02.2018 സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 7.2.25 പ്രകാരം ഗ്രാമപഞ്ചായത്ത് ലിസ്റ്റ് തയ്യാറാക്കി ജില്ലാപഞ്ചായത്തിന് നൽകുകയും പ്രസ്തുത ലിസ്റ്റ് പരിശോധിച്ച് ഗുണഭോക്താക്കളെ വിദ്യാഭ്യാസ യോഗ്യതയുടെയും തൊഴിൽ താൽപര്യത്തിന്റെയും അടിസ്ഥാനത്തിൽ ക്രമീകരിച്ച് പ്രാഥമിക ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്. എന്നാൽ അപ്രകാരമുള്ള നടപടികളൊന്നും സ്വീകരിച്ചില്ല. പരിശീലനത്തിനായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം, രജിസ്റ്റർ ചെയ്തവരുടെ എണ്ണം, പരിശിലനം പൂർത്തിയാക്കിയ ഗുണഭോക്താക്കളുടെ എണ്ണം, പരിശീലനക്കാലയളവിൽ കോഴ്സ് ഉപേക്ഷിച്ചവരുടെ വിശദാംശം എന്നിവ സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല. 128 ഗുണഭോക്താക്കൾക്കുള്ള പരിശീലനക്ലാസാണ് ആരംഭിച്ചതെന്ന് എസ്.ഡി.സി ഡയറക്ടർ തന്നെ അറിയിച്ചെങ്കിലും 133 പരിശീലനാർത്ഥികൾക്കുള്ള ഫീസായ 19,95,000/- രൂപ 30.03.2022 ന് എസ്.ഡി.സിക്ക് കൈമാറിയതിന്റെ സാംഗത്യം വ്യക്തമല്ല.

കരാറുടമ്പടിയിലെ 9ാം വ്യവസ്ഥ പ്രകാരം പ്രോജക്ട് നടത്തിപ്പ് പുരോഗതി, ജില്ലാപഞ്ചായത്ത് നിർദ്ദേശിക്കുന്ന മോണിട്ടറിംഗ് സമിതി പരിശോധിക്കുന്നതും എസ്.സി.ഡി.ഒ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതുമാണെന്ന് വ്യക്തമാക്കുന്നു. എന്നാൽ അത്തരത്തിലുള്ള ഒരു മോണിട്ടറിംഗ് റിപ്പോർട്ട് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

എസ്.ഡി.സി ഡയറക്ടറുടെ 30.03.2022ലെ SDC/ Pr, S0105/21/March/2022/02 നമ്പർ കത്തിൽ 10 ഗുണഭോക്താക്കളുടെ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാൻ രണ്ടാഴ്ച സാവകാശം വേണമെന്നും ആയത് ഹാജരാക്കാൻ കഴിയാത്തപക്ഷം അവർക്ക് അനുവദിച്ച തുക പട്ടികജാതി വകുപ്പിന് തിരികെ നൽകുന്നതാണെന്ന് ജില്ലാ പട്ടികജാതി വികസന ഓഫീസറെ അറിയിച്ചിട്ടുണ്ട്. എന്നാൽ സർട്ടിഫിക്കറ്റ് നാളിതുവരെ ലഭ്യമാക്കുകയോ അവർക്കനുവദിച്ച ഫീസിനത്തിലുള്ള തുക തിരികെ അടയ്ക്കുകയോ ചെയ്തില്ല. എസ്.സി.ഡി.ഒ യുടെ 16.07.2022 ലെ D-5-2000/21(3) നമ്പർ കത്തിൽ എസ്.ഡി.സി ഹാജരാക്കിയിട്ടുള്ള രേഖകളിൽ 22 പരിശീലനാർത്ഥികളുടെ അപേക്ഷകളിൽ ന്യൂനതകൾ ഉള്ളതായി കണ്ടെത്തുകയും, ഇതിൽ 18 പേർ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരുമാണെന്ന് കാണുന്നു. ന്യൂനതകളുള്ള അപേക്ഷകളുടെ എണ്ണത്തിന്റെ കാര്യത്തിൽ അവ്യക്തതയുണ്ട്. ആയതിനാൽ പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെട്ടവർ യഥാർത്ഥ യോഗ്യത ഉള്ളവരാണോ എന്നും വ്യക്തമല്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 44/2021-22/ 20.02.2023) നിർവ്വഹണോദ്യഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. മേൽ പറഞ്ഞ അപാകങ്ങൾക്കുള്ള മറുപടി, രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-56 സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | S0673/22, പുതുപ്പാടി പട്ടികവർഗ്ഗ കോളനി - സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ (വിദ്യാകിരണം) |
| നിർവ്വഹണം | ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ |
| അടങ്കൽ, ഫണ്ടിനം | 12,00,000/- ടി.എസ്.പി. |

| | |
|---|---|
| ചെലവ് | 12,00,000/- BRN : |

"വിദ്യാകിരണം" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ ഒന്നു മുതൽ പ്ലസ് ടു വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഓൺ ലൈൻ സൗകര്യം ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺ ലൈൻ പഠന സൗകര്യം ലഭിക്കുന്നതിന് 73 വിദ്യാർത്ഥികൾക്ക് ടാബ്‌ലെറ്റ് ലഭ്യമാക്കുന്നതിനും മറ്റ് കോളനികളിൽ ഇന്റർനെറ്റ് സൗകര്യം ഒരുക്കുന്നതിനുമാണ് പ്രോജക്ട് ആവിഷ്കരിച്ചത്. 5,95,680/- രൂപ ചെലവഴിച്ച് കെൽട്രോൺ മുഖേന (ഇൻവോയ്സ് നം. ITP/05487 /21-22/ 29.09.2021) 73 ടാബ്‌ലെറ്റ് വാങ്ങുകയും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുമുണ്ട്.

ഇന്റർനെറ്റ് കണക്ഷൻ ലഭ്യമല്ലാത്ത 6 പട്ടികവർഗ്ഗ കോളനികളിൽ ബി.എസ്.എൻ.എൽ മുഖേന കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാപട്ടികവർഗ്ഗ വികസന ഓഫീസറുടെ 20.01.2022ലെ ബി- 3341/21 കത്ത് പ്രകാരം എല്ലാ കോളനികളിലും ബി.എസ്.എൻ.എൽ ഇന്റർനെറ്റ് കണക്ഷൻ സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിച്ചു. പ്രസ്തുത കണക്ഷൻ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് റിപ്പോർട്ട് ചെയ്യാൻ പേരാമ്പ്ര, കോടഞ്ചേരി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരോട് ജില്ലാപട്ടികവർഗ്ഗ വികസന ഓഫീസർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നൽകിയ മറുപടിയുടെ വിശദാംശവും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കിയ ഇനത്തിൽ ബി.എസ്.എൻ.എൽ അക്കൗണ്ട്സ് ഓഫീസർ, കോഴിക്കോടിനും ബി.എസ്.എൻ.എൽ നിർദ്ദേശിച്ച ലോക്കൽ കേബിൾ ഓപ്പറേറ്റർമാർക്കും കൂടി 6,04,320/- രൂപ നൽകിയതിന്റെ വിശദാംശവും താഴെ കൊടുക്കുന്നു.

| ക്രമ നം. | കോളനിയുടെ പേര് | ഗ്രാമ പഞ്ചായത്ത് | സ്ഥാപിച്ച സ്ഥലം | ഇന്റർനെറ്റ് സംവിധാനത്തിന്റെ നിലവിലെ സ്ഥിതി (ട്രൈബൽ ഓഫീസർമാരുടെ മറുപടി പ്രകാരം) | ലോക്കൽ കേബിൾ ഓപ്പറേറ്റർമാർക്ക് നൽകിയ തുക |
|---|---|---|---|---|---|
| 1. | ചിപ്പിലിത്തോട് | കോടഞ്ചേരി | ശ്രീമതി. കുരുവി എന്നവരുടെ വീട്ടിൽ | റിപ്പയർ ആവശ്യാർത്ഥം ബി.എസ്. എൻ.എൽ തിരികെ കൊണ്ടുപോയി. | 1,38,305/- ഡി&ഡി ഗ്രൂപ്പ്, കോവൂർ |
| 2. | എളമ്പിലാശ്ശേരി | കാരശ്ശേരി | കോളനി നിവാസിയായ ബാബുവിന്റെ വീട്ടിൽ | പ്രവർത്തിക്കുന്നുണ്ട് | 42,250/- സെഞ്ചറി സാറ്റലൈറ്റ്, മുക്കം |
| 3. | ഓളിക്കൽ | തിരുവമ്പാടി | സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്നു. | പ്രവർത്തിക്കുന്നുണ്ട് | 46,000/- ഷംസുദ്ധീൻ, തിരുവമ്പാടി |
| 4. | കുറുമരുകണ്ടി | പുതുപ്പാടി | കുറുമരുകണ്ടി അംഗനവാടിയിൽ സ്ഥാപിച്ച | പ്രവർത്തിക്കുന്നില്ല | 12,700/- ഹരിത വിഷൻ, പുതുപ്പാടി |

| | | | | | |
|---|---|---|---|---|---|
| 5. | കണ്ടിവാതുക്കൽ | ചെക്യാട് | -- | പ്രവർത്തന ക്ഷമമാണ് വൈദ്യുതി കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക് ഇന്റർനെറ്റ് കണക്ഷൻ പ്രയോജനപ്പെടുത്തുന്നതാണ്. | 49,914 - റേഡിയന്റ്, നാദാപുരം |
| 6. | ചിറ്റാരിക്കൽ | വാണിമേൽ | വിവരം ലഭ്യമല്ല | പ്രവർത്തിക്കുന്നുണ്ട് | 1,39,948 റേഡിയന്റ്, നാദാപുരം |
| ആകെ | | | | | 4,29,117/- |

ബി.എസ്.എൻ.എൽ അക്കൗണ്ട്സ് ഓഫീസർ, കോഴിക്കോടിന് രണ്ട് ഘട്ടങ്ങളിലായി ഇൻഫ്രാ ആൻഡ് ആന്വൽ പ്ലാൻ ചാർജ്ജ് ഇനത്തിൽ 1,75,203/-(1,55,210 + 19,993) രൂപയും അനുവദിച്ചു.

ഓരോ കോളനിയിലും ഓഡിറ്റ് സംഘം പ്രാദേശിക പരിശോധന നടത്തിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

1. ചിപ്പിലിത്തോട് കോളനി

കോടഞ്ചേരി ഗ്രാമപഞ്ചായത്ത് എസ്.ടി. പ്രൊമോട്ടറായ ശ്രീ. ബോവസിന്റെ സാന്നിദ്ധ്യത്തിൽ 17.03.2023 ന് ചിപ്പിലിത്തോട് കോളനിയിൽ പരിശോധന നടത്തി. കോളനി നിവാസിയായ ശ്രീമതി. കുരുവി എന്നവരുടെ പുരയിടത്തിലാണ് ഇന്റർനെറ്റ് കണക്ഷനുള്ള സംവിധാനം സ്ഥാപിച്ചത് എന്ന് ഫയലിൽ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയെങ്കിലും ആയത് സ്ഥാപിച്ചതായി കാണാനായില്ല. മുൻപ് ഇവരുടെ വീട്ടിൽ ഒരു സംവിധാനം സ്ഥാപിച്ചിരുന്നെന്നും കുറച്ച് ദിവസങ്ങൾക്ക് ശേഷം തന്നെ ബി.എസ്.എൻ.എൽ അധികൃതർ തിരിച്ചുകൊണ്ടുപോയതായും ആയത് ഇതുവരെ പുനസ്ഥാപിച്ചില്ലെന്നും അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. പദ്ധതികൊണ്ട് ആർക്കും തന്നെ ഒരു പ്രയോജനവും ലഭിച്ചില്ലെന്ന് കോളനിയിലെ താമസക്കാരനായ ശ്രീ. സുരേഷ് ബോധിപ്പിച്ചു.

2. എളമ്പിലാശ്ശേരി കോളനി

കാരശ്ശേരി ഗ്രാമപഞ്ചായത്ത് എസ്.ടി. പ്രൊമോട്ടറായ ശ്രീമതി. സന്ധ്യയുടെ സാന്നിദ്ധ്യത്തിൽ 28.03.2023 ന് എളമ്പിലാശ്ശേരി കോളനിയിൽ പരിശോധന നടത്തി. കോളനി നിവാസിയായ ശ്രീ. ബാബു എന്നവരുടെ വീട്ടിൽ ഇന്റർനെറ്റ് കണക്ഷനുള്ള വൈ ഫൈ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. കോളനിയിലെ വിദ്യാർത്ഥികൾ ഇന്റർനെറ്റ് കണക്ഷൻ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് എസ്.സി. പ്രമോട്ടർ അറിയിച്ചു.

3. ഓളിക്കൽ കോളനി

തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ ആശാ വർക്കറായ ശ്രീമതി. ബിന്ദു സജിയുടെ സാന്നിദ്ധ്യത്തിൽ 28.03.2023 ന് ഓളിക്കൽ കോളനിയിൽ പരിശോധന നടത്തി. കോളനിയിലെ സാംസ്കാരിക നിലയത്തിൽ വൈ ഫൈ കണക്ഷൻ സ്ഥാപിച്ചിട്ടുണ്ട്. കോവിഡ് കാലത്ത് വിദ്യാർത്ഥികൾ ആയത് ഉപയോഗപ്പെട്ടുത്തിയതായും നിലവിൽ ഏതാണ്ട് ഒരു വർഷത്തോളമായി പ്രവർത്തനക്ഷമമല്ലെന്നും ആശാവർക്കർ അറിയിച്ചു.

4. കുറുമരുകണ്ടി കോളനി

പുതുപ്പാടി ഗ്രാമപഞ്ചായത്ത് 20ാം വാർഡ് മെമ്പർ ഡെനി വർഗ്ഗീസിന്റെ സാന്നിദ്ധ്യത്തിൽ 17.03.2023 ന് കുറുമരുകണ്ടി കോളനിയിൽ ഓഡിറ്റ് സംഘം പരിശോധന നടത്തി. ഇന്റർനെറ്റ് കണക്ഷനുള്ള സംവിധാനം കോളനി നിവാസിയായ ശ്രീ. ബാലൻ എന്നവരുടെ പുരയിടത്തിന് സമീപമുള്ള അംഗനവാടിയിൽ സ്ഥാപിച്ചിരുന്നെന്നും അൽപ ദിവസങ്ങൾക്ക് ശേഷം ബി.എസ്. എൻ.എൽ അധികൃതർ തിരിച്ചുകൊണ്ടുപോയതായും ആയത് ഇതുവരെ പുനസ്ഥാപിച്ചില്ലെന്നും അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. പദ്ധതികൊണ്ട് ആർക്കും തന്നെ ഒരു പ്രയോജനവും

ലഭിച്ചില്ലെന്ന് ബോധ്യപ്പെട്ടു.

5. കണ്ടിവാതുക്കൽ കോളനി

ചെക്യാട് ഗ്രാമപഞ്ചായത്ത് എസ്.ടി. പ്രൊമോട്ടറായ ശ്രീമതി. ഷംജയുടെ സാന്നിദ്ധ്യത്തിൽ 27.03.2023 ന് എളമ്പിലാശ്ശേരി കോളനിയിൽ പരിശോധന നടത്തി. കോളനിയിലെ റിക്രിയേഷൻ കേന്ദ്രത്തിൽ വൈ ഫൈ കണക്ഷൻ സ്ഥാപിച്ചിട്ടുണ്ട്. കണക്ഷൻ ലഭ്യമായി തുടങ്ങിയ തീയതി വ്യക്തമല്ല. ആയത് നിലവിൽ ഉപയോഗപ്പെടുത്തുന്നതായി എസ്.ടി. പ്രൊമോട്ടർ അറിയിച്ചിട്ടുണ്ട്.

6. ചിറ്റാരിക്കൽ കോളനി

വാണിമേൽ ഗ്രാമപഞ്ചായത്തിലെ എസ്.ടി പ്രമോട്ടറായ ശ്രീ. സുജേഷിന്റെ സാന്നിദ്ധ്യത്തിൽ 27.03.2023 ന് ഓളിക്കൽ കോളനിയിൽ പരിശോധന നടത്തി. കോളനിയിലെ സാംസ്കാരിക നിലയത്തിൽ വൈ ഫൈ കണക്ഷൻ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ പ്രവർത്തനക്ഷമമല്ലെന്ന് പ്രമോട്ടർ അറിയിച്ചു.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ (സ.ഉ. (സാധാ) നം.1197/2021/തസ്വഭവ തീയതി 23.06.2021) ഖണ്ഡിക നം. 3.7 പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്ക് ഇന്റർനെറ്റ് സൗകര്യത്തിനുള്ള റീചാർജ്ജ് തുക പ്രതിമാസ പരിധിയോടെ 2021-22 വർഷം ടി.എസ്.പി. ഫണ്ടിൽ നിന്നും അനുവദിക്കാവുന്നതാണ്. കോവിഡ് കാലത്ത് പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് മേൽ പട്ടിക പ്രകാരം 1,75,203 രൂപ ബി.എസ്.എൻ.എൽ നും 4,29,117രൂപ ലോക്കൽ കേബിൾ ഓപ്പറേറ്റർമാർക്ക് ഇന്റർനെറ്റ് കണക്ഷനും റീചാർജിനും വേണ്ടി നൽകിയിട്ടുണ്ട്. ആകെയുള്ള 6 കോളനികളിൽ പ്രാദേശിക പരിശോധന നടത്തിയതിൽ ചിപ്പിലിത്തോട്, കുറുമരുകണ്ടി എന്നീ കോളനികളിൽ പദ്ധതിയുടെ യാതൊരു ഗുണവും വിദ്യാർത്ഥികൾക്ക് ലഭിച്ചില്ലെന്ന് കണ്ടു. ഓളിക്കൽ ,ചിറ്റാരിക്കൽ എന്നീ കോളനികളിൽ നിലവിൽ പദ്ധതി പ്രവർത്തക്ഷമമല്ലെന്നും കണ്ടു. ജില്ലാപഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചു തന്നെയാണോ മേൽ പറഞ്ഞ സംവിധാനം കോളനികളിൽ ഏർപ്പെടുത്തിയത് എന്ന് തെളിയിക്കുന്ന യാതൊരു രേഖകളും പരിശോധന സ്ഥലത്ത് കണ്ടില്ല. തുടർച്ചയായ മോണിട്ടറിംഗ് ആവശ്യമുള്ള ഇത്തരം പദ്ധതിയെ സംബന്ധിച്ച യാതൊരു റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചില്ല. മേൽ വിഷയം സംബന്ധിച്ച് ഒരു ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 63 /2021-22/ 25.03.2023) നിർവ്വഹണോദ്യഗസ്ഥന് നൽകിയിട്ടുണ്ട്. നാളിതുവരെ ഇന്റർനെറ്റ് കണക്ഷന്റെ യാതൊരു പ്രയോജനവും ലഭിക്കാത്ത സംഗതികളിൽ ജില്ലാപഞ്ചായത്ത് ചെലവഴിച്ച തുക ബി.എസ്.എൻ.എൽ/ലോക്കൽ കേബിൾ ഓപ്പറേറ്റർമാരിൽ നിന്നും തിരികെ ഈടാക്കേണ്ടതും പ്രവർത്തനക്ഷമമല്ലാത്ത കണക്ഷനുകളുടെ കാര്യത്തിൽ ഡാറ്റ ലഭിക്കുന്നതിനായി മാസവരിസംഖ്യ അടച്ചിട്ടുണ്ടെങ്കിൽ ആയതും ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-57 മെറിറ്റോറിയസ് സ്കോളർഷിപ്പ് (എസ്.ടി) - മതിയായ രേഖകളില്ലാതെയും മുൻകാല പ്രാബല്യത്തോടെയും ആനുകൂല്യം നൽകി.

| | |
|---|---|
| പ്രോജക്ട് നം, പേര് | S0151/22, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്. |
| നിർവ്വഹണം | ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ |

| | |
|---|---|
| അടങ്കൽ, ഫണ്ടിനം | 18,50,000/- ടി.എസ്.പി. |
| ചെലവ് | 18,50,000/- |

സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ, സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാതരം കോഴ്സുകളിലേക്കും യോഗ്യത നേടി പഠനം നടത്തിവരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധിവരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും കോഴ്സ് അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. ജില്ലാപഞ്ചായത്ത് പദ്ധതി പ്രകാരം 2021 – 22വർഷം 9 ഘട്ടങ്ങളിലായി 18,50,000/- രൂപ 83 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പിനത്തിൽ വിതരണം ചെയ്തിട്ടുണ്ട് (അനുബന്ധം -6 കാണുക). ഇതിൽ 20 വിദ്യാർത്ഥികൾക്ക് 5.15 ലക്ഷം രൂപ വിതരണം ചെയ്തത് മതിയായ/പൂർണ്ണമായ രേഖകളില്ലാതെയാണ് (അനുബന്ധം -5 കാണുക).

സ.ഉ (കൈ) നം. 22/2018/ തസ്വഭവ തീയതി. 14.02.2018, ഖണ്ഡിക നം. 7.2.6 കുറിപ്പ് പ്രകാരം ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നോ വകുപ്പിൽ നിന്നോ ഒരേ തരം ധനസഹായത്തിന് അർഹതയില്ലെന്ന് വ്യക്തമാക്കുന്നുണ്ട്. അനുബന്ധം -5 ൽ ഉൾപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയതിന്റെ അപേക്ഷകൾ പരിശോധിച്ചതിൽ മിക്കതിലും 2021-22 വർഷം വിദ്യാർത്ഥികൾ സ്ഥാപനങ്ങളിൽ പഠിക്കുന്നുണ്ടോ എന്ന കാര്യം വ്യക്തമാകുന്നില്ല. മേൽ പറഞ്ഞ മാർഗ്ഗരേഖയിലെ ഖണ്ഡികയിലെ കുറിപ്പ് അനുസരിച്ച് ജില്ലാ പഞ്ചായത്താണ് ആനുകൂല്യം നൽകുന്നതെങ്കിൽ ഗുണഭോക്താവിനെ അതാത് ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ചുകൊണ്ടുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം സെക്രട്ടറിയിൽ നിന്ന് ലഭിച്ചിരിക്കണം. പനങ്ങാട്, നന്മണ്ട എന്നീ ഗ്രാമ പഞ്ചായത്തുകൾ സമർപ്പിച്ച ഗുണഭോക്തൃ പട്ടികയിലെ മുഴുവൻ കുട്ടികൾക്കും ആനുകൂല്യം നൽകിയിട്ടില്ല. പ്രസ്തുത പട്ടികയിൽ നിന്നും ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തതിന്റെ മാനദണ്ഡവും വ്യക്തമല്ല കട്ടിപ്പാറ, കായണ്ണ, പുതുപ്പാടി എന്നീ ഗ്രാമ പഞ്ചായത്തുകൾ സമർപ്പിച്ച ഗുണഭോക്തൃ പട്ടികയിൽ നിന്ന് ആർക്കും തന്നെ ആനുകൂല്യം നൽകിയില്ല.

പ്രോജക്ട് റിപ്പോർട്ട് പ്രകാരം 2021-22 അക്കാദമിക് വർഷത്തേയ്ക്കുള്ള ആനുകൂല്യം വിതരണം ചെയ്യുന്നതിനാണ് 18.5 ലക്ഷം രൂപ വകയിരുത്തിയത്. 2020-21 വർഷം 17 ലക്ഷം രൂപ ഈ ഇനത്തിൽ ജില്ലാ പഞ്ചായത്ത് പ്രോജക്ട് (നം. S0036/21) പ്രകാരം ചെലവഴിച്ചു കഴിഞ്ഞതാണ് എന്നിരിക്കേ 2021-22 ൽ താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് രണ്ട് തവണ (2020-21 ലേതുൾപ്പെടെ) സ്കോളർഷിപ്പ് വിതരണം ചെയ്ത നടപടി അംഗീകരിക്കാവുന്നതല്ല.

| ക്രമ നം | അപേക്ഷ നം | പേര് | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് | അനുവദിച്ച തുക | അഭിപ്രായം |
|---|---|---|---|---|---|---|
| 1. | 59 | വിഷ്ണു വി.എം. | ചേളന്നൂർ | നന്മണ്ട | 20000 | അപേക്ഷ നം. 43 പ്രകാരം 2021-22 വർഷത്തെ ആനുകൂല്യം നൽകിയിട്ടുണ്ട്. അപേക്ഷ നം. 59 പ്രകാരം 2020-21 വർഷത്തേത് മുൻകാല പ്രാബല്യത്തോടെ തൻവർഷം നൽകി. |
| 2. | 61 | ജിഷ്ണു എ. | ചേളന്നൂർ | നന്മണ്ട | 20,000 | അപേക്ഷ നം. 41 പ്രകാരം 2021-22 വർഷത്തെ ആനുകൂല്യം |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | നൽകിയിട്ടുണ്ട്. അപേക്ഷ നം. 61 പ്രകാരം 2020-21 വർഷത്തേത് മുൻകാല പ്രാബല്യത്തോടെ തൻവർഷം നൽകി. കോഴ്സ് സർട്ടിഫിക്കറ്റിൽ 2020-21 എന്ന് തിരുത്തിയെഴുതുകയും ചെയ്തു. |
| 3. | 60 | വിഷ്ണു എ. | ചേളന്നൂർ | നന്മണ്ട | 20,000 | അപേക്ഷ നം. 42 പ്രകാരം 2021-22 വർഷത്തെ ആനുകൂല്യം നൽകിയിട്ടുണ്ട്. അപേക്ഷ നം. 60 പ്രകാരം 2020-21 വർഷത്തേത് മുൻകാല പ്രാബല്യത്തോടെ തൻവർഷം നൽകി. |
| ആകെ | | | | | 60,000 | |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 51/2021-22/09.03.2023) നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ മേൽ പട്ടികയിലെ വിദ്യാർത്ഥികൾ 2020-21 വർഷം അപേക്ഷ സമർപ്പിച്ചിരുന്നെന്നും ഫണ്ടിന്റെ അപര്യാപ്തത മൂലം പ്രസ്തുത വർഷം ആനുകൂല്യം കഴിഞ്ഞില്ലെന്നും ആയതടക്കം 2021-22 വർഷം നൽകിയതാണെന്നും വ്യക്തമാക്കുന്നു. ഈ മറുപടി തൃപ്തികരമല്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മറ്റ് അപാകങ്ങൾക്കുള്ള മറുപടി രേഖകൾ സഹിതം സമർപ്പിക്കേണ്ടതാണ്. മതിയായ രേഖകളുടെ അഭാവത്തിൽ 5,15,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-58 ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്ക് തുക കൈമാറി - വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സംയുക്തപദ്ധതികൾക്കായി ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്ക് 2,67,18,240രൂപ കൈമാറിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | കൈമാറിയ ആകെ തുക (രൂപ) | വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തത് (രൂപ) |
|---|---|---|---|
| 1 | ഡെപ്യൂട്ടി ഡയരക്ടർ(മൃഗസംരക്ഷണം) | 1,36,00,000 | 1,20,74,200 |
| 2 | ഡെപ്യൂട്ടി ഡയരക്ടർ(കൃഷി) | 86,18,240 | 48,08,576 |

| | | | |
|---|---|---|---|
| 3 | സാമൂഹ്യനീതി ഓഫീസർ | 45,00,000 | 45,00,000 |
| | ആകെ | 2,67,18,240 | 2,13,82,776 |

പ്രൊജക്ട് നിർവഹണം പൂർണ്ണമായും ഗ്രാമപഞ്ചായത്ത് തലത്തിൽ ആണ് നടക്കുന്നത് എന്നതിനാൽ പ്രൊജക്ടുകൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് അതാത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ വിശദമായ വിനിയോഗസാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ വിശദമായ വിനിയോഗസാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കിയിട്ടില്ല. (വിശദവിവരങ്ങൾക്ക് അനുബന്ധം 8 കാണുക) ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പുകൾക്ക് മറുപടി സമർപ്പിച്ചിട്ടില്ല. മറുപടിയുടെ അഭാവത്തിൽ 2,13,82,776രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-59 എച്ച്.ഐ.വി രോഗികൾക്ക് പോഷകാഹാരവിതരണം - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) |
| പ്രൊജക്ട് നം, പേര് | S0157/22, എച്ച്.ഐ.വി രോഗികൾക്ക് പോഷകാഹാരവിതരണം |
| അടങ്കൽ, ഫണ്ടിനം | 40,00,000/- വികസനഫണ്ട്(ജനറൽ) |
| ചെലവ് | 38,38,540/-<br>ബിൽ നം.1/31.10.21 – 9,18,892/-<br>ബിൽ നം.3/21.1.22 – 9,01,823/-<br>ബിൽ നം.4/11.3.22 – 10,34,374/-<br>ബിൽ നം.5/24.3.22 – 9,83,451/- |

എച്ച്.ഐ.വി രോഗികൾക്ക് പോഷകാഹാരവിതരണം എന്ന പദ്ധതി പ്രകാരം 261 ഗുണഭോക്താക്കൾക്ക് 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെയുള്ള മാസങ്ങളിൽ രോഗി ഒന്നിന് 1250രൂപ മൂല്യമുള്ള പോഷകാഹാരകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 10കി.ഗ്രാം അരി, 1കി.ഗ്രാം ആട്ട, 500ഗ്രാം വീതം റാഗി, ചെറുപയർ, കടല, ഉഴുന്ന്, ശർക്കര, സോയാബീൻ, നിലക്കടല(വറുത്തത്), വൻപയർ, പരിപ്പ്, റവ, പട്ടാണി, അവിൽ, ഈന്തപ്പഴം, ഉണക്കമുന്തിരി, 500ml വെളിച്ചെണ്ണ തുടങ്ങിയവയാണ് കിറ്റിൽ ഉൾപ്പെട്ടിരിക്കുന്നത്. കോഴിക്കോട് നെറ്റ് വർക്ക് ഓഫ് പീപ്പിൾ ലിവിങ് വിത്ത് എച്ച്.ഐ.വി എയ്ഡ്സ്(KNP+) എന്ന സംഘടന മുഖേനയാണ് കിറ്റ് വിതരണം ചെയ്തത്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. നവംബർ 2021ൽ 13 പുതിയ ഗുണഭോക്താക്കളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 9.6.2021ലെ 29/21(2)നം. തീരുമാനം പ്രകാരം 13 അംഗങ്ങളെ കൂടി ഉൾപ്പെടുത്തുന്നതിനും ടി അംഗങ്ങൾക്ക് 2021 ഏപ്രിൽ മുതൽ മുൻകാല പ്രാബല്യത്തോടെ പോഷകാഹാരവിതരണം നടത്തുന്നതിനും തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 2021 ഏപ്രിൽ മുതൽ 2021 നവംബർ വരെയുള്ള 8 മാസത്തേക്ക് 13 ഗുണഭോക്താക്കൾക്ക് 8 കിറ്റുകൾ വീതം 104കിറ്റുകൾ അനുവദിച്ചിട്ടുണ്ട്. (കേരള സിവിൽ സപ്ലൈസ് കോർപറേഷൻ ലിമിറ്റഡിന്റെ ഇൻവോയ്സ് നം. 110203/211676 തീ. 8.12.2021 – 127444രൂപ). 2021 നവംബർ മുതൽ എല്ലാ മാസവും മേൽപറഞ്ഞ ഗുണഭോക്താക്കൾക്ക് കിറ്റ് നൽകുമെന്നുള്ളതിനാലും കിറ്റിലുള്ളത് ആഹാരപദാർത്ഥങ്ങളായതിനാലും 2021 ഏപ്രിൽ മുതൽ മുൻകാല പ്രാബല്യത്തിൽ 8 മാസത്തേക്കുള്ള കിറ്റുകൾ ഒന്നിച്ചു നൽകിയത് ശരിയായ നടപടിയല്ല. മുൻകാലപ്രാബല്യത്തോടെ പോഷകാഹാരങ്ങൾ വിതരണം ചെയ്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. പദ്ധതിയുടെ

ഗുണഭോക്തൃലിസ്റ്റ് ജില്ലാപഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുന്ന മുറയ്ക്കാണ് ഗുണഭോക്താക്കൾക്ക് പോഷകാഹാരം അനുവദിക്കേണ്ടത്. 13 അംഗങ്ങളെ പുതിയതായി ഉൾപ്പെടുത്തിയതിന് ഭരണസമിതി അംഗീകാരം നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2. KNP+ എന്ന സംഘടന മുഖേന പോഷകാഹാരകിറ്റുകൾ വിതരണം ചെയ്യതുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾ ഒപ്പ് വെച്ച ഒരു സ്റ്റേറ്റ്മെന്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ കിറ്റ് കൈപ്പറ്റിയ തീയതി രേഖപ്പെടുത്തിയിട്ടില്ല. എല്ലാ മാസവും ഗുണഭോക്താക്കൾക്ക് കൃത്യമായി കിറ്റുകൾ ലഭിക്കുന്നുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കേണ്ടതാണ്.

3. പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിലേക്ക് ഓരോ വർഷവും പുതിയ ഗുണഭോക്താക്കളെ കൂട്ടിച്ചേർക്കുന്നുണ്ടെങ്കിലും ലിസ്റ്റിൽ നിന്നും മുൻകാല ഗുണഭോക്താക്കൾ ഒഴിവാകുന്നുണ്ടോ എന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല. മുൻവർഷങ്ങളിൽ ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കളും നിലവിൽ കിറ്റ് കൈപ്പറ്റുന്നുണ്ടോ എന്ന് നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

4. സ.ഉ.(സാധാ) നം. 653/13/ത.സ്വ.ഭ.വ തീയതി 15.3.2013 ഉത്തരവ് പ്രകാരം എച്ച്.ഐ.വി അണുബാധിതർക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിനായി എ.ആർ.ടി ഡോക്ടർ/മെഡിക്കൽ ഓഫീസർമാർ സാക്ഷ്യപ്പെടുത്തിയ രോഗികളെ ഗർഭിണികൾ, CD4 കൗണ്ട് 350 ൽ താഴെയുള്ളവർ, 6 വയസ്സ് വരെയുള്ള കുട്ടികൾ, 65വയസ്സിന് മുകളിലുള്ളവർ, മറ്റ് മുതിർന്നവർ എന്നിങ്ങനെ 5 വിഭാഗങ്ങളായി തിരിച്ച് ഓരോ വിഭാഗത്തിനും നൽകേണ്ടതായ പോഷകാഹാരവസ്തുക്കൾ എന്തൊക്കെയെന്ന് നിശ്ചയിക്കണം. ജില്ലാ ആശുപത്രിയിലെ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ സാമൂഹ്യനീതി ഓഫീസർ, ജില്ലാപഞ്ചായത്തിലെ ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എന്നിവരടങ്ങിയ സമിതിയാണ് ഇക്കാര്യം നിശ്ചയിക്കേണ്ടത്. എന്നാൽ മേൽ പ്രൊജക്ട് പ്രകാരമുള്ള എല്ലാ ഗുണഭോക്താക്കൾക്കും ഒരേ തരം പോഷകാഹാരം തന്നെയാണ് നൽകിയിട്ടുള്ളത്. സർക്കാർ ഉത്തരവ് പ്രകാരം 5 വിഭാഗങ്ങളായി തിരിച്ച് ഓരോ വിഭാഗത്തിനും നൽകേണ്ട പോഷകാഹാരവസ്തുക്കൾ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഈ വിഷയം സംബന്ധിച്ച് നൽകിയ 42/2021-22/14.2.2023നം. അന്വേഷണക്കുറിപ്പിന് മറുപടി സമർപ്പിച്ചിട്ടില്ല. ഖണ്ഡികയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതും അപാകങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-60 കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങൽ - തുക അടച്ച് ഒരു വർഷം കഴിഞ്ഞിട്ടും സാധനങ്ങൾ ലഭ്യമായില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി |
| പ്രൊജക്ട് നം, പേര് | S0191/22, കോവിഡ് പ്രതിരോധം - ജില്ലാ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ, ഫണ്ടിനം | 10,00,000, ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 10,00,000/- |

കോവിഡ് പ്രതിരോധനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ജില്ലാ ഹോമിയോ ആശുപത്രിയിലേക്ക് കോവിഡ് എസ്സൻഷ്യൽസ്, ഉപകരണങ്ങൾ, കൺസ്യൂമബിൾസ്, ഇൻസിനറേറ്റർ, വീൽ ചെയർ, സ്ട്രെച്ചർ, വാക്കർ തുടങ്ങിയവ വാങ്ങുന്നതിന് 10,00,000രൂപ വകയിരുത്തുകയും തുക പൂർണ്ണമായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ട് പ്രകാരം കോവിഡ് പ്രതിരോധ സാമഗ്രികൾ ലഭ്യമാക്കുന്നതിനായി KMSCL, SIDCO എന്നീ സ്ഥാപനങ്ങൾക്ക് താഴെ പറയും പ്രകാരം തുക

കൈമാറിയിട്ടുണ്ട്.

| സ്ഥാപനം | പ്രൊഫോർമ ഇൻവോയ്സ് നം. /തീയതി | കൈമാറിയ തുക | തുക കൈമാറിയ തീയതി (PFMS Transfer) |
|---|---|---|---|
| KMSCL | PRF4716 തീയതി 11.1.2022 | 2,48,142 | 25.2.2022 |
| KMSCL | 142/21-22 തീയതി 10.3.2022 | 68,099 | 26.3.2022 |
| SIDCO | SSE KKD/P1/21-22/394 തീയതി 16.3.2022 | 14160 | 26.3.2022 |

പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

<u>1. തുക കൈമാറി ഒരു വർഷം കഴിഞ്ഞിട്ടും താഴെ പറയുന്ന സാധനങ്ങൾ ലഭ്യമായിട്ടില്ല.</u>

| ക്രമനം. | ഇനം | എണ്ണം | നിരക്ക് | ജി.എസ്.ടി തുക, ശതമാനം | ആകെ |
|---|---|---|---|---|---|
| 1 | N95 MASK | 5000 | 20.50 | 5125.00 (5%) | 107625.00 |
| 2 | APRON (PLASTIC) | 100 | 5.85 | 105.30 (18%) | 690.30 |
| 3 | SURGEONS GOWN (FULL SLEEVE) | 50 | 52.38 | 130.96 (5%) | 2749.96 |
| 4 | OXYGEN CYLINDER 40CFT B TYPE | 2 | 5325.00 | 1917.00 (18%) | 12567.00 |
| 5 | OXYGEN CYLINDER TROLLEY | 1 | 1413.35 | 254.40 (18%) | 1667.75 |
| 6 | OXYGEN CYLINDER SPANNER | 2 | 166.75 | 40.02 (12%) | 373.52 |
| 7 | OXYGEN MASK ADULT | 2 | 35.50 | 8.52 (12%) | 79.52 |
| 8 | WALKER ADJ. FOLDING ALU. ADLT | 4 | 926.62 | 185.32 (5%) | 3891.80 |
| 9 | SPINE BOARD | 1 | 6529.65 | 1175.34 (18%) | 7704.99 |
| 10 | ECG Machine | 1 | 29945 (GST ഉൾപ്പെടെ) | - | 29945.00 |
| 11 | Foot Operated Sanitizer Dispenser Steel | 6 | 2000 | 2160 (18%) | 14160.00 |

| | | | | | |
|---|---|---|---|---|---|
| | | | | | 181454.84 |

കോവിഡ് പ്രതിരോധനടപടികൾ സ്വീകരിക്കുന്നതിനാണ് പ്രൊജക്ട് നടപ്പിലാക്കിയതെങ്കിലും യഥാസമയം വിതരണം ചെയ്യാതിരുന്നതിനാൽ മേൽ പറഞ്ഞ സാധനങ്ങൾ കോവിഡ് കാലത്ത് പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. സാധനങ്ങൾ ഇതുവരെ ലഭ്യമാക്കാത്തതിനാൽ സ്ഥാപനങ്ങൾക്ക് കൈമാറിയ തുക പലിശ സഹിതം തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. തുക കൈമാറുമ്പോൾ സ്ഥാപനങ്ങളുമായി കരാർ വെച്ചില്ല.

2013ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.60 പ്രകാരം സാധനസാമഗ്രികൾ വാങ്ങുമ്പോൾ, കരാറുകാരനുമായി വിതരണ നിബന്ധനകളും കരാർ ലംഘനത്തിൻമേലുള്ള നിയമനടപടികളും ഉൾപ്പെടുന്ന ഒരു എഗ്രിമെന്റിൽ ഏർപ്പെടേണ്ടതാണ്. ഖണ്ഡിക 9.61 പ്രകാരം ഒരു ലക്ഷത്തിൽ കൂടുതൽ മൂല്യം വരുന്ന വാങ്ങലുകളിൽ സപ്ലൈ ഓർഡറിനൊപ്പം എഗ്രിമെന്റിന്റെ കരട് കൂടി അയച്ചു കൊടുക്കേണ്ടതും സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട ശേഷം മാത്രം സാധനങ്ങൾ അയച്ചാൽ മതിയെന്ന് നിർദ്ദേശിക്കേണ്ടതുമാണ്. എന്നാൽ ഇത്തരമൊരു കരാർ ചമയ്ക്കാത്തതിനാൽ സാധനങ്ങൾ വിതരണം ചെയ്യാത്ത സ്ഥാപനത്തിനെതിരെ നിയമനടപടി സ്വീകരിക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്.

3. പ്രൊഫോർമ ഇൻവോയ്സിൽ രേഖപ്പെടുത്തിയതിനേക്കാൾ ഉയർന്ന വിലയ്ക്ക് സാധനങ്ങൾ വാങ്ങി

പദ്ധതി പ്രകാരം ഓർഡർ ചെയ്ത PPE KIT, WHEEL CHAIR എന്നിവയുടെ വില പിന്നീട് വർദ്ധിച്ചതിനാൽ വിലയുടെ വർദ്ധനവിന് ആനുപാതികമായി എണ്ണത്തിൽ കുറവ് വരുത്തിയാണ് KMSCL വിതരണം ചെയ്തിട്ടുള്ളത്. KMSCL സാധനങ്ങൾ വിതരണം ചെയ്യാൻ വൈകിയതിനാലാണ് പ്രൊഫോർമ ഇൻവോയ്സിൽ രേഖപ്പെടുത്തിയ തുകയേക്കാൾ കൂടിയ വിലയ്ക്ക് സാധനങ്ങൾ വാങ്ങേണ്ടി വന്നത്. ഓർഡർ ചെയ്ത സാധനങ്ങൾ വിതരണം ചെയ്യുന്ന കാലയളവ് നിശ്ചിത തീയതി ഉൾപ്പെടെ കൃത്യമായി കരാറിൽ രേഖപ്പെടുത്തേണ്ടതാണെന്ന് സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 10.1ൽ നിഷ്കർഷിച്ചിട്ടുണ്ട്. കൃത്യമായ കരാർ ചമയ്ക്കാത്തതിനാൽ തന്നെ വർദ്ധിച്ച വില ഈടാക്കിയതിന് സ്ഥാപനത്തിനെതിരെ നിയമനടപടി സ്വീകരിക്കാൻ സാധിക്കില്ല.

4. KMSCL ൽ നിന്നും ലഭിക്കാനുള്ള തുക തിരികെ ഈടാക്കിയില്ല

പദ്ധതി പ്രകാരം വിതരണം ചെയ്ത ചില സാധനങ്ങൾ പ്രൊഫോർമ ഇൻവോയ്സിൽ രേഖപ്പെടുത്തിയ തുകയേക്കാൾ കുറഞ്ഞ വിലയ്ക്കാണ് സപ്ലൈ ചെയ്തിട്ടുള്ളത്. എന്നാൽ ഈ ഇനങ്ങൾക്ക് വേണ്ടി KMSCL ൽ അടച്ച തുകയ്ക്ക് ആനുപാതികമായി വിതരണം ചെയ്ത സാധനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയിട്ടില്ല. ഇത്തരത്തിൽ KMSCL ൽ നിന്ന് ലഭിക്കാനുള്ള തുക തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഈ വിഷയം സംബന്ധിച്ച് നൽകിയ 25/2021-22/5.01.2023നം. അന്വേഷണക്കുറിപ്പിന് ജില്ലാ ഹോമിയോ ആശുപത്രി സൂപ്രണ്ട് സമർപ്പിച്ച മറുപടിയിൽ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്ത സാധനങ്ങളുടെ തുക റീഫണ്ട് ചെയ്യുന്നതിനായി KMSCL ന് ഇ മെയിൽ ചെയ്തതായി അറിയിച്ചിട്ടുണ്ട്. കൂടാതെ അടിയന്തിര സാഹചര്യം ആയതിനാലാണ് സ്ഥാപനവുമായി കരാറിൽ ഏർപ്പെടാതെ പണം അടച്ചതെന്നും KMSCLമായി നിരന്തരം ബന്ധപ്പെട്ടെങ്കിലും അവശേഷിക്കുന്ന സാധനങ്ങൾ ലഭ്യമാക്കിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. KMSCL, SIDCO എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാനവശേഷിക്കുന്ന സാധനങ്ങളുടെ വില പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. 1,81,455 രൂപ തടസ്സത്തിൽ വെക്കുന്നു.

1-61 മാതൃകാ അങ്കണവാടി നിർമ്മാണം - യഥാസമയം ഫണ്ട് കൈമാറിയില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ജില്ലാ വനിതാ ശിശു വികസന ഓഫീസർ |
| പ്രൊജക്ട് | S0038/21-22, മാതൃകാ അങ്കണവാടി |

| | |
|---|---|
| അടങ്കൽ, ഫണ്ടിനം | 45,00,000, വികസനഫണ്ട്(ജനറൽ) |
| ചെലവ് | 15,00,000/-ബിൽ നം.4/18.3.22 |
| | 15,00,000/-ബിൽ നം.5/21.3.22 |
| | 15,00,000/-ബിൽ നം.6/21.3.22 |

സ്ഥലം ലഭ്യമായ, നിലവിൽ കെട്ടിടമില്ലാത്ത/കെട്ടിടം ജീർണ്ണിച്ച അവസ്ഥയിലുള്ള അങ്കണവാടികൾക്ക് എല്ലാ സൗകര്യങ്ങളോടും കൂടി ശിശുവികാസം സാധ്യമാകുന്ന ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ നൂതനമാതൃകയിലുള്ള പുതിയ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഫണ്ട് വകയിരുത്തിയിട്ടുള്ള പഞ്ചായത്തുകൾക്ക് തുക കൈമാറുന്ന പദ്ധതിയാണിത്. (ഗ്രാമപഞ്ചായത്ത് വിഹിതം - 5,00,000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 5,00,000, ജില്ലാപഞ്ചായത്ത് വിഹിതം - 15,00,000). പ്രൊജക്ട് പ്രകാരം തിരുവമ്പാടി, നാദാപുരം, നരിപ്പറ്റ എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് 15,00,000രൂപ വീതം കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. 21.3.2022ന് നരിപ്പറ്റ ഗ്രാമപഞ്ചായത്തിന് കൈമാറിയ 15,00,000രൂപ വിനിയോഗിക്കാൻ സാധിക്കാത്തതിനാൽ 31.3.2022ന് സർക്കാരിലേക്ക് തിരികെ അടച്ചതായി എ2/7363/21തീയതി. 18.10.22 നം. കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുക തിരികെ അടച്ചതിന്റെ രേഖ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 2022-23 വർഷം സ്പിൽഓവർ ആയി പ്രവൃത്തി നടന്നു വരുന്നതിനാൽ ജില്ലാപഞ്ചായത്ത് വിഹിതമായി തുക വകയിരുത്താനും പ്രസ്തുത കത്തിൽ സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. 23.1.2017ലെ ജി.ഒ(പി)7/17/ഫിൻ നം. ഉത്തരവ് പ്രകാരം സംയുക്തപദ്ധതികൾക്കായി വകയിരുത്തുന്ന തുക സെപ്റ്റംബർ 30നു മുമ്പായി പങ്കാളിയാകുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. എന്നാൽ മേൽ പദ്ധതിയിൽ 18.3.2022ന് തിരുവമ്പാടി ഗ്രാമപഞ്ചായത്തിനും 21.3.2022തീയതിയിൽ നരിപ്പറ്റ, നാദാപുരം എന്നീ ഗ്രാമപഞ്ചായത്തുകൾക്കും സാമ്പത്തിക വർഷത്തിന്റെ അവസാന ആഴ്ചയിലാണ് വിഹിതം കൈമാറിയത്. അതിനാൽ തുക വിനിയോഗിക്കാൻ സാധിക്കാതെ വന്നതിനാൽ നരിപ്പറ്റ ഗ്രാമപഞ്ചായത്ത് 15ലക്ഷം രൂപ സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ട അവസ്ഥയുണ്ടായി. തുക തിരിച്ചടച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. തിരുവമ്പാടി, നാദാപുരം എന്നീ ഗ്രാമപഞ്ചായത്തുകൾ അങ്കണവാടി കെട്ടിടനിർമ്മാണം പൂർത്തിയാക്കിയതിന്റെ വിവരം തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ 22/2021-22/27.12.2022നം അന്വേഷണക്കുറിപ്പിന് മറുപടി സമർപ്പിച്ചിട്ടില്ല.

1-62 'ക്രാഡിൽ' - ആവശ്യകത നിർണ്ണയിക്കാതെ പദ്ധതി നടപ്പിലാക്കുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ജില്ലാ വനിതാ ശിശു വികസന ഓഫീസർ |
| പ്രൊജക്ട്നം., പേര് | S0037/21-22, ക്രാഡിൽ - ജില്ലാപദ്ധതി |
| അടങ്കൽ, ഫണ്ടിനം | 10,00,000, വികസനഫണ്ട്(ജനറൽ) |
| ചെലവ് | 10,00,000/-ബിൽ നം.3/25.1.22 |

കോഴിക്കോട് ജില്ലയിൽ സംയുക്തപ്രൊജക്ടായി ആരംഭിച്ച ക്രാഡിൽ ജില്ലാപദ്ധതിയിൽ ക്രാഡിൽ പദ്ധതി നടപ്പിലാക്കിയ അങ്കണവാടികളിലെ 3 മുതൽ 6വയസ്സ് വരെയുള്ള കുട്ടികൾക്ക് GEMS(Grow And Enlighten With Multiple Skills) ബുക്ക് പ്രിന്റ് ചെയ്തു നൽകുന്നതിനാണ് തുക വകയിരുത്തിയത്. കുട്ടികളെ എഴുത്തിനും വായനയ്ക്കും പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ഓരോ പ്രായത്തിലുള്ളവർക്കും

പ്രത്യേകമായാണ് ബുക്കുകൾ തയ്യാറാക്കുന്നത്. പ്രാരംഭഘട്ടത്തിൽ 3 മുതൽ 4 വയസ്സ് വരെയുള്ള കുട്ടികൾക്ക് GEMS ഭാഗം1 ഉം GEMS ആക്റ്റിവിറ്റി ബുക്ക് ഭാഗം1 ഉം നൽകാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തത്. ഇംഹാൻസ് ഡയരക്ടറുടെ 15.7.2021ലെ 190/RHB/IMHANS നം. കത്ത് പ്രകാരം 54, 56 പേജുകൾ വീതമുള്ള GEMS ബുക്കുകൾ യഥാക്രമം 39.86 രൂപ, 40.30 രൂപ നിരക്കുകളിൽ 12500 പുസ്തകങ്ങൾ വീതം പ്രിന്റ് ചെയ്ത് നൽകാമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ബുക്കുകൾ പ്രിന്റ് ചെയ്യുന്നതിന് ഇംഹാൻസ് ഡയരക്ടർക്ക് നിർദ്ദേശം നൽകി. GEMS ബുക്ക്, GEMS ആക്റ്റിവിറ്റി ബുക്ക് എന്നിവ 12481 എണ്ണം വീതം പ്രിന്റ് ചെയ്തതിന് 10,00,000രൂപ 25.1.2022ന് ഇംഹാൻസിന് നൽകിയിട്ടുണ്ട്. (ഇൻവോയ്സ് നം. 408/20.1.2022). പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്രൊജക്റ്റ് പ്രകാരം അച്ചടിച്ച 24962 ബുക്കുകൾ (12481 X 2) സ്റ്റോക്കിലെടുത്ത് അങ്കണവാടികൾക്ക് വിതരണം ചെയ്യുന്നതിന് പകരം ഇംഹാൻസ് പ്രിന്റിംഗ് പ്രസ്സിൽ നിന്ന് ബുക്കുകൾ നേരിട്ട് കൈപ്പറ്റാൻ ആവശ്യപ്പെട്ടുകൊണ്ട് നിർവഹണ ഉദ്യോഗസ്ഥൻ ശിശുവികസനപദ്ധതി ഓഫീസർമാർക്ക് കത്തയക്കുകയാണുണ്ടായത്. (കത്ത് നം.DWCDO/KKD/D-1552/21 തീയതി 18.5.2022). ആയത് പ്രകാരം ഐ സി ഡി എസ് ഓഫീസുകൾക്ക് അനുവദിച്ച ബുക്കുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഐ സി ഡി എസിന്റെ പേര് | GEMS ബുക്ക് | GEMS ആക്റ്റിവിറ്റി ബുക്ക് | ആകെ എണ്ണം |
|---|---|---|---|---|
| 1 | ബാലുശ്ശേരി | 580 | 580 | 1160 |
| 2 | ബാലുശ്ശേരി അഡീഷണൽ | 690 | 690 | 1380 |
| 3 | ചേളന്നൂർ | 690 | 690 | 1380 |
| 4 | കുന്ദമംഗലം | 290 | 290 | 580 |
| 5 | കുന്ദമംഗലം അഡീഷണൽ | 100 | 100 | 200 |
| 6 | കൊടുവള്ളി | 750 | 750 | 1500 |
| 7 | കൊടുവള്ളി അഡീഷണൽ | 780 | 780 | 1560 |
| 8 | പന്തലായനി | 840 | 840 | 1680 |
| 9 | പന്തലായനി അഡീഷണൽ | 570 | 570 | 1140 |
| 10 | മേലടി | 1650 | 1650 | 3300 |
| 11 | വടകര | 240 | 240 | 480 |
| 12 | പേരാമ്പ്ര | 800 | 800 | 1600 |
| 13 | തോടന്നൂർ | 800 | 800 | 1600 |
| 14 | തൂണേരി | 700 | 700 | 1400 |
| 15 | കുന്നുമ്മൽ | 2870 | 2870 | 5740 |
| | ആകെ | 12350 | 12350 | 24700 |

മുഴുവൻ പുസ്തകങ്ങളുടെയും വിവരം രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. 24962ബുക്കുകൾ പ്രിന്റ് ചെയ്തതിൽ മേൽ പറയും പ്രകാരം 24700 ബുക്കുകൾ മാത്രമാണ് ഐ സി ഡി എസ് ഓഫീസുകൾക്ക് അനുവദിച്ചത്. ബാക്കിയുള്ള 262 ബുക്കുകൾ വിതരണം ചെയ്തതിന്റെ വിവരം ലഭ്യമല്ല. ഐ സി ഡി എസ് ഓഫീസുകൾക്ക് അനുവദിച്ച ബുക്കുകൾ അവർ കൈപ്പറ്റി അങ്കണവാടികൾക്ക് നൽകിയതിന്റെയും ആയത് കുട്ടികൾക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അച്ചടിച്ച ബുക്കുകൾ പൂർണ്ണമായും അങ്കണവാടികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2. ജില്ലയിൽ ക്രാഡിൽ പദ്ധതി നടപ്പിലാക്കിയ അങ്കണവാടികളിലെ കുട്ടികൾക്ക് ബുക്കുകൾ വിതരണം ചെയ്യുവാനാണ് പ്രൊജക്റ്റിൽ ലക്ഷ്യമിട്ടത്. എന്നാൽ ബുക്കുകൾ നൽകേണ്ട അങ്കണവാടികളുടെ എണ്ണം,

അങ്കണവാടികളിലെ കുട്ടികളുടെ എണ്ണം എന്നിവ കണക്കാക്കി ആയതിനനുസരിച്ച് ബുക്കുകൾ പ്രിന്റ് ചെയ്യുന്നതിന് പകരം വകയിരുത്തിയ 10,00,000 രൂപയ്ക്ക് അച്ചടിക്കാവുന്ന പരമാവധി ബുക്കുകൾ പ്രിന്റ് ചെയ്യുകയാണ് ചെയ്തത്. ഓരോ ഐ സി ഡി എസ് ഓഫീസിനും നൽകേണ്ട ബുക്കുകളുടെ എണ്ണം നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. ഓരോ ഐ സി ഡി എസ് ഓഫീസിനും നൽകാനുള്ള ബുക്കുകളുടെ എണ്ണം നിശ്ചയിച്ചതിന് ആധാരമാക്കിയ വിവരങ്ങളടങ്ങിയ രേഖകൾ (അങ്കണവാടികളുടെ എണ്ണം, പ്രസ്തുത അങ്കണവാടികളിലെ കുട്ടികളുടെ എണ്ണം തുടങ്ങിയവ) പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3. 20.1.2022ന് ബുക്കുകൾ പ്രിന്റ് ചെയ്തതിന്റെ ഇൻവോയ്സ് ലഭ്യമാകുകയും 25.1.2022ന് ഇംഹാൻസിന് തുക കൈമാറുകയും ചെയ്തെങ്കിലും 18.5.2022നാണ് ബുക്കുകൾ കൈപ്പറ്റണമെന്ന് അറിയിച്ചു കൊണ്ട് നിർവഹണ ഉദ്യോഗസ്ഥൻ ശിശുവികസനപദ്ധതി ഓഫീസർമാർക്ക് കത്തയച്ചത്. ബുക്കുകൾ വിതരണം ചെയ്യുന്നതിൽ 4 മാസത്തെ കാലതാമസം വരാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

4. കുട്ടികളെ എഴുത്തിനും വായനയ്ക്കും പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ മേൽ പ്രൊജക്ട് ലക്ഷ്യം കൈവരിച്ചോ എന്നുള്ളത് സംബന്ധിച്ച മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ 23/2021-22/27.12.2022നം അന്വേഷണക്കുറിപ്പിന് മറുപടി സമർപ്പിച്ചിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചെലവ് തുക 10,00,000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-63 ക്ഷീര സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് വിതരണം -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| പ്രൊജക്ട് നമ്പർ | പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ | തിയ്യതി | തുക |
|---|---|---|---|---|---|---|
| എസ്.0102/22 | ക്ഷീര സഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് (New) | 36,00,000/-പൊതു വിഭാഗം സാധാരണ വിഹിതം | 36,00,000/- | 1/21-22 | 29.11.2021 | 18,00,000 |
| | | | | 2/21-22 | 22.02.2022 | 14,00,000 |
| | | | | 3/21-22 | 23.02.2022 | 2,00,000 |
| | | | | 4/21-22 | 26.02.2022 | 2,00,000 |
| | | | | | | 3600000 |

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡെപ്യൂട്ടി ഡയറക്ടർ ക്ഷീര വികസന വകുപ്പ്

കോഴിക്കോട് ജില്ലാ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് പശുവിനെ വാങ്ങുന്നതിന് പലിശരഹിത വായ്പയായി ഒരു വ്യക്തിക്ക് 40,000/- രൂപ അനുവദിക്കുന്നതിനായി തെരഞ്ഞെടുത്ത ഓരോ ക്ഷീര സംഘങ്ങൾക്കും 2,00,000/- രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പ്രതിമാസം 2500/-രൂപ നിരക്കിൽ 16 മാസ തവണകളായി കർഷകരിൽ നിന്നും വായ്പാതുക തിരിച്ചീടാക്കുകയും 40,000/- രൂപ ആകുന്ന മുറയ്ക്ക് തെരെഞ്ഞെടുത്ത അടുത്ത കർഷകന് അനുവദിക്കുകയും ചെയ്യുന്നു. 18 ക്ഷീര സഹകരണ സംഘങ്ങൾക്കാണ് റിവോൾവിംഗ് ഫണ്ട് നൽകിയത്.

തെരഞ്ഞെടുക്കപ്പെട്ട ക്ഷീര സംഘങ്ങൾ,പ്രോജക്ട് പ്രകാരമുള്ള അർഹതാ മാനദണ്ഡങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി സ.ഉ(കൈ)നം.22/2018തസ്വഭവ തീ.14.02.2018 ലെ ൽ 6.11(10) ൽ നിഷ്കർഷിച്ച പ്രകാരമുള്ള കരാർ, സംഘത്തിന്റെ 2021 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്, കേരള സഹകരണ നിയമം സെക്ഷൻ 80 പ്രകാരം സെക്രട്ടറിയെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ്, നിർദ്ദിഷ്ട യോഗ്യതാ മുൻഗണനാ

മാനദണ്ഡങ്ങൾ പാലിച്ച് സംഘം തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റ് എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇതു സംബന്ധിച്ച ഫയൽ പരിശോധനയിൽ മേൽപ്പറഞ്ഞ നിബന്ധനകൾ പാലിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. കരാർ പത്രം

18 സംഘങ്ങളുടേയും കരാർ ഉടമ്പടിയിൽ ക്ഷീര വികസന ഓഫീസർ ഒപ്പുവെച്ചിട്ടില്ല.

2. 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്.

കല്ലാനോട്, നന്ദിനി, കരുമ്പാപൊയിൽ, മാത്തറ, തണ്ടോപ്പാറ, അവിടനല്ലൂർ, പനങ്ങാട് എന്നീ ക്ഷീരസഹകരണ സംഘങ്ങൾ അപേക്ഷയോടൊപ്പം 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

3. ഗുണഭോക്തൃ ലിസ്റ്റ്

പനങ്ങാട്, ചെക്യാട്, മുട്ടാഞ്ചേരി തുടങ്ങി ഭൂരിഭാഗം ക്ഷീരസംഘങ്ങളും ഗുണോഭോക്തൃ ലിസ്റ്റ് സമർപ്പിച്ചിരുന്നില്ല. അത്കൊണ്ട് തന്നെ, ജില്ലാപഞ്ചായത്ത് തുക അനുവദിച്ചപ്പോൾ താഴെ പറയുന്ന സംഘങ്ങൾക്ക് പ്രോജക്ട് ലക്ഷ്യമിടുന്ന രീതിയിൽ ഗുണഭോക്താക്കൾക്ക് ഫണ്ട് കൈമാറാൻ കഴിഞ്ഞിട്ടില്ല.

<table>
<tr><th>ക്രമ നമ്പർ</th><th>ക്ഷീരസംഘം</th><th></th></tr>
<tr><td>1</td><td>മുട്ടാഞ്ചേരി</td><td>ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തിട്ടില്ലാത്തതിനാൽ 200000 രൂപ കൈമാറാതെ സംഘത്തിന്റെ കൈവശം തന്നെ സൂക്ഷിക്കുന്നു.</td></tr>
<tr><td>2</td><td>മറിവീട്ടിൽ താഴം</td><td rowspan="2">4 വീതം ഗുണഭോക്താക്കൾക്കാണ് തുക നൽകിയിട്ടുള്ളത്. ബാക്കി 40000/- രൂപ വീതം ഓരോ സംഘവും കൈവശം സൂക്ഷിക്കുന്നു.</td></tr>
<tr><td>3</td><td>പനങ്ങാട്,</td></tr>
</table>

പ്രോജക്ട് മാനദണ്ഡങ്ങൾ പ്രകാരം അപേക്ഷ പരിശോധിച്ച് നിർദ്ദിഷ്ട യോഗ്യതയുള്ള സംഘങ്ങൾക്കാണ് തുക അനുവദിക്കേണ്ടത്. ഗുണഭോക്താക്കളുടെ ലിസ്റ്റ് അപേക്ഷയോടൊപ്പം നൽകാതെ സംഘങ്ങൾ ഫണ്ട് കൈപ്പറ്റുകയാണ് ചെയ്തത്. ഗുണഭോക്തൃ ലിസ്റ്റ് സമർപ്പിക്കാത്ത സംഘങ്ങൾക്ക് ഫണ്ട് അനുവദിച്ചതു മാർഗ്ഗ രേഖക്ക് വിരുദ്ധമാണ്.

13ാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018തസ്വഭവ തീ.14.02.2018 ) ഖ 6.11(10) ൽ റിവോൾവിംഗ് ഫണ്ട് വിതരണം സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

1.നിർദ്ദിഷ്ട തുക നൽകുന്ന തിയ്യതി മുതൽ ഗുണഭോക്താവിൽനിന്നും ഓരോ മാസവും നിശ്ചിത തുക വെച്ച് പാൽ വിലയിൽ കുറവു വരുത്തി ഈടാക്കുകയോ, തുകയായോ ഈടാക്കണം.

2.തിരിച്ചടവു തുകയും തവണയും എല്ലാവർക്കും ഒന്നായിരിക്കുന്നതാണ് ഉചിതമെന്നും ഇപ്രകാരം ലഭിക്കുന്ന തിരിച്ചടവു തുക തുടർന്നുള്ള മാസങ്ങളിൽ ഓരോ പുതിയ ഗുണഭോക്താവിനു കൂടി നൽകാവുന്നതാണെന്ന് മേൽ ഉത്തരവിൽ വ്യക്തമാക്കുന്നു. എന്നാൽ തിരിച്ചടവായി ലഭിച്ചതുക 40000/-തികയുന്ന മുറയ്ക്ക് പുതിയ ഗുണഭോക്താവിനു നൽകുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 37/ 2021-22 തി. 21.01.2023 ന ലഭിച്ച മറുപടിയിൽ ( ക്ഷീര വികസന വകുപ്പ് ഡെ.ഡയറക്ടറുടെ 06.02.2023ലെ DDKZD/69/2023- SR C D (2) നമ്പർ കത്ത്) 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കുന്നതാണെന്നും, ഫണ്ട് ചെലവഴിക്കാത്ത സംഘത്തിൽ നിന്നും തിരിക ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കല്ലാനോട്, നന്ദിനി, കരുമ്പാപൊയിൽ, മാത്തറ, തണ്ടോപ്പാറ,

അവിടനല്ലൂർ, പനങ്ങാട് എന്നീ ക്ഷീരസഹകരണ സംഘങ്ങളുടെ 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. പനങ്ങാട്, മറിവീട്ടിൽ താഴം സംഘങ്ങളിലെ ബാക്കിയുള്ള ഓരോ കർഷകർക്കു കൂടി ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കോണ്ടതാണ്. മുട്ടാഞ്ചേരി സംഘത്തിനനുവദിച്ച ഫണ്ട് തിരിച്ചടക്കാൻ നിർദ്ദേശിക്കേണ്ടതാണ്.ഗുണഭോക്തൃലിസ്റ്റ് ഫയലിൽ സൂക്ഷിക്കേണ്ടതും തിരിച്ചടവായി ലഭിച്ച തുക 40000/-തികയുന്ന മുറയ്ക്ക് പുതിയ ഗുണഭോക്താവിനു നൽകേണ്ടതുമാണ്.

## 1-64 ജില്ലാ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - തുക മുൻകൂർ നൽകി 10 മാസങ്ങൾക്ക് ശേഷവും മുഴവൻ തുകയ്ക്കുള്ള മരുന്നും ലഭിച്ചിട്ടില്ല.

| പ്രൊജക്ട് നമ്പർ | പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ | തിയ്യതി |
|---|---|---|---|---|---|
| എസ്.0147/22 | ജില്ലാ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 10,00,000/- എം.ജി. (എൻ.ആർ) | 10,00,000 | 04/21-22 | 04.02.2022 |

നിർവഹണ ഉദ്യോഗസ്ഥൻ : സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി,

ജില്ലാ ഹോമിയോ ആശുപത്രിയിലെത്തുന്ന പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി മരുന്ന് വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതി പ്രകാരം, 29 ഇനം മരുന്നുകൾക്കായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ 07.01.2022ലെ PF 1305 നമ്പർ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ജില്ലാ ആശുപത്രി സൂപ്രണ്ടിന്റെ 22.01.2022 ലെ എ 1/14/2022 DHK നമ്പർ ഉത്തരവ് നടപടികൾ പ്രകാരം 10,00,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പണം കൈപ്പറ്റി (ഹോംകോയുടെ 17.05.2022 ലെ കൈപ്പറ്റ് രസീത് പ്രകാരം) 6 മാസങ്ങൾക്ക് ശേഷവും മുഴവൻ തുകയ്ക്കുള്ള മരുന്നും ലഭിച്ചിട്ടില്ല. ലഭിച്ച മരുന്നിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം. | തിയ്യതി | തുക |
|---|---|---|---|
| 1. | L F -970 | 29.11.2022 | 5,69,252 |

ഓഡിറ്റ് നടത്തിയ 12.12.2022 തീയതി വരെ 5,69,252/-രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിരിക്കുന്നത്. 4,30,748/-(10,00,000 – 5,69,252) രൂപയുടെ മരുന്ന് ലഭിക്കാൻ ബാക്കിയുണ്ട്.

സ.ഉ.(കൈ) നം. 22/2018/തസ്വഭവ. തി. 14.02.2018 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.5.4 പ്രകാരം ഹോംകോയ്ക്ക് പണമടച്ചാൽ മരുന്ന് ലഭിക്കാൻ കാലതാമസമുണ്ടാകുന്നുവെങ്കിൽ ടെണ്ടർ/ക്വട്ടേഷൻ വിളിച്ച് മെഡിക്കൽ ഓഫീസർക്ക് മരുന്ന് പുറമേ നിന്ന് വാങ്ങാവുന്നതാണ്. ഓരോ വർഷത്തെയും പ്രൊജക്ടിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കേണ്ട മരുന്നുകൾ യഥാസമയം ലഭിക്കാത്തത് കൊണ്ട് പ്രൊജക്ടിന്റെ ലക്ഷ്യം നിറവേറ്റപ്പെടുന്നില്ല. ബാക്കി മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനു നൽകിയ 05.01.2023 ലെ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 28/ 2021-22നു 2023 ലഭിച്ച മറുപടിയിൽ (കത്ത് നം എ1/15/2023 തി 05.01.2023) ബാക്കിയുള്ള മരുന്ന് മൂന്ന് മാസത്തിനകം ലഭ്യമാക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. 4,30,748/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-65 കസ്റ്റം ഹയറിംഗ് സെന്റർ - ട്രാക്ടറുകളുടെ ഇൻഷൂറൻസ് പരിരക്ഷ യഥാസമയം പുതുക്കുന്നില്ല.

ഫയൽ നമ്പർ - ബി. 899/21

പ്രൊജക്ട് നമ്പർ, പേര് - 116/22, കസ്റ്റം ഹയറിംഗ് സെന്റർ - വാഹനങ്ങൾ/യന്ത്രങ്ങൾ,

അറ്റകുറ്റപ്പണികൾ, ഇന്ധന ചെലവുകൾ, ഇൻഷ്വറൻസ്, കമ്പ്യൂട്ടർ റിപ്പയറിംഗ്

അടങ്കൽ - തനത് ഫണ്ട് 5,00,000/-

ചെലവ് - 91,883/-

നിർവ്വഹണം - അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി.

കോഴിക്കോട് കൃഷി അസി. എക്സി. എഞ്ചിനീയറുടെ ഓഫീസിന് കീഴിൽ പ്രവർത്തിക്കുന്ന കസ്റ്റം ഹയറിംഗ് സെന്ററിലെ ട്രാക്ടറുകളുടെ ഇൻഷ്വറൻസ്, കാലാവധി കഴിഞ്ഞ് മാസങ്ങൾക്ക് ശേഷമാണ് പുതുക്കുന്നത്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | രജിസ്റ്റർ നമ്പർ | ഇൻഷ്വറൻസ് കാലാവധി അവസാനിച്ച തിയ്യതി | പുതുക്കിയ തിയ്യതി | ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാതിരുന്ന കാലയളവ് |
|---|---|---|---|---|
| 1. | KL 11 AM 246 Mahindra Yuvaraj | 02.05.2020 | 05.02.2022 | 21 Months |
| 2. | KL 11 AM 1172 New Holland | 24.09.2020 | 05.02.2022 | 17 Months |
| 3. | KL 11 AZ 9970 Mahinfta 575 D1 | 29.01.2020 | 05.02.2022 | 24 Months |
| 4. | KL 11 AD 6917 New Holland | 03.11.2021 | 05.02.2022 | 3 Months |
| 5. | KL 11 BF 5230 Mahindra 4 Wheel Drive | 10.12.2021 | 05.02.2022 | 2 Months |

മേൽപ്പറഞ്ഞ വാഹനങ്ങളുടെ ഇൻഷ്വറൻസ് പരിരക്ഷ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സീനിയർ മെക്കാനിക്കായ രമേഷ്.കെ.കെ എന്നവർ അപേക്ഷ നൽകുന്നത് 22.10.2021 നാണ്. ക്രമ നമ്പർ 1 മുതൽ 3 വരെയുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് കാലാവധി അവസാനിച്ച് യഥാക്രമം 21, 17, 24 മാസങ്ങൾക്ക് ശേഷമാണ് പുതുക്കൽ നടപടികൾ ആരംഭിക്കുന്നത്. ഒരു ദിവസം പോലും വാഹനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത സാഹചര്യം ഉണ്ടാകാൻ പാടില്ലാത്തതാണ്. 26.11.2021 ന് അസി. എക്സി.എഞ്ചിനീയർ ജില്ലാ ഇൻഷ്വറൻസ് ഓഫീസർക്ക് കത്ത് നൽകുകയും, തുടർന്ന് 04.02.2022 ന് തുക അടച്ചതിന്റെയും അടിസ്ഥാനത്തിൽ 05.02.2022 നാണ് വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കിയിട്ടുള്ളത്. യഥാസമയം നടപടികൾ സ്വീകരിക്കാത്തത് കാരണം രണ്ട് വർഷങ്ങൾക്ക് ശേഷമാണ് ക്രമ നമ്പർ 3 പ്രകാരമുള്ള വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കുന്നത്.

സ.ഉ. (പി.) നം.161/2006/ഫിൻ. തി. 31.03.2006 പ്രകാരം സർക്കാർ വാഹനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുവാൻ വെഹിക്കിൾ ഹിസ്റ്ററി ബുക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. വാഹനത്തിന്റെ സംരക്ഷണം, റിപ്പയർ മുതലായ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള ഫോറങ്ങളും മാതൃകകളും നിശ്ചയിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് പോളിസി എഴുതുന്നതിനുള്ള മാതൃകയും ഹിസ്റ്ററി ബുക്കിലുണ്ട്. എന്നാൽ അത്തരത്തിലുള്ള ഒരു ഹിസ്റ്ററി ബുക്ക് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇൻഷ്വറൻസ് പരിരക്ഷ പുതുക്കാത്ത കാലയളവിൽ മേൽ പട്ടികയിൽ സൂചിപ്പിച്ച വാഹനങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ എന്ന കാര്യം വ്യക്തമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 39/ 02.02.2023

2021-22 ന മറുപടി ലഭിച്ചിട്ടില്ല

1-66 ജില്ലാ കൃഷിത്തോട്ടം,കുത്താളി - നടീൽ വസ്തുക്കൾ വിറ്റവകയിൽ 2021-22 വർഷത്തിൽ 305562 രൂപ കുടിശ്ശിക

ജില്ലാ കൃഷിത്തോട്ടം, കുത്താളിയിൽ നിന്നും ഉൽപാദിപ്പിക്കുന്ന നാളികേരം, പച്ചക്കറിവിത്തുകൾ, നടീൽ വസ്തുക്കൾ, എന്നിവ വിവിധ കൃഷിഭവനുകൾക്കും മറ്റു സ്ഥാപനങ്ങൾക്കും വിൽപ്പന നടത്തിയ ഇനത്തിൽ വർഷങ്ങളായി ലക്ഷക്കണക്കിനു രൂപ ഫാമിന് ലഭിക്കാനുണ്ട്. എന്നാൽ ഇതു സംബന്ധിച്ച കൃത്യമായ കണക്ക് വർഷം തിരിച്ചുള്ളത് ഫാമിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക 1-16) 2015-16 മുതൽ 2020-21 വരെ 6968145/- രൂപ ഫാമിനു ലഭിയ്ക്കാനുള്ളതിന്റെ വിവരം പരാമർശിച്ചിട്ടുണ്ട്.

2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഫാമിലെ ഇഷ്യൂ രജിസ്റ്റർ വോള്യം 10 പരിശോധിച്ചതിൽ 2021-22 കാലയളവിൽ നടീൽ വസ്തുക്കൾ വിറ്റവകയിൽ ഫാമിന് 305562/- രൂപ ലഭിയ്ക്കാനുണ്ട്. കുടിശ്ശിക വിവരം അനുബന്ധം 9 ആയി ചേർക്കുന്നു. വിൽപ്പന നടത്തിയതു സംബന്ധിച്ചവിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതല്ലാതെ, തുക ലഭിച്ചതിന്റെ മുഴുവൻ വിവരങ്ങളും ചേർത്ത് രജിസ്റ്ററിൽ അതതു ക്രമനമ്പർ അടയാളപ്പെടുത്തി വ്യക്തത വരുത്തുന്നതിനോ, പിരിഞ്ഞുകിട്ടാനുള്ള തുക സംബന്ധിച്ച് സ്ഥാനപങ്ങളെ ഓർമ്മപ്പെടുത്തുന്നതിനോ, കുടിശ്ശിക നിവാരണ നടപടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിനോ ഫാം അധികൃതർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഒരോ വർഷവും ലഭിയ്ക്കാനുള്ള തുകയെത്രയെന്നും, ലഭിച്ചത് എത്രയാണെന്നുമുള്ള കണക്കുപോലും കൃത്യമായി സൂക്ഷിച്ചിട്ടില്ല. ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ച് ഓരോ വർഷത്തേയും കുടിശ്ശിക വിവരം കുടിശ്ശിക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർവർഷങ്ങളിൽ ലഭിച്ച തുക ഒഴിവാക്കി കുടിശ്ശിക ക്യാരിഓവർ ചെയ്യേണ്ടതുമാണ്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഫാം അധികൃതർ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതും 2015-16 വർഷത്തിന് മുമ്പുള്ളതടക്കം നാളിതുവരെയുള്ള കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 9/ 2021-22 തി. 29.11.2022 ന ലഭിച്ച മറുപടിയിൽ ( ജില്ലാ കൃഷിത്തോട്ടം സൂപ്രണ്ടിന്റെ 07.02.2023 ലെ D1417/2022 നമ്പർ കത്ത്) 6968145 രൂപ കുടിശ്ശികയിൽ 2632806 രൂപ ജില്ലാ പഞ്ചായത്തിൽ അടച്ചതായും ബാക്കി ലഭിക്കാനുള്ള 4335339 രൂപ ലഭ്യമാക്കുന്നതിന് അതതു സ്ഥാപനങ്ങൾക്ക് കത്തു നൽകിയതായും തുടർ നടപടികൾക്കായി പ്രിൻസിപ്പൽ കൃഷി ഓഫീസർ, കൃഷി അസി ഡയറക്ടർ ഓഫീസുകൾ, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിലേക്ക് കത്തു നൽകിയതായും അറിയിച്ചിട്ടുണ്ട്. കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കുന്നതായും അറിയിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 കതിരണി തരിശ് രഹിത ജില്ല – കൃഷിയോഗ്യമാക്കിയ ഭൂമിയുടെ വിസ്തീർണ്ണം 348.5ഏക്കർ -കൃഷി ചെയ്തത് 64.5 ഏക്കറിൽ മാത്രം

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയരക്ടർ(കൃഷി) |

| | |
|---|---|
| പ്രൊജക്റ്റ് | S0099/22, കതിരണി തരിശ് രഹിത ജില്ല |
| അടങ്കൽ, ഫണ്ടിനം | 57,91,914, വികസനഫണ്ട്(ജനറൽ) |
| ചെലവ് | 48,44,266/- |

കോഴിക്കോട് ജില്ലയെ തരിശുരഹിതമാക്കുക എന്നതാണ് ഈ പ്രൊജക്റ്റിന്റെ ലക്ഷ്യം. ഇതിനായി 4 മുതൽ 25 വർഷമായി തരിശായി കിടക്കുന്ന നെൽവയലുകൾ തെരഞ്ഞെടുത്ത് കേരള സംസ്ഥാന യന്ത്രവൽക്കരണമിഷന്റെ കൈവശമുള്ള നൂതനകാർഷികയന്ത്രങ്ങളായ അഗ്രോ ഡ്രഡ്ജ് ക്രാഫ്റ്റ്, അക്വാട്ടിക് വീഡ് ഷ്രഡ്ഡർ എന്നിവ ഉപയോഗിച്ച് കൃഷിയോഗ്യമാക്കുന്നു. ട്രാക്ടർ ഉപയോഗിച്ച് നിലം ഒരുക്കിയതിന് ശേഷം അതത് പാടശേഖരസമിതി കൃഷി ഇറക്കുന്നു. ഇതിനായി സുഭിക്ഷകേരളം പദ്ധതിയുടെ മാനദണ്ഡപ്രകാരം പരമാവധി ഒരു ഹെക്ടറിന് 40,000രൂപ (35,000 രൂപ കർഷകന്, 5,000രൂപ സ്ഥലം ഉടമയ്ക്ക്) നൽകും. കൃഷിയോടനുബന്ധിച്ചുള്ള വരമ്പ് നിർമ്മാണം, നീരൊഴുക്ക് സുഗമമാക്കൽ, നീർച്ചാൽ നിർമ്മാണം, വീഡ് ഷ്രഡ്ഡർ ഉപയോഗിച്ച് അരിഞ്ഞിടുന്ന പുല്ലും, കാടും നീക്കം ചെയ്യൽ തുടങ്ങിയ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനാണ് ഉദ്ദേശിച്ചത്. പ്രൊജക്റ്റ് പ്രകാരം ചങ്ങരോത്ത്, തിക്കോടി, മേപ്പയ്യൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലായി 8 പാടശേഖരങ്ങൾ കൃഷിയോഗ്യമാക്കി കൃഷിയിറക്കിയതിന് താഴെ പറയും പ്രകാരം 48,44,266രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പാടശേഖര സമിതിയുടെ പേര് | ആകെ വിസ്തീർണ്ണം (ഏക്കർ) | പദ്ധതി പ്രകാരം പുന:സ്ഥാപിച്ചത് (ഏക്കർ) | കൃഷി ചെയ്തത് (ഏക്കർ) | അഗ്രോ ഡ്രഡ്ജ് ക്രാഫ്റ്റ്, അക്വാട്ടിക് വീഡ് ഷ്രഡ്ഡർ തുടങ്ങിയവയുടെ വാടക | പാടശേഖര സമിതികൾക്ക് നൽകിയ തുക | സ്ഥലം ഉടമകൾക്ക് നൽകിയ തുക | ആകെ |
|---|---|---|---|---|---|---|---|---|
| 1 | കുയ്യണ്ടം | 25 | 25 | 10 | 6,10,894 | 15,867 | 5,910 | 6,32,671 |
| 2 | കൂടലോട്ട് | 45 | 45 | 18 | 11,94,080 | 18,228 | 6,000 | 12,18,308 |
| 3 | ജാനകിവയൽ | 16 | 16 | 6 | 12,83,381 | 0 | 5,740 | 12,89,121 |
| 4 | മാവുകുന്ന് | 13 | 2.5 | 3 * | 13,244 | 16,084 | 3,200 | 32,528 |
| 5 | മുണ്ടത്തടം | 16 | 10 | 6 | 24,934 | 50,164 | 12,000 | 87,098 |
| 6 | കല്ലൂര് (ഹരിത നെല്ലുൽപ്പാദക സമിതി) | 50 | 50 | 20 | 0 | 1,95,520 | 30,220 | 2,25,740 |
| 7 | നടയകം | 100 | 100 | 30 | 6,51,900 | 4,20,000 | 60,000 | 11,31,900 |
| 8 | കണ്ടംചിറ | 100 | 100 | 16 | 2,26,900 | 0 | 0 | 2,26,900 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ആകെ | 365 | 348.5 | 109 | 40,05,333 | 7,15,863 | 1,23,070 | 48,44,266 |

* ക്രമനം.4 മാവുകുന്ന് പാടശേഖരസമിതിയുടെ കീഴിലുള്ള 13 ഏക്കർ ഭൂമിയിൽ പദ്ധതി പ്രകാരം കൃഷിയോഗ്യമാക്കിയത് 2.5 ഏക്കറാണ്. എന്നാൽ പ്രസ്തുത സ്ഥലത്ത് 3 ഏക്കറിൽ കൃഷി ചെയ്തത് എങ്ങനെയെന്ന് വ്യക്തമല്ല.

മേൽ പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലെ 4 മുതൽ 12 വർഷം വരെ തരിശായി കിടന്ന നെൽവയലുകൾ കൃഷിയോഗ്യമാക്കി കൃഷി ചെയ്യുന്നതിന് ഹരിത നെല്ലുൽപ്പാദക സമിതി പാടശേഖരത്തിന് താഴെ പറയും പ്രകാരം 1,95,520രൂപ നൽകിയിട്ടുണ്ട്. (ബിൽ നം. 2/31.1.2022)

| | |
|---|---|
| 20 ഏക്കർ സ്ഥലത്ത് വരമ്പ് നിർമ്മാണത്തിന് ആണ്ടി ചോയിലാട്ട് എന്നയാൾക്ക് നൽകിയത് | 50,000 |
| 20 ഏക്കർ സ്ഥലത്ത് ഇടകൂട്ടലിന് സജീവൻ നാഗത്ത് മീത്തൽ എന്നയാൾക്ക് നൽകിയത് | 40,000 |
| 20 ഏക്കർ സ്ഥലത്ത് കളപറിക്കലിന് അതിഥി തൊഴിലാളികൾക്ക് നൽകിയത് | 45,520 |
| കൃഷി ഇറക്കുന്നതിന് നടീൽ യന്ത്രം ഉപയോഗിച്ച് ഞാറ് നട്ടതിന് ബിന്ദു ചേനോളി എന്നവർക്ക് നൽകിയത് | 60,000 |
| ആകെ | 1,95,520 |

മനുഷ്യാധ്വാനം കൊണ്ടോ നിലവിലെ യന്ത്രങ്ങൾ ഉപയോഗിച്ചോ കൃഷിയിലേക്ക് കൊണ്ടു വരാൻ കഴിയാത്ത തരിശ് നിലങ്ങൾ അതിനൂതനയന്ത്രങ്ങൾ ഉപയോഗിച്ച് കൃഷിയോഗ്യമാക്കാനാണ് പ്രൊജക്ട് രൂപീകരിച്ചതെങ്കിലും വരമ്പ് നിർമ്മാണം, ഇടകൂട്ടൽ, കളപറിക്കൽ, ഞാറ് നടൽ എന്നീ പ്രവൃത്തികൾക്ക് വേണ്ടിയാണ് 1,95,520രൂപ ചെലവഴിച്ചത്. മറ്റുള്ള 7 പാടശേഖരങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് വേണ്ടി യന്ത്രങ്ങളുടെ വാടകയായി ആകെ 40,05,333രൂപ ചെലവഴിച്ചിട്ടുണ്ട്. ക്രമനം. 6 ആയ ഹരിത നെല്ലുൽപ്പാദക സമിതി പാടശേഖരത്തിന് തരിശുഭൂമി കൃഷിയോഗ്യമാക്കിയതിന് യന്ത്രങ്ങളുടെ വാടകയിനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല എന്നതിൽ നിന്നും നിലവിൽ കൃഷിയോഗ്യമായ വയലിൽ കൃഷി ചെയ്യുന്നതിനാണ് തുക അനുവദിച്ചത് എന്ന് വ്യക്തമാകുന്നു. കൂടാതെ ഇത്തരം പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയും ചെയ്യാമായിരുന്നു. സുഭിക്ഷകേരളം പദ്ധതിയുടെ മാനദണ്ഡപ്രകാരം തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്നതിന് മാത്രമേ സബ്സിഡി അനുവദിക്കാവൂ എന്നതിനാൽ 1,99,520രൂപ ചെലവഴിച്ചത് സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനമാണ്.

2. പ്രൊജക്ടിന്റെ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം 8 പാടശേഖരങ്ങളിലായി ആകെയുള്ള 365ഏക്കറിൽ 348.5ഏക്കർ യന്ത്രങ്ങൾ ഉപയോഗിച്ച് കൃഷിയോഗ്യമാക്കുകയും 109 ഏക്കറിൽ കൃഷിയിറക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത കണക്കുകൾ ശരിയല്ലെന്ന് പാടശേഖരസമിതികൾ സമർപ്പിച്ച അപേക്ഷ, സത്യപ്രസ്താവന തുടങ്ങിയവ പരിശോധിച്ചതിൽ വ്യക്തമാകുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| പാടശേഖരസമിതിയുടെ പേര് | പദ്ധതി പ്രകാരം പുന:സ്ഥാപിച്ചത് (ഏക്കർ) | കൃഷി ചെയ്തത് (ഏക്കർ) | റിമാർക്സ് | കുറവ് (ഏക്കറിൽ) |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 (3-4) |

| | | | | |
|---|---|---|---|---|
| കുടലോട്ട് | 45 | 8 | സമിതി സമർപ്പിച്ച സത്യപ്രസ്താവന പ്രകാരം 2.5 ഏക്കറിൽ മാത്രമാണ് കൃഷി ചെയ്തിട്ടുള്ളത്. | 15.5 |
| കയ്യണ്ടം | 25 | 10 | സമിതി സമർപ്പിച്ച സത്യപ്രസ്താവന പ്രകാരം 3 ഏക്കറിൽ മാത്രമാണ് കൃഷി ചെയ്തിട്ടുള്ളത്. | 7 |
| കണ്ടംചിറ | 100 | 16 | കൃഷി നടത്തിയതിന് പ്രൊജക്ട് പ്രകാരമുള്ള തുക സ്ഥലം ഉടമകൾക്കോ പാടശേഖരസമിതിക്കോ നൽകിയിട്ടില്ല. അതിനാൽ തന്നെ കൃഷി നടത്തിയതായി തെളിയിക്കുന്ന രേഖകൾ ഒന്നും ലഭ്യമല്ല. | 16 |
| ജാനകിവയൽ | 16 | 6 | സ്ഥലം ഉടമകൾക്ക് 5,740രൂപ നൽകിയിട്ടുണ്ട്. എന്നാൽ പാടശേഖരസമിതിക്ക് കൃഷി നടത്തിയതിന് തുകയൊന്നും നൽകിയിട്ടില്ലാത്തതിനാൽ കൃഷി നടന്നിട്ടുണ്ടോ എന്നത് വ്യക്തമല്ല. | 6 |
| | | | ആകെ | 44.5 |

പാടശേഖരസമിതി സമർപ്പിച്ച സത്യപ്രസ്താവന പ്രകാരം ആകെ 64.5 (109-44.5) ഏക്കറിൽ മാത്രമാണ് കൃഷിയിറക്കിയത്. അതായത് 40,05,333രൂപ ചെലവഴിച്ച് 348.5 ഏക്കർ കൃഷിഭൂമി കൃഷിയോഗ്യമാക്കിയിട്ടുണ്ടെങ്കിലും അതിന്റെ നാലിലൊന്ന് സ്ഥലത്ത് പോലും കൃഷി ചെയ്തിട്ടില്ല. പൂർണ്ണമായും കൃഷിക്ക് ഉപയോഗപ്പെടുത്താതിരുന്നാൽ ബാക്കിയുള്ള വയലുകൾ വീണ്ടും തരിശായിത്തന്നെ കിടക്കുന്ന അവസ്ഥയാകും. പ്രൊജക്ട് പ്രകാരം തുടർവർഷങ്ങളിൽ പൂർണ്ണമായും കൃഷി ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ് വയലുകൾ കൃഷിയോഗ്യമാക്കിയിട്ടുള്ളത്. പ്രൊജക്ട് പ്രകാരം കൃഷിയോഗ്യമാക്കിയ വയലുകളിൽ നിലവിൽ കൃഷി ചെയ്യുന്നുണ്ടോ എന്നതിന്റെ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3) നടയകം പാടശേഖരസമിതിക്ക് ബിൽ നം. 5/21.3.2022 പ്രകാരം 4,20,000രൂപ നൽകിയിട്ടുണ്ട്. ആയതിൽ 63,448രൂപ യന്ത്രങ്ങളുടെ വാടകയായി മണ്ണുത്തി അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷന് നൽകിയതാണ്. അവശേഷിക്കുന്ന 3,56,552രൂപ ചെലവഴിച്ചതിനാധാരമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4) വരമ്പ് നിർമ്മാണം, നീരൊഴുക്ക് സുഗമമാക്കൽ, നീർച്ചാൽ നിർമ്മാണം, വീഡ് ഷ്രഡ്ഡർ ഉപയോഗിച്ച് അരിഞ്ഞിടുന്ന പുല്ലും, കാടും നീക്കം ചെയ്യൽ തുടങ്ങിയ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനാണ് നിർദ്ദേശിച്ചത്. എന്നാൽ മേൽ പ്രൊജക്ടിന്റെ നിർവഹണത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തിയതിന്റെ വിവരം ലഭ്യമല്ല.

5) തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്നതിന്റെ ഭാഗമായി ആയത് സംബന്ധിച്ച ഒരു സമഗ്രപഠനറിപ്പോർട്ട് CWRDM മുഖേന തയ്യാറാക്കുന്നതിനായി പ്രൊജക്ട്നം. S0112/22 പ്രകാരം ഒരു പദ്ധതി ജില്ലാപഞ്ചായത്ത് ആവിഷ്കരിച്ചിരുന്നു. പ്രസ്തുത പഠനറിപ്പോർട്ട് ഫിബ്രവരി 2023 ലും ലഭ്യമായില്ല. എന്നാൽ ഇതിന് മുൻപ് തന്നെ തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചതിന്റെ കാരണം വ്യക്തമല്ല. (ഖണ്ഡിക നം. 1-21 കാണുക)

ഈ വിഷയം സംബന്ധിച്ച് നൽകിയ 19/2021-22/27.12.2022നം അന്വേഷണക്കുറിപ്പിന് മറുപടി

സമർപ്പിച്ചിട്ടില്ല. അപാകങ്ങൾക്ക് മറുപടി നൽകേണ്ടതും പദ്ധതി പ്രകാരം കൃഷിയോഗ്യമാക്കിയ ഭൂമി നിലവിൽ ഉപയോഗപ്പെടുത്തുന്നതിന്റെ വിശദാംശം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. മറുപടിയുടെ അഭാവത്തിൽ ക്രമനം. 1 പ്രകാരമുള്ള 1,95,520രൂപ നിരാകരിക്കുകയും 3,56,552രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുകയും ചെയ്യുന്നു.

3-2 15.35 ലക്ഷം രൂപയുടെ അടുക്കള പാത്രങ്ങൾ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തവരിൽനിന്നും വാങ്ങിയില്ല-ഒരു വർഷമായിട്ടും പൊതു അടുക്കള ആരംഭിച്ചില്ല

| പ്രൊജക്ട് നമ്പർ | പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ | തിയ്യതി |
|---|---|---|---|---|---|
| എസ്.ഒ. 160/22 | പൊതു അടുക്കള – കുടുംബശ്രീ മുഖേന (New) | 20,00,000 വികസന ഫണ്ട് (പൊതുവിഭാഗം, സാധാരണ വിഹിതം) | 17,35,000 | 3/21-22 | 30.03.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ - കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ | | | | | |

1. പൊതു അടുക്കള ആരംഭിച്ചില്ല

വീട്ടമ്മമാരായ സ്ത്രീകളുടെ ഗാർഹിക ജോലിഭാരം ലഘൂകരിക്കുന്നതിനായി ജില്ലയിലെ പേരാമ്പ്ര, നരിപ്പറ്റ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പൊതു അടുക്കള സ്ഥാപിച്ച് അതിലൂടെ 10 സത്രീകൾക്ക് സ്ഥിര വരുമാനം ഉറപ്പ് വരുത്തുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. കുടുംബശ്രീ മുഖേന (ജില്ലാ പഞ്ചായത്ത് ഫണ്ട്) 18,00,000 രൂപയും സംഘങ്ങളുടെ പ്രവർത്തന മൂലധനമായി 2,00,000 രൂപയും ചേർത്ത് 20,00,000/- രൂപയാണ് ആകെ അടങ്കൽ തുകയായി വകയിരുത്തിയത്. ഇ - ടെണ്ടർ മുഖേന കൂൾ ഹോം (ഇന്ത്യ) എന്ന സ്ഥാപനത്തിൽ നിന്നും 15,35,000/- രൂപ ചെലവഴിച്ച് അടുക്കള ഉപകരണങ്ങളും പാത്രങ്ങളും വാങ്ങിയിട്ടുള്ളതും ( Invoice No 2021-2022/BR-135 Dt 08.03.2022 Cool Home India). രണ്ട് ഗ്രൂപ്പുകൾക്കും പ്രവർത്തന മൂലധനമായി ഒരു ലക്ഷം രൂപ വീതം നൽകിയിട്ടുള്ളതുമാണ്. നരിപ്പറ്റ ഗ്രാമ പഞ്ചായത്തിലെ രുചി കാറ്ററിംങ്, പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ ഫിനിക്സ് കുടുംബശ്രീ ഗ്രൂപ്പ് എന്നിവയെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരെഞ്ഞെടുത്തിട്ടുണ്ട്. പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള - മാർഗ്ഗരേഖ (സ.ഉ (കൈ) നം.11/2018 തി.29.01.2018) ഖ.11.3 പ്രകാരമുള്ള ഗുണഭോക്താക്കളുടെ തെരെഞ്ഞെടുക്കൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി, മുഴുവൻ പഞ്ചായത്തുകളേയും പരിഗണിക്കാതെ രണ്ട് പഞ്ചായത്തുകളെ നേരത്തേതന്നെ നിശ്ചയിച്ചതിന്റെ സാഹചര്യം വ്യക്തമല്ല. നരിപ്പറ്റ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 05.102021 ലെ 1(10) ാം നമ്പർ തീരുമാനം പ്രകാരം 6 ാം വാർഡിലെ രുചി കാറ്ററിംഗ് ഗ്രൂപ്പിനെ ഗ്രൂപ്പംഗങ്ങളുടെ ലിസ്റ്റ് സഹിതം ഗുണഭോക്താവായി തീരുമാനിച്ചിട്ടുണ്ട്. പേരാമ്പ്ര ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 06.08.2022 ലെ 1(3) ാം നമ്പർ തീരുമാനം പ്രകാരം 5 ാം വാർഡിലെ ഫിനിക്സ് കുടുംബശ്രീ ഗ്രൂപ്പിനെ ഗുണഭോക്താവായി തീരുമാനിച്ചിട്ടുണ്ട്. ഗ്രൂപ്പംഗങ്ങളുടെ ലിസ്റ്റ് ഉള്ളടക്കം ചെയ്തിട്ടില്ല. അടുക്കള ഉപകരണങ്ങളും പാത്രങ്ങളും പ്രസ്തുത ഗ്രൂപ്പുകൾക്ക് കൈമാറിയതിന്റെ വിശദാംശങ്ങളും കൈപ്പറ്റ് രസീതും ഫയലിൽ സൂക്ഷിച്ചിട്ടില്ല. 15,35,000രൂപ വില വരുന്ന ഉപകരണങ്ങളുടേയും പാത്രങ്ങളുടെയും സൂക്ഷിപ്പ് സംബന്ധിച്ച ക്രമീകരണങ്ങളെക്കുറിച്ചും ഫയലിൽ വിവരങ്ങളില്ല.

കേരളാ ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 147 (1) പ്രകാരം സ്റ്റോറുകൾ കൈപ്പറ്റാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് പരിശോധിച്ച് അംഗീകരിച്ച സാമ്പിൾ, സ്പെസിഫിക്കേഷൻ പ്രകാരമുള്ളത് തന്നെയാണ് ലഭിച്ചിരിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ മിഷൻ കോ-ഓർഡിനേറ്റർ സൂക്ഷിച്ച വരുന്ന സ്റ്റോക്ക് രജിസ്റ്ററിൽ 15,35,000 രൂപ ചെലവഴിച്ച വാങ്ങിയ 26ഇനങ്ങളുടെ വിലവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. (പേജ് നം.27-33) അപൂർണ്ണമായ വിവരങ്ങൾ തന്നെയാണ് സ്കീം

രജിസ്ററിലും രേഖപ്പെടുത്തിയിട്ടുള്ളത്. (പേജ്നം.64-65) വിതരണം ചെയ്തവയുടെ കൈപ്പറ്റ് വിവരം ഫയലിൽ ലഭ്യമല്ല. ആർട്ടിക്കിൾ 148 (Iv) പ്രകാരം സ്റ്റോക്ക് രജിസ്റ്ററിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ സ്റ്റോക്കിലെടുത്ത വിവരം ബില്ലിന്റെ ഓഫീസ് കോപ്പിയിൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബിൽ കോപ്പിയിൽ അപ്രകാരം രേഖപ്പെടുത്തിയിട്ടില്ല. മോഷണം, കൃത്രിമം, അശ്രദ്ധ (Negligence) അപകടം എന്നിവ കാരണം ഉണ്ടായേക്കാവുന്ന സ്റ്റോറിന്റെ നഷ്ടം തടയുന്നതിനു കൃത്യമായ സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിച്ചില്ല. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാലും 15.35 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ അടുക്കള പാത്രങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്തതിനാലും ഇവയുടെ ഇനം എണ്ണം എന്നിവ ഓഡിറ്റ് സംഘം 17.02.2023 ലെ ഭൗതിക പരിശോധനയിൽ ഉറപ്പു വരുത്താൻ കഴിഞ്ഞില്ല.

17.02.2023 ന് നരിപ്പറ്റ ഗ്രാമ പഞ്ചായത്തിലെ വള്ളിത്തറയിലുള്ള രുചി കാറ്ററിംങ് എന്ന ഗ്രൂപ്പിനായി നിർമ്മിച്ച സ്ഥാപനത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ഗ്രൂപ്പംഗമായ ശ്രീമതി വിനിജ കെ പി യുടെ പുരയിടത്തിൽ പണിത ഷെഡ്ഡിൽ, ഇഡ്ഡലി സ്റ്റീമർ, ഗ്രൈന്റർ, സ്റ്റീം ബോയിലർ, S.sബർണർ റേഞ്ച്. S.s ടേബിൾ, സ്റ്റീം പൈപ്പ് ലൈൻ എന്നിവ സൂക്ഷിച്ചിട്ടുള്ളതായി കണ്ടു. ലഭിച്ച പാത്രങ്ങളും ഗ്യാസ് അടുപ്പുകളും മറ്റു സാമഗ്രികളും പൂർണ്ണമായും സ്ഥാപിക്കുകയോ ഉപയോഗിക്കുകയോ ചെയ്തില്ല. ബാക്കിയുള്ളവ പ്രോജക്ട് ലക്ഷ്യമിട്ടതിനു വിരുദ്ധമായി കൈവേലി ചന്തയിൽ നടക്കുന്ന പരിപാടിക്കുവേണ്ടി 10 ദിവസത്തേക്ക് കൊണ്ടുപോയതായി അറിയിച്ചു. അടുക്കള ഉപകരണങ്ങളും പാത്രങ്ങളും കൈപ്പറ്റി ഒരു വർഷത്തോളമായിട്ടും നിർദ്ദിഷ്ട ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ കഴിഞ്ഞില്ല. കെട്ടിടത്തിന്റെ വയറിംഗ് പൂർത്തിയായെങ്കിലും വൈദ്യുതി ലഭിച്ചിട്ടില്ല.



1.1നരിപ്പറ്റ ഗ്രാമ പഞ്ചായത്തിലെ വള്ളിത്തറയിലെ രുചി കാറ്ററിംങ് ഗ്രൂപ്പിന്റെ ഷെഡ്ഡ്



1.2രുചി കാറ്ററിംങിനു നൽകിയ ഗ്രൈന്റർ, ഗ്യാസ് അടുപ്പ് എന്നിവ ഉപയോഗിക്കാത്ത നിലയിൽ



1.3 രുചി കാറ്ററിംങ്ങിനു നൽകിയ ഇഡലി സ്റ്റീമർ, സ്റ്റീം ബോയിലർ,എന്നിവയും ഉപയോഗിക്കാത്ത നിലയിൽ

പേരാമ്പ്ര ഗ്രാമ പഞ്ചായത്തിലെ ഫിനിക്സ് കുടുംബശ്രീ ഗ്രൂപ്പിന് നൽകിയ അടുക്കള ഉപകരണങ്ങളും പാത്രങ്ങളും പൈതോത്ത് റോഡിലുള്ള ശ്രീമതി നുറ എന്ന വ്യക്തിയുടെ വീടിനോട് ചേർന്ന കാർ ഷെഡ്ഡിൽ പേക്കറ്റ് ഉറക്കാതെ കൂട്ടിയിട്ടിരിക്കുകയാണ്. ഒരു വർഷത്തോളമായിട്ടും സ്ഥലം ഒരുക്കി ഇൻസ്റ്റലേഷൻ നടത്തിയില്ലെന്ന് മാത്രമല്ല, ഒരു കുടുംബശ്രീ ഗ്രൂപ്പിനാണ് ഇവ നൽകിയിരിക്കുന്നതെന്ന് തെളിയിക്കുന്ന യാതൊരു രേഖകളും ഫയലിലോ, സ്ഥല പരിശോധനയിലോ കാണാൻ കഴിഞ്ഞില്ല. ഇ – ടെണ്ടറിലെ ഡെലിവറി & സെറ്റപ്പ് വ്യവസ്ഥകളിലെ 5 (F,g) എന്നിവ പ്രകാരം നിശ്ചയിക്കപ്പെട്ട സ്ഥലത്ത് ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കാനും ഗ്രൂപ്പംഗങ്ങൾക്ക് പരിശീലനം നൽകാനും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ അത്തരം നടപടികളൊന്നും ഉണ്ടായില്ല. ടെണ്ടർ വ്യവസ്ഥകളുടെ ലംഘനത്തിന് ഉപകരണങ്ങൾ സപ്ലൈ ചെയ്ത സ്ഥാപനത്തിനെതിരെ നിയമ നടപടികൾ സ്വീകരിച്ചില്ല



1.4 പേരാമ്പ്ര ഗ്രാമ പഞ്ചായത്തിലെ നുറ എന്ന വ്യക്തിയുടെവീടിനോട് ചേർന്ന കാർ ഷെഡിൽ പേക്കറ്റ് ഉറക്കാതെ പാത്രങ്ങൾ അട്ടിവെച്ചിരിക്കുന്നു.



1.5കാർ ഷെഡിൽ പേക്കറ്റ് ഉറക്കാതെ പാത്രങ്ങൾ അട്ടിവെച്ചിരിക്കുന്നു. മറ്റൊരു കോണിൽ നിന്നുള്ള

ദൃശ്യം

പദ്ധതി ആസൂത്രണത്തിലേയും നടത്തിപ്പിലേയും അപാകങ്ങൾ താഴെ പറയുന്നു.

1) പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്നവാർഷിക പദ്ധതികൾ തയ്യാറാക്കൽ -മാർഗ്ഗരേഖ (സ.ഉ (കൈ) നം11/2018 തി.29.01.2018) ഖ.2.3 (6) പ്രകാരം തദ്ദേശ ഭരണ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാരേഖയിൽ (Status Report) പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്. അവസ്ഥാരേഖ പ്രകാരമാണ് പദ്ധതി തയ്യാറാക്കിയതെന്ന് വ്യക്തമാക്കേണ്ടതും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളിൽ ഇത്തരമൊരു പ്രോജക്ടിന്റെ ആവശ്യം ഉന്നയിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വീട്ടമ്മമാരായ സ്ത്രീകളുടെ ഗാർഹിക ജോലിഭാരം ലഘൂകരിക്കുന്നതിനായി ജില്ലയിലെ പേരാമ്പ്ര, നരിപ്പറ്റ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പൊതു അടുക്കള സ്ഥാപിച്ച് അതിലൂടെ 10 സ്ത്രീകൾക്ക് സ്ഥിര വരുമാനം ഉറപ്പ് വരുത്തുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. എന്നാൽ നരിപ്പറ്റ ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താവായ രുചി കാറ്ററിംങ് നിലവിൽ കേറ്ററിംഗ് സർവ്വീസ് നടത്തുന്നവരാണ്. ഈ സംഘത്തിനാണ് അടുക്കള ഉപകരണങ്ങളും പാത്രങ്ങളും നൽകിയിരിക്കുന്നത്. അതേസമയം പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ ഫിനിക്സ് കുടുംബശ്രീ ഗ്രൂപ്പിനു അടുക്കള ഉപകരണങ്ങളും പാത്രങ്ങളും കൈമാറി കൈപ്പറ്റ് രസീത് വാങ്ങണമെന്ന് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ 20.09.2022 ലെ 2647/എ2/2018/ കെ.എസ്.കെ.കെ.ഡി നമ്പർ കത്തു പ്രകാരം പേരാമ്പ്ര സി ഡി എസ് മെമ്പർ സെക്രട്ടറിയോടാവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ഫയലിൽ നിന്നോ, സ്ഥല പരിശോധനയിലോ ലഭിച്ചിട്ടില്ല. പ്രോജക്ട് നിർദ്ദേശമനുസരിച്ച് പൊതു അടുക്കള സ്ഥാപിക്കുന്നതിനു പകരം കേറ്ററിംഗ് സർവ്വീസ് നടത്തുന്നവർക്കാണ് അടുക്കള ഉപകരണങ്ങളും പാത്രങ്ങളും നൽകിയിരിക്കുന്നതെന്നാണ് സ്ഥല പരിശോധനയിലും അന്വേഷണത്തിലും അറിയാൻ കഴിഞ്ഞത്. പേരാമ്പ്ര ഗ്രൂപ്പിനു നൽകിയ ഉപകരണങ്ങൾ ഒരു വർഷത്തിന് ശേഷവും സ്ഥാപിച്ചിട്ടില്ല. നിലവിൽ പേരാമ്പ്ര, നരിപ്പറ്റ ഗ്രാമ പഞ്ചായത്തുകളിലെ എന്നീ രണ്ട് ഗ്രൂപ്പുകൾക്കും നൽകിയ ഗ്യാസ് അടുപ്പ്, പാത്രങ്ങൾ, യന്ത്ര സംവിധാനങ്ങൾ എന്നിവ ഉപയോഗക്ഷമമാക്കിയിട്ടില്ല. പേരാമ്പ്ര ഗ്രൂപ്പിനു നൽകിയ ഉപകരണങ്ങൾ സപ്ലൈ ചെയ്ത അതേ അവസ്ഥയിൽ തന്നെ കൂട്ടിയിട്ടിരിക്കുകയാണ്. പ്രവർത്തന മൂലധനമായി ഓരോ ഗ്രൂപ്പിനും 1 ലക്ഷം രൂപ നൽകിയെങ്കിലും (ആകെ 2 ലക്ഷം രൂപ) പ്രോജക്ട് ലക്ഷ്യമിട്ടതനുസരിച്ചുള്ള യാതൊരു പ്രവർത്തനവും 2023 ഫെബ്രുവരിയിലും നടപ്പിലാക്കിയിട്ടില്ല.

<u>മോണിറ്ററിംഗ്</u>

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കൽ -മാർഗ്ഗരേഖ (സ.ഉ (കൈ) നം11/2018 തി.29.01.2018) ഖ.13 പ്രകാരം മോണിറ്ററിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാ സമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. സ്ത്രീകൾക്ക് സ്ഥിര വരുമാനം ഉറപ്പു വരുത്തുന്നതിനാണ് പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ആയതിനാൽ നിർവ്വഹണഘട്ടത്തിലും തുടർന്നും മോണിറ്ററിംഗ് അത്യാവശ്യമായിരുന്നു. എന്നാൽ ഇതു സംബന്ധിച്ച റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. മേൽ വിഷയങ്ങൾക്ക് വ്യക്തമായ മറുപടി നൽകേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 48/ 2021-22 തി. 09.03.2023 നു മറുപടി ലഭിച്ചിട്ടില്ല.

<u>2. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തവരിൽ നിന്നും സാധനങ്ങൾ വാങ്ങിയില്ല.</u>

മേൽ പദ്ധതി പ്രകാരം രുചി കാറ്ററിംങ് (നരിപ്പറ്റ ഗ്രാ.പഞ്ചായത്ത്) ഫിനിക്സ് കുടുംബശ്രീ ഗ്രൂപ്പ് (പേരാമ്പ്ര ഗ്രാ.പഞ്ചായത്ത്) എന്നിവയെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ അടുക്കള ഉപകരണങ്ങളും പാത്രങ്ങളും പ്രസ്തുത ഗ്രൂപ്പുകൾക്ക് കൈമാറിയതിന്റെ വിശദാംശങ്ങളും കൈപ്പറ്റ് രസീതും ഫയലിൽ സൂക്ഷിച്ചിട്ടില്ല. 15.35 ലക്ഷം രൂപ വില വരുന്ന ഉപകരണങ്ങളുടേയും

പാത്രങ്ങളുടെയും സൂക്ഷിപ്പ് സംബന്ധിച്ച ക്രമീകരണങ്ങളെക്കുറിച്ച് ഫയലിൽ വിവരങ്ങളില്ല.

കൂടാതെ അടുക്കള പാത്രങ്ങളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ചതിൽ 5 സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുണ്ട്. ഇതിൽ Cool Home എന്ന സ്ഥാപനത്തിൽ നിന്നാണ് മുഴുവൻ ഇനങ്ങളും വാങ്ങിയത്. ആകെ 26 ഇനങ്ങളിൽ 14 ഇനങ്ങൾക്ക് Cool Home ക്വാട്ട് ചെയ്ത തുകയേക്കാൾ കുറഞ്ഞ നിരക്ക് മറ്റു സ്ഥാപനങ്ങൾ ക്വാട്ട് ചെയ്തിട്ടുണ്ട്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സാമഗ്രികൾ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിനു പകരം എല്ലായിനങ്ങളും Cool Home എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിനാൽ 1,27,494/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. അനുബന്ധം കാണുക

കേരളാ ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 147 (1) പ്രകാരം സ്റ്റോറുകൾ കൈപ്പറ്റാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് പരിശോധിച്ച് അംഗീകരിച്ച സാമ്പിൾ, സ്പെസിഫിക്കേഷൻ പ്രകാരമുള്ളത് തന്നെയാണ് ലഭിച്ചിരിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ മിഷൻ കോ-ഓർഡിനേറ്റർ സൂക്ഷിച്ചു വരുന്ന സ്റ്റോക്ക് രജിസ്റ്ററിൽ 17,35,000 രൂപ ചെലവഴിച്ചു വാങ്ങിയ 26ഇനങ്ങളുടെ വിലവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. (പേജ് നം.27-33) ഇതു സംബന്ധിച്ച അപൂർണ്ണമായ വിവരങ്ങൾ തന്നെ സ്കീം രജിസ്ററിലും രേഖപ്പെടുത്തിയിട്ടുണ്ട്. (പേജ്നം.64-65) വിതരണം ചെയ്തവയുടെ കൈപ്പറ്റ് വിവരം ഫയലിൽ ലഭ്യമല്ല. ആർട്ടിക്കിൾ 148 (Iv) പ്രകാരം സ്റ്റോക്ക് രജിസ്റ്ററിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ സ്റ്റോക്കിലെടുത്ത വിവരം ബില്ലിന്റെ ഓഫീസ് കോപ്പിയിൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബിൽ കോപ്പിയിൽ അപ്രകാരം രേഖപ്പെടുത്തിയിട്ടില്ല. മോഷണം, കൃത്രിമം, അശ്രദ്ധ (Negligence) അപകടം എന്നിവ കാരണം ഉണ്ടായേക്കാവുന്ന സ്റ്റോറിന്റെ നഷ്ടം തടയുന്നതിനു കൃത്യമായ സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിച്ചില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 41 / 2021-22 തി. 13.02.2023 നു മറുപടി ലഭിച്ചിട്ടില്ല. ആകെ ചെലവഴിച്ച 17.35 ലക്ഷം രൂപയിൽ 1,27,494 രൂപ നിരാകരിക്കുകയും ഇനിയും പ്രവർത്തനമാരംഭിക്കാത്ത 2 യൂണിറ്റുകൾക്കുമായി നൽകിയ 2 ലക്ഷം രൂപ ഉൾപ്പെടെ 16,07,506 രൂപ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിനായി നല്കിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1 | കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് | 645/22 – മാമ്പൊയിൽ മുക്ക് മൊകേരി ഗവ. കോളേജ് റോഡ് - രണ്ടാം ഘട്ടം | 21160152030401347602/ 16/3/22 | 26,00,000 | | ലഭ്യമല്ല |
| 2 | കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ട് | 519/22 – എടക്കര സൈഫൺ വള്ളിക്കാട്ട്കാവ് കനാൽ റോഡ് - തലക്കുളത്തൂർ | 21160152030401377041/ 19/3/22 | 27,50,000 | | ലഭ്യമല്ല |
| 3 | കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ട് | 385/22 – കള്ളാട് അടുക്കത്ത് ഒറവിൽ റോഡ് മരുതോങ്കര (ഇറിഗേഷൻ റോഡ്) | 21160152030401405571/ 22/3/22 | 33,00,000 | | ലഭ്യമല്ല |
| 4 | മൈനർ | 308/22 – നഗരസഞ്ചയ പ്രവൃത്തി | ചെക്ക് നം. XY -6006592 | 30,00,000 | | ലഭ്യമല്ല |

| | | | | | | |
|---|---|---|---|---|---|---|
| | ഇറിഗേഷൻ ഡിവിഷൻ, കോഴിക്കോട് | – വിഷ്ണുമംഗലം പുഴയിൽ മണ്ണെടുത്ത് പുനരുജ്ജീവിപ്പിക്കൽ | തീയതി 6/11/21 | | | |
| 5 | മൈനർ ഇറിഗേഷൻ ഡിവിഷൻ, കോഴിക്കോട് | 848/22 – ചുഴലിക്കര വിസിബി രണ്ടാം ഘട്ടം (മൈനർ ഇറിഗേഷന് അധിക തുക നൽകൽ) | 21160152030401500182/ 27/3/22 | 6,50,000 | | ലഭ്യമല്ല |
| 6 | മൈനർ ഇറിഗേഷൻ ഡിവിഷൻ, കോഴിക്കോട് | 183/22 – ചുഴലിക്കര വിസിബി രണ്ടാം ഘട്ടം (മൈനർ ഇറിഗേഷൻ) | ലഭ്യമല്ല | 19,50,000 | | ലഭ്യമല്ല |
| 7 | മൈനർ ഇറിഗേഷൻ ഡിവിഷൻ, കോഴിക്കോട് | 846/22–നാദാപുരം വി.സി.ബി രണ്ടാം ഘട്ടം | 21160152030401499881/ 27/3/22 | 7,00,000 | | ലഭ്യമല്ല |
| 8 | മൈനർ ഇറിഗേഷൻ ഡിവിഷൻ, കോഴിക്കോട് | 182/22 - നാദാപുരം വി.സി.ബി രണ്ടാം ഘട്ടം | ലഭ്യമല്ല | 28,00,000 | | ലഭ്യമല്ല |
| 9 | കെ.എസ്.ഇ.ബി | 840/22, ജില്ലാപഞ്ചായത്ത് സ്കൂളുകളിലും മറ്റ് സ്ഥാപനങ്ങളിലും സോളാർ പാനൽ സ്ഥാപിക്കൽ – കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് | 342/21-22 തീയതി 30.3.22 | 75,00,000 | | ലഭ്യമല്ല |

സെക്രട്ടറി, അസി.എക്സി.എഞ്ചിനീയർ എന്നീ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകൾ പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ വിവരമാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 (എ) ചാർജ്ജ് / സർച്ചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തര വാദി ആയ ഉദ്യോഗസ്ഥൻ, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ്ജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക (രശീത് നം., തിയ്യതി) | റവന്യൂ റിക്കവറി നടപടി കളിലൂടെ ഈടാക്കിയ തുക | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യമായ തുക (രൂ) | അവശേഷിക്കുന്ന തുക / ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | (രു) | | | | |
| | | | | നം/ തിയ്യ തി | തുക | | | ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക (രു) | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1. | 1997-1998 | 43 ഭാഗികം | ജെ.രാധാകൃഷ്ണൻ സെക്രട്ടറി | Lf/ 9695/Spl. Cell/sc4/200 Dd.01.11.02 | 13,895 | 16.962 രു രശീത് നമ്പർ- 91/16955/03 Dtd.30.07.03 | | | | | |
| 2. | 1999 | 65(3), (4),(6), 26 | കെ.പി പ്രസന്നൻ. ഡയറക്ടർ ഫുഡ് പ്രോസസ്സിങ് ആൻഡ് ന്യൂട്രീഷൻ സെന്റർ. ബാലുശ്ശേരി. ഇ.എ.കൃഷ്ണൻ, അസിസ്റ്റന്റ് സെക്രട്ടറി | Lf16197/sp. Cell/sc/5/03 Dtd.23.11.05, Dtd.28.08.06, Dtd.26.12.06 | | | | | | | |

4-7 (ബി) സർച്ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വിവരം

| ക്രമ നമ്പർ | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | | | 1999-00 | IV.57.1(A) | സോളാർ ഫെൻസിങ് | എൽ.എഫ്. എ.സി യുടെ 2004-06 പത്താമത് റിപ്പോർട്ടിൽ ഖണ്ഡിക 21, 22, 23, 24 ആയി ഉൾപ്പെട്ട . |
| 2 | | | | IV.57.1(B) | മത്സ്യബന്ധനം | എൽ.എഫ്. എ.സിയുടെ 2004-06 പത്താമത് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | റിപ്പോർട്ടിൽ ഖണ്ഡിക 27, 28. ധന വിനിയോഗ റിപ്പോർട്ട് ഓഡിറ്റിന് കൈമാറണം. |
| 3 | | | 1999-00 | IV.57.1(C) | മലബാറി ആട് സംരക്ഷണം | എൽ.എഫ്. എ.സിയുടെ 2004-06 പത്താമത് റിപ്പോർട്ടിൽ ഖണ്ഡിക 34 |
| 4 | | | | IV.57.1(D) | മിനി വ്യവസായ എസ്റ്റേറ്റ് | എൽ.എഫ്. എ.സിയുടെ 2004-06 പത്താമത് റിപ്പോർട്ടിൽ ഖണ്ഡിക 57 . വ്യവസായ എസ്റ്റേറ്റ് പുരോഗതി സമിതിയെ അറിയിക്കണം . |
| 5 | | | | IV.57.1(E) | അടുപ്പ് മോൾഡ് നിർമ്മാണ യൂണിറ്റ് . | എൽ.എഫ്. എ.സിയുടെ 2004-06 പത്താമത് റിപ്പോർട്ടിൽ ഖണ്ഡിക 61 |
| 6 | | | | IV.57.1(F) | പൊയിൽ ക്കാവ്-കാഞ്ഞിലശ്ശേരി റോഡ്. | എൽ.എഫ്. എ.സിയുടെ 2004-06 പത്താമത് റിപ്പോർട്ടിൽ ഖണ്ഡിക 66,67. വകുപ്പ് തല നടപടിക്ക് ശുപാർശ |
| 7 | | | | IV.57.1(G) | ലേബർ കോൺട്രാക്റ്റ് കോ.ഓപ്പറേറ്റീവ് സൊസൈറ്റിക്ക് സഹായം. | എൽ.എഫ്. എ.സിയുടെ 2004-06 പത്താമത് റിപ്പോർട്ടിൽ ഖണ്ഡിക 75. തൃപ്തികരമായ വിശദീകര ണത്തിന്റെ അടിസ്ഥാ നത്തിൽ ഒഴിവാക്കാ വുന്നതാണ് . |
| 8 | | | | IV.57.1(H) | റിട്ടയർ ചെയ്ത എഞ്ചിനീയർ മാരുടെ നിയമനം | എൽ.എഫ്. എ.സിയുടെ 2004-06 പത്താമത് റിപ്പോർട്ടിൽ ഖണ്ഡിക 79. കരാർ അടിസ്ഥാ നത്തിൽ നിയമിക്കാൻ ശുപാർശ . |
| 9 | 1998-99 | | 2000-01 | IV.96(I) | റോഡ് പണി തൃപ്തികരമല്ല. ബിൽ നല്കി. | എൽ.എഫ്. എ.സിയുടെ 2004-06 പത്താമത് റിപ്പോർട്ടിൽ ഖണ്ഡിക 83 . സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാന്റെ അനുമതി യോടെ നടപടി സ്വീകരിക്കേ ണ്ടതായിരുന്നു. |
| 10 | 1999-00 | 31 | 2001-02 | 11.15.1 | നാടകപഠന കളരി | |

| | | | | | | |
|---|---|---|---|---|---|---|
| 11 | 1999-00 | 65 | 2001-02 | 11.15.2 | മാനവീയം സാംസ്കാരിക മിഷൻ | |
| 12 | 1999-00 | 71 | 2001-02 | 11.15.3 | ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ പുനരധിവാസം | |
| 13 | 2002-03 | 2-26 | 2006-07 | 3.79.18.21 | അങ്കണവാടി പൂർത്തീ കരിച്ചില്ല. | എൽ.എഫ്. എ.സിയുടെ (2021-23) പന്ത്രണ്ടാമത് റിപ്പോർട്ടിൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ടു. |
| 14 | 2002-03 | 2-30 | 2006-07 | 3.79.18.22 | ഭവന നിർമ്മാണം പൂർത്തീ കരിച്ചില്ല. | എൽ.എഫ്. എ.സിയുടെ (2021-23) പന്ത്രണ്ടാമത് റിപ്പോർട്ടിൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ടു. |
| 15 | 2002-03 | 2-31 | 2006-07 | 3.79.18.23 | വ്യവസായ എസ്റ്റേറ്റ് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ. | എൽ.എഫ്. എ.സിയുടെ (2021-23) പന്ത്രണ്ടാമത് റിപ്പോർട്ടിൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ടു. |
| 16 | 2002-03 | 2-40 | 2006-07 | 3.79.18.24 | എസ്.ജി. ആർ.വൈ പദ്ധതി. | എൽ.എഫ്. എ.സിയുടെ (2021-23) പന്ത്രണ്ടാമത് റിപ്പോർട്ടിൽ പൂർത്തീകരണരേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു. |
| 17 | 2002-03 | 2-24.2 | 2006-07 | പൊതു പരാമർശം | വടക്കുതല ജലസേചന പദ്ധതി-അധികനിരക്ക് | എൽ.എഫ്. എ.സിയുടെ (2021-23) പന്ത്രണ്ടാമത് റിപ്പോർട്ടിൽ സർക്കാർ സാധൂകരണം വാങ്ങി റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചു. |
| 18 | | | 2012-13 (പ്രവർത്തന ക്ഷമതാ റിപ്പോർട്ട് ) | 3.2.6.1 | ആസ്തി സംരക്ഷ ണത്തിൽ വീഴ്ച – കുത്താളി ഫാം | |
| 19 | | | 2012-13 (പ്രവർത്തന ക്ഷമത റിപ്പോർട്ട് ) | 3.2.6.2 | ഫാം കൃഷി ഭൂമികൾ ഫലപ്രദമായി വിനിയോഗി ക്കുന്നില്ല - തിക്കോടി | |
| 20 | | | 2012-13 (പ്രവർത്തന ക്ഷമത റിപ്പോർട്ട് ) | 3.2.6.3 | കെട്ടിട സൌകര്യങ്ങൾ അപര്യാപ്തത – കുത്താളി , തിക്കോടി | |
| 21 | | | 2012-13 (പ്രവർത്തന | 3.2.6.4 | തൊഴിലാ ളികളുടെ അഭാവം- | |

| | | | | | | |
|---|---|---|---|---|---|---|
| | | | ക്ഷമത റിപ്പോർട്ട് ) | | തിക്കോടി , കുത്താളി | |
| 22 | | | 2012-13 (പ്രവർത്തന ക്ഷമത റിപ്പോർട്ട് ) | 3.2.6.6 | കാർഷിക യന്ത്രവല്ക്കരണം പരാജയം - കുത്താളി | |
| 23 | | | 2012-13 (പ്രവർത്തന ക്ഷമത റിപ്പോർട്ട് ) | 3.2.6.10 | സാമ്പത്തിക ഇടപാടു കളിലെ പോരായ്മ- തിക്കോടി | |
| 24 | | | 2012-13 (പ്രവർത്തന ക്ഷമത റിപ്പോർട്ട് ) | 3.2.6.11 | ഫാം കൌൺസിൽ പ്രവർത്തനം കാര്യക്ഷമമല്ല- കുത്താളി | |
| 25 | | | 2012-13 (പ്രവർത്തന ക്ഷമത റിപ്പോർട്ട് ) | 3.2.6.14 | ഫാമുകളുടെ നടത്തിപ്പ് | |
| 26 | | | 2013-14 (പ്രവർത്തന ക്ഷമത റിപ്പോർട്ട് ) | 5.3.5.16 | സബ്സിഡി മാർഗ്ഗരേഖാ ലംഘനം | |
| 27 | | | 2014-15 (പ്രവർത്തന ക്ഷമത റിപ്പോർട്ട് ) | 4.1.8 | ആസ്തികൾ കാടു പിടിച്ചു കിടക്കുന്നു. | |
| 28 | | | 2014-15 (പ്രവർത്തന ക്ഷമത റിപ്പോർട്ട് ) | 5-എ,5-2 | കോഴി വളർത്തൽ കേന്ദ്രങ്ങൾ, ചാത്തമംഗലം | |
| 29 | | | 2014-15 (പ്രവർത്തന ക്ഷമത റിപ്പോർട്ട് ) | 5-എ.7 | യന്ത്രങ്ങൾ ഉപയോ ഗിക്കുന്നില്ല | |
| 30 | | | 2014-15 (പ്രവർത്തന ക്ഷമത റിപ്പോർട്ട് ) | 5-എ.9 | ആവശ്യാ നുസരണം ഉല്പാദിപ്പിച്ച് വിതരണം നടത്താ നാവുന്നില്ല . | |
| 31 | | | 2014-15 (പ്രവർത്തന ക്ഷമത റിപ്പോർട്ട് ) | 5-എ.11 | പദ്ധതി നടത്തിപ്പ് – ചാത്ത മംഗലം ഫാം | |
| 32 | സ്പെ ഷ്യൽ | | 2017-18 | 2-5 | റോഡുകളുടെ ചുമതലാ | |

| | | | | | |
|---|---|---|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | | | വിഭജനം | |
| 33 | | 2017-18 | 2.4.4a അനുബന്ധം 1 | വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തന ക്ഷമത | |
| 34 | | 2017-18 | 2.4.4b അനുബന്ധം 2 | വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തന ക്ഷമത | |
| 35 | | 2017-18 | 2.4.4c അനുബന്ധം 3 | വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തന ക്ഷമത | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 162,63,15,634/- (മുന്നിരിപ്പ് 18,12,16,675/- ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 147,00,70,499/- |
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,23,014/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,09,15,238/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ (രൂ) | സർച്ചാർജ്ജ് ചെയ്യാവുന്നവ (രൂ) | |
| 3-1 | - | 1,95,520 | ശ്രീമതി. മീന ടി.ഡി, ഡെപ്യൂട്ടി ഡയറക്ടർ (കൃഷി) |
| 3-2 | - | 1,27,494 | ശ്രീമതി.കവിത.പി.സി, ജില്ലാ മിഷൻ കോർഡിനേറ്റർ , കുടുംബശ്രീ |
| | ആകെ | 3,23,014 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
